# അനസ്താസ്യായുടെ രക്തസാക്ഷ്യം

## ഒരു പുനർവായന

ചാവറ കുര്യാക്കോസ് ഏലിയാസ്



രചനയുടെ 151 -ാം വർഷത്തിൽ
പഠന നിരീക്ഷണങ്ങളോടെ
ഒരു പുന:പ്രകാശനം

ഒരു ബേസ് റൗമ പ്രസിദ്ധീകരണം

MOUNT CARMEL GENERALATE
ALUVA



# അനസ്താസ്യായുടെ രക്തസാക്ഷ്യം
# ഒരു പുനർവായന

ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ
മലയാളത്തിലെ ആദ്യഖണ്ഡകാവ്യത്തിനു രചനയുടെ
നൂറ്റൻപത്തിയൊന്നാം വർഷത്തിൽ ഒരു പുനർപ്രകാശനം

*എഡിറ്റർ*

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

ഒരു *ബേസ്റൗമ* പ്രസിദ്ധീകരണം

# അനസ്താസ്യായുടെ
# രക്തസാക്ഷ്യം
# ഒരു പുനർവായന

*എഡിറ്റർ*

ഫാ. റോബി കണ്ണൻചിറ സി.എം.ഐ.

ഒരു ബേസ്റൗമ പ്രസിദ്ധീകരണം

Malayalam
**ANASTHASYAYUDE RAKTHASAKSHYAM
ORU PUNARVAYANA**

Text, Interpretation and Adaptation of the
First Narrative Poem in Malayalam written by
Blessed Chavara Kuriakose Elias
published in commemoration of 151st year of its publication

With a Foreward by
Dr. M. Leelavathy

and an Introduction by
Prof. M. Thomas Mathew

Edited by
Fr. Roby Kannanchira C.M.I.

Cover Design
Gayathry Ashok

Pre Press & Layout
Anoop Antony

First Published
December 2012

©
Rights Reserved

Printed at
Anaswara Printers, Kochi

Published By
Fr. Thomas Panthaplackal C.M.I.
representing
**Beth Rauma**
an initiative of
Chavara Central Secretariat
on behalf of
C.M.I., C.M.C. Congregations
from Chavara Hills, Kakkanad,
Cochin 682030

Distributed by
Chavara Central Secretariat, P.B. No. 3105
Chavara Hills, Kakkanadu, Cochin 682 030
Ph: 0484 4070012, Fax: 0484 4070015
E-mail: bethrauma@gmail.com
chavara.secretariat@cmi.in

Price: ₹. 160

## ഉള്ളടക്കം

*പ്രസാധകക്കുറിപ്പ്*
വാടാമലരിന്റെ സൗരഭം

*എഡിറ്ററുടെ കുറിപ്പുകൾ*
ഒന്നര നൂറ്റാണ്ടിനിപ്പുറത്തുനിന്നും ഒരു പുനർഃവായന
*ഫാ. റോബി കണ്ണൻചിറ സി.എം.ഐ.*

*പരിചായകം*
അതിജീവനത്തിന്റെ ധീരഗാഥ
*ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.*

*മുന്നുര*
പ്രത്യാശയുടെ നറുസുഗന്ധം
*സിസ്റ്റർ സാങ്റ്റ സി.എം.സി.*

*പഠനം*
ഭാവനിഷ്ഠ കാവ്യപാരമ്പര്യത്തിന്റെ അരുണോദയം
*പ്രൊഫ. എം. തോമസ് മാത്യു*

*അവതാരിക*
ഇത് എന്റേതായ വാഗർച്ചന
പത്മശ്രീ ഡോ. എം. ലീലാവതി

ഭാഗം ഒന്ന്
**ഖണ്ഡകാവ്യം**

അനസ്താസ്യായുടെ രക്തസാക്ഷ്യം
ചാവറ കുര്യാക്കോസ് ഏലിയാസ്

ഭാഗം രണ്ട്
**പഠനനിരീക്ഷണങ്ങൾ**

കവിതയിലെ എഴുത്തച്ഛൻസരണി
*ഡോ. സുകുമാർ അഴീക്കോട്*

ഖണ്ഡകാവ്യസരണിയിലെ ആദ്യപാദം
*റവ. ഡോ. ഇസഡ്. എം. മൂഴൂർ സി.എം.ഐ.*

അറിവിന്റെ അന്തഃപ്പുരത്തിലേയ്ക്ക് തുറക്കുന്ന വാതിൽ
*ഡോ. ഡി. ബാബുപോൾ*

നാമങ്ങളിലെ നാദം
*റവ. ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.*

ആദ്യത്തെ ഖണ്ഡകാവ്യം
*റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ.*

ആത്മനിവേദനസമം ഈ അക്ഷരപൂജ
*പി. ഗോപകുമാർ*

സ്ഥാപന ദർശനത്തിലെ അനസ്താസ്യാസാക്ഷ്യം
*സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.*

**ഭാഗം മൂന്ന്**
**രൂപാന്തരങ്ങൾ**

നാടകം
*ആർ.എസ്സ്. മധു*
*സാം തോമസ്*

കഥാപ്രസംഗം
*റവ. ഡോ. ഇസഡ് എം. മുഴൂർ*

അനുബന്ധം

ഒന്ന് *ചാവറ കുര്യാക്കോസ് ഏലിയാസ് ജീവിതരേഖ*

രണ്ട് *ചാവറ കുര്യാക്കോസ് ഏലിയാസ് രചനകൾ*

മൂന്ന് *ബേസ്റൗമ*

പ്രസാധകക്കുറിപ്പ്

# വാടാമലരിന്റെ സൗരഭം

ഒന്നര നൂറ്റാണ്ടു മുമ്പ് വിടർന്നു പുഷ്പിച്ച ഒരു പൂവ് കാറ്റു വീശിയതിനനുസരിച്ച് നറുമണം പരത്തിക്കൊണ്ട് ഇടക്കിടക്ക് ജനശ്രദ്ധയെ ആകർഷിച്ചു. കാറ്റിന്റെ സ്വാഭാവം പോലെ ചിലപ്പോഴൊക്കെ വീശാതിരുന്നു. അപ്പോഴും പൂവിന്റെ സുഗന്ധം നിലനിന്നു. എന്നാൽ ജനശ്രദ്ധയെ ആകർഷിക്കാൻ അതിനു കഴിഞ്ഞില്ല. എങ്കിലും പൂവ് പതിവിനു വിപരീതമായി വാടാതെ, നശിക്കാതെ നിലനിന്നു. പൂവിനെ സൃഷ്ടിച്ചവന്റെയും പൂവിന്റെയും പ്രത്യേകതയായിരിക്കണം അതിനു കാരണം. അപ്പോൾ നശിക്കാത്ത ജീവരേണു പുനർഃപ്രസരണത്തിന് എപ്പോഴും സാദ്ധ്യതയുള്ളതാണ്. വീശാതെ പോയ കാറ്റു വീണ്ടും വീശുമ്പോൾ പൂവ് ചെടിയോടുകൂടി ആടി തെളിയുന്നു. ഒളിച്ചു വെച്ചിരുന്ന സൗരഭ്യം വീണ്ടും പടർന്നു വ്യാപിക്കുന്നു. അറിയാതിരുന്ന ജനം അതേറ്റു വാങ്ങുകയും ആസ്വദിക്കുകയും അതിൽ മറ്റുള്ളവരെ പങ്കുചേർക്കുകയും ചെയ്യുന്നു.

ഈ വാടാമലരിന്റെ സൃഷ്ടാവ് ചാവറപിതാവും മലർ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കവിതയുമാണ്. 1862-ൽ എഴുതപ്പെട്ട ഈ മനോഹരകാവ്യം പലരും ആസ്വദിച്ചു നോക്കി. ആധുനിക മലയാള സാഹിത്യകാരന്മാരും സാഹിത്യവിമർശകരും അതിൽപ്പെടും. അവരുടെ കണ്ടെത്തൽ മലയാള കാവ്യരംഗത്ത ചരിത്രം മാറ്റി എഴുതുവാൻ വരെ ബലമുള്ളതായിരുന്നു. എന്നാൽ തുടർന്നു പ്രസരണാനുകൂലമായ കാറ്റിനെ വ്യാപിപ്പിക്കുവാൻ അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടാതെ പോയപ്പോൾ നേടിയെടുക്കാമായിരുന്ന പല ചരിത്രസാദ്ധ്യതകളും ചാരത്താൽ മൂടപ്പെട്ട തീക്കഷണങ്ങൾ പോലെയായി.

എങ്കിലും അനുഭവസ്തരുടെയുള്ളിൽ ജ്വലിച്ച അഗ്നിരേണുക്കൾ കനകക്കട്ടകളാക്കാൻ പലരും ഇടക്കിടക്ക് പ്രത്യക്ഷപ്പെട്ടു. അവരിൽ ചിലരാണ് ഡോ. സുകുമാർ അഴിക്കോട്, റവ. ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ., റവ.ഡോ.ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ., ഡോ. പി. ഗോപകുമാർ, സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

തുടങ്ങിയവർ. ഇവർ കവിതയിലെ എഴുത്തച്ഛൻ സരണി, ഖണ്ഡകാവ്യ സരണിയിലെ ആദ്യപാദം, അറിവിന്റെ അന്തപുരത്തിലേക്ക് തുറക്കുന്ന വാതിൽ, നാമങ്ങളിലെ നാദം, ആദ്യത്തെ ഖണ്ഡകാവ്യം, ആത്മ നിവേദനസമം ഈ അക്ഷരപൂജ, സ്ഥാപനദർശനത്തിലെ അന സ്താസ്യാ സാക്ഷ്യം എന്നിങ്ങനെയുള്ള പഠനനിരീക്ഷണങ്ങൾ ചെറുതും വലുതുമായ ലേഖനങ്ങളായി ഇതിനുമുമ്പ് പ്രസിദ്ധീകരി ച്ചിരുന്നു.

ഇതു കൂടാതെ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചാവറ കവിതക്ക് പുതുരൂപങ്ങൾ നൽകി 1966-ൽ സാം തോമസ് എഴുതിയ നാടകം, ആദ്യം കുടുംബദീപം വാർഷികപതിപ്പിലും പിന്നിട് പുസ്തക രൂപത്തിലും, 1986-ൽ റവ.ഡോ. ഇസഡ് എം. മൂഴൂർ സി.എം.ഐ. എഴുതിയ കഥാപ്രസംഗം പുസ്തകരൂപത്തിലും, 2012-ൽ ആർ.എസ്സ്. മധു എഴുതി രംഗത്തവതരിപ്പിച്ച നാടകം രംഗാവതരണത്തിലും പ്രേക്ഷകരുടെയും വായനക്കാരുടെയും ശ്രദ്ധയിൽ പെടുകയുണ്ടായി.

ഇവയെല്ലാം ജനങ്ങളിൽ അതാതവസരങ്ങളിൽ കൗതുകവും അതിലുപരി ചാവറകവിതയുടെ മാഹാത്മ്യത്തെക്കുറിച്ചും അതിന്റെ തനിമയെക്കുറിച്ചും താത്പര്യവുമുണർത്തി അതിനെ ചർച്ചാവിഷയ മാക്കിയെങ്കിലും അതിനെ ഉദ്ദീപിപ്പിച്ച് മലയാളഭാഷാ നിക്ഷേപത്തിലെ അനർഘനിധിയായി ഉയർത്തി നിർത്തുവാൻ കാര്യമായ ശ്രമമൊന്നും ഉണ്ടാകാതെ പോയി. ഈ കുറവു പരിഹരിക്കുവാനും ഈ കൃതിക്ക് ചാവറപിതാവ് ജന്മം കൊടുത്തതിന്റെ 150-ാം വർഷമായ 2012 -ൽ ഈ കൃതിക്ക് പ്രചുരപ്രചാരം നൽകുവാനും അദ്ദേഹത്തിന്റെ സാഹിത്യരംഗത്തെ സംഭാവനകൾ വിലയിരുത്തുവാനുമായി കേരള ത്തിന്റെ തലസ്ഥാനഗരിയായ തിരുവനന്തപുരത്തു സെനറ്റ് ഹാളിൽ വെച്ച് ചാവറ സെൻട്രൽ സെക്രട്ടേറിയറ്റിന്റെയും തിരുവനന്തപുരം സി. എം.ഐ. പ്രോവിൻസിന്റെയും നേതൃത്വത്തിൽ പൊതുസമ്മേളനവും പത്മശ്രീ. ഒ.എൻ.വി.കുറുപ്പിന്റെ ചാവറ അനുസ്മരണ പ്രഭാഷണവും നടത്തി. ഇതിനോടനുബന്ധിച്ചാണ് *അനസ്താസ്യായുടെ രക്ത സാക്ഷ്യം* നാടകരൂപത്തിൽ അവിടെ അവതരിപ്പിച്ചത്.

നൂറ്റി അൻപതുവർഷം മുമ്പ് ചാവറപിതാവു ആദ്യമായി രചിച്ചതും സാഹിത്യനായകന്മാർ മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമെന്നു അംഗീകരിക്കുന്നതുമായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ഒറിജിനൽ കാവ്യം പുനപ്രകാശനം ചെയ്യുന്നതിന്റെ കൂടെ 1966 മുതൽ എഴുതപ്പെട്ടതും പല അവസരങ്ങളിലായി അവതരിപ്പിക്കപ്പെട്ടതുമായ ലേഖന, നാടക, കഥാപ്രസംഗ സരണിയിലെ മുകളിൽ സുചിപ്പിച്ച എഴുത്തു രേഖകളെല്ലാം സമാഹരിച്ച് പുനരവതരിപ്പിക്കുകയാണ്. ഇത്

ബേസ്റൗമയുടെ വലിയ നേട്ടമാണ്. ജനങ്ങൾ ചാവറപിതാവിന്റെ അക്ഷരമുത്തുകൾ ഹൃദയങ്ങളിലേറ്റുവാനും സത്യത്തിനും നന്മക്കും വേണ്ടി എപ്പോഴും നിലക്കൊള്ളുവാനും ഈ പാഠ്യം സഹായകമാകട്ടെ!

ഈ പ്രസാധനത്തിനു പ്രചോദനമായി വർത്തിച്ച *ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ, സിസ്റ്റർ സാങ്റ്റ, ഫാ. തോമസ് പന്തപ്ലാക്കൽ* എന്നിവരോടും ഏകോപനം സ്തുത്യർഹമായി നിർവ്വഹിച്ച *ജോൺപോൾ, ഫാ. ജോസ് പാനാമ്പുഴ* എന്നിവരോടും എഡിറ്റർ *ഫാ.റോബി കണ്ണൻചിറ*, സംശോധന നിർവ്വഹിച്ച *ഫാ. തോമസ് കാടൻകാവിൽ*, സഹകരിച്ച *സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.*, മുഖചിത്രരചന ചേതോഹരമായി നിർവ്വഹിച്ച *ഗായത്രി അശോക്*, പ്രീപ്രസ്സ് ലേ ഔട്ട് നിർവ്വഹിച്ച *അനൂപ് ആന്റണി*, ഓഫീസ് ഏകോപനം നിവർത്തിച്ച *ജോളി പവേലിൽ*, റോബിൻ അഗസ്റ്റിൻ മുദ്രണം ഭംഗിയായി പൂർത്തിയാക്കിയ *അനശ്വര പ്രിന്റേഴ്സ്* എന്നിവരോടും പ്രത്യേകം നന്ദി. ■

### എഡിറ്ററുടെ കുറിപ്പുകൾ

# ഒന്നര നൂറ്റാണ്ടിനിപ്പുറത്തുനിന്നും ഒരു പുനർഃവായന

ഫാ.റോബി കണ്ണൻചിറ സി.എം.ഐ.

**ഒ**ന്നര ശതാബ്ദത്തിനു മുൻപ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ എഴുതിയ ഒരു ഖണ്ഡകാവ്യമാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം.*

സി.എം.ഐ. സഭയുടെ തിരുവനന്തപുരം പ്രോവിൻസ് മുൻകൈയ്യെടുത്ത് ഈ കാവ്യരചനയുടെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഈ പ്രമേയം പ്രൊഫഷനൽ നാടകകാരന്മാരുടെ പങ്കാളിത്തത്തോടെ സെനറ്റ് ഹാളിൽ കവി ഒ.എൻ.വി., നടനും സംവിധായകനുമായ മധു, നാടക സൈദ്ധാന്തികനായ ടി.എം. എബ്രഹാം തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ നാടകമായി അവതരിപ്പിക്കുകയുണ്ടായി.

ചാവറപിതാവ് ഈ ഖണ്ഡകാവ്യം എഴുതുവാൻ പ്രേരിതമായ സഭാപശ്ചാത്തലം റവ. ഡോ. ഇസഡ്.എം. മൂഴൂർ തന്റെ പഠനത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം ഒരു Applied Writing ആയിരുന്നിട്ടും അതിനതീതമായ ഒരു പ്രസക്തി 150 വർഷങ്ങൾക്കു ശേഷവും ഈ കൃതി അനുഭവവേദ്യമാക്കുന്നുവെങ്കിൽ അതു രചയിതാവിന്റെ കാവ്യവ്യുല്പത്തിയുടെയും സർഗ്ഗചൈതന്യത്തിന്റെയും സാക്ഷ്യമായി കാണേണ്ടതാണ്. റവ. ഡോ.ഇസഡ്.എം. മൂഴൂർ തന്നെ മുൻകൈയ്യെടുത്ത് കഴിഞ്ഞ വർഷം ഈ കാവ്യം തന്റെ നിരീക്ഷണ പഠനം സഹിതം പുനഃപ്രസിദ്ധപ്പെടുത്തിയിരുന്നു.

ചരിത്രപരമായും ഭാഷാപരമായും ഏറെ പ്രാധാന്യമുള്ള ഒരു ചാവറ രചനയെ അതിന്റെ 151-ാം വർഷത്തിലേയ്ക്കു കടക്കും മുൻപ് കൂടുതൽ സമഗ്രമായി പൊതുസമൂഹമദ്ധ്യത്തിൽ അവതരിപ്പിക്കേണ്ടത് ധർമ്മമായി കരുതുന്നതുകൊണ്ടാണ് *ബേസ്റൗമ* ഈ പുനഃപ്രകാശനത്തിനു മുതിരുന്നത്. ഖണ്ഡകാവ്യം മാത്രമടങ്ങുന്ന ഒന്നാം ഭാഗവും നിരീക്ഷണപഠനങ്ങളും മറ്റ് രൂപാന്തരങ്ങളുമടങ്ങുന്ന തുടർ ഭാഗങ്ങളുമായാണ് രൂപകൽപ്പന. ഉള്ളടക്ക വിഭാവനത്തിൽ

റവ. ഡോ. മൂഴൂർ തന്നെയാണ് മാർഗ്ഗദർശി. അദ്ദേഹത്തിന്റെ അനുഗ്രഹാനുമതിയോടുകൂടി അദ്ദേഹം ഈ കാവ്യത്തെക്കുറിച്ചു നടത്തിയ പഠനനിരീക്ഷണത്തിലെ പ്രസക്ത ഭാഗങ്ങളും ഈ കാവ്യത്തെ കഥാപ്രസംഗരൂപത്തിൽ ഭാഷാന്തരം നടത്തിയപ്പോഴുള്ള ടെക്സ്റ്റും ഭാഗമാക്കി ചേർക്കുന്നു. പലപ്പോഴായി പണ്ഡിതശ്രേഷ്ഠർ നടത്തിയ നിരീക്ഷണങ്ങളും ഈ ഗ്രന്ഥത്തിന്റെ ഭാഗമാണ്. നാടകരൂപത്തിലൊരു ഭാഷാന്തരം ഇതിനു മുൻപും ഈ പ്രമേയത്തിനുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തിയത് ഫാ.തോമസ് പന്തപ്ലാക്കലാണ്. ആ ഭാഷ്യവും ഗ്രന്ഥത്തിൽ ചേർക്കുന്നു.

പ്രൗഢമായ ഒരവതാരിക കൊണ്ട് ഡോ. എം. ലീലാവതി ടീച്ചർ ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ചിട്ടുണ്ട്. ടീച്ചറുടെ സ്വതഃസിദ്ധമായ സൗമ്യനിരീക്ഷണങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഖണ്ഡകാവ്യശാഖയെക്കുറിച്ചുള്ള ഒരു നല്ല പഠനമാണ് പ്രൊഫ. എം. തോമസ് മാത്യുവിന്റേത്. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ സമഗ്ര പ്രകൃതത്തെ അടയാളപ്പെടുത്തി ആ സരണിയിൽ കാവ്യത്തിന്റെ പ്രസക്തി പ്രാധാന്യം തിരിച്ചറിയുന്നതിന് തോമസ് മാത്യു മാസ്റ്ററുടെ പഠനം ഏറെ സഹായകമാണ്.

എല്ലാ അർത്ഥത്തിലും *അനസ്താസ്യായുടെ രക്തസാക്ഷ്യ*ത്തിന് രചനയുടെ 151-ാം വർഷത്തിൽ സാർത്ഥകവും ഉചിതവുമായ ഒരു *പുനർഃവായന*യായി ഈ പ്രസാധനം ഭവിക്കട്ടെയെന്നാണ് പ്രാർത്ഥന; പ്രതീക്ഷ.

ഇപ്രകാരമൊരു പതിപ്പ് ഇറങ്ങി കാണണമെന്ന് ഏറ്റവും ആഗ്രഹിച്ചിരുന്നത് പണ്ഡിതശ്രേഷ്ഠനും ചാവറ സംസ്കൃതിയുടെ തികഞ്ഞ ഉപാസകനുമായിരുന്ന റവ. ഡോ. ഇസഡ് എം. മൂഴൂരച്ചനാണ്. ഏറ്റവും ഒടുവിൽ കാണുമ്പോഴും ഏറെ താല്പര്യത്തോടെ അദ്ദേഹം പുസ്തകത്തിന്റെ പുരോഗതിയെക്കുറിച്ച് അന്വേഷിച്ചു. ആ ധന്യാത്മാവ് ജീവിച്ചിരുന്നപ്പോൾ ഈ ഗ്രന്ഥം പ്രകാശിപ്പിക്കുവാൻ യോഗമുണ്ടായില്ല. ചാവറ ചൈതന്യത്തെ ധ്യാനിച്ചും ഉപാസിച്ചും കൊതി തീരാതെ കടന്നുപോയ ആ ഗുരുശ്രേഷ്ഠന്റെ ആത്മാവിനു സമർപ്പിക്കുന്ന നൈവേദ്യാർപ്പണമാവട്ടെ ഈ പ്രസാധനം. ■

പരിചായകം

# അതിജീവനത്തിന്റെ ധീരഗാഥ

ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ സി.എം.ഐ.
(പ്രിയോർ ജനറൽ)

തീരുമാനമെടുക്കുവാനും ധീരത കാണിക്കാനും, ഏതുതരം വെല്ലുവിളികളെ അഭിമുഖികരിക്കുവാനും വേണ്ടിവന്നാൽ മരിക്കാനും അനേകർക്ക് പ്രചോദനം നൽകിയിട്ടുള്ള വ്യക്തികൾ മാനവചരിത്രത്തിൽ ധാരാളം പേരുണ്ട്. ജീവിതത്തിൽ ദിശാബോധം നൽകുവാൻ പ്രേരകമായിട്ടുള്ളവരും ധാരാളം ഉണ്ട്. ഉണ്ണിയാർച്ചയും ജാൻസിയിലെ റാണിയും മഹാത്മാഗാന്ധിയും മാർട്ടിൻ ലൂഥർകിങ്ങും കൽക്കട്ടയിലെ മദർ തെരേസയുമൊക്കെ ഇത്തരത്തിൽ പെടുന്നവരാണ്. മതഗ്രന്ഥങ്ങൾ അനേകർക്കു പ്രചോദനമേകിയിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ബൈബിൾ.

ഇങ്ങനെ വിലയിരുത്തേണ്ടി വരുമ്പോൾ കേരള ക്രിസ്തീയ സഭയുടെ ചരിത്രത്തോടുബന്ധപ്പെടുത്തി ഒരു ചരിത്ര വ്യക്തിയെ അനുസ്മരിക്കാനിടവരികയാണ് രക്തസാക്ഷിണിയായ അനസ്താസ്യായിലൂടെ. മൂന്നാം നൂറ്റാണ്ടിൽ റോമിൽ ജീവിച്ചിരുന്ന കന്യകയായ ഒരു യുവതിയാണു അനസ്താസ്യാ. വലേരിയൻ ചക്രവർത്തിയുടെ ഭരണകാലം. ക്രിസ്തു മതത്തിന്റെ ഏകദൈവവിശ്വാസത്തെ തച്ചുടക്കുവാനായി മതപീഢനം അദ്ദേഹം അഴിച്ചുവിട്ടിരിക്കുകയാണ്. ജോവ് ദേവനെ ദൈവമായി സ്വീകരിക്കണമെന്നതാണ് അദ്ദേഹത്തിന്റെ കല്പന അതിനെതിരു നിൽക്കുന്നവരെയല്ലാം നശിപ്പിക്കുക എന്നതാണദ്ദേഹത്തിന്റെ തിരുമാനം. കന്യകാമഠത്തിൽ ചേർന്നിരുന്ന അനസ്താസ്യായേയും അദ്ദേഹത്തിന്റെ കിങ്കരന്മാർ പിടികൂടി. ക്രിസ്തുവിലുള്ള അവളുടെ വിശ്വാസം അചഞ്ചലമാണെന്നറിഞ്ഞപ്പോൾ അവളെ വിവിധ പീഢനങ്ങൾക്കു വിധേയയാക്കി വധിക്കുകയാണ് രാജകിങ്കരന്മാർ ചെയ്തത്. അവൾ ധീരതയോടുകൂടി വീരചരമം പ്രാപിക്കയും ചെയ്തു.

ഈ വ്യക്തിയേയും സംഭവത്തേയും ഇതിവൃത്തമാക്കിക്കൊണ്ട് 1862-ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മനോഹരമായ ഒരു

കാവ്യം രചിച്ചു. ഈ രചനയിൽ അദ്ദേഹത്തിനു വ്യക്തമായ ഒരു പ്രബോധനം ഉണ്ടായിരുന്നു. കേരള സഭയിൽ ഇടക്കിടയ്ക്കുണ്ടായി ക്കൊണ്ടിരിക്കുന്ന അനൈക്യത്തിനെതിരായി, പ്രത്യേകിച്ചും, അദ്ദേ ഹത്തിന്റെ കാലത്തുണ്ടായ റോക്കോസ് ശീശ്മക്കെതിരായി, വേണ്ടി വന്നാൽ മരണത്തിനു തയ്യാറായിക്കൊണ്ടും റോമൻ സഭയോടു ചേർന്നു നിൽക്കണമെന്ന സന്ദേശം നൽകുക എന്നതായിരുന്നു അദ്ദേഹ ത്തിന്റെ ഉദ്ദേശം. ഇക്കാര്യം ജനഹൃദയങ്ങളിൽ ഉറപ്പിക്കുവാനായി രുന്നു ഏകദൈവവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വമകുടം ചൂടിയ അനസ്താസ്യായുടെ ധീരമരണത്തെ ഇതിവൃത്തമാക്കി കവിത രചി ച്ചത്.

നൂറ്റിഎൺപത്തിരണ്ടു വരികളിലൂടെ വിരചിതമായ ഈ മനോഹര കാവ്യത്തിലൂടെ അനസ്താസ്യ എന്ന കന്യകയുടെ മരണത്തോടു ചേർന്നുനിൽക്കുന്ന ഏതാനും ദിവസങ്ങളുടെയോ മണിക്കൂറുകളു ടെയോ സമയപരിധിയിൽ ഒതുക്കിക്കൊണ്ട് അവളുടെ വിശ്വാസ ത്തിന്റെയും വിശ്വസ്തയുടെയും സമർപ്പണത്തിന്റെയും തന്റെ ആത്മ നാഥനായ ക്രിസ്തുവിനുവേണ്ടിയുള്ള ജീവത്യാഗത്തിന്റെയും, ഇതിനെതിരെയുള്ള ഏതു ശക്തികളുടെ പ്രലോഭനത്തെയും അതി ജീവിച്ചുകൊണ്ട്, സുസ്മേരവദനയായി പീഡനങ്ങളുടെ നടുവിൽ ആത്മസാഫല്യം വരിച്ച ബോദ്ധ്യദാർഢ്യത്തിന്റെയും സംഭവകഥ യാണ് ചാവറയച്ചൻ വരച്ചു കാട്ടുന്നത്. സത്യത്തിനും നീതിക്കും വിശ്വാസത്തിനും വേണ്ടി ഏതുതരം പീഡനങ്ങളെയും അഭിമുഖീകരി ക്കുവാനോ, വേണ്ടി വന്നാൽ മരിക്കുവാനോ ധീരത നൽകുന്ന കാവ്യാ വതരണമായിരുന്നു അദ്ദേഹം ഇതിലൂടെ നടത്തിയത്.

നൂറ്റി അമ്പതുവർഷം മുമ്പ് മലയാളത്തിൽ വിരചിതമായ ഈ സുന്ദരകാവ്യം മലയാള ഭാഷയിലെ ലക്ഷണമൊത്ത ആദ്യത്തെ ഖണ്ഡകാവ്യമാണെന്ന് സാഹിത്യനിപുണന്മാർ കണ്ടെത്തിയിരിക്ക യാണ്. ഈ ആധികാരികത പുനസ്ഥാപിച്ചുകൊണ്ടു സാഹിത്യവിശാ രദരായ ഡോ. എം. ലീലാവതിടീച്ചറും പ്രൊഫ. എം. തോമസ് മാത്യുവും അവതാരികയും അവലോകനവും നടത്തിക്കൊണ്ടു ചാവറപിതാ വിന്റെ ഈ കൃതി പുനഃപ്രകാശനം ചെയ്യുന്നു എന്നും ഇതിന് ചാവറ സെൻട്രൽ സെക്രട്ടേറിയറ്റിന്റെ പ്രസാധന വിഭാഗമായ *ബേസ്റൗമ* നേതൃത്വമെടുക്കുന്നു എന്നുമറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചാവറ കൃതി അദ്ദേഹം എഴുതിയതിന്റെ നൂറ്റി അമ്പതാം വാർഷികത്തിൽ ഇപ്രകാരം പുനഃ പ്രകാശനം ചെയ്യുന്നതിനു മുൻകൈ എടുത്ത എല്ലാവരെയും പ്രത്യേക മായി നന്ദിയോടെ അനുസ്മരിക്കുന്നു. നമ്മുടെ ചാവറ പിതാവിനാൽ

വിരചിതമായ ഒരു സാഹിത്യകൃതിയുടെ പുനഃപ്രകാശനം എന്നതിലുപരി ഇതിന്റെ വായനക്കാർക്കു ജീവിതത്തിലെ വിപരീത സാഹചര്യങ്ങളെ ധീരതയോടെ അഭിമുഖീകരിക്കാനും അനസ്താസ്യായേപ്പോലെ നന്മക്കും നീതിക്കും വേണ്ടി നിലകൊള്ളുവാനുമുള്ള ശക്തിയും ധീരതയും ലഭിക്കട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

■

മുന്നുര

# പ്രത്യാശയുടെ നറുസുഗന്ധം

സിസ്റ്റർ സാങ്റ്റ സി.എം.സി.
(സുപ്പീരിയർ ജനറൽ)

ജനഹൃദയങ്ങളിലേക്ക് ദൈവകൃപാസംവാഹകനായി കടന്നുചെന്ന പുണ്യതേജസ്സാണ് ചാവറയച്ചൻ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിച്ചു ആ ക്രാന്തദർശി. അദ്ദേഹം കൊളുത്തിയ നന്മയുടെ വെളിച്ചം ഇന്നും ചുറ്റിലും പ്രഭ ചൊരിയുന്നു.

അസാധാരണ സിദ്ധിവിശേഷങ്ങളുടെ ഉടമയായ ചാവറയച്ചൻ സാഹിത്യരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ചുവെന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ സാഹിത്യകൃതികൾ. മലയാള സാഹിത്യത്തിലെ ഒരു വരദാനമാണ് ചാവറയച്ചൻ. ആത്മസൗന്ദര്യം തന്റെ തൂലികയിലൂടെ ജനഹൃദയങ്ങളിലേക്ക് നിവേശിപ്പിച്ചു ആ യോഗിവര്യൻ. കാലഗണനയനുസരിച്ച് മലയാള സാഹിത്യത്തിലെ പ്രഥമ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* നൂറ്റമ്പതുവർഷങ്ങൾ പിന്നിടുമ്പോൾ അവ അനുവാചക മനസ്സുകളിൽ പുനർജനിക്കുന്നത് സന്തോഷകരവും ചേതോഹരവുമാണ്.

കന്യകാലയജീവിതത്തിന്റെ ഒരു മാതൃകപോലുമില്ലാതിരുന്ന കാലത്ത് തന്റെ ഹൃദയത്തിലെ കന്യാമഠസ്ഥാപന സ്വപ്നത്തിന്റെ അനാവരണം കൂടിയായാണ് ഈ കൃതിയിലെ ഇതിവൃത്ത വിഭാവനം. കേരളസഭയിൽ താണ്ഡവമാടിയ *റോക്കോസ് ശീശ്മ*ക്ക് എതിരെയുള്ള ശക്തമായ മതബോധനം കൂടിയായിരുന്നു ഈ ഖണ്ഡകാവ്യം.

അർപ്പിത ജീവിതത്തിന്റെ ശോഭ ഈ സാഹിത്യകൃതിയിലൂടെ ചാവറയച്ചൻ പ്രസരിപ്പിക്കുന്നുവെന്നതിൽ സംശയമില്ല. അർപ്പിത ജീവിതത്തിന്റെ മൂല്യമറിയാത്ത രാജസേവകൻ അനസ്താസ്യയുടെ ശാരീരികസൗന്ദര്യം ദർശിച്ചുവെങ്കിൽ അനശ്വരമായ സ്വർഗീയ സൗന്ദര്യത്തിലാണ് ആ കന്യാരത്നം ദൃഷ്ടികളൂന്നിയത്. വലേരിയൻ ചക്രവർത്തിയുടെ ദാസനായ പ്രോബാ അവൾക്ക് നൽകിയ വാഗ്ദാനങ്ങൾ കൂപ്പപോലെ ആ തരുണീമണി വലിച്ചെറിഞ്ഞപ്പോൾ തകർന്ന് തരിപ്പണമായത് അയാൾ പടുത്തുയർത്തിയ സുന്ദരസ്വപ്നങ്ങളാണ്.

അതോടെ സ്നേഹത്തിന്റെ ഊഷ്മളത കെട്ടടങ്ങി ക്രൂരതയുടെ താണ്ഡവനൃത്തം അരങ്ങേറുന്നു.

*കന്നിതന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു*
*ചിന്നിവീഴും ചോരകൊണ്ടു കുതിർന്നു ഭൂമി*
.......................................................................
*കഷ്ടമൊക്കെ സഹിക്കിലുമെപ്പഴും സന്തോഷഭാവം*
*ദുഷ്ടനിതുകണ്ടു വീണ്ടും കൂട്ടി കൃച്ഛ്റങ്ങൾ*

അതിക്രൂരമായി മർദ്ദിക്കപ്പെട്ടപ്പോഴും സുസ്മേരവദനയായി നില കൊള്ളാൻ അവളെ സഹായിച്ചത് എന്തായിരിക്കും?

സംശയമെന്ത്! അവളുടെ അചഞ്ചലമായ വിശ്വാസം; അത് ഊതി ത്തെളിക്കുന്ന മഠാധിപയായ സോഫിയായുടെ അനുഗ്രഹവചസ്സുകളും.

പുണ്യപരിമളം പരത്തി കഴിഞ്ഞിരുന്ന അനസ്താസ്യയെത്തേടി സോഫിയായുടെ ആശ്രമത്തിൽ വന്ന സൈനികർ കന്യാലയത്തിന്റെ വാതിൽ ചവിട്ടിപ്പൊളിച്ചുകൊണ്ട് ഇപ്രകാരം വിളിച്ചുപറയുന്നു.

*സത്യമതവിശ്വാസിയായ അനസ്താസ്യ എന്ന സുന്ദരി ഇവിടെ യുണ്ടല്ലോ. എത്രയുംവേഗം അധികാരസമക്ഷം അവളെ കൊണ്ടുചെ ല്ലാൻ ഞങ്ങൾ വന്നിരിക്കുന്നു.*

സ്നേഹമയിയായ മഠാധിപ തന്റെ സ്നേഹപുത്രിയെ മാറോടു ചേർത്തു പ്രോത്സാഹന വാക്കുകളാൽ ധൈര്യം പകർന്നു. അവളുടെ കാലടികൾക്കു ശക്തിയും സഹനത്തിൽ ആശ്വാസവും പകർന്നു ആ മാതൃനിർവിശേഷമായ സ്നേഹം.

ചാവറയച്ചൻ ഈ ലഘുകാവ്യത്തിലൂടെ നൽകുന്ന സന്ദേശം ഇന്നും നക്ഷത്രശോഭയോടെ തിളങ്ങുന്നു. മക്കളുടെ ജീവിതയാത്ര യിൽ ശോഭപകരുന്നത് മാതാപിതാക്കളുടെ അനുഗ്രഹമാണ്. നന്മയും തിന്മയും വിവേചിച്ചറിയാൻ അവർക്കു ശക്തി പകരുന്നത് ആ ശിക്ഷ ണമാണ്. സ്നേഹത്തിന്റെ ചൂടും വാത്സല്യത്തിന്റെ തലോടലും കരു തലോടെയുള്ള വളർത്തലും ജീവിതത്തിന് കരുത്ത് പകർന്നിട്ടുണ്ടെ ങ്കിൽ വിശുദ്ധിയുടെ നറുസൂനങ്ങൾ ഇനിയും നമ്മുടെ ജീവിതഉദ്യാ നത്തിൽ വിടരും. അതിന്റെ സൗരഭ്യം ചക്രവാളങ്ങൾ വരെ ഉയരും.

പ്രത്യാശയുടെ നറുസുഗന്ധം ഈ ഖണ്ഡകാവ്യം അനുവാച കർക്ക് പകരുന്നു. കൊടിയ മർദ്ദനങ്ങളുടെ മധ്യേ ആത്മനാഥനായ യേശുവിന്റെ അപദാനങ്ങൾ പാടിയ അനസ്താസ്യയുടെ നാവ് അറു ത്തുമാറ്റുകയും അവൾക്ക് ദാഹജലം പകർന്ന ചീറിലോസിനെ പട യാളികൾ മൃത്യുവിലേക്കു നയിക്കുകയും ചെയ്തു. പുഷ്യരാഗം, പഞ്ച രത്നം, വൈരവൈഡൂര്യം, പച്ചമരതകം തുടങ്ങിയ രത്നങ്ങൾകൊണ്ട്

അലംകൃതമായ പറുദീസയിലേക്ക് ഇവർ ആനയിക്കപ്പെടുന്നുവെന്നത് സ്വർഗീയാനുഭൂതി പകരുന്നു. ജീവിതത്തിന് ഒരു യുഗാന്ത്യോന്മുഖ ഭാവം നൽകുന്നു. ജീവിതയാത്ര ഇരുളാർന്ന വീഥിയിലൂടെ കടന്നു പോകുന്തോറും പ്രത്യാശയുടെ അരുണോദയം നമ്മെ കാത്തിരിക്കുന്നുവെന്നത് എത്രയോ ആശ്വാസദായകം.

ചാവറയച്ചൻ രചിച്ച ഈ ഖണ്ഡകാവ്യത്തിന്റെ അനന്യത ജനഹൃദയങ്ങൾക്ക് സുഗ്രഹമാക്കുവാനായി തങ്ങളുടെ അനുഗ്രഹീത തൂലിക ചലിപ്പിച്ച എല്ലാ സുമനസ്സുകളെയും ആദരപൂർവം അനുസ്മരിക്കുന്നു.

അനേകരുടെ ജീവിതവീഥികളിൽ ഈ ഖണ്ഡകാവ്യം വഴിവിളക്കായി പ്രഭചൊരിയട്ടെ. ചാവറപിതാവ് നൽകിയ സംഭാവനകൾ വിശ്വം മുഴുവൻ പ്രഘോഷിക്കപ്പെടട്ടെ.

■

പഠനം

# ഭാവനിഷ്ഠ കാവ്യപാരമ്പര്യത്തിന്റെ അരുണോദയം

പ്രൊഫ. എം. തോമസ് മാത്യു

**ച**രിത്രത്തിന്റെ നിയന്താവ് ചില വേളകളിൽ കടിഞ്ഞാണയച്ച് കാലത്തിന്റെ അശ്വങ്ങളെ യഥേഷ്ടം പായാൻ അനുവദിക്കും. ചടുല വേഗത്തിലാണ് സംഭവങ്ങൾ നടക്കുന്നത്; വരം ലഭിച്ചവർ അനേകം കുതൂഹലം വിടർത്തി അണിനിരക്കും. ആരും ഒരിക്കലും നിനയ്ക്കാത്ത കാര്യങ്ങൾക്ക് അവർ കർത്തൃത്വമരുളും. നിദ്രാലസ്യത്തിലമർന്നിരുന്ന ജനത ഞെട്ടിയുണർന്ന് ഒരു പുതുയുഗപ്പിറവിയുടെ ആഘോഷത്തിൽ തങ്ങളറിയാതെ ഭാഗഭാക്കാകുന്ന അനുഭവമാണ് ഉണ്ടാകുന്നത്. വിധാതാവിന്റെ തിരഞ്ഞെടുപ്പിന്റെ യുക്തിയെന്തെന്ന് പറയാനാവുകയില്ല. അഥവാ, പരിചിതാനുഭവങ്ങളുടെ വിശദീകരണത്തിനു പാകപ്പെടുത്തിയ യുക്തിയല്ലേയുള്ളൂ നമുക്ക്? ചിരപരിചിതത്വത്തിന്റെ പരിധിയെ ഉല്ലംഘിച്ചുയരാൻ വിളിക്കപ്പെട്ടവരെ നോക്കി അത്ഭുതം കൂറാമെന്നല്ലാതെ കാര്യകാരണബന്ധത്തിന്റെ ഋജുവായ സമവാക്യങ്ങൾകൊണ്ട് അവരെ അളക്കാമെന്ന് വിചാരിക്കാതിരിക്കുന്നതല്ലേ വിവേകം?

ആ വിവേകത്തിന്റെ വിനയം ലോപമില്ലാതെ നമ്മോട് ആവശ്യപ്പെടുന്ന വിശിഷ്ടവ്യക്തിത്വമാണ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. അത്ഭുതംകൊണ്ട് വിടർന്ന കണ്ണുകൾകൊണ്ടല്ലാതെ നോക്കിക്കാണാൻ വയ്യാത്ത ബഹുലകർമ്മങ്ങളുടെ കർത്തൃത്വമാണ് വാഴ്ത്തപ്പെട്ട ചാവറയച്ചനിൽ അർപ്പിക്കപ്പെടുന്നത്. ആ ബഹുലതകളെ മുഴുവൻ ചരിത്രം തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. എന്നെങ്കിലുമത് തിട്ടപ്പെടുത്തിത്തീരുമോ എന്ന് ആർക്കറിയാം! കേരളത്തിലെ ഒരു ന്യൂനപക്ഷസമുദായത്തിന്റെ പുരോഹിതൻ എന്ന നിലയിൽ തന്നിൽ അർപ്പിതമായ പ്രേഷിതവൃത്തിയുടെ പ്രതിജ്ഞാബദ്ധമായ നിർവഹണം എന്നതിൽ കവിഞ്ഞ ചരിത്ര നിർബന്ധങ്ങളില്ലാതെ ചെയ്ത

കർമ്മങ്ങൾ ഒരു ജനപദത്തിന്റെ മുഴുവൻ ജീവിതശൈലിയെയും വിചാരക്രമത്തെയും നവീകരിച്ച് ഒരു നവവിഭാതത്തിന് അഭിമുഖമായി അവരെ നിർത്താനുള്ള പ്രേരണയായിത്തീരുകയെന്നത് ചരിത്രം വല്ലപ്പോഴുമൊരിക്കൽ ആവിഷ്കരിക്കുന്ന ആകസ്മികതയാണ്. ആ ആകസ്മികതയെ ബന്ധിക്കാനുള്ള ക്ഷണപത്രവും നീട്ടിയാണ് ചരിത്രത്തിന്റെ നാൽക്കവലയിൽ ചാവറയച്ചൻ നിൽക്കുന്നത്. എന്നാൽ, ആകസ്മികത നമ്മുടെ പ്രജ്ഞാബലത്തിന്റെയും ദർശനസൂക്ഷ്മതയുടെയും പരിമിതികൾ കല്പിക്കുന്ന മിഥ്യയാണെന്ന് ഓർമ്മയുണ്ടാകണം.

എല്ലാം അറിയുകയും എല്ലാം കാണുകയും ചെയ്യുന്നവനുണ്ടോ ആകസ്മികത? അവിടുത്തേക്ക് ഇത് തന്റെ നിശ്ചയം, തന്റെ നിയോഗം. ആ നിയോഗം ഏല്പിക്കപ്പെട്ടവർ എന്നും നമ്മിൽ അത്ഭുതം കലർന്ന വിനയം ഉത്പാദിപ്പിക്കുന്നു; അതിന്റെ പ്രസക്തിയുടെ വൈപുല്യം അറിയുന്നതിനൊത്ത് നാം വിവേകം പ്രാപിക്കുകയും ചെയ്യുന്നു.

കേരള സംസ്കാരത്തിന്റെ സ്വരൂപം നിർണ്ണയിക്കുകയും നവോത്ഥാനത്തിന്റെ പാതയിലേക്ക് നമ്മെ ആനയിക്കുകയും ചെയ്ത എന്തെല്ലാം കാര്യങ്ങളുടെ തുടക്കക്കാരനാകാനാണ് ചാവറയച്ചൻ നിയോഗിക്കപ്പെട്ടതെന്ന് ഓർക്കുമ്പോൾ ദൈവനിയോഗത്തിന്റെ ഗരിമ നമുക്കു ബോദ്ധ്യപ്പെടാതിരിക്കുകയില്ല. അവയെ മൊത്തമായി നിരീക്ഷിക്കാനല്ല, അവയിൽ ഒരെണ്ണം മാത്രമെടുത്ത് അതിന്റെ പ്രസക്തിയെക്കുറിച്ച് ചിലതു പറയാനാണ് ഇവിടെ ശ്രമിക്കുന്നത്.

1861ൽ ചാവറയച്ചൻ രചിച്ച ഒരു ഖണ്ഡകാവ്യമാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം*. 1861 എന്ന കാലവും *ഖണ്ഡകാവ്യം* എന്ന സംവർഗ്ഗകവും ചില വിശദീകരണങ്ങൾ ആവശ്യപ്പെടുന്നു.

1907ലാണ് കുമാരനാശാന്റെ *വീണപൂവ്* ആദ്യമായി പ്രകാശനം ചെയ്യുന്നതെന്ന് നമുക്കറിയാം. ആത്മഭാവങ്ങളുടെ തിരകൾ ഉണർന്ന് മലയാളകവിത ഒരു പുതിയ വേലിയേറ്റത്തിന്റെ തുടക്കം കുറിച്ചിരിക്കുന്നു എന്ന വിളംബരമായിരുന്നു *വീണപൂവ്*. കാല്പനികതയുടെ ആരംഭമായിരുന്നു അതെന്ന് ചരിത്രം പറയുന്നു. എന്നാൽ, *വീണപൂവിന്* ഏകദേശം അരനൂറ്റാണ്ടിനുമുമ്പ് *അനസ്താസ്യായുടെ രക്തസാക്ഷ്യം* പ്രകാശിതമായി. മലയാളി അന്നുവരെ പരിചയിക്കാത്ത ഒരു കാവ്യരീതി പരീക്ഷിക്കപ്പെടുകയായിരുന്നു. ശൃംഗാരാദി രസങ്ങളെ ജീവൻ ചോർന്നുപോയ സങ്കേതങ്ങളിൽ പേർത്തും ചേർത്തും ആവിഷ്കരിച്ച് കവിതയെ മിടുക്കുകാട്ടലായി അധഃപതിപ്പിച്ച ഒരു കാലം മലയാളകവിതാചരിത്രം ഉദാഹരിക്കുന്നുണ്ട്. അവിടവിടെ ചില

അപവാദങ്ങൾ ഉണ്ടെന്നതൊഴിച്ചാൽ പൊതുനിയമം അതുതന്നെ ആയിരുന്നു. ആ അപവാദങ്ങളിൽ ചിലത് ഏറെ ശ്രദ്ധേയവും ആയിരുന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ. എന്നാൽ, കവിതക്കമ്പം പിടിപെട്ട മിക്കവരും മനസ്സിലുടക്കിയ ഒരു ഭാവവൈശിഷ്യത്തെ എങ്ങനെ സ്ഥൂലവേദ്യമാക്കേണ്ടൂ എന്ന വ്യഥിതമായ അന്വേഷണത്തിന്റെ സാഫല്യമായി കവിതയെ കണ്ടില്ല എന്നതാണ് സത്യം. അവർ വിചിത്രകല്പനകളുടെ കമ്പക്കെട്ടു ചമച്ച് വെടിക്കെട്ടുണ്ടാക്കി ഭാഷാസേവനമനുഷ്ഠിച്ചു എന്ന ചാരിതാർത്ഥ്യത്തിൽ മുഴുകി; അത്ര തന്നെ!

ചാവറയച്ചൻ കവിതക്കമ്പം പിടിപെട്ട ആളായിരുന്നില്ല. അതുകൊണ്ട് സമകാലീന കാവ്യപാരമ്പര്യം ഏല്പിക്കുന്ന ബാദ്ധ്യതകൾ അദ്ദേഹത്തെ അലോസരപ്പെടുത്തിയും ഇല്ല. സുവ്യക്തമായ ഒരു ദർശനവും ആ ദർശനത്തെ പകർന്നു നൽകി ഒരു സമൂഹത്തെ ഉത്തേജിപ്പിക്കാനുള്ള പ്രേഷിത നിർബന്ധവും ആ മനസ്സിനെ കർമ്മോത്സുകമാക്കി. മലയാള കവിതാചരിത്രത്തിൽ ഒരിടം സ്വന്തമാക്കുക എന്ന വിചാരം ചാവറയച്ചനെ ഒരിക്കലും അലോസരപ്പെടുത്തിയിരിക്കാൻ ഇടയില്ല എന്നു ഞാൻ വിചാരിക്കുന്നു. അദ്ദേഹത്തെ ഭരിച്ചിരുന്നത് വേറെ ചില ചിന്തകളും അതിന്റെ ആകുലതകളുമാണ്.

കേരള ക്രൈസ്തവ സഭയിൽ ചില പ്രതിസന്ധികൾ ആവിർഭവിച്ച കാലമായിരുന്നു അത്. വൈദേശികാധിപത്യത്തിന്റെ മുള്ളുകൾ സഭയിൽ മുറിവുകളുണ്ടാക്കിയ കാലം. അതുകൊണ്ട് സ്വാത്മബോധവും സ്വാശ്രയത്വവും തികഞ്ഞ ഒരു സഭയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ചാവറയച്ചന്റെ കർമ്മങ്ങളുടെ ചാലകശക്തിയായിരുന്നു എന്നു നമുക്കറിയാം. വേരുകൾ ഇവിടെ ആയിരിക്കണം, വളർച്ച ചിട്ടയുള്ളതാകണം എന്ന ബലിഷ്ഠമായ ചിന്തയുടെ പിൻബലം അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും കാണാം. ആ പ്രവർത്തനത്തിന്റെ ഭാഗം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സാഹിത്യ പരിശ്രമങ്ങളും.

പ്രതിസന്ധികൾ നേരിടുമ്പോഴെല്ലാം അതിനേക്കാൾ വലിയ വിപത്തുകളെ ഗണ്യമാക്കാതെ വിശ്വാസത്തെ മുറുകെ പിടിക്കുകയും ജീവനെ പകരം നൽകി വിശ്വാസം കാക്കുകയും ചെയ്ത പുണ്യാത്മാക്കളുടെ ചരിതം അയവിറക്കുന്നത് ആത്മധൈര്യം കാത്തുസൂക്ഷിക്കാൻ ഉതകും. സഭയുടെ ചരിത്രത്തിൽ അത്തരം രക്തസാക്ഷികളുടെ ഒരു നീണ്ട നിര തന്നെയുണ്ട്. അത്തരം ഒരു പുരാവൃത്തത്തിന്റെ വികാരതീക്ഷ്ണത മുറ്റിയ ആവിഷ്കാരം കേരള സഭയ്ക്ക് ഉത്തേജകമാകും എന്ന് ചാവറയച്ചൻ കണ്ടു. കവി യശ്ശഃ

പ്രാർത്ഥിയുടെ പരീക്ഷണ കൗതുകമല്ല, താൻ ഉപജീവിക്കുന്ന കഥയുടെ ഭാവസാദ്ധ്യതകൾ എങ്ങനെ കേരളസഭയുടെ വീറും വീര്യവും കാത്തുകൊള്ളാൻ ഉപകരിക്കും എന്ന ചിന്തയാണ് കവിയുടെ ഹൃദയത്തിൽ പൊള്ളിക്കുന്ന കനലായി വർത്തിക്കുന്നത്. അതുകൊണ്ട് അക്കാലത്തെ കവികളുടെ കവനകൗതുകത്തെ ത്വരിപ്പിക്കുന്ന മോടികളൊന്നും ആ കവിയെ അലട്ടുകയുണ്ടായില്ല. അദ്ദേഹത്തിന്റെ സൃഷ്ട്യുന്മുഖമായ മനസ്സ് തന്റെ പരിചരണത്തിന് ഒരുങ്ങിനിൽക്കുന്ന കഥയുടെ ഭാവകേന്ദ്രത്തിൽ നിഷ്ഠമായി. അങ്ങനെയാണ് *അനസ്താസ്യയുടെ രക്തസാക്ഷ്യം* ഖണ്ഡകാവ്യമായി രൂപംകൊണ്ടത്.

പ്രമേയത്തെ അതിന്റെ സ്വാഭാവികമായ പ്രകാശനത്തിന് വിട്ടുകൊടുത്ത് കവി ഒരു ഉപകരണമായി സ്വയം ന്യൂനീകരിക്കാൻ സന്നദ്ധമാകുന്നു എന്ന അവസ്ഥ കാവ്യതത്ത്വവിചാരത്തിൽ വളരെയേറെ പ്രസക്തിയുള്ള ആശയമണ്ഡലത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകും. കാവ്യരൂപത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ വരുത്തിയ മാറ്റമാണ് കാല്പനികവിപ്ലവത്തിൽ ഏറ്റവും ശ്രദ്ധേയമെന്ന് കോൾറിഡ്ജിന്റെ ഒരാശയം വ്യക്തമാക്കുന്നതിനിടയിൽ ഹെർബർട്ട് റീഡ് അഭിപ്രായപ്പെടുന്നുണ്ട്. *ആകൃതി*(Shape)യും *രൂപ*(Form)വും തമ്മിലുള്ള അന്തരം വിശദീകരിച്ചുകൊണ്ടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കുന്നത്.

*ആകൃതി* മുൻകൂറായിത്തന്നെ ഉള്ള ഒന്നാണ്. *മേഘസന്ദേശ*ത്തെത്തുടർന്ന് സംസ്കൃതത്തിലും മലയാളത്തിലും ഉണ്ടായ സന്ദേശകാവ്യങ്ങൾ നോക്കുക. *സന്ദേശകാവ്യപ്രസ്ഥാനം* എന്നൊരു കാവ്യപ്രസ്ഥാനം തന്നെ ഉണ്ടായില്ലേ? വിരഹിയായ ഒരു നായകൻ, ദൂരെ വസിക്കുന്ന നായിക, നായകന്റെ സന്ദേശവുമായി പോകാൻ ഒരുവൻ, പിന്നെ നായികാസമീപത്തിലേക്കുള്ള വിസ്തരിച്ച വഴിവർണ്ണന, ഒടുക്കം ഒന്നോ രണ്ടോ ശ്ലോകത്തിൽ സന്ദേശം... കഴിഞ്ഞു; സന്ദേശകാവ്യങ്ങൾ മാറ്റമില്ലാതെ കൈക്കൊള്ളേണ്ട ക്രമമാണിത്. *മേഘസന്ദേശ*ത്തിൽ ഒരിടത്ത് സന്ദേശഹരൻ വഴി വളഞ്ഞുപോകണമെന്നു നിർദ്ദേശിക്കുന്നതുപോലും മാറ്റാൻ സ്വാതന്ത്ര്യമുള്ള ഒരൊറ്റ സന്ദേശകാവ്യകാരനും ഇന്നോളം ജനിച്ചിട്ടില്ല; നായകൻ വിവരിച്ചുകൊടുക്കാതെ വഴി നിശ്ചയമുള്ള ഒരു സന്ദേശഹരൻ ഉണ്ടാവുകയെന്നത് അസാദ്ധ്യവുമാണ്. ഇതാണ് *ആകൃതി*; മുൻകൂർ നിശ്ചയിക്കപ്പെട്ട ചട്ടക്കൂട്. ഇതിലേക്ക് മന്ദാക്രാന്താശ്ലോകങ്ങൾ എഴുതി നിറയ്ക്കുക എന്ന ഭാരമേയുള്ളു കവിക്ക്.

എന്നാൽ, രൂപത്തിന്റെ നില അതല്ല,. ഭാവം ആവിഷ്കാരം നേടാൻ വേണ്ടി ഒരു വടിവ് സ്വയം ഉണ്ടായിവരികയാണ്. ആ വാങ്മയത്തിലേ,

ആ രൂപസംവിധാനത്തിലേ, ആ ഭാവത്തിന് നിലനില്പുള്ളു. *ഭാവോ ത്ഭിന്നമാണ് രൂപം* എന്ന് പില്ക്കാലത്ത് മുണ്ടശ്ശേരി പറഞ്ഞത് ഈ തത്ത്വത്തെ മുന്നിൽ കണ്ടുകൊണ്ടാണ്. ജൈവരൂപം എന്ന സങ്കല്പം ഈ തത്ത്വത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഈ തത്ത്വത്തിന്റെ നിദർശനമായി മലയാളഭാഷയിൽ ഉണ്ടായ ആദ്യത്തെ കൃതിയാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം.*

കോൺസ്റ്റാന്റൈൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കുന്നതു വരെ റോമാസാമ്രാജ്യവും അതിന്റെ അധിപതികളും മതപീഡന ത്തിന്റെ സാദ്ധ്യതകൾ പരീക്ഷിച്ചു പഠിക്കുകയായിരുന്നു. കൊത്തി നുറുക്കിയാലും കഴുവിലേറ്റിയാലും വിശ്വാസത്തെ തകർക്കാൻ കഴി യുകയില്ല എന്ന പാഠം ലോകത്തിനു നൽകിയതും ഇതേ കാലമാണ്.

അത്തരം ഒരു പാഠത്തിന്റെ രോമാഞ്ചജനകമായ ആഖ്യാനമാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം.*

കേന്ദ്രഭാവത്തിൽ നിഷ്ഠമായ കണ്ണുകളെ അവിടെനിന്ന് പറി ച്ചെടുത്ത് പ്രാന്തഭംഗികൾ കണ്ട് മേഞ്ഞുനടക്കാൻ അനുവദിക്കാത്ത ഏകാഗ്രത ആഖ്യാനത്തെ അനുഗ്രഹിക്കുന്നു. വർണ്ണനാകൗതുകവും അലങ്കാരലഹരിയും പിടിപെട്ട ഏതു കവിക്കും കൈവിട്ട കളിക്ക് അവസരമൊരുക്കുന്ന ധാരാളം ഇടങ്ങൾ ഈ കഥയിലുണ്ട്. എന്നാൽ, അങ്ങോട്ടൊന്നും പാഞ്ഞുചെല്ലാതെ ഒരൊറ്റ ബിന്ദുവിൽ തന്നെ ഉറച്ചു നിന്ന് ആ ബിന്ദു പൊഴിക്കുന്ന ഭാവകിരണങ്ങൾ ആത്മാവിൽ മഴവില്ലുദിപ്പിക്കുന്നതെങ്ങനെ എന്നു പരീക്ഷിക്കാനാണ് കവി പരി ശ്രമിക്കുന്നത്. അതുകൊണ്ടാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം* ഖണ്ഡകാവ്യമായി രൂപംകൊണ്ടത്. ആ രൂപം ഈ ഭാവത്തിന് അനി വാര്യമാണ്.

രൂപവതിയാണ് അനസ്താസ്യ; അത്രതന്നെ ഭക്തിയിൽ ഉറച്ചവളും. സോഫിയയുടെ കന്യകാലയത്തിൽ സ്നേഹവാത്സല്യങ്ങൾ ഏറെ അനുഭവിച്ച് അവൾ തപഃശുദ്ധമായ ജീവിതം നയിച്ചു. അവളുടെ ആത്മാവ് സ്വർഗ്ഗീയ മണാളനിൽ ലയിച്ചു. എന്നാൽ, അക്കാലം ഈ വിശ്വാസസമൂഹത്തിന്റെ പരീക്ഷണ കാലമായിരുന്നു. അനസ്താസ്യാ യുടെ അനുപമസൗന്ദര്യവും അവളുടെ വിശ്വാസജീവിതവും ഒരു പോലെ രാജകിങ്കരന്മാരെ പ്രകോപിപ്പിക്കുന്നതായിരുന്നു:

> *അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ*
> *സെനാത്തിന്റെ സമൂഹത്തിൽ വിളിച്ചീടുന്നു...*

ആ വിളി നിഷേധിപ്പാൻ ആർക്കുമാവില്ല. അവൾ ഏതു വിധിയെ നേരിടാനാണ് പോകുന്നതെന്ന് മഠാധിപയ്ക്കും അറിയാം. അതു കൊണ്ട്, അനസ്താസ്യായിക്കു യാത്രാമൊഴി ഇങ്ങനെയായി:

*സ്നേഹമേറും മകളേ, നിൻ*
*ഭാഗ്യമേറും മണവാളൻ*

*ദാഹമോടെ വിളിക്കുന്നു*
*വേഗമായ് പോക...*

*നിൻ മരണത്തെ മുടിപ്പാനായ്*
*ഒൺമയോടെ ധരിത്രിയിൽ*

*ഭംഗിയേറും കൊടിയേന്തി*
*വൻ ഗിരിയേറി...*

അതേ, ആ പോക്ക് വിണ്ണിനെ വരിക്കാനുള്ള പോക്കാണ്. കാരണം, വിശ്വാസം ത്യജിച്ച് ഭൗതികതയിൽ നിലനിൽക്കാൻ ആഗ്രഹിക്കുമാറ് ഉലഞ്ഞ വിശ്വാസമല്ല അനസ്താസ്യായ്ക്കുള്ളതെന്ന് ആ മാതാവിന് അറിയാം. ആ അറിവു തെറ്റിയില്ലെന്ന് കവിതയുടെ വരുംഭാഗങ്ങൾ തെളിയിക്കുന്നു. സുന്ദരിയായ അവളുടെ മുമ്പിൽ പ്രലോഭനങ്ങൾ നീട്ടി ചഞ്ചലിപ്പിക്കാൻ അധികാരികൾ ശ്രമിച്ചു; ഇളക്കമില്ലാത്ത ആ വിശ്വാസത്തെ കൊടുംക്രൂരതയ്ക്കിരയാക്കി നോക്കി; അതും ഏശിയില്ല. അനസ്താസ്യാ ധീരരക്തസാക്ഷിത്വം വരിച്ചു. അങ്ങനെ, പ്രലോഭനങ്ങളാലും പീഡനങ്ങളാലും പരീക്ഷിക്കപ്പെടുന്ന വിശ്വാസികൾക്ക് ഓർമ്മയിൽ നിർത്തി ധൈര്യം പ്രാപിക്കാൻ ഉതകുന്ന ഒരു നാമമായി അനസ്താസ്യാ എന്ന പേർ മാറി. ആ പുണ്യവതിയുടെ ധീരമായ വിശ്വാസ്യപ്രഖ്യാപനങ്ങൾ ഈ കാവ്യത്തിന്റെ ഏറ്റവും മുഴക്കമുള്ള ഭാഗവുമാണ്.

ആർജ്ജവമാണ് ഈ കാവ്യത്തിന്റെ മുഖമുദ്ര. വർണ്ണനകളുടെ വർണ്ണപ്പൊലിമകൊണ്ടോ അലങ്കാരങ്ങളുടെ ധാടികൊണ്ടോ കാവ്യത്തെ മേദസ്സുറ്റതാക്കാൻ കവി ശ്രമിക്കുന്നതേയില്ല. തന്റെ ആത്മാവിൽ എരിയുന്ന ദർശനത്തെ ശോഭ കെടാതെ പ്രകാശിപ്പിക്കണം എന്ന ഏകാഗ്രമായ നിഷ്ഠയാണ് അതിനു കാരണം. അതുകൊണ്ട്, ഭാവതീക്ഷ്ണതയുള്ള ഒരു കാവ്യം മലയാളത്തിന് സംഭാവന ചെയ്തുകൊണ്ട് ഒരു കാവ്യസരണിക്ക് പ്രാരംഭം കുറിക്കാൻ ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചനു സാധിച്ചു. ചരിത്രം ആ പേര് കേരള നവോത്ഥാനത്തിന്റെ കാരണപുരുഷന്മാരുടെ മുൻപന്തിയിൽ പ്രതിഷ്ഠിക്കുന്നു; കാവ്യചരിത്രവും ആദരപൂർവ്വം അതുതന്നെ ചെയ്യുന്നു.

■

അവതാരിക

# ഇത് എൻ്റേതായ വാഗർച്ചന

## പത്മശ്രീ ഡോ. എം. ലീലാവതി

**അ**വ്യാകൃത പ്രപഞ്ചത്തിൽ തിര്യക്കുകളെപ്പോലെ വെന്നും കൊന്നും തിന്നും യുഗസഹസ്രങ്ങൾ പിന്നിട്ടതിന്നു ശേഷമായിരിക്കണം ബോധോദയ(origin of consciousness)ത്തിന്റെ ഫലമായി മനുഷ്യൻ അവയിൽ നിന്നു വ്യത്യസ്തനായ ജനുസ്സായി വളർന്നതെന്ന് ഭൗതിക ശാസ്ത്രജ്ഞരും മനഃശാസ്ത്രജ്ഞരും വാദിക്കുമ്പോൾ സബോധ ചേതസ്സായി ഒരു നാൾ ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചു എന്നു വിശ്വാസികൾ ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. ഏതു നിലയിലായാലും, ഇതരജീവികളിൽ നിന്ന് മനുഷ്യനെ വ്യാവർത്തിപ്പിക്കുന്നത് ബോധ ചേതസ്സാണെന്നതിലും അതിന്റെ അനന്തരഫലമായ സാംസ്കാരിക വികാസത്തിന്ന് അടിത്തറയായി ഭവിച്ചത് ഭാഷയെന്ന സിദ്ധിയാണെന്നതിലും ആർക്കും തർക്കമുണ്ടാവില്ല. ഈശ്വരൻ എന്ന പരമസത്യത്തിലേക്കു നയിച്ച അന്വേഷണത്തിൽ അവനെ വ്യാപരിപ്പിച്ചത് ബോധ ചേതസ്സാണെന്നു വ്യക്തം. ഈശ്വരവിശ്വാസമോ സത്യം ധർമ്മം മുതലായ മൂല്യങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലേക്കു നയിക്കുന്ന സാംസ്കാരിക വികാസമോ ഇതരജീവികൾക്കില്ല. അവയ്ക്ക് ആഹാര വിഹാരനിദ്രാമൈഥുനങ്ങളെന്ന വ്യാപാര ചതുഷ്ടയത്തിന്നപ്പുറത്തേക്കു നീളുന്ന മനോവ്യാപാരങ്ങളും പരിഗണനീയമായ തോതിൽ ഇല്ല. സ്നേഹകാരുണ്യാദികൾ അവയിൽ പലതിന്നുമുണ്ടെങ്കിലും താദൃശഭാവങ്ങളുടെ മൂല്യവിചിന്തനത്തിലേർപ്പെടുന്ന ബുദ്ധിവികാസം അവയ്ക്കില്ല. ആദികാരണമായ ഈശ്വരനെക്കുറിച്ചുള്ള അവബോധമോ അതിൽനിന്നുളവാകുന്ന ഭക്തിവിസ്മയാദികളോ അവ പ്രകടിപ്പിക്കുക പതിവില്ല. പ്രപഞ്ചത്തിന്റെ ഉത്പത്തിവികാസപരിണാമങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ അവയെ അല്ലൽപ്പെടുത്തുന്നില്ല. അജ്ഞതയുടെ സ്വർഗം അവർക്കു നഷ്ടപ്പെടുന്നുമില്ല.

മനുഷ്യനാകട്ടെ ബുദ്ധിപ്രവർത്തനത്തിന്റെ ഫലമായി ലഭിക്കുന്നത് ദുഃഖത്രയമാണ്; *ആധ്യാത്മികം, ആധിദൈവികം, ആധിഭൗതികം.*

അജ്ഞതയുടെ സ്വർഗ്ഗത്തിന്നുവേണ്ടി ദുഃഖത്രയം ത്യജിക്കാൻ മനുഷ്യൻ സന്നദ്ധനല്ല. ദുഃഖത്രയം മനുഷ്യനെ ഈശ്വരനിലേക്ക് അടുപ്പിക്കുന്നു. യുക്തിവ്യാപാരത്തെ അന്വേഷണോപകരണമാക്കുന്ന ശാസ്ത്രജ്ഞരിൽപ്പോലും വലിയൊരു വിഭാഗം വിശ്വനിയന്താവായ പരമശക്തിയുടെ മുന്നിൽ പ്രണമ്രചേതസ്സുകളായി വർത്തിക്കുന്നു.

*Our esteem of feelings has not neutralised in us all religiousness. It is itself almost religious. Our Scientific temper is devout.*[1]

ഈശ്വരവിശ്വാസമാണ് ലോകത്തിലെ ഭൂരിപക്ഷം മതങ്ങളുടെയും മൗലികപ്രമാണം. (ഭാരതത്തിൽ ചില നാസ്തിക മതങ്ങളുണ്ടായിരുന്നു.) ആചാര്യന്മാരുടെയോ അവതാരങ്ങളുടെയോ അനുയായികളെന്ന നിലയ്ക്കുള്ള ആചാരാനുഷ്ഠാനാദികളോടു കൂടിയ മതത്തിന്ന് (Religion) വിവിധാവിഷ്കാരങ്ങളുണ്ടെങ്കിലും മൗലികപ്രമാണാവബോധം (Religiousness) ഏകസ്വരൂപമാണ്. ആ നിലയ്ക്ക് മതങ്ങൾ ഈശ്വരനോടു മനുഷ്യനെ അടുപ്പിക്കാനെന്ന പോലെ മനുഷ്യസമൂഹങ്ങളെ അന്യോന്യം അടുപ്പിക്കാനും സഹായിക്കേണ്ടതാണ്. എന്നാൽ ആചാരാനുഷ്ഠാനാദികളുടെയും അവബോധത്തെ നയിക്കുന്ന ആചാര്യന്മാരുടെയും അവതാരങ്ങളുടെയും പേരിൽ അന്യോന്യം അടിപ്പിക്കുന്നതിന്നും ആക്രമിക്കുന്നതിന്നും പ്രേരകമായി ഭവിച്ച കഥകളാണ് മതങ്ങളുടെ ചരിത്രം പറയുന്നത്. ഒരു ആരാധ്യദേവന്റെ പേരിൽ ഇതരനായ ആരാധ്യന്റെ അനുയായികളെ ഒടുങ്ങാത്ത പീഡനങ്ങളേല്പിക്കുകയും സംഹരിക്കുകയും നൂറ്റാണ്ടുകൾ നീണ്ട യുദ്ധങ്ങൾ തുടരുകയും ചെയ്ത കഥകൾ; വിശ്വാസത്തിന്റെ പേരിലുള്ള ആത്മബലിയുടെയും അപരബലികളുടെയും കഥകൾ...!

ഈശ്വരപ്രീതിക്കായി തന്നെത്തന്നെ അർപ്പിക്കുന്ന ആത്മബലി അത്യുദാത്തമായി എല്ലാ മതങ്ങളും അംഗീകരിച്ചിട്ടുണ്ട്. ഇതിലെ നിർമ്മമതയുടെയും നിസ്വാർത്ഥതയുടെയും തോതു കുറഞ്ഞുകുറഞ്ഞു വരുമ്പോൾ അതിന്റെ പരിണതരൂപമായി തനിക്കു പ്രിയതമമായതിനെയോ തനിക്ക് ഏറ്റവും വിലപ്പെട്ടതിനെയോ അർപ്പിക്കലെന്ന അപരബലി ക്രമേണ പ്രചരിച്ചു. പ്രതീകാത്മകമായ വസ്തുബലിദാനങ്ങൾ ജീവത്തായ ഇതരത്തിന്ന് ദ്രോഹം ചെയ്യാത്തതിനാൽ അവയും മൂല്യവത്തും ഉദാത്തവുമായി അംഗീകൃതമായി. ജീവത്താണെങ്കിലും ആ *അപരം* സ്വന്തമാണെങ്കിൽ ബലികർമ്മം വിശുദ്ധമാണെന്ന ബലിസങ്കല്പവികാസം ക്രമേണ മൃഗബലിയിലേക്കും നരബലിയിലേക്കും മനുഷ്യനെ നയിക്കുകയുമുണ്ടായി. അപരബലിയുടെ ആസുര സംഹാരാകാരമാണ്, മറ്റൊരു ആരാധ്യന്റെ അനുയായികളെ കൊന്നൊടുക്കലും യുദ്ധങ്ങളും സംഘടിത മതപീഡനങ്ങളും മറ്റും.

അപരസംഹാരത്തിന്റെ ആസുരാകാരം ഇക്കാലത്തും ലോകത്തെ ഒട്ടാകെ ബാധിക്കുന്ന മനോരോഗമായി വ്യാപിച്ചിരിക്കുന്നു. സ്നേഹ കാരുണ്യങ്ങളാണ് തങ്ങളുടെ മതത്തിന്റെ കാതലായ തത്ത്വങ്ങളെ ന്നവകാശപ്പെടുന്നവർ പോലും അപരമതങ്ങളോട് ശത്രുത പ്രഖ്യാ പിക്കുകയും സഹിഷ്ണുത ഒട്ടുമേയില്ലാതെ ആക്രമണങ്ങളിലേർപ്പെ ടുകയും ചെയ്യുന്നു. മതത്തിൻപേരിലുള്ള സംഹാരോദ്യമങ്ങൾ വ്യക്തി മനസ്സിനേയും സമൂഹമനസ്സിനേയും ആവേശിക്കുമ്പോൾ അപരഹ ത്യക്കുവേണ്ടി ആത്മഹത്യയുടെ മാർഗ്ഗങ്ങൾ പോലും സ്വീകരിക്കു കയും ചെയ്യുന്നു.

അപരദ്രോഹത്തോടു കൂടാത്ത ആത്മബലിപോലെത്തന്നെ മഹത്തും ഉദാത്തവുമാണ് സ്വന്തം മതത്തിന്റെ പേരിൽ ഇതരമതാം ഗങ്ങളെ സംഹരിക്കുന്നതെന്ന തലതിരിഞ്ഞ വിശ്വാസദാർഢ്യം ഉന്മാ ദത്തോളമെത്തുന്ന ആവേശമായിത്തീരുമ്പോൾ അപരസംഹാരത്തി ന്നുവേണ്ടിയുള്ള ആത്മഹതിയെയും രക്തസാക്ഷിത്വമെന്നു തെറ്റായി വിശേഷിപ്പിക്കുന്നു. ആയിരത്താണ്ടുകളായി നിലനിന്നുപോരുന്ന ആരാ ധനാമൂർത്തിക്ക് അല്പന്മാരായ ചില വ്യക്തികളോ ഗണങ്ങളോ, അറിഞ്ഞോ അറിയാതെയോ ചെയ്യുന്ന നിന്ദനങ്ങൾകൊണ്ട് തേജോ ഹാനി സംഭവിക്കുകയില്ലെന്നു ഉറപ്പിക്കാനുള്ള വിശ്വാസധീരതയില്ലാ ത്തതിനാൽ സംഹാരതാണ്ഡവത്തിലേർപ്പെടുകയും ശത്രുക്കളെ നിഹ നിക്കുന്നതോടൊപ്പം സ്വപക്ഷാംഗങ്ങളെ കുരുതി കൊടുക്കുകയും ചെയ്യുന്നു. *ലോകാഃ സമസ്താഃ സുഖിനോ ഭവന്തു* എന്നും *വസു ധൈവകുടുംബകമെന്നും ആനോ ഭദ്രാഃ ക്രതവോ യന്തു വിശ്വതഃ* എന്നും *സമാനീവ ആകൂതി സമനോ ഹൃദയാനി വഃ സമാനമസ്തുവോ മനോ യഥാവത് സുസഹാ സതി* എന്നും മറ്റുമുള്ള മന്ത്രങ്ങൾ ജപി ക്കുന്ന ഉദാരപാരമ്പര്യത്തിന്നുടമയായവർ പോലും ആരാധനാമൂർത്തി ക്കുള്ള ആലയങ്ങളുടെ പേരിൽ രക്തപ്പുഴയൊഴുക്കുന്നു. വിശ്വം മുഴു വൻ വ്യാപിച്ചതെന്ന് തങ്ങൾ തന്നെ പ്രഖ്യാപിക്കുന്ന ആരാധ്യസ ത്തയ്ക്ക് ഭൂമിയിലെ ഒരു ചെറിയ ഇടത്തിൽ വസിക്കാനുള്ള സ്വല്പം മണ്ണ് അല്പനായ മനുഷ്യൻ വളഞ്ഞു വെക്കേണ്ടതുണ്ടോ എന്നു ചിന്തിക്കാനുള്ള വിവേകം ഇല്ലാതെ പോകുന്നു.

ആത്മബലിയുടെ ഉദാത്തമായ പ്രശാന്തത അപരബലിയുടെ സങ്കു ചിതമായ രൗദ്രതാണ്ഡവത്തിന്നു വഴിമാറുന്നു.

അപരബലി ആത്മബലിയുടെ ഒരു വികസിതരൂപമായി ഭവിക്കു ന്നതെപ്പോഴെന്നും ആസുരപൈശാചികതയോടുകൂടിയ സംഹാരതാ ണ്ഡവത്തിന്നു സമാനമായിത്തീരുന്നതെപ്പോഴെന്നും തിരിച്ചറിയേണ്ട തുണ്ട്. സ്വയം ബലി കൊടുക്കുന്നതിനേക്കാൾ ഉദാത്തതരമായി

ത്തിരുന്നു തനിക്കു തന്നേക്കാൾ പ്രിയപ്പെട്ട വ്യക്തിയെ ഈശ്വരവിശ്വാസ ദൃഢതയുടെ പേരിലോ അലംഘ്യധർമ്മബോധത്തിന്റെ പേരിലോ ബലിദാനമാക്കുന്നത്. അബ്രഹാം, രുഗ്മാംഗദൻ, ശ്രീരാമൻ, ഹരിശ്ചന്ദ്രൻ മുതലായവരുടെ കഥകൾ ഓർക്കാം. പഴയ കാലത്ത് മതവിശ്വാസത്തിൻ പേരിലും ആധുനികകാലത്ത് നിരീശ്വരപ്രത്യയശാസ്ത്രങ്ങളുടെ പേരിലും രക്തസാക്ഷിത്വം അന്യരിലേക്കു പ്രത്യായനപ്രക്രിയയിലൂടെയോ ബലപ്രയോഗത്തിലൂടെയോ വെച്ചേല്പിക്കുന്ന രീതി ഇപ്രകാരം ഉദാത്തമെന്ന് വിശേഷിപ്പിക്കാവതല്ല. ബാലകരെയും കുമരരെയും രക്തസാക്ഷികളാക്കി മതങ്ങളുടെയോ പ്രത്യയശാസ്ത്രങ്ങളുടെയോ അനുയായി സംഘബലം വർധിപ്പിക്കുന്നതിന്നുള്ള ഉദ്യമങ്ങൾ പണ്ട് ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടാവുന്നുണ്ട്. രാഷ്ട്രീയനേതാക്കൾ വിദ്യാർത്ഥികളെ ഉപയോഗിച്ച് കക്ഷികളെ വളർത്തുന്ന ക്രൂരമായ അപരബലിയെ അപലപിക്കാൻ വേണ്ടി *കുട്ടികളുടെ കുരിശുയുദ്ധം* എന്നൊരു കവിത എൻ.വി. കൃഷ്ണവാരിയർ എഴുതിയിട്ടുണ്ട്:

*കല്മഷമേതുമില്ലാത്ത കിടാങ്ങളെ*
*കൈതവമോടെ പറഞ്ഞിളക്കി*
*ധീരനവലോകനിർമാണ സംഘർഷ*
*ഭാരമപ്പിഞ്ചുചുമലിലേറ്റി*
*ജാതി മത വർഗ രാഷ്ട്ര-സിദ്ധാന്താദി*
*ഭേദവിദ്വേഷ പ്രചാരകന്മാർ*
*നീളെക്കിണഞ്ഞു പണിയെടുക്കുന്നതു*
*നാൾതോറും നാം കണ്ടിടുന്നതല്ലി!*

എന്നദ്ദേഹം പ്രലപിക്കുന്നു. ഇത്തരം അപരബലികൾക്ക് ഉദാത്തതയുടെ പരിവേഷമോ ധാർമ്മികമൂല്യമോ ഇല്ലെന്നു തിരിച്ചറിയേണ്ടതുണ്ട്.

ഭൗതിക സ്വാർത്ഥ ലക്ഷ്യങ്ങളില്ലാതെ ചെയ്യുന്ന യജ്ഞങ്ങളും ബലിദാനങ്ങളുമാണ് ശ്രേഷ്ഠങ്ങൾ. ഭുജിക്കാനുള്ള വാസന ശരീരികളായ ഏതു ജീവികൾക്കും ഉണ്ടാവുകയെന്നത് നിലനില്പിന്റെ മൗലികതത്ത്വമാണ്. മനുഷ്യർക്കാകട്ടെ ഭുജിക്കാനെന്ന പോലെ ത്യജിക്കാനുള്ള വാസനയും സഹജസിദ്ധിയാണ്. *The Selfish Gene*[2] എന്ന പുസ്തകത്തിൽ ഈ വാസന മനുഷ്യർക്കുണ്ടെന്നും അതു പോഷിപ്പിക്കലാണ് മാനുഷ്യകത്തിന്റെ പുരോഗതിക്കു നിദാനമെന്നും ഉള്ള ശാസ്ത്രദർശനം വിവരിച്ചിട്ടുണ്ട്. ജീനുകൾ പ്രായേണ സ്വാർത്ഥകേന്ദ്രിതമാണ്. സ്നേഹ കാരുണ്യാദിവാസനകൾ പേറുന്ന മൗലികഘടകങ്ങൾക്ക് *മേം (meme)* എന്ന പേരും നൽകപ്പെട്ടിരിക്കുന്നു. ഭൗതിക

ശാസ്ത്രം ആധുനികദശയിൽ എത്തിച്ചേർന്നിരിക്കുന്ന ഈ മഹത്ത ത്ത്വത്തിലേക്ക് ആധ്യാത്മികശാസ്ത്രമായ മതം പണ്ടേ എത്തിച്ചേർന്നു വെന്നതിന്റെ തെളിവുകളാണ് യജ്ഞങ്ങളും ആത്മബലിപ്രകാരങ്ങ ളും. *സഹയജ്ഞരായി മനുഷ്യർ സൃഷ്ടിക്കപ്പെട്ടു* എന്ന ഗീതാവചന ത്തിന്റെ പൊരുൾ ഈ മൗലികവാസനയാണ്. ഭോഗാസക്തർ ത്യജി ക്കാനുള്ള ഈ മൗലികവാസനയെ തളർത്തിയിടുകയും ഭുജിക്കാനുള്ള വാസനയെ വളർത്തുകയും ചെയ്യുന്നു.

യജ്ഞവാസനയെ പരിപോഷിപ്പിച്ചു വളരുക എന്നാണ് ഗീതാവ ചനത്തിലെ ഉദ്ബോധനം. ഇന്ദ്രിയസുഖങ്ങളിൽ വെച്ച് ഏറ്റവും നിയ ന്ത്രിക്കാൻ ക്ലേശമുള്ളവ ആഹാരതൃഷ്ണയും കാമവുമാണ്. അതു കൊണ്ടാണ് ഉപവാസവും ബ്രഹ്മചര്യവും ഏറ്റവും മൂല്യവത്തായ യജ്ഞപ്രകാരങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ആർഷഭാരത ത്തിൽ *ഇദം നമമ* എന്ന ധ്യാനത്തോടെ ഇഷ്ടഭോജ്യങ്ങൾ ദേവത കൾക്കർപ്പിക്കുകയെന്ന യജ്ഞസങ്കല്പമാണുണ്ടായിരുന്നത്. അവ യാന്ത്രികമായ ഹോമകർമ്മാനുഷ്ഠാനങ്ങളും ക്രൂരബലിദാനങ്ങളു മായി തരംതാഴ്ന്ന കർമ്മകാണ്ഡമായി ക്രമേണ പ്രചരിച്ചു. മൃഗബലി കളും നരബലികളും *യജ്ഞത്തിന്റെ* പേരിൽ പവിത്രമായി കരുത പ്പെട്ടു. കാമാത്മാക്കളായി, സ്വർഗകാമന്മാരായി, ഭോഗൈശ്വര്യപ്രസ ക്തരായി, വേദവാദരതന്മാരായി ചെയ്യുന്ന യാന്ത്രികാനുഷ്ഠാനങ്ങൾ ഗീതയിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്.[3] വിശക്കുന്ന കുഞ്ഞുങ്ങൾക്ക് അന്നം നൽകാതെ ഹോമകർമ്മാനുഷ്ഠാനത്തിൽ മുഴുകിയ വിപ്രന്മാരെ ബാലനായ ശ്രീകൃഷ്ണൻ പാഠം പഠിപ്പിച്ച കഥ ഭാഗവതപ്രസിദ്ധ മാണ്:

*വൃക്ഷാൻ ഛിത്വാ മൃഗാൻഹത്വാ*
*കൃത്വാരുധിരകർദ്ദമം*
*യദ്യേവം ഗമ്യതേ സ്വർഗം*
*നരകം കേന ഗമ്യതേ*

എന്ന വിമർശനം ബുദ്ധമത കാലഘട്ടത്തിൽ ഉണ്ടായി. ക്രമേണ മൃഗ ബലിയും നരബലിയും യജ്ഞകർമങ്ങളിൽ ഇല്ലാതായി. എങ്കിലും ജന്തുബലിയെന്ന അനുഷ്ഠാനം ഇപ്പോഴും ചില മതാചാരങ്ങളിൽ നിന്നു മാഞ്ഞുപോയിട്ടില്ല.

വിശ്വാസദാർഢ്യത്തിൻ പേരിൽ രക്തസാക്ഷിത്വം സ്വയം വരിക്കു മ്പോഴാണ് അത് ഉദാത്തതമമാകുന്നത്. മതവിശ്വാസത്തിൻ പേരിൽ ഏറ്റവും അധികം പീഡനമനുഭവിച്ചവർ ക്രിസ്തുമതത്തിലാണുള്ള ത്. ക്രിസ്ത്വബ്ദത്തിന്റെ ആദിമശതകങ്ങളിലെ മതചരിത്രം വിശ്വാ സത്തിൻ പേരിൽ പീഡനമനുഭവിച്ചവരുടെ ധീരചരിതങ്ങളാൽ

സമ്പൂതമാണ്. എത്രത്തോളം മതപീഡനങ്ങളും രക്തസാക്ഷിത്വവും വർധിച്ചുവോ അത്രയ്ക്കത്രയ്ക്ക് വിശ്വാസികളുടെ സംഖ്യാബലവും ആത്മബലവും കൂടിക്കൂടിവന്നു. നാലാം നൂറ്റാണ്ടിലെ മിലാൻ വിളംബരത്തോടെ ഭരണശക്തിയുടെ പക്ഷത്തുനിന്നുള്ള മതപീഡനം നിലയ്ക്കുംവരെ തുടർന്ന അതിക്രൂരമർദ്ദനങ്ങളുടെ ചരിത്രം പ്രവാചകന്റെ പീഡാനുഭവം പോലെ വിശ്വാസികൾക്ക് പിൽക്കാലത്ത് ആത്മീയോർജ്ജമരുളുന്ന സ്രോതസ്സായി നിലകൊള്ളുന്നു; കായംകൊണ്ടും വചസ്സുകൊണ്ടും മനസ്സുകൊണ്ടുമുള്ള തപസ്സുകൾ അനുഷ്ഠിക്കുന്നതിന്നുള്ള പ്രചോദനപ്രഭവം.

ഭക്തിയുടെ പേരിൽ പീഡനമനുഭവിച്ചവരുടെ കഥകൾ ഭാരതത്തിലെ ഭക്തിസാഹിത്യത്തിലുമുണ്ട്; ഭാഗവതപുരാണത്തിലെ പ്രഹ്ലാദനെയും ചരിത്രത്തിലെ മീരയെയും പോലെ; ക്രൂരമായ പീഡനങ്ങൾക്കിരയായപ്പോൾ വീര്യവും ധൈര്യവും വിടാതെ സ്വന്തം വിശ്വാസത്തിലുറച്ചു നിന്നവർ. എന്നാൽ ആ ഹൈന്ദവ കഥകൾക്കും അനസ്താസ്യാചരിതം പോലുള്ള രക്തസാക്ഷി കഥകൾക്കും തമ്മിലുള്ള ഒരു പ്രധാനവ്യത്യാസം അവയിലെ കരുണ ഭയാനകാദിരസങ്ങളുടെ തീവ്രത ലഘൂകരിക്കാൻ ഹേതുവായി എന്നതാണ്. പീഡകർ ആവതു ശ്രമിച്ചിട്ടും പീഡിതർ ആരാധ്യദേവന്റെ പ്രഭാവത്താൽ ശാരീരികമായോ മാനസികമായോ തീവ്ര യാതനയ്ക്കിരയാവുന്നില്ല. അവരുടെ കഥകൾ ആത്മീയമായി മാത്രമല്ല ഭൗതികമായും ശുഭാന്തങ്ങളാണ്. അതിനാൽ കരുണരസത്തിന്നു പ്രാമുഖ്യമില്ല. ഭക്തിയാണ് അംഗിഭാവം. അനസ്താസ്യാചരിതം പോലെ അവ രക്തസാക്ഷിത്വത്തിന്റെ കഥകളല്ല. അനസ്താസ്യാചരിതത്തിൽ കരുണത്തിന്നുള്ള പ്രാമുഖ്യമാണ് സാഹിത്യകൃതിയെന്ന നിലയ്ക്ക് അതിന്ന് ഹൃദയദ്രവീകരണശക്തി വളർത്തുന്നത്.

മലയാള കവിതാചരിത്രത്തിൽ കരുണത്തിന്നും ഭയാനകത്തിന്നും പ്രാമുഖ്യമുള്ള ചില തെക്കൻപാട്ടുകളും വടക്കൻ പാട്ടുകളുമുണ്ടെങ്കിലും ആധുനികദശയിൽ കരുണരസപ്രധാനമായി അംഗീകരിക്കപ്പെടുന്ന കൃതി കുമാരനാശാന്റെ *കരുണ*യാണ്. കരുണവും കരുണയും ഒന്നല്ലെങ്കിലും ആ കൃതിയിൽ കരുണരസമുണ്ട്. അതിലെ ഇതിവൃത്തത്തിൽ രക്തസാക്ഷിത്വമില്ല; വിശസനമാണുള്ളത്. കഥാപാത്രം ദാരുണമായ പീഡനമനുഭവിക്കുന്നുണ്ടെങ്കിലും *നാല്പാമരമരിഞ്ഞുകുട്ടിയപോലെ* മുതലായ സാമ്യോക്തികളുടെ സഹായത്തോടെ ദയനീയവും ബീഭത്സവുമായ ശാരീരികാവസ്ഥയെ വർണിച്ചിട്ടേയുള്ളൂ. പീഡനങ്ങളുടെ വിശദാംശങ്ങൾ വർണിക്കാത്തതുകൊണ്ട് പീഡകകേന്ദ്രിതമായ രൗദ്രമോ പീഡിതകേന്ദ്രിതമായ ഭയാനക ബീഭത്സങ്ങളോ

വ്യഞ്ജിപ്പിക്കാൻ വാങ്മയം നിയുക്തമായിട്ടില്ല. അതിനാൽ കരുണ ബീഭത്സരസങ്ങളുടെ മേളനത്തിന് അനസ്താസ്യാചരിതത്തിലുള്ളതു പോലെ അന്തരംഗത്തിലൊരു കൊടുങ്കാറ്റും ഭൂകമ്പവും സൃഷ്ടിക്കുന്നതിനുള്ള ഉത്കടമായ ഉദ്യമം അതിലില്ല. *കരുണ* ഒരു രക്തസാക്ഷീ ചരിതമല്ലാത്തതുകൊണ്ട് ഇതിവൃത്തത്തെ കേന്ദ്രസ്ഥമാക്കുന്ന ഒരു തുലനത്തിന്നു പ്രസക്തിയുമില്ല. ഇതിവൃത്താനപേക്ഷമായ ഭാവധ്വനനത്തെയാണ് തുലനം ചെയ്യാവുന്നത്. ഒരു കാവ്യരൂപത്തിന്റെ കാലഗണനാനുസൃതമായ പ്രാഥമ്യമോ സാധർമ്യമോ മൂല്യവിചിന്തനത്തിൽ ഏറെ പ്രാധാന്യമുള്ള ഒരു വസ്തുതയല്ല. ഭാവസാധർമ്യ വിചിന്തനത്തിന്നാണ് മുഖ്യപരിഗണന നൽകേണ്ടത്. ആ വിഷയത്തിൽ *അനസ്താസ്യയുടെ രക്തസാക്ഷ്യ*ത്തിന്നുള്ള പ്രാഥമ്യം കൂടുതൽ ശ്രദ്ധേയമാകുന്നു.

മതചരിത്രത്തിലെ രക്തസാക്ഷികൾ മതസാഹിത്യത്തിൽ മാത്രമല്ല സാമാന്യ സാഹിത്യത്തിലും വാഴ്ത്തപ്പെടാറുണ്ട്. വള്ളത്തോളിന്റെ *ജാതകം തിരുത്തി* എന്ന കവിതയും (1923), ജി.യുടെ *ഒരു ധർമ്മധീര* (1926) എന്ന കവിതയും രക്തസാക്ഷി ചരിതങ്ങളാണ്. രണ്ടിലും ആത്മബലി നടത്തുന്നവർ സ്ത്രീകളാണ്. *ജാതകം തിരുത്തി*യിൽ ഇസ്ലാം മതവിശ്വാസവും *ഒരു ധർമ്മധീര*യിൽ ബുദ്ധമതവിശ്വാസവുമാണ് *രക്തസാക്ഷ്യം* വരിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്.

*ജാതകം തിരുത്തി*യിലെ ഇതിവൃത്തമിങ്ങനെ:

മുഹമ്മദുനബി പ്രചരിപ്പിക്കുന്ന മതത്തോടും മതഗ്രന്ഥമായ ഖുറാനോടും തീക്ഷ്ണമായ എതിർപ്പുള്ള *ഉമാർ* എന്ന പ്രമാണി നബിയെ വധിക്കാനുറച്ച് അദ്ദേഹത്തെത്തേടിപ്പുറപ്പെട്ടിരിക്കയാണ്.

സമയം അർധരാത്രി.

അപ്പോൾ അദ്ദേഹം ഒരു ഗൃഹത്തിൽനിന്ന്, *മെക്കായിൽ വെച്ചരുളപ്പെട്ട സപ്തസൂക്തങ്ങൾ* പാടുന്നതു കേൾക്കുന്നു:

> *പരാർധ്യമാമപ്പുതുസൂക്തസപ്തക*
> *സ്വരാഢ്യ മാഹമ്മദ വേദഗീതിയിൽ*
> *സ്ഥിരാദരാൽ വീർപ്പുമടക്കി നിന്നിതോ*
> *മരാമരം പോലെ സമീരനും തദാ!*

*എന്നു കവി പരിസരപ്രകൃതിയുടെ ഭാവത്തെപ്പറ്റി ഉത്പ്രേക്ഷിക്കുന്നു.*

> രാമായണം മുദാവായിച്ചിടും വിധൗ
> വ്യോമാന്തരേനിന്നുനിശ്ചലം ഭാസ്കരൻ

എന്ന് നാം *കൊച്ചുസീത*യിൽ കേൾക്കുന്നത് ഇതിന്റെ പ്രതിധ്വനിയാണ്.

പാട്ട് എവിടെ നിന്നുവരുന്നു?

സ്വന്തം അളിയന്റെ വീട്ടിൽ നിന്ന്!

ഉടനെ *കരാളരൂപനായ് ഖഡ്ഗം ഉയർത്തിപ്പിടിച്ച്* ഉമാർ അങ്ങോട്ട് ഓടിക്കയറിച്ചെന്നു. ഗായകൻ പ്രാണരക്ഷക്കായി പാഞ്ഞു മറഞ്ഞു. അളിയൻ ഭയപ്പെട്ടു വിറച്ചു നിന്നു. അപ്പോൾ ഉമാറിന്റെ സോദരി ഫാത്തിമ പുഞ്ചിരിയോടെ മുന്നോട്ടു വന്നു. അവളുടെ പ്രശാന്ത മുഖം *വേദശ്രവണോത്ഥഭക്തിയാൽ പുളകം പൂണ്ടു* വിളങ്ങി. അവളെ അവഗണിച്ച് ഉമാർ *നിന്റെ വിശുദ്ധനായ ദീർഘദർശിയുടെ തല കൊയ്യും മുമ്പ് നിന്റെ രക്തംകൊണ്ട് ഞാനെന്റെ വാളു കഴുകട്ടെ* എന്നും പറഞ്ഞുകൊണ്ട് അളിയന്നു നേരെ വാളു വീശി. വാളു പതിച്ചത് അവന്റെ കണ്ഠത്തിലല്ല. ഫാത്തിമ ഇടയിൽ ചാടി തടുത്തു. അവളുടെ കഴുത്തറ്റു. *പ്രാണൻ പോയാലുമിസ്ലാംമതമിതുവെടിയാ ഞങ്ങൾ* എന്നു ചിരിച്ചുംകൊണ്ട് അവൾ വീണു.

അവളുടെ വിശ്വാസധീരത ഉമാറിനെ മറ്റൊരാളാക്കി മാറ്റി.

*മാപ്പ്!* എന്നു സോദരിയോടു പറഞ്ഞുംകൊണ്ട് ഖുറാൻ ഗ്രന്ഥത്തിന്നായി അയാൾ കൈ നീട്ടി. അദ്ദേഹം പിന്നീട് നബിയുടെ ഭക്തനും ശിഷ്യനുമായി.

*പെരുത്തുമൊഴിയെന്തിന, സ്സതി തെളിഞ്ഞ തൻ ചോരയാൽ*
*ത്തിരുത്തി യെഴുതീ ക്ഷണാൽ സഹഭവന്റെ മുൻജാതകം.*

(അവളുടെ കഴുത്തിൽ നിന്നൊഴുകിയ രക്തം അയാളുടെ ജാതകം തിരുത്തിക്കുറിച്ചു. അവൾ രക്തസാക്ഷിണിയായി).

ഒരു ധർമ്മധീരയിലെ ഇതിവൃത്തം:

മതങ്ങളേതും പരിപൂർണതയിലേക്കുള്ള മാർഗമാണെന്ന തിരിച്ചറിവില്ലാത്ത അജാതശത്രു എന്ന രാജാവ് തന്റെ രാജ്യത്തിൽ ബുദ്ധനെ ആരാധിക്കുന്നതു വിലക്കി. സൈനികർ പെരുമ്പറയടിച്ച് രാജാജ്ഞ വിളംബരം ചെയ്തു. പാവങ്ങളോടും സജ്ജനത്തോടും കാരുണ്യാദരങ്ങളുണ്ടായിരുന്ന ബിംബിസാര ചക്രവർത്തി പണിതുയർത്തിയ ബുദ്ധവിഹാരങ്ങളിൽ ആരാധകരില്ലാതായി. ഭക്തരില്ലാഞ്ഞല്ല; ഭയം പെരുകിയതിനാൽ. ജീവനിൽ കൊതിയുള്ളവരൊക്കെ രാജാജ്ഞയ്ക്കു കീഴടങ്ങി. ബുദ്ധ ഭക്താഗ്ര്യയായ ശ്രീമതിയെന്ന യുവതി പിന്തിരിയാനൊരുങ്ങിയില്ല. *വിഹാരത്തിൽ പോകരുതെന്നു* വിലക്കുന്ന തോഴിയെ വകവെക്കാതെ ഒരു ദീപവുമേന്തി അവൾ വിഹാരത്തിലെത്തി വിളക്കു തെളിയിച്ചു. താൻ കോർത്തെടുത്തു കൊണ്ടുവന്നിരുന്ന താമരമാല ബുദ്ധദേവന്റെ വെണ്ണക്കൽ വിഗ്രഹത്തിൽ ചാർത്തി:

തൂവെണ്ണതോൽക്കും ശിലകൊണ്ടുതീർത്ത
തഥാഗതാത്യത്ഭുതവിഗ്രഹത്തെ
ദർശിക്കവേ കണ്ണു നിറഞ്ഞു; മൊട്ടായ്
ക്കഴിഞ്ഞു കൈ; കോൾമയിർകൊണ്ടു ഗാത്രം

സുഖതൃഷ്ണ വെടിഞ്ഞ് ത്യാഗം വിതക്കാനും *ജഗത്തിന്റെ കണ്ണീർ തുടയ്ക്കാനുമായി ചെങ്കോലുപേക്ഷിച്ച കരങ്ങൾകൊണ്ട് അനുഗ്രഹിക്കേണമേ* എന്നവൾ പ്രാർത്ഥിച്ചു. അപ്പോൾ പുറത്തുനിന്നൊരു കാൽപ്പെരുമാറ്റം കേട്ടു. അവൾ തിരിഞ്ഞു നോക്കി. മുന്നിൽ നിൽക്കുന്നു രാജഭടൻ! നാലഞ്ചുനാൾക്കുള്ളിൽ തന്നെ പാണിഗ്രഹണം ചെയ്യേണ്ടവനായ പ്രതിശ്രുതവരൻ!

മിണ്ടാനാവാതെ കുറച്ചു നേരം അവരങ്ങനെ നിന്നു. പിന്നെ അവൾ മൗനം ഭഞ്ജിച്ചു:

*ശ്രീമതിയെ മറന്നാലും. അനുരാഗവായ്പാൽ കർത്തവ്യമനുഷ്ഠിക്കാതിരിക്കരുതേ! മതവിശ്വാസം മരണാർഹമായ മഹാപരാധമാണെന്നല്ലേ രാജാവിന്റെ ആജ്ഞ! 'രാജാവ് പ്രത്യക്ഷ ദൈവതം' എന്ന പ്രമാണം വാസ്തവമാവാം. എന്നാൽ രാജാക്കന്മാരെയും പ്രജയായി ഗണിക്കുന്ന ഒരു രാജാവുണ്ട്. കുനിഞ്ഞവനും കുനിയിച്ചവനും ആരുടെ മുമ്പിൽ കുമ്പിട്ടു നിൽക്കണമോ ആ വിശ്വേശ്വരൻ.*

അവൾ പിന്നീട് ഇങ്ങനെ കൂട്ടിച്ചേർത്തു:

*മർത്ത്യ സ്വഭാവം മൃതി; മൃത്യു തന്റെ*
*മതത്തിനായാലതു ഭാഗ്യമല്ലേ?*

അങ്ങനെ മതവിശ്വാസത്തിൻ പേരിൽ മരിക്കാൻ സന്നദ്ധയായി അവൾ അയാൾക്കു മുന്നിൽ നിന്നു, മരണമാണ് തന്റെ വരൻ എന്ന മട്ടിൽ. മഹേന്ദ്രനെന്ന ആ വരനാകട്ടെ രാജാജ്ഞ അനുഷ്ഠിക്കലാണ് തന്റെ കർത്തവ്യമെന്നു നിശ്ചയിച്ച് പ്രിയതമയുടെ കഴുത്തിനുനേരെ വാൾ വീശി. ബുദ്ധപ്രതിമയ്ക്കു മുന്നിൽ ജീവിതനായകന്റെ പാദത്തിൽ അവളുടെ രക്തമൊഴുകുന്ന മുഖം നിപതിച്ചു. മതത്തിൻ പേരിൽ അവൾ രക്തസാക്ഷിണിയായി.

അനസ്താസ്യാചരിതത്തിന്നുശേഷം ആറു പതിറ്റാണ്ടു കഴിയുമ്പോഴേക്ക് കാവ്യഭാഷ ഏറെ മാറിക്കഴിഞ്ഞിരിക്കുന്നു. സാമാന്യ മനുഷ്യരുടെ ഭാഷണശൈലിയിൽനിന്നു തീർത്തും വ്യത്യസ്തമാകണം കാവ്യഭാഷ എന്ന വിശ്വാസത്തിന്നു വേരുറച്ചുകഴിഞ്ഞിരുന്നു. പദസംഘടനയിലെ ശില്പചാരുത, ഉക്തി വൈചിത്ര്യങ്ങളുടെ അനുപേക്ഷണീയത, നവംനവോല്ലേഖ വ്യഗ്രത, അക്ഷരനിഷ്ഠമോ മാത്രാനിഷ്ഠമോ ആയ വൃത്ത വ്യവസ്ഥയുടെ അനുല്ലംഘ്യത എന്നിവ കവിതയുടെ നിയതലക്ഷണങ്ങളെന്നപോലെ അംഗീകൃതമായിക്കഴിഞ്ഞിരുന്നു. അതോടൊപ്പം *വാക്യം രസാത്മകം കാവ്യ*മെന്ന പഴയ നിർവചനത്തിൽ പൂർണവിശ്വാസമുള്ളവരാണ് തങ്ങളെന്നു കവികൾ ശപഥം ചെയ്യുക പതിവായിരുന്നുതാനും. എന്നാൽ ഉദ്ധരിച്ച രണ്ടു കവിതകളിലും തീവ്രരസഭാവധ്വനനമൊഴികെ മറ്റെല്ലാമുണ്ട്. രണ്ടു

കൃതികളിലും രക്തസാക്ഷിണികളുടെ മരണം ഒരു വാൾച്ചീറ്റത്തിന്റെ ഫലമായി ഒരു നിമിഷം കൊണ്ടു സംഭവിക്കുന്നു എന്നതിനാൽ ആണ് കരുണബീഭത്സഭയാനകാദി രസങ്ങൾക്ക് പ്രസക്തിയില്ലാതെ പോയതെന്ന ഒരു യുക്തിയുണ്ട്. താദൃശരസങ്ങൾ ഇത്തരം ഒരു പ്രമേയത്തിൽ പ്രസക്തമല്ലെന്നു കവികൾ നിനയ്ക്കുന്നതുകൊണ്ടുതന്നെയാണ് അങ്ങനെ സംഭവിക്കുന്നത്. അതായത് *രസധ്വനിയില്ലെങ്കിൽ കവിതയില്ല* എന്ന പരമസത്യത്തെ അവർ തൽക്കാലത്തേക്കു അപ്രസക്തമാക്കിത്തീർക്കുന്നു. കരുണഭയാനകാദികളല്ല ആത്മത്യാഗവീരമാണ് രണ്ടു കവിതകളിലേയും അംഗിരസമെന്ന വാദവും ഉന്നയിക്കപ്പെടാം. എന്നാൽ ആ രസത്തിന്നും വേണ്ടുവോളം തീവ്രത വന്നിട്ടില്ലാത്തതിനാൽ രസാത്മകതയുടെ പേരിൽ അവയെ മികച്ച രചനകളായി വിലയിരുത്താൻ പ്രയാസമാണ്. ഉദാത്തവും സംസ്കാരസമ്പന്നവുമായ ജീവിതവീക്ഷണങ്ങൾ അവതരിപ്പിക്കുന്ന ശ്ലോകങ്ങൾ രണ്ടിലുമുണ്ട് എന്നതുകൊണ്ട് അവ സന്ദർഭോചിതമായി ഉദ്ധരിക്കപ്പെടാറുണ്ട് എന്നതു വസ്തുതതന്നെയാണ്. ഏതു മതവും സർവേശ്വരനിലേക്കു നയിക്കുന്നു എന്നതും മഹാത്മാരായ പ്രവാചകന്മാർ എല്ലാവർക്കും ഒരുപോലെ ആരാധ്യരാണെന്നതും മറ്റും... അവ വിശാലജീവിതവീക്ഷണത്തിന്നു നിദർശനങ്ങൾ തന്നെ. *ജാതകം തിരുത്തിയെന്ന* കവിതയിലെ

*പെരുത്തു നൂറ്റാണ്ടിനിടയ്ക്കൊരിക്കലീ*
*മരുപ്പറമ്പാ മുലകത്തിലീശ്വരൻ*
*ഒരുറ്റ വൃക്ഷത്തെ നടുന്നു പാന്ഥരായ്*
*വരുന്നവർക്കുത്തമ വിശ്രമത്തിനായ്* എന്നും
*ദൃശാഭിമാനാലവരോ കൃതഘ്നര*
*സ്സുശാഖിതൻ നേർക്കു കഠാരിവെക്കയായ്*
*നിശാതമയ്യോ, തവതൃഷ്ണ, ക്രിസ്തുവിൻ*
*പ്രശാന്ത രക്തത്തെ നുകർന്ന ലോകമേ!....*

എന്നും ഉള്ള ഉദീരണങ്ങൾ സർവമത സാഹോദര്യബോധത്തിന്നുള്ള വാചാലമായ പ്രഖ്യാപനങ്ങൾ തന്നെ. സംശയമില്ല.

*അതുപോലെ ഒരു ധർമ്മധീരയിലെ*
*രാജാക്കളേയും പ്രജയായ് ഗണിക്കും*
*രാജാവൊരാളുണ്ടവിടുത്തെ കൺമുമ്പിൽ*
*കുമ്പിട്ടു നിൽക്കേണ്ടിവരുന്നു പാരിൽ*
*കുനിഞ്ഞവന്നും കുനിയിച്ചവന്നും*

എന്ന ദർശനം ജി.യുടെ മതൈക്യബോധത്തിന്റെ പ്രഖ്യാപനവുമാണ്. എന്നാൽ കരുണഭയാനകാദികളെ ധ്വനിപ്പിച്ച് കാവ്യം കിടിലം

കൊള്ളിക്കുന്ന ഒരു അനുഭൂതിയാക്കി, ഹൃദയദ്രവീകരണ സമർത്ഥമാക്കി, ജ്വലിപ്പിക്കണമെന്ന ലക്ഷ്യം രണ്ടു കവിതയിലുമില്ല. അനസ്താസ്യാചരിതത്തിൽ ആകട്ടെ ഒരു രക്തസാക്ഷികഥയിലുണ്ടാകേണ്ട കരുണഭയാനകബീഭത്സങ്ങളുടെ ഹൃദയോന്മാഥിയായ മേളനം അക്ലിഷ്ടസുന്ദരമായി വന്നുചേർന്നിരിക്കുന്നു.

പദസംഘടനയിലെ ശില്പചാരുതയ്ക്കോ ഉക്തിവൈചിത്ര്യസന്നിവേശനത്തിന്നോ, ചാവറയച്ചൻ മുഖ്യസ്ഥാനം നൽകുന്നില്ല. വ്യാകരണ നിഷ്കർഷ കലരാത്ത ഭാഷണശൈലിയുടെ അതിസരളമായ വിന്യാസമാണ് പദസംഘടനയിൽ അവലംബിച്ചിട്ടുള്ളത്; നാടൻ പാട്ടുകളിലെന്നപോലെ. എന്നാൽ രസഭാവധ്വനനത്തിന്ന് മൗലികമായ പ്രാമുഖ്യം നൽകിയിരിക്കുന്നു. വക്രോക്തി ചാരുതകൾക്കുവേണ്ടിയുള്ള ബോധപൂർവമായ അന്വേഷണം നാടൻപാട്ടുകളിൽ കാണാറില്ലാത്തതുപോലെ ഈ കൃതിയിലും ആ വ്യഗ്രതയില്ല. നൈസർഗ്ഗികമായ ഭാവ ധ്വനനശക്തികൊണ്ട് കാവ്യം ശ്രോതാവിന്റെ ചേതസ്സിലേക്ക് നേരെ കടന്നുചെല്ലുന്നു.

നാടൻപാട്ടുകളെപ്പറ്റി വള്ളത്തോൾ പാടി:

> വൃത്തവ്യവസ്ഥയില്ലക്ഷരവ്യക്തിയി
> ല്ലർത്ഥോപപത്തിയില്ലെന്നാകിലും
> ആരാരെക്കോൾമയിർക്കൊള്ളിക്കില്ലീ
> ഗ്ഗീതമാരോമൽപൈങ്കിളിക്കൊഞ്ചൽ പോലേ...

അവയുടെ നൈസർഗികതയെപ്പറ്റി നമ്മെ ബോധ്യപ്പെടുത്താൻ അദ്ദേഹം ഉപയോഗിച്ചത് നൈസർഗികമല്ലാത്ത ഒരു സാമ്യോക്തിയാണ്; *പൈങ്കിളിക്കൊഞ്ചൽ പോലെ* എന്ന്. അനക്ഷരമായ കിളിപ്പാട്ട് സാക്ഷരമായ വിശിഷ്ട മൃദുഗാനത്തോടൊപ്പമെത്തില്ല എന്ന മറ്റൊരു കവിയുടെ ദർശനമാണ് നൈസർഗികം (*ഹാ! വിശിഷ്ട മൃദുഗാനം!... ഇന്നിനീ കൂവിടായ്കകുയിലേ അനക്ഷരം* എന്നു ആശാൻ *നളിനി*യിൽ) നാടൻപാട്ടുകൾ കിളിക്കൊഞ്ചൽപോലെ അർത്ഥരഹിതമോ വിവിധ ഭാവവ്യഞ്ജനത്തിന്ന് അസമർത്ഥമോ അല്ലല്ലോ. അതുകൊണ്ട് ആരാരെ കോൾമയിർക്കൊള്ളിക്കില്ല എന്ന പരമസത്യം വ്യഞ്ജിപ്പിക്കാൻ ആ ഉപമ പൂർണാർത്ഥത്തിൽ സമർത്ഥമായില്ല. ആ ഉപമ മാറ്റിനിർത്തിക്കൊണ്ടുള്ള കവിവചനങ്ങൾ ചില നാടൻപാട്ടുകളുടെ പ്രകരണത്തിൽ ഒട്ടൊക്കെ ചേരും. എല്ലാ നാടൻപാട്ടുകളിലും ചേരില്ല. അനസ്താസ്യാചരിതത്തിൽ വൃത്തവ്യവസ്ഥയും അക്ഷരവ്യക്തിയും അർത്ഥോപപത്തിയുമെല്ലാമുണ്ട്. ആ വ്യവസ്ഥകൾ കടുകിട ഭഞ്ജിക്കുകയില്ല എന്ന വ്രതമാണില്ലാത്തത്. മിക്ക നാടൻപാട്ടുകളുടെ

കാര്യത്തിലും അത് അപ്രകാരം തന്നെ. കൃത്രിമമായ കാവ്യഭാഷയുണ്ടെങ്കിലേ *വാക്യം രസാത്മകമാകൂ* എന്ന ധാരണയിൽ നിന്നാണ് വൃത്തവ്യവസ്ഥയെക്കുറിച്ചും അക്ഷരവ്യക്തിയെക്കുറിച്ചും അർത്ഥോപപത്തിയെക്കുറിച്ചുമുള്ള *നസ്യങ്ങൾ* വരുന്നത്.

ചാവറയച്ചൻ ഭാഷ നാവിലുദിക്കുംപോലെ പ്രയുക്തമാക്കിയിരിക്കുന്നു. ചെത്തിമിനുക്കലുകൾക്കായി മിനക്കെടുന്നില്ല. വൃത്തവ്യവസ്ഥയിലെ മാത്രാസംവിധാനത്തിലുള്ള നിയമങ്ങൾ നികൃഷ്ടമായി പാലിക്കുന്നതിലല്ല ഉള്ളിൽത്തട്ടുംവണ്ണം പാടുന്നതിന്നാണ് പ്രസക്തി കല്പിക്കുന്നത്. നീട്ടലിന്നും കുറുക്കലിന്നുമുള്ള സ്വാതന്ത്ര്യം വായനക്കാർക്കു നൽകുന്നു. കവി എപ്പോഴും മുഖ്യ പരിഗണന കൊടുക്കുന്നത് അർത്ഥഭാവസംപൃക്തതയ്ക്കാണ്.

*നിന്റെ ദാനം തൃജിക്കും പോൽ നിന്റെ ക്രൗര്യം ക്ഷമിപ്പാനും*
*എന്റെ നാഥൻ സർവശക്തൻ തന്നിടും ശക്തി*

എന്ന് അനസ്താസ്യ പ്രോബായുടെ മുഖത്തുനോക്കി പറയുന്നതിലെ വിശ്വാസധീരതയും

*സ്നേഹമേറും മകളേ നിർഭാഗ്യമേറും മണവാളൻ*
*ദാഹമോടെ വിളിക്കുന്നു വേഗമായ് പോക*

എന്നും

*മന്നിലുള്ള മണവന്മാരല്ല നിന്റെ സ്നേഹഭർത്താ*
*ഉന്നതൻ നിന്നോടു കൂടെ എന്നു നീയോർക്ക*

എന്നും

*സ്നേഹപുത്രിയെ* മാർവിടത്തിൽ ചേർത്തു നിർത്തി ഉപദേശമരുളുന്ന പുണ്യവതിയായ മഠാധിപയുടെ സ്നേഹനിർഭരവും വ്യഥിതവും വിശ്വാസദൃഢവുമായ വാക്കുകളിലുള്ള വികാരശബളതയും,

*കന്നിതന്റെ പുണ്യനാവുവേരിനോടെ പറിപ്പാനായ്*
*പന്നിപോലെ എരിഞ്ഞവൻ തീർപ്പു കല്പിച്ചു*

എന്നതിലെ രൗദ്രഭീകരതയും

വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ *ചുറ്റികയാൽ തല്ലി വീഴിച്ച*തു മുതൽ *അമ്മയുടെ മാറിൽനിന്നുണ്ട പാലിന്റെ പവിത്രതയോർക്കാതെ* അവളുടെ മുലകളറുത്തിട്ടതുവരെയുള്ള കൊടുംക്രൂരപീഡനങ്ങളിലെ ബീഭത്സ ഭയാനക കഠോരതയും മറ്റും മറ്റും നിദർശനങ്ങളാണ്.

91 ഈരടികളിൽ അതിസംക്ഷിപ്തമായി സംഭവഗതികൾ വിവരിക്കുമ്പോൾ കവി ഭാവാർത്ഥ ഗൗരവത്തിലാണ് ശ്രദ്ധയൂന്നിയിരിക്കുന്നത്.

*അനസ്താസ്യയുടെ രക്തസാക്ഷിത്വ*ത്തിൽ തന്റെ വിശ്വാസം കൈവിടില്ലെന്നതുപോലെ സന്യാസദീക്ഷ ഭഞ്ജിക്കുകയില്ലെന്ന അവളുടെ ദൃഢനിശ്ചയത്തിന്നും പ്രാധാന്യമുണ്ടല്ലോ. സിസ്റ്റർ ഡോ. സോഫി റോസ് ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ സംന്യാസം വരിക്കാൻ സ്ത്രീക്കുള്ള സ്വാതന്ത്ര്യം കൂടി കൃതിയുടെ സമഗ്രധ്വനിയിൽ ഉൾപ്പെടുന്നു. സ്ത്രീവർഗചരിത്രത്തിൽ സ്വാതന്ത്ര്യതൃഷ്ണയോടു ബദ്ധമായ ഒരു വസ്തുതയാണ് സംന്യസിക്കാൻ ഇച്ഛിക്കുന്നവർക്ക് അതു സ്വീകരിക്കാനുള്ള അവകാശം. ഈ അവകാശം സ്ത്രീക്കില്ലെന്ന സമീപനം ലോകജനതകളിലെല്ലാം പുരുഷവർഗം എക്കാലത്തും കൈക്കൊണ്ടുപോന്നു. കൗമാരത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർധക്യത്തിൽ പുത്രനും സ്ത്രീയെ രക്ഷിക്കണം എന്നു മനുസ്മൃതി: *നസ്ത്രീസ്വാതന്ത്ര്യമർഹതി* എന്ന വാക്യത്തിലെ സ്വാതന്ത്ര്യത്തിന്ന് ഇന്നു നാം കൽപ്പിക്കുന്ന അർത്ഥമല്ല, സ്വയം സംരക്ഷിക്കുന്നതിന്നുവേണ്ടി ക്ലേശമുള്ള കർമ്മരംഗങ്ങളാശ്രയിക്കാനിടവരുത്തരുതെന്ന ഉദാരമായ അർത്ഥമാണ് അന്നു കൽപ്പിക്കപ്പെട്ടിരുന്നതെന്നതിന്ന് ആ സൂക്തത്തിലെ ക്രിയാപ്രയോഗങ്ങൾ സൂചകമാണ്. എന്നാൽ പുത്രി, പത്നി, മാതാവ് എന്ന അവസ്ഥകളിൽ നിന്നു വ്യതിരിക്തമായ ഒരു സ്വത്വത്തെ ആ സൂക്തത്തിൽ വിഭാവനം ചെയ്തിട്ടില്ലെന്നതു സുവ്യക്തം.

പിതാവ്, ഭർത്താവ്, പുത്രൻ എന്ന സ്വത്വങ്ങളിൽ നിന്നു വ്യതിരിക്തമായി നിത്യസംന്യാസി എന്ന സ്വത്വത്തെ കൈക്കൊള്ളാൻ പുരുഷന്നു സ്വാതന്ത്ര്യമുണ്ടെന്ന് പരക്കെ പണ്ടേ അംഗീകരിക്കപ്പെട്ടു. ആ സ്വാതന്ത്ര്യമാണ് സ്ത്രീക്കാവശ്യമില്ലെന്നു കരുതപ്പെട്ടത്.

മതമർദ്ദനകാലത്ത് വ്യവസ്ഥാപിത കന്യകാമഠം ഉണ്ടായിരുന്നിരിക്കാനിടയില്ലെന്ന് റവ. സിസ്റ്റർ ഡോ. സോഫി ചൂണ്ടിക്കാണിക്കുന്നു. ചാവറയച്ചൻ അതുണ്ടായിരുന്നുവെന്നും മഠാധിപയായ സംന്യാസിനി അനസ്താസ്യക്കു പ്രചോദനമരുളിയെന്നും ആണ് കല്പിക്കുന്നത്.

സംന്യാസം വരിക്കാൻ ഇച്ഛിക്കുന്ന സ്ത്രീകൾക്കായി ഒരു കന്യാസ്ത്രീമഠമുണ്ടാകേണ്ടത് സ്വന്തം കാലഘട്ടത്തിന്റെ ആവശ്യമാണെന്നദ്ദേഹം കരുതി. കൂനംമാവു മഠം *നാളാഗമ*ത്തിൽ അദ്ദേഹം രേഖപ്പെടുത്തിയത് സിസ്റ്റർ ഉദ്ധരിക്കുന്നുണ്ട്. കൂനംമാവിൽ ആരംഭിച്ച മഠത്തിന്നു ശേഷം കേരളത്തിൽ കന്യാസ്ത്രീമഠങ്ങൾക്കുണ്ടായ വളർച്ച അത്ഭുതാവഹമാണ്. നിത്യകന്യാത്വം സ്ത്രീയിൽ അടിച്ചേല്പിക്കുന്നതിന്ന് ആർക്കും അവകാശമുണ്ടാകരുതാത്തതുപോലെ പ്രധാനമാണ് സംന്യാസമാർഗം ഇച്ഛിക്കുന്നവർക്ക് അതിന്നുള്ള സ്വാതന്ത്ര്യമുണ്ടാവണമെന്നത്.

എന്നാൽ ഈ സ്വാതന്ത്ര്യം പ്രായേണ സ്ത്രീക്കു നിഷേധിക്കപ്പെട്ടു. സ്ത്രീ പുരുഷന്റെ കാമം സംതൃപ്തമാക്കാനുള്ള *സാധക*മായോ, അഥവാ *സാധന*മായോ കരുതപ്പെട്ടു. വിവാഹമെന്ന സ്ഥാപനവും കുടുംബവ്യവസ്ഥയും മനുഷ്യവർഗത്തിൽ ഉറയ്ക്കുന്നതോടെ സ്ത്രീ പുരുഷന്റെ സ്വകാര്യസ്വത്തുപോലെയായി. കൂട്ടിലെ തത്തയെപ്പോലെ സ്നേഹപൂർവം സംരക്ഷിക്കാനോ വിൽക്കാനോ പണയപ്പെടുത്താനോ ഉപേക്ഷിക്കാനോ പുരുഷന്നു സ്വാതന്ത്ര്യമുണ്ടെന്ന *നീതി* നിലവിൽ വന്നു. പത്നീസ്നേഹവും സന്തതിസ്നേഹവുമുള്ളവരാണ് ഭൂരിപക്ഷം പുരുഷന്മാരുമെങ്കിലും അങ്ങനെയല്ലാത്തവരും ഉണ്ടല്ലോ.

വിവാഹമേ വേണ്ടെന്നു നിശ്ചയിക്കാനിച്ഛിക്കുന്നവർക്ക് അതിന്നുള്ള സ്വാതന്ത്ര്യം പ്രാചീനഭാരതത്തിലുണ്ടായിരുന്നുവെന്നതിന്നു ചില നിദർശനങ്ങളുണ്ട്. മഹാഭാരതത്തിലെ ശാണ്ഡിലി, സുലഭ, കണിഗർഗപുത്രി രാമായണത്തിലെ ശബരി, സ്വയംപ്രഭ, ഉപനിഷത്തിലെ ഗാർഗി മുതലായവർ... ജ്ഞാനതപസ്സിലേർപ്പെട്ട ബ്രഹ്മവാദിനികളും ബ്രഹ്മചാരിണികളുമുണ്ടായിരുന്നു. മൈത്രേയി വിവാഹിതയായ ബ്രഹ്മവാദിനിയും ഗാർഗി ബ്രഹ്മവാദിനിയായിരിക്കെ ബ്രഹ്മചാരിണിയുമായിരുന്നു. ജ്ഞാനാർജനത്തിന്നോ പുരുഷന്മാരെപ്പോലെ സ്വേച്ഛയാ ബ്രഹ്മചര്യം വരിക്കുന്നതിന്നോ വിലക്കുണ്ടായിരുന്നില്ല.

പില്ക്കാലത്ത് സ്ഥിതിഗതികൾ മാറിമറിഞ്ഞു. കുലസ്ത്രീകൾ എന്നു വിശേഷിപ്പിക്കപ്പെട്ട കുടുംബിനികൾക്കു ജ്ഞാനാർജനം നിഷേധിക്കപ്പെട്ടു; ബ്രഹ്മചര്യത്തിന്നുള്ള സ്വാതന്ത്ര്യവും. പുരുഷന്റെ ബഹുസ്ത്രീരതിയ്ക്കു ശമനം നൽകാൻ ഗണികാവർഗത്തെ വളർത്തി; സ്ഥാപനവത്കരിച്ചു. അവർക്കു നൃത്തസംഗീതാദികലകളിൽ നൈപുണ്യമാർജിക്കൽ മാന്യതയുടെ ലക്ഷണമായി. ഗണികാവൃത്തി നിയമവിധേയവും സമൂഹവ്യവസ്ഥിയിൽ അതു മാന്യപദവിയുമായി. കുലസ്ത്രീകൾക്ക് പുത്രി, പത്നി, അമ്മ എന്നീ നിലകളിൽ സംരക്ഷണം നൽകൽ പുരുഷന്റെ കർത്തവ്യമാണെന്ന നിബന്ധനയും അവൾ ജീവികാസമ്പാദനത്തിന്ന് കഷ്ടപ്പെടാനിടവരരുതെന്ന അർത്ഥത്തിൽ അവർ സ്വാതന്ത്ര്യം *അർഹിക്കരുതെന്ന* വ്യവസ്ഥയും ഉണ്ടായി. ബ്രഹ്മവാദിനികളും ബ്രഹ്മചാരിണികളും ക്രമേണ ഇല്ലാതായി.

ഇതിഹാസകാലങ്ങളിൽ തപസ്വികളുടെ ആശ്രമങ്ങളിൽ തപസ്വിനിമാർക്കും പർണശാലകളുണ്ടായിരുന്നുവെന്ന് രാമായണത്തിലെ വാല്മീകിയുടെ ആശ്രമത്തിന്റെ വർണനം വ്യക്തമാക്കുന്നുണ്ട്. ഭാരതത്തിലെ ശാണ്ഡിലി ഒരു പർവതപ്രദേശത്ത് ഒറ്റയ്ക്കാണ് തപസ്സു

ചെയ്തുകഴിഞ്ഞിരുന്നത്. ആ തപസ്വിനിയെപ്പറ്റിയുണ്ടായ അനുചിതമായ ഒരു മനോഗതത്തിനാലാണ് ഗാലവകഥയിലെ ഗരുഡന്ന് ചിറകുകൾ പൊഴിഞ്ഞുപോയത്. (ചിറകുകൾ ലൈംഗിക പ്രതീകമാണെന്ന് ആധുനികമനശ്ശാസ്ത്രജ്ഞർക്ക് മുമ്പേ ഋഷിമാർ അറിഞ്ഞിരുന്നു). പശ്ചാത്തപിച്ചുവെന്നു തപസ്വിനിക്കു ബോധ്യപ്പെട്ടപ്പോൾ ഗരുഡന്നു ചിറകു വീണ്ടു കിട്ടി. സ്ത്രീകളെ നിന്ദിക്കരുതെന്ന ഉപദേശം ആ തപസ്വിനി ഗരുഡന്നും ഗാലവന്നുമായി നൽകി.) സുലഭ ജനകമഹാരാജാവിനെക്കൂടി വെല്ലുന്ന ജ്ഞാനത്തിന്നുടമയായിരുന്നു. കാളിദാസൻ കണ്വാശ്രമത്തെ വരഞ്ഞിരിക്കുന്നത് രാമായണത്തിലെ വാല്മീകി ആശ്രമചിത്രത്തിന്റെ മാതൃകയിലാണ്.

ബുദ്ധമതഘട്ടത്തിലാണ് ഭിക്ഷുണീമന്ദിരങ്ങൾ വ്യാപകമായിത്തീർന്നത്. സംന്യാസം വരിക്കാൻ ഒരുങ്ങിയ പുരുഷന്മാരെപ്പോലെ സ്ത്രീകളും വൻതോതിൽ സന്നദ്ധകളായി. *സ്ഥവിരന്മാർ* എന്നു പുരുഷസംന്യാസികൾ അറിയപ്പെട്ടിരുന്നതുപോലെ *സ്ഥവിരകൾ* ആയി സ്ത്രീകളും അറിയപ്പെട്ടിരുന്നിരിക്കണം. *സ്ഥവിര* ശബ്ദത്തിന്റെ തദ്ഭവമായിരിക്കണം *ഥേരി. ഥേരീഗാഥകൾ* ബൗദ്ധമതസാഹിത്യത്തിലെ വലിയൊരു വിഭാഗമാണ്. അവയിൽ സംന്യാസം വരിച്ച സ്ത്രീകളുടെ ധീരചരിതങ്ങളാണുള്ളത്. *ശുഭ്* എന്ന ഥേരി, അലട്ടിക്കൊണ്ടിരുന്നവനും അവളുടെ മനോഹരമായ കണ്ണുകളെ വാഴ്ത്തിയവനുമായ കാമുകന്റെ മുന്നിൽ തന്റെ കണ്ണുകൾ ചൂഴ്ന്നെടുത്തു വെച്ചു കൊടുത്തു! സംന്യാസാശ്രമത്തോടുള്ള തീക്ഷ്ണമായ ആകർഷണത്തിന്ന് ഇതിലും വലിയൊരു നിദർശനം ആവശ്യമില്ലല്ലോ.

ബുദ്ധ ഭിക്ഷുണീമന്ദിരങ്ങൾ ക്രൈസ്തവകന്യാമന്ദിരങ്ങൾക്കു മാതൃകയായിക്കൊള്ളണമെന്നില്ല. അദ്ധ്യാത്മജ്ഞാനതൃഷ്ണയോ ഭക്തിയോ തീക്ഷ്ണമാകുമ്പോൾ ലൗകികസുഖങ്ങളോടുള്ള വിരക്തി വളരുന്ന സ്ത്രീകളുടെ സംഖ്യ ഗണ്യമായി വർദ്ധിക്കുന്ന അവസ്ഥയിൽ അവർക്കായുള്ള മന്ദിരങ്ങളും ആശ്രമങ്ങളും ഉയർന്നുവരിക ഏതു നാട്ടിലും സ്വയമേവ സംഭവിക്കാം.

കേരളത്തിൽ കന്യാസ്ത്രീമഠങ്ങളുണ്ടാവേണ്ടതിന്റെ ആവശ്യം കൂനംമാവുമഠം *നാളാഗമ*ത്തിൽ ചാവറയച്ചൻ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അചഞ്ചലമായ ക്രിസ്തുഭക്തിയും മതവിശ്വാസവും ഉള്ള സ്ത്രീകൾക്ക് സേവനപരമായ കർമ്മപദ്ധതികൾ രൂപവത്കരിക്കാനും ആത്മീയാചരണങ്ങളിലൂടെ അപരർക്കു മാതൃകയാവാനും കഴിയണമെങ്കിൽ അതിന്നുതകുന്ന ഒരു താവളം ഉണ്ടാവണം; തപോമാർഗം നിർവിഘ്നം നിർവ്വഹിക്കാൻ കഴിയണം.

തപസ്സ് ഇന്ദ്രിയനിഗ്രഹവും തൃഷ്ണാദമനവുമാണ്. യമം, നിയമം, ധ്യാനം മുതലായവയിൽ അചഞ്ചലത പരിപോഷിപ്പിക്കാൻ അതിന്നനുഗുണമായ പവിത്ര ജീവിതചരിതങ്ങളും യാതനാസ്വയംവരണചരിതങ്ങളും നൽകുന്ന പ്രചോദനം വലുതായിരിക്കുമല്ലോ. സാമാന്യ മനുഷ്യജീവിക്കു സഹിക്കാനാവാത്ത പീഡനങ്ങൾ ധീരതയോടെ സഹിച്ചവരുടെ പുളകോദ്ഗമകാരികളായ ചരിതങ്ങൾ വിശ്വാസധീരതയെ പ്രോജ്വലിപ്പിക്കും.

*അനസ്താസ്യായുടെ രക്തസാക്ഷിത്വം* എന്ന കൃതിക്ക് സംന്യസിക്കാനും ക്രിസ്തുദേവന്റെ മണവാട്ടികൾ എന്ന പദവി സ്വയംവരിച്ചു തപോമാർഗ്ഗത്തിൽ പരമസന്തുഷ്ടി കണ്ടെത്താനും സ്ത്രീകളെ ആഹ്വാനം ചെയ്യുകയെന്ന പരോക്ഷലക്ഷ്യമുണ്ട്. എന്നാൽ ഈ പരോക്ഷലക്ഷ്യമല്ല, ആത്മീയൗന്നത്യവും അതുല്യധീരതയുമുള്ള ഒരു പുണ്യവതിയുടെ ചിത്രണത്തിലൂടെ ആത്മബലി സന്നദ്ധതയെന്ന മനുഷ്യമഹത്ത്വമൂല്യത്തെ അനുഭൂതിയിലലിയിക്കുന്ന ഭാവശില്പഭദ്രതയാണ് ഈ കൃതിയെ ഉദാത്തതയുടെ ഉത്തുംഗശൃംഗത്തിൽ പ്രതിഷ്ഠിക്കുന്നത്.

ഭാവശില്പ ഭദ്രത തികഞ്ഞ കൃതികൾക്കേ തത്ത്വപ്രചാരണമെന്ന പരോക്ഷലക്ഷ്യം വിജയകരമായി സാക്ഷാത്കരിക്കാൻ കഴിയൂ എന്നു മുണ്ടശ്ശേരി *പുരോഗമന സാഹിത്യ*ത്തിന്റെ പ്രകൃതത്തിൽ സിദ്ധാന്തിച്ചത് എക്കാലത്തും എവിടെയും പ്രസക്തമായ സാരസ്വതരഹസ്യമാണ്. അങ്ങനെയുള്ള കൃതികളുടെ കർത്താക്കൾക്ക് ആരാധകരോ അനുയായികളോ സ്തുതിസ്ഥാപനങ്ങൾ പണിയേണ്ടതില്ല. കൃതികൾ സ്വന്തം മൂല്യവത്ത്വത്തിന്റെ ബലത്തിൽ ആസ്വാദകരുടെ സ്മൃതിയിൽ മൃതി പെടാതെ നിലനിൽക്കും.

ഭാവശില്പഭദ്രതയാലാണ് ഈ കാവ്യം ഭക്തിഭാവോദ്ദീപകമായ ഒരു വാങ്മയ ദേവാലയമായി വിരാജിക്കുന്നത്. ശാശ്വത സമകളിലേക്കു നീളുന്ന അർത്ഥബലമുള്ളതിനാൽ ഒരിക്കലും പൊടിഞ്ഞുപോകാത്ത വാക്കുകളാണ് അനുവാചക ചേതസ്സിൽ പണിയുന്ന പള്ളികൾക്ക് ആധാരശിലകൾ. ശക്തിമാന്മാരായ കവികൾ വാക്കുകൾ കൊണ്ട് ഇതരരുടെ മനസ്സിൽ പണിയുന്ന പള്ളികൾ കാലത്തിന്റെ കുത്തിയൊഴുക്കിനെ അതിജീവിക്കുന്നു.

കവിതാചരിത്രത്തിൽ രേഖപ്പെടാതെ പോയിട്ടും കൃതി ഉയിർത്തെഴുന്നേൽക്കുന്നു.

ചരിത്രകർത്താക്കൾ സർവജ്ഞരും സർവവ്യാപികളുമല്ല. മതസാഹിത്യം മതവിശ്വാസിസമൂഹത്തിന്നു പുറത്തു കടക്കണമെന്ന

താത്പര്യത്തിന്റെ അഭാവം കൂടിയാണ് കവിതാചരിത്രത്തിൽ രേഖപ്പെടാതിരുന്നതിന്നു കാരണം.

ചരിത്രത്തിലെ അസ്തിത്വങ്ങളേക്കാൾ മഹത്തരമാണ് മനസ്സുകളിലെ ഉയിർത്തെഴുന്നേൽക്കൽ. കൃതിയുടെ ഈ ഉയിർത്തെഴുന്നേൽക്കൽ, ത്രിവിധതപസ്സിൽ (*വപുസ്സ്, വചസ്സ്, മനസ്സ്* എന്ന ത്രികരണങ്ങൾ കൊണ്ടുമുള്ള തപസ്സ്) വിശ്വസിക്കുന്ന എല്ലാവരും *സമാനോ ഹൃദയാനി വഃ* എന്ന പവിത്രമായ ഹൃദയൈക്യത്തോടെ സംപൂജ്യമായിക്കരുതി പുഷ്പാഞ്ജലിയോടെ എതിരേൽക്കും.

ഇത് എന്റേതായ വാഗർച്ചന!

■

## പരാമർശ സൂചിക

1. William James (Pragmatism)
2. Richard Dawkins
3. ഭഗവത്ഗീത 2 - 42, 43, 44

ഭാഗം ഒന്ന്

# ഖണ്ഡകാവ്യം

## അനസ്താസ്യായുടെ രക്തസാക്ഷ്യം
## ചാവറ കുര്യാക്കോസ് ഏലിയാസ്

രചനയുടെ 151-ാം വർഷത്തിൽ ഒരു പുനഃപ്രകാശനം

## സോഫിയായുടെ കന്യകാലയം*

അത്ഭുതമായ് വിളങ്ങുന്ന സോഫിയാ എന്നുള്ളശ്രേഷ്ഠ
ചൊൽപ്പെരിയ റോമ്മാതന്നിൽ ഭജിക്കുംകാലം

അനസ്താസ്യയെന്നപൈതൽ പുതുകന്നിഗണത്തോടെ
അണച്ചുചേർപ്പതിന്നായിട്ടുണർത്തിച്ചപ്പോൾ,

അമ്മ സോപ്യ പ്രിയമാതാ സ്നേഹമോടെ മകളായി
അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ

എദുക്കന്താത്ത[1]തിൽ തന്നെ വളർത്തുന്ന ഗുരുത്തിയമ്മ
എടുത്തുചേർത്തതി സ്നേഹത്താൽ പുലർത്തിവന്നു

അപ്പെരിയനഗരത്തിൽ ചൊൽപ്പെരിയ ഗൃഹസ്ഥന്മാർ
സത്യവേദികളും കന്യാഗോത്രകർത്താക്കൾ

ആകിലും നായക[2] ജാതത്രിയുഗമാമിതു കാലേ
ഏകനായി വാണമടക്കി വലേരിയാനാം

ദുഷ്ടനാമി എംപ്രദോരിൻ[3] കല്പനകൾ ബഹുക്രൂരം
ശിഷ്ട്യനാമി ക്രിസ്ത്യാനിക്കൂട്ടം നശിപ്പിപ്പാൻ

കെട്ടവന്റെ ഭൃത്യരായ സേനകൾ സേനാത്തു[4]മാരും
തീട്ടതിന്റെ വാചകത്തെ നടത്തി നീളേ

സേവകന്മാർ ചാരന്മാർ നഗരിനീളെ പുറപ്പെട്ടു
ദേവസേവി ജനങ്ങളെ തേടുവാനായി

കന്നികളെക്കാത്തുകൂട്ടി ഭരിക്കുന്നമഠമായ
കന്നിസോപ്യഅമ്മ പുണ്യശ്രേഷ്ഠകേതത്തിൽ

പൊന്നിനെക്കാൾ വിലയേറും സ്വർണമാണിക്കങ്ങളൊക്കെ
മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചീടുന്ന

ഉന്നതമാം ഗോത്രി കന്നി അനസ്താസ്യ എന്ന പൈതൽ
കന്നിത്വം നേർന്നവിടത്തിലടങ്ങീടുന്നു.

സൂക്ഷമുള്ള പൂട്ടകത്തിൽ[5] താഴ്ചയുള്ള പുണ്യപൈതൽ
നേത്രക്കാഴ്ച[6] താഴ്ത്തിയുള്ളിൽ ഭജിച്ചീടുന്നു.

കീർത്തിയുള്ള തന്റെഗൃഹേ വളർന്നീടും നാളുതൊട്ടേ
ആർത്തിയുള്ള തന്റെ പുണ്യശോഭ വീശിച്ചു...

## രാജകൽപ്പന

പുണ്യമായ ധനങ്ങളിലന്യരായ രാജഭൃത്യർ
സുന്ദരിയിൽ ദേഹമോഹാലന്ധകരായി

മോഹദഹനം മറപ്പാൻ ദൈവഭക്തരെന്നു കാട്ടി
ദേവന്മാരെ ത്യജിച്ചീടും സത്യവേദികൾ

എന്നീ നാമം തന്റെ രാജ്യേകേൾവി വേണ്ടാ ഒരുനാളും
ഇന്നുതന്നെ സർവ്വരെയും മുടിച്ചീടേണം

എന്നു കാട്ടിയുടൻ തന്നെ സോഫിയായിൽ മൊനെസ്തരി[7]
ഇന്നിവിടെ വസിക്കുന്നൊരനസ്താസിയാ

എന്നവളെ ശീഘ്രമായി വരുത്തേണമിവിടത്തിൽ
എന്നു ചൊല്ലി ദുഷ്ട പ്രൊബാ എന്ന മന്ത്രിയും

കേട്ടവന്റെ സേനകളും ഭടന്മാരും പുറപ്പെട്ടു
ഓട്ടമായി മൊനസ്തെരി പൂട്ടുവാതുക്കൽ

രാജശക്തി എന്നതിനാൽ വാതിൽകാവൽ നിനയ്ക്കാതെ
വേഗമായി പൊളിച്ചവർ വിളിച്ചുചൊല്ലി.

അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ
സെനാത്തി[8]ന്റെ സമൂഹത്തിൽ വിളിച്ചീടുന്നു...

## യാത്രാമംഗളം നേരുന്നു...

വാർത്തയൊക്കെ കേട്ടുടനെ പാർത്തുനിന്ന് പുണ്യസോഫ്യാ
ചേർത്തു തന്റെ മാർവ്വിടത്തിൽ സ്നേഹപുത്രിയെ

സ്നേഹമെറും മകളേ നിൻഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ് പോക

പൂർവകാലേ നിൻ കരത്തെ നീട്ടി നിന്റെ ദാഹമൊടേ
മാറിടത്തിലണച്ചൊരു രാജനെയോർക്ക

നിൻ മണത്തെ മുടിപ്പാനായ്[9] ഒൺമയൊടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി[10]

മെച്ചമേറും[11] കിരീടത്തെ വച്ചുചൂടി ശിരസ്സിനെ
അർച്ചനയായണച്ചു തൻ ജീവനുംകൂടെ

എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നുതന്റെ മഹത്വം നീ കാട്ടുക വേഗം

മന്നിലുള്ള മണവന്മാരല്ല നിന്റെ സ്നേഹഭർത്താ
ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക

എന്നു ചൊല്ലി പുണ്യസോഫ്യാ സ്നേഹമകൾകന്നിതന്നെ
നന്ദിയോടെ മുത്തിവിട്ടു ധൈര്യമോടപ്പോൾ

സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ടു
ആ മഹാ നഗരി റോമ്മാ തെരുവിൽകൂടെ

ചെന്നണഞ്ഞു മന്ത്രിപക്കൽ പുണ്യപൈതലതുനേരം
മന്ദഹാസത്തോടു നിന്നു ധൈര്യമാംവണ്ണം

ദുഷ്ടനായ മന്ത്രിയപ്പോൾ ദൃഷ്ടിനോക്കി കാംക്ഷയോടെ
വിസ്മയിച്ചു ഭ്രമിച്ചവൻ സുന്ദരത്വത്തിൽ

മോദമോടെ ഉരചെയ്തു സ്നേഹഭാഷ കാട്ടിയവൻ
മാനമായ നാമമെന്തു പൈതലേ നിന്റെ

കാരണമ്മാർ വിളിക്കുന്ന നാമമാകും അനസ്താസ്യാ
കേവലമാം ശോഭനാമം ക്രിസ്ത്യാനായെന്നാം

ക്രിസ്ത്യാനായെന്നുള്ള നാമം കേട്ടുടനെ ദുഷ്ടനപ്പോൾ
സൂത്രസ്നേഹാൽ പുണ്യകന്യ പാർത്തവൻ ചൊല്ലി,

സ്നേഹമേറും മേ മകളെ നിന്റെ ഗോത്രശ്രേഷ്ഠതയും
സ്നേഹദാഹമുണർത്തുന്ന ശോഭയും നിന്റെ

ഭാഗ്യഗുണഗണമൊക്കെയന്ധകാരം ഭവിപ്പിക്കും
യോഗ്യനാമം വരുത്തുന്ന നാമം ക്രിസ്ത്യാനാ

യുക്തമല്ലാ നിനക്കൊട്ടും വെസ്തയായി[12] സ്മരിക്കണം
ജാഗ്രതയാൽ ത്യജിക്ക നീ യീക്ഷണം തന്നെ

സ്നേഹമുള്ള താതനെപ്പോൽ മേ വചനം സ്മരിക്കുകിൽ
മോഹദാഹാദികളൊക്കെ നടത്തീടും നാം.

വെള്ളി പൊന്നുകൊണ്ടു ചെയ്തങ്ങുള്ളകത്തിൻ മഹാദേവൻ
പള്ളികൊള്ളും മന്ദിരത്തിൽ നടക്കവേഗം

ജോവു[13] തന്റെ തിരുമുമ്പിൽ നീതിയോടെ പൂജചെയ്കിൽ
ജാതിശ്രേഷ്ഠ സർവ്വഭാഗ്യപൂർണ്ണതയിപ്പോൾ

സ്നേഹമോടെ വചിക്കുന്ന മേ വചനം ത്യജിക്കുകിൽ
ഈ മഹാ ക്രൂരശിക്ഷകൾ നിനക്കും യോഗ്യം

കേൾവിയുള്ള നിന്റെ ഗോത്രം നേർമ്മയുള്ള നിന്റെ ഗാത്രം
വീഴുവാനും താഴുവാനും താമസമില്ല...

## അനസ്താസ്യായുടെ മറുപടി

**കേ**ട്ടുടനെ മഹാപുണ്യപൈതലായ അനസ്താസ്യാ
കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി

സ്നേഹമേറും മമനാഥൻ യേശു തന്റെ ഗോത്രനാമം
മാനമേറും ക്രിസ്ത്യാനാ എന്നുള്ള നാമമേ,

എന്നതിനാൽ മമ ബാല്യകാലമെ തൻ തിരുപത്നി
എന്ന പദം നേർന്നുകൊണ്ട് ഭേദമില്ലൊട്ടും

ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമ ചിത്തേ
കൊലഹാലമായ[14] ശിക്ഷാ ഭീതിയുമില്ല

നിന്റെ ദാനം ത്യജിക്കുംപോൽ നിന്റെ ക്രൌര്യം ക്ഷമിപ്പാനും
എന്റെ നാഥൻ സർവശക്തൻ തന്നിടും ശക്തി...

# പീഢനങ്ങൾ തുടങ്ങുന്നു

കന്നി തന്റെ മറുമൊഴി കേട്ടുടനെ മന്ത്രി വീരൻ
ഒന്നി[15] തന്റെ മോഹമൊന്നും ഫലിക്കില്ലൊട്ടും

ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുമപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യാ മേഘമായ് മൂടി

കടുത്തൊരു സിംഹവ്യാഘ്രം കയർത്തെന്നസമമായി-
ട്ടടുത്തു കന്നിയിൻ മുഖത്തടിപ്പിച്ചപ്പോൾ

സ്നേഹവാർത്ത പകർത്തീ തൻ ദൂഷണങ്ങൾകക്കിഷ്ടൻ
മോഹിതമാം കന്നിമുഖം ചോരയാൽ പൂശി

ശീഘ്രമായി തടവിട്ടു പൂട്ടിയുള്ള വിലങ്ങതിൽ
ജാഗ്രതയാൽ ഭടന്മാരെ കാവലും വച്ചു.

കന്നി തന്റെ ഉള്ളകത്തിലുള്ള മോദം ദുഷ്ടർ കണ്ട
വഹ്നിപോലെ ക്രോധഘോരം നിറഞ്ഞുവീണ്ടും

വീണ്ടും ദുഷ്ടമന്ത്രി തന്റെ മുമ്പിലങ്ങുവരുത്തീട്ട്
കണ്ഠകത്രീ മുതലായ ക്രൂരചക്രത്താൽ

കന്നിതന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്തിവീഴും ചോരകൊണ്ടു കുതിർത്തു ഭൂമി

ക്രൂരനായ ദുഷ്ട്ര പ്രൊബാ മതിയില്ലാതുള്ള ക്രോധാൽ
ക്രൂരതയാൽ മുറിവുകൾ ചുട്ടു പന്തത്താൽ

കഷ്ടമൊക്കെ സഹിക്കിലുമെപ്പഴും സന്തോഷഭാവം
ദുഷ്ടനിതു കണ്ടു വീണ്ടും കൂട്ടി കൃച്ഛ്റങ്ങൾ

വെള്ളിപോലെ വെളുത്തുള്ള കന്നിതന്റെ പല്ലുകളെ
വലിയൊരു ചുറ്റികയാൽ തല്ലി വീഴിച്ചു

പുണ്യകന്നികാലുകയ്യിൻ നഖങ്ങളെപറിപ്പിച്ചു
തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും ക്രോധാൽ

മാതൃതന്റെ മാറിൽനിന്നു പാൽകുടിച്ചതോർത്തീടാതെ
മാനഹീനാൽ അറുപ്പിച്ച തൻമുലകളെ

അക്ഷണേയാകുന്നിജീവൻ പിരിഞ്ഞില്ലെന്നതുകണ്ടു
സൂക്ഷമിതുദൈവശക്തി എന്നു കൂപ്പിട്ടു.

ദുഷ്ടമന്ത്രിയിതുകണ്ടു ലജ്ജയിൽമുങ്ങിയെങ്കിലും
കഷ്ടതകൾ വീണ്ടും കൂട്ടിക്കാവലിൽവച്ചു

കന്നിതന്റെ നൊമ്പരത്തിൻ ക്രൂരമൊന്നും കാട്ടീടാതെ
ഉന്നതമാം ദൈവനാമം സ്തുതിച്ചീടുന്നു

ചെന്നുടൻ വിലങ്ങിടത്തിൽ പുക്കുടനെസുഖമായി
മന്ദഹാസം പൂണ്ടുകന്നീ ക്ഷതവും മാഞ്ഞു...

## കന്യകയുടെ ധീരത

കണ്ടുടനെ ചെന്നവരുമറിയിച്ചു മന്ത്രിതന്നെ
വീണ്ടവരുചൊല്ലികന്നി നാവിനാലിപ്പോൾ

ജോവ് മുതലായദേവർ കല്ലുമരംപിത്തളയും
ജീവനില്ലാതുള്ള ദുഷ്ടാരൂപിരൂപങ്ങൾ

എന്നുചൊല്ലിദുഷിക്കുന്നു നമ്മുടെ ഈശ്വരന്മാരെ
എന്നവരങ്ങറിവിച്ചാക്ഷണമേ ദുഷ്ടൻ

കന്നിതന്റെ പുണ്യനാവു വേരിനോടെപറിപ്പാനായ്
പന്നിപോലെ എരിഞ്ഞവൻ തീർപ്പുകല്പിച്ചു

കേൾവിയുടൻകന്നിപൈതൽ[16] ശ്രോത്രമതിലെത്തിയപ്പോൾ
നാടകനെസ്തുതിച്ചവൾ പാടിനന്നായി

ദുഷ്ടരായകൊലയാളരോട്ടമായി അടുത്തുടൻ
കഷ്ടമയ്യോശിഷ്ടനാവും പിഴുതുവേരാൽ

ശുദ്ധവായിൽനിന്നുടനെ കൊച്ചൊരാറെന്നതുപോലെ
രക്തധാരാപുറപ്പെട്ടു നനച്ചുസർവ്വം

ധൈര്യശോഭവിളങ്ങുന്ന കന്യപൈതൽ ദിവ്യറിവാൽ
വീര്യമായൊരൗഷധത്തെ തേടുവാൻതോന്നി

ചേരെനിന്ന ക്രിസ്തിയാനി ചീറിലോസെന്നൊരുത്തനെ
ചാരയങ്ങുനയനത്താൽ വിളിച്ചുകാട്ടി

അല്പമായജലം തന്നെകുടിപ്പിപ്പാൻ കാട്ടീയവൾ
സൽപുരുഷൻ ക്ഷണത്തോടെ കൊടുത്തുധൈര്യാൽ

കുടിച്ചുടൻ പുണ്യകന്നിസ്തുതിച്ചു; ഹീനനാവാലെ
കൊടുത്തു ചീറിലൊസിന്നും മരിപ്പാൻ ഭാഗ്യം

തന്റെയാത്ര സമീപമായെന്നറിഞ്ഞുപുതുകന്നി
തൻകരങ്ങളുയർത്തിക്കൊണ്ടണച്ചുസ്തോത്രം

പാപികൾക്കുരക്ഷചെയ്‌വാൻ നിന്നുനീ പൂജിച്ചപോലെ
പാപിയാമെൻജീവപൂജ പൂർത്തിയാൽ ഏൽക

ഇക്കഠോരശിക്ഷയൊക്കെ സഹിച്ചിട്ടും ധൈര്യമോടെ
നാട്യഭാവം നടിക്കുന്ന കൈകളുംകാലും

ഖണ്ഡമായി മുറിച്ചുടൻ കാതലായ ശിരസ്സിനെ
ദണ്ഡമിനിവരുത്തായ്‌വാൻ ഖണ്ഡിക്കവേഗം

ഇക്കഠോരവിധിയാലെ പുണ്യകന്നിജീവപൂജ
ഇഷ്ടമോടെനിറവേറ്റി ദൈവസന്നിധേ

കന്നിപൈതൽമുന്നമായി കൊടുത്തെന്നവരത്താലെ
തന്നെവേറുപിരിയാതെ തൽക്ഷണംതന്നെ

പുണ്യനായ ചീറിലോസും തൻശിരസ്സുകുനിച്ചുടൻ
പുണ്യഭാഗ്യമുടിനേടി വാളിനാലപ്പോൾ

തന്റെനാമാൽ അല്പം വെള്ളം കൊടുത്തെന്നാലവൻകൂടെ
തന്റെ രാജ്യേഭാഗഹീനം[17] ഭവിക്കുന്നില്ല

എന്നുതന്റെ തിരുനാവാലരുളിയശുഭവാക്യം
ഇന്നു പുണ്യൻചീറിലോസിൽ കണ്ടുബോധിച്ചു.

പുണ്യകന്നി അനസ്താസ്യാ തന്റെ ആത്മംക്ഷണംതന്നെ
പുണ്യശോഭനിറഞ്ഞുള്ള വിസ്മയത്താലേ

ദേഹസത്തുക്കളൊക്കെയിക്രൂരശോകം ഭവിച്ചപോൽ
ദേഹിശോഭകിരീടങ്ങൾ ചൂടിയാനന്ദാൽ

പുഷ്യരാഗം പഞ്ചരത്നം വൈരവൈഡൂര്യമാണിക്കം
പച്ചമരതകമാദിയലംകാരത്താൽ

സ്നേഹമേറും മണവാളൻ യേശുതന്റെ മന്ദിരത്തിൽ
ദാഹമോടെകുടിവച്ചു മണിയറയിൽ

അമ്മയായ സോഫിയായും തന്റെ പുതുകന്നിദേഹം
ഒണ്മയാലെയെടുപ്പിച്ചു സ്ഥാപകം ചെയ്തു.

# പരാമർശ സൂചിക

* ചാവറ രചനയിൽ ഉപശീർഷകങ്ങളുണ്ടായിരുന്നില്ല. പുനഃപ്രകാശനത്തിൽ ഫാ. ഇസഡ് എം. മുഴൂർ നൽകിയതാണവ ❑ എഡിറ്റർ.

1. എദുക്കംന്താത്ത് - പരിശീലനസ്ഥലം (ബോർഡിങ്).
2. നായക ജാതത്രിയുഗം - ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ട്.
3. എമ്പ്രദോർ - ചക്രവർത്തി.
4. സെനത്തുമാർ - സെനറ്റ് അംഗങ്ങൾ.
5. പുട്ടകത്ത് - മുറിക്കുള്ളിൽ.
6. നേത്രക്കാഴ്ച താഴ്ത്തി - കണ്ണടക്കത്തോടെ.
7. മൊനസ്തെരി - Monastry.
8. സെനാത്ത് - അധികാരസഭ.
9. മണത്തെ മുടിപ്പാനായ് - കല്യാണം നടത്തുന്നതിന് (തമിഴുശൈലി).
10. വൻഗിരി - ഗാഗുൽത്താമല.
11. കിരീടം - മുൾമുടി.
12. വെസ്തയായി - വ്യവസ്ഥയായി (വിശദമായി എന്നു സാരം).
13. ജോവ് - റോമ്മാചക്രവർത്തി ആരാധിച്ചിരുന്ന ദേവൻ (ജൂപ്പിറ്റർ).
14. കോലാഹലമായ - കൊല്ലുക എന്നത് വെറും കളിതമാശ പോലെ കരുതുന്ന.
15. ഒന്നുക - സമ്മതിക്കുക (ഒന്നി - സമ്മതിച്ചു).
16. ശ്രോതം - ചെവി
17. ചോദിക്കുന്നവർക്കു ഒരു പാത്രം ദാഹജലം കൊടുത്താൽപ്പോലും അതിനു സ്വർഗത്തിൽ പ്രതിഫലം കിട്ടുമെന്നാണ് ക്രിസ്തു പറയുന്നത്. ഇവിടെ അങ്ങനെ ചെയ്ത സിറിലോസിന് സ്വർഗത്തിൽ ഭാഗ്യം ലഭിച്ചു എന്ന് സാരം.

ഭാഗം രണ്ട്

# പഠന നിരീക്ഷണങ്ങൾ

ഒന്ന്

# കവിതയിലെ എഴുത്തച്ഛൻസരണി

ഡോ. സുകുമാർ അഴീക്കോട്

ഏറെക്കുറെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യന്തങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ജീവിതമാണ് ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചന്റേത്. ആ ജീവിതത്തിനിടയിൽ അദ്ദേഹം രണ്ടു നൂറ്റാണ്ടുകളെ മാത്രമല്ല മറ്റു ചിലതിനെയും കൂട്ടിയോജിപ്പിക്കുകയുണ്ടായി. ആത്മീയജീവിതത്തിന് ക്രൈസ്തവധർമം സങ്കല്പിക്കുന്ന ഏറ്റവും ഉന്നതമായ ശിഖരങ്ങളിലേക്ക് അദ്ദേഹം ആരോഹണം ചെയ്തു വിജയിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നാമിപ്പോഴുള്ളത്. അതിനിടയിൽ വേറെ ശിഖരങ്ങളിലും അദ്ദേഹം ആരോഹണം ചെയ്തിട്ടുണ്ടെന്നുള്ളത് നമ്മെ വിസ്മയിപ്പിക്കുന്നു. അക്കൂട്ടത്തിൽ ഏറ്റവും ഉയർന്ന ശിഖരം സാഹിത്യത്തിന്റേതു തന്നെ. കേരളചരിത്രത്തിൽ ഒരു സന്ധാനശതാബ്ദി(a centuary of fusion)യായി അറിയപ്പെടുന്ന പത്തൊമ്പതാം ശതകത്തിൽ ജീവിച്ച ചാവറയച്ചന്റെ ജീവിതത്തിനിടയിൽ അനേകം സന്ധാനക്രിയകൾ നടത്തുകയുണ്ടായി. അച്ചന്റെ സാഹിത്യത്തിന്റെ സ്വഭാവം ഈ സന്ധാനമാണ്. അദ്ദേഹം മതത്തെ സാഹിത്യസത്കരിക്കയും സാഹിത്യത്തെ മതസാത്കരിക്കയും ചെയ്തു. തന്റെ കവനരീതിയിൽ അദ്ദേഹം ഒതുക്കിച്ചേർത്ത സന്ധാനകർമ്മങ്ങൾ എന്തൊക്കെയാണെന്ന് താഴെ കാണിക്കാൻ ശ്രമിക്കുന്നു.

പുണ്യാത്മാവായ ചാവറയച്ചൻ മതത്തെ സാഹിത്യവിഷയമാക്കിയെന്നു പറഞ്ഞല്ലോ. മിസ്റ്റിക്കുകവികളുടെ സാഹിത്യപ്രവർത്തനം മതത്തിന്റെ സാഹിത്യാവിഷ്കരണത്തിൽ അടങ്ങിയിരിക്കുന്നു. ആധ്യാത്മികാനുഭൂതികൾ സാഹിത്യാനുഭൂതിയിൽ പകർത്തുകയാണ് അച്ചൻ ചെയിട്ടുള്ളത്. ആത്മീയത സാഹിത്യമാവുമ്പോൾ സാഹിത്യം സ്വഭാവേന ആത്മീയ പരിമളം പ്രസരിപ്പിക്കുമല്ലോ. പിച്ചകപ്പൂക്കളും ചെമ്പകപ്പൂക്കളും ഒരേ ചുവട്ടിൽ ഒരുക്കി വച്ചാൽ അവയുടെ ഗന്ധവിശേഷങ്ങൾ അന്യോന്യം കലരുന്നതുപോലെ ചാവറയച്ചന്റെ കൃതികളിൽ ആത്മീയവും സാഹിതീയവുമായ പരിമളം സമ്മേളിതമായി സ്ഫുരിച്ചുകാണുന്നു.

മലയാളസാഹിത്യത്തിൽ ഈ മതസാഹിത്യസമ്മേളനത്തിന്റെ പുരസ്കർത്താക്കളായ കവികളിൽ എന്നും പ്രഥമഗണനനീയനായ കവി തുഞ്ചത്തെഴുച്ഛനാണല്ലോ. തന്റെ കൃതികളിൽ ശൈലിയിലും ഭാവനയിലും പ്രതിപാദനത്തിലും ചാവറയച്ചൻ കൂടുതൽ അനുസരിച്ചുകാണുന്നത് എഴുത്തച്ഛനെയാണ്. ഈശ്വരനെ *ആദ്യഹീനൻ, ആദിനായകൻ, കല്യാണരൂപൻ, സർവേശ്വരൻ, പരാപരൻ, പതീനാംപതി* എന്നൊക്കെ വിശേഷിപ്പിക്കുന്നത് എഴുത്തച്ഛന്റെ പദകോശത്തിന്റെ പിൻഗാമിയായിട്ടാണ്.

ചെറുശ്ശേരിയുടെ സംഗീതാത്മകതയോ കുഞ്ചന്റെ ജനകീയ ശൈലിയോ അല്ല, എഴുത്തച്ഛന്റെ പ്രൗഢിയാണ് അദ്ദേഹത്തിനു പ്രിയപ്പെട്ടത് എന്നു സ്പഷ്ടമാണ്.

അലങ്കാരപ്രയോഗത്തിനു മിതത്വം പ്രകടിപ്പിക്കുന്ന ഈ കവി അവിടെയും ചെറുശ്ശേരിയെയല്ല എഴുത്തച്ഛനെ അനുസരിക്കുന്നുവെന്നത് വാദിച്ചു സമർഥിക്കേണ്ട കാര്യമല്ല.

കവിത കേവലം സൗന്ദര്യപക്ഷത്തു പ്രവർത്തിച്ചാൽ പോരെന്നും സംസ്കാര പക്ഷത്തിന്റെ പ്രബോധകത്വം അത് ഏറ്റെടുക്കണമെന്നും ചാവറയച്ചൻ വിശ്വസിച്ചിരുന്നു. ഏതായാലും കൃതികളിൽ ഈ പ്രബോധനത്തിന്റെ മുദ്ര തെളിഞ്ഞുനില്ക്കുന്നു.

കവി, ദേശീയ പാരമ്പര്യത്തെ എന്നപോലെ വൈദേശികപാരമ്പര്യത്തെയും സ്വീകരിക്കണമെന്ന് ചാവറയച്ചൻ സ്വകൃതികൾ വഴി തെളിയിച്ചു. ഇതാണ് ചാവറയച്ചൻ ഉദ്ഘാടനം ചെയ്ത മറ്റൊരു സന്ധാനം. *ആത്മാനുതാപം* വലുപ്പം കൊണ്ട് മഹാകാവ്യമാണെന്നു പറയാമെന്നല്ലാതെ മറ്റുകാര്യങ്ങളിൽ അതിന്റെ സ്വഭാവം വൈദേശികമാണ്. ആത്മാനുതാപം എന്ന പേരുതന്നെ കവിയുടെ ആത്മകഥാപരമായ രചനാപ്രവണതയെ സൂചിപ്പിക്കുന്നു. ആത്മാംശത്തിന് ഊന്നൽ കൊടുക്കുന്നത് വൈദേശിക സാഹിത്യങ്ങളിൽ കൂടുതൽ വികസിതമായ ഒരു പ്രവണതയാണല്ലോ. *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന കൃതിയിലാകട്ടെ, ചാവറയച്ചൻ വൈദേശികരൂപങ്ങളെ മാതൃകയാക്കി കവിത രചിക്കുവാൻ മലയാളിക്ക് ആദ്യത്തെ പാഠം നല്കി. മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യം എന്ന് ആ കൃതിയെ കരുതാമെങ്കിൽ ഖണ്ഡകാവ്യരൂപത്തെപ്പറ്റി മലയാളിയെ മാതൃകയിലൂടെ പഠിപ്പിച്ച പ്രഥമാധ്യാപകൻ ചാവറയച്ചനാണെന്നു സമ്മതിക്കേണ്ടി വരും. കൂടുതൽ വിപുലമായ പഠനം അർഹിക്കുന്ന അച്ചന്റെ സാഹിത്യകൃതികളുടെ പഠനത്തിന്റെ ഒരു പീഠിക എന്ന നിലയിൽ പരാമർശിക്കുവാൻ മാത്രമേ ഈ ലേഖനത്തിൽ കഴിഞ്ഞിട്ടുള്ളു. അവ ന്യായമായും സൂക്ഷ്മമായ പഠനവും പരിഗണനയും അർഹിക്കുന്നു; ആവശ്യപ്പെടുന്നു. ■

* 2004 ഫെബ്രുവരിയിൽ *കുടുംബദീപം* മാസികയുടെ സിമ്പോസിയത്തിൽ നടത്തിയ പ്രഭാഷണത്തിൽ നിന്ന്...

രണ്ട്

# ഖണ്ഡകാവ്യസരണിയിലെ ആദ്യപാദം

റവ. ഡോ. ഇസഡ് എം. മൂഴൂർ സി.എം.ഐ.

യുദ്ധങ്ങൾ എന്നാൽ നാശം വിതയ്ക്കുന്ന ദുരന്തങ്ങളാണെന്നും മഹായുദ്ധങ്ങൾ എന്നാൽ മഹാദുരന്തങ്ങളാണെന്നും നാമെല്ലാം പഠിച്ചുവച്ചിട്ടുണ്ട്. പക്ഷേ പരോക്ഷമായെങ്കിലും യുദ്ധത്തിന് ചില ഉപോൽപ്പന്നങ്ങൾ കെടുതികൾക്കപ്പുറത്ത് പതിച്ചുകിട്ടാറുണ്ട്. പാണ്ഡവന്മാരും കൗരവന്മാരും നേർക്കുനേർ ഏറ്റുമുട്ടിയ കുരുക്ഷേത്ര മഹാസംഗമത്തിൽ നിന്നും വീണുകിട്ടിയ സനാതനപ്രകാശമുള്ള മുത്താണ് ഭഗവൽഗീത. യൂറോപ്പിലെ ഓരോരോ യുദ്ധങ്ങൾ നാശം വിതച്ചു കടന്നുപോയെങ്കിലും വിവിധ ശാസ്ത്രമേഖലകളിൽ യുദ്ധത്തിന്റെ ബാക്കിപത്രം എന്ന നിലയിൽ കണ്ടുപിടിത്തങ്ങൾ ഉണ്ടായിട്ടുണ്ട്. ടെലിഫോൺ. ടെലിവിഷൻ, ഇന്റർനെറ്റ്, റേഡിയോ, ആകാശയാനപാത്രം, ജീപ്പുകൾ, ടാങ്കുകൾ എന്നിങ്ങനെ നിരവധി കണ്ടുപിടിത്തങ്ങൾ പരോക്ഷമായിട്ടെങ്കിലും യുദ്ധത്തോടു കടപ്പെട്ടവയാണ്.

151 കൊല്ലംമുമ്പ് മലയാളഭാഷയിൽ തികച്ചും ലക്ഷണയുക്തമായ ഒരു ഖണ്ഡകാവ്യം ആദ്യം വിരചിതമായത് സിറിയൻ കത്തോലിക്കാ സഭാവിഭാഗത്തിലുണ്ടായ ഒരു ആഭ്യന്തരകലാപംമൂലം ആണെന്നു ചരിത്രകാരന്മാർ വിലയിരുത്തിയാൽ അതിനെ പൂർണമായി നിഷേധിക്കാൻ സാധിക്കുകയില്ല. കവിയും സാഹിത്യകാരനുമായിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഖണ്ഡകാവ്യരചനയ്ക്ക് മുതിർന്നത് കലഹഭരിതമായ സഭാന്തരീക്ഷത്തിലെ സമ്മർദം കൊണ്ടാണ് എന്നുപറയാം.

### പശ്ചാത്തല പരിവൃത്തം

കേരളത്തിലെ സുറിയാനി കത്തോലിക്കാ സഭയിലെ ജനങ്ങളെ ഭരിച്ചുകൊണ്ടിരുന്നത് വരാപ്പുഴ കേന്ദ്രമാക്കിയുള്ള പാശ്ചാത്യസഭയിലെ വൈദികമേലധ്യക്ഷരായിരുന്നു. കത്തോലിക്കാസഭ മുഴുവന്റെയും പരമാധികാരിയായ മാർപ്പാപ്പയുടെ കീഴിലായിരുന്നു വരാപ്പുഴ മെത്രാസനം. വിദേശീയ

മെത്രാന്മാർക്കു പകരം സ്വദേശീയരായ മെത്രാന്മാരെ സുറിയാനി സഭയ്ക്ക് വേണമെന്നുള്ള കലശലായ ആഗ്രഹത്തോടെ സഭയിൽ മുന്നേറ്റം നടക്കുന്ന കാലമായിരുന്നു അത്. 1861-ൽ ബാബേൽ പാത്രിയാർക്കീസ് മാർ യൗസേഫ് മെത്രാൻ കേരളത്തിലെ സഭയെക്കുറിച്ചു നിരീക്ഷിക്കുന്നതിനും പഠിക്കുന്നതിനുമായി മാർ തോമസ് റോക്കോസ് എന്ന മെത്രാനെ കേരളത്തിലേക്ക യച്ചു. സ്വദേശീയ മെത്രാനു വേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരുന്ന കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ നേതൃത്വം ഏറ്റെടുക്കാനും മെത്രാനായി ഭരിക്കാനും മാർ റോക്കോസിന് ആഗ്രഹമുണ്ടായി. പൗരസ്ത്യരീതിയിലുള്ള ആരാധനാക്രമം അനുസരിക്കുന്ന സുറിയാനി കത്തോലിക്കർക്ക് മാർ റോക്കോസ് പെട്ടെന്ന് അഭിമതനായി. തുടർന്ന് അദ്ദേഹം ഭൂരിപക്ഷം സുറിയാനി പള്ളികളും തന്റെ അധീനതയിലാക്കി. ആകെയുള്ള 160 പള്ളികളിൽ 30 എണ്ണം ഒഴിച്ച് മറ്റെല്ലാം റോക്കോസിന്റെ ഭാഗത്തായി.

വരാപ്പുഴ അതിരൂപതയുടെ അധികാരം അസ്തമിക്കാതിരിക്കാനുള്ള പോംവഴികൾ ബർണദീനോസ് മെത്രാൻ തയ്യാറാക്കി. കർമ്മലീത്താ സഭയുടെ സ്ഥാപകനും ജനങ്ങൾക്ക് പ്രിയങ്കരനുമായ ചാവറ കുര്യാക്കോസച്ചനെ മെത്രാനാക്കാൻ മാർപ്പാപ്പയോട് ശുപാർശ ചെയതു. സന്യാസസഭാംഗം എന്ന നിലയിൽ മെത്രാൻസ്ഥാനം സ്വീകരിക്കാൻ ചാവറയച്ചൻ തയ്യാറായില്ല. ഒടുവിൽ മെത്രാപ്പൊലീത്തായുടെ നിർബന്ധത്തിനു വഴങ്ങി സുറിയാനി സഭാവിഭാഗത്തിന്റെ വികാരി ജനറൽ സ്ഥാനം സ്വീകരിച്ചു; അതും ആജ്ഞാപൂർണമായ നിർബന്ധത്തിനു വഴങ്ങി.

സ്ഥാനലബ്ധിക്കുശേഷം ചാവറയച്ചൻ ആദ്യം നടത്തിയ ശ്രമം മാർപ്പാപ്പയുടെ അനുവാദത്തോടും അംഗീകാരത്തോടുംകൂടിയാണോ മാർറോക്കോസ് കേരളസഭയിൽ പ്രവേശിച്ചത് എന്ന കാര്യത്തിലെ സത്യാവസ്ഥ തെളിയിക്കുകയായിരുന്നു. ചാവറയച്ചൻ 1861 ജൂൺ 19-ന് മാർ തോമസ് റോക്കോസിന്റെ വരവുമൂലം സുറിയാനി സമൂഹം രണ്ടായി ഭിന്നിച്ചു നില്ക്കുകയാൽ അദ്ദേഹത്തിന്റെ ആഗമനം നിയമാനുസൃതമാണോ എന്ന് ആരാഞ്ഞ് ഒൻപതാം പീയൂസ് മാർപ്പാപ്പയ്ക്ക് കത്ത് അയച്ചു. അതിന് അതേ വർഷം സെപ്റ്റംബർ 5-ന് മാർപ്പാപ്പാ നൽകിയ മറുപടി ചാവറ അച്ചനു കിട്ടി. റോക്കോസിന് റോമിന്റെ അംഗീകാരമോ അനുവാദമോ കൊടുത്തിട്ടില്ലെന്നും സഭയിൽ കലഹം സൃഷ്ടിച്ച അദ്ദേഹം മഹറോൻ ശിക്ഷയിൽ അകപ്പെട്ടിരിക്കുന്നു എന്നുമായിരുന്നു മറുപടി.

ചാവറയച്ചൻ രംഗത്തിറങ്ങിയതോടെ ആഭ്യന്തരസമരം മൂർദ്ധന്യതയിൽ എത്തി. പല പള്ളികളിലും വഴക്കും ചേരിതിരിവും കയ്യേറ്റങ്ങളും നടന്നു. നഷ്ട ധൈര്യനാകാതെ ചാവറയച്ചൻ പോരാടി. അവസാനം റോക്കോസ് മെത്രാൻ മഹറോൻ ശിക്ഷയ്ക്ക് കീഴടങ്ങി. അനുയായികൾ കൈവെടിഞ്ഞപ്പോൾ

അദ്ദേഹം ചാവറയച്ചന്റെ പക്കൽ മാപ്പുപറഞ്ഞുകൊണ്ട് ബാബേലേയ്ക്കു തിരികെപ്പോകാൻ തയ്യാറായി. ഏവരാലും പരിത്യക്തനായ മാർ തോമസ് റോക്കോസ് ചാവറയച്ചൻ ഔദാര്യപൂർവം നൽകിയ യാത്രാച്ചെലവുമായിട്ടാണ് നാടുവിട്ടത്.

ഒരു ജീവന്മരണപോരാട്ടമായിരുന്നു താൻ വിശ്വസിച്ച ആദർശത്തിനുവേണ്ടി ചാവറയച്ചൻ നടത്തിയത്. ഈ സാഹചര്യത്തിലാണ് മതവിശ്വാസത്തിനുവേണ്ടി മരിക്കാൻപോലും തയ്യാറാകണമെന്ന് ഏവരേയും ഉദ്ബോധിപ്പിക്കുന്നതിന് അനസ്താസ്യാ എന്ന ധീരോദാത്തയായ കന്യകയുടെ കഥ മനോഹരമായ ഒരു ഖണ്ഡകാവ്യകൃതിയായി കവിയും സാഹിത്യകാരനുമായ ചാവറ കുര്യാക്കോസച്ചൻ രചിച്ചത്. സഭയിലെ ആഭ്യന്തരകലഹത്തിന്റെ ബാക്കിപത്രമായി സാഹിത്യസുരഭിലമായ ഒരു കൃതി മലയാളത്തിനു ലഭിച്ചുവെന്നത് ചാരിതാർഥ്യജനകമായ കാര്യമാണ്.

**ഖണ്ഡകാവ്യപ്രകൃതം**

മലയാളത്തിൽ പ്രാചീനഖണ്ഡകാവ്യങ്ങൾ, ആധുനിക ഖണ്ഡകാവ്യങ്ങൾ എന്ന രീതിയിൽ രണ്ടുവിധം രചനകളുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കാവ്യരംഗത്തു പുതിയ മാറ്റങ്ങൾ സംഭവിച്ചുതുടങ്ങിയിരുന്നു. കവിതയിലെ ഈ ചലനത്തിന്റെ പ്രാദ്ഘാടകർ വെൺമണികവികളാണ്. ലളിതമായ സംസ്കൃതപദങ്ങളും മാധുര്യമൂറുന്ന മലയാളപദങ്ങളും ചേർത്ത് കവിത കെട്ടിയ കൊടുങ്ങല്ലൂർ കളരിയുടെ പരാക്രമങ്ങൾ എന്ന് ഇതിനെ വിളിക്കാം. മുക്തകങ്ങളും, ഛായാചിത്രങ്ങളും, *നല്ലഭാഷ, പാലുണ്ണിചരിതം* തുടങ്ങിയ കൃതികളും ആഖ്യാനപ്രധാനമാണ്. യഥാർഥ ഖണ്ഡകാവ്യ സീമയിൽ ഇത്തരം കൃതികൾ വരുന്നില്ല.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ് ആധുനികഖണ്ഡകാവ്യങ്ങൾ മലയാളത്തിൽ ആവിർഭവിക്കുന്നത്. ഇംഗ്ലീഷിൽ വേർഡ്സ്വർത്തിന്റെയും കോൾറിഡ്ജിന്റെയും കാലത്താണല്ലോ കാല്പനികത ഉയിർക്കൊണ്ടത്. മലയാളത്തിൽ കേരളപാണിനി എ.ആർ. രാജരാജവർമ ആംഗലസാഹിത്യത്തിന്റെ ചുവടുപിടിച്ച് കാവ്യരചന നടത്തി. സാഹിത്യകേസരി ബാലകൃഷ്ണപിള്ള പറയുന്നത് വംഗ സാഹിത്യത്തിന്റെ കാറ്റേറ്റും ആംഗലസാഹിത്യത്തിന്റെ രീതികൾ സ്വായത്തമാക്കിയും മലയാളത്തിൽ കാല്പനികപ്രസ്ഥാനം വളർന്നു എന്നാണ്. എന്നാൽ ഇത് പൂർണാർത്ഥത്തിൽ ശരിയല്ല, ഭാഗിക സത്യം മാത്രമാണ്. പത്രപ്രവർത്തനവും, ദേശീയനവോത്ഥാന സംരംഭങ്ങളും *ഭാഷാപോഷിണി* പോലുള്ള സാഹിത്യസഖ്യങ്ങളുടെ സംഘടിതയത്നങ്ങളുമെല്ലാം സാഹിത്യത്തിലെ ഈ നവോത്ഥാനത്തിന് വഴിമരുന്നിട്ട ഘടകങ്ങളാണ്.

ഖണ്ഡകാവ്യത്തെ സംസ്കൃതത്തിൽ നിർവചിക്കുന്നത് ഇങ്ങനെയാണ്

*അല്പാക്ഷരമസന്ദിഗ്ദ്ധം*
*സംസാരം സർവതോന്മുഖം*
*സ്തോഭക്ഷോഭകരം വാക്യം*
*ഖണ്ഡകാവ്യം പ്രചക്ഷതേ*

ആധുനിക ഖണ്ഡകാവ്യങ്ങൾക്ക് ഈ നിർവചനം ചേരില്ല. പഴയ കാലത്തെ ഖണ്ഡകവിതകൾ മഹാകാവ്യത്തിന്റെ ഒരു മിനിയേച്ചർ പതിപ്പ് അഥവാ സംക്ഷിപ്തരൂപം ആയിരുന്നു. വലിയ ക്യാൻവാസിൽ എഴുതുന്ന വലിയ ചിത്രത്തിനു പകരം ചെറിയ ക്യാൻവാസിൽ രേഖപ്പെടുത്തുന്ന ചെറിയചിത്രം എന്ന തരത്തിൽ ഖണ്ഡകാവ്യത്തെ വിലയിരുത്തിയാൽ ശരിയാവുകയില്ല.

ആധുനിക ഖണ്ഡകാവ്യങ്ങളെ ഇങ്ങനെ നിർവചിക്കാം.

സമഗ്രമായ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലുമായി പ്രമേയം ചിതറപ്പെടുന്നതിനു പകരം അതിന്റെ ഉദ്ദിഷ്ടഭാഗത്ത് കവിപ്രതിഭ ഉറച്ചുനില്ക്കുമ്പോൾ ഖണ്ഡകാവ്യം ജനിക്കുന്നു.

ചെറുകഥ എന്നുള്ളത് നോവലിന്റെ സംക്ഷിപ്തരൂപമല്ല. അതുപോലെ മഹാകാവ്യത്തിന്റെ രത്നച്ചുരുക്കം അല്ല ഖണ്ഡകാവ്യം. അത് മഹാകാവ്യത്തിൽനിന്ന് ഭിന്നവും സ്വതന്ത്രവും ആണ്. ആധുനിക ചെറുകഥപോലെ ആസ്വാദനക്ഷമമായിരിക്കണം, ആധുനികഖണ്ഡകാവ്യവും.

പ്രാചീന ഖണ്ഡകാവ്യങ്ങൾക്ക് എന്നപോലെ നാതിദീർഘമായുള്ള പ്രമേയം തന്നെയാവണം ആധുനിക ഖണ്ഡകാവ്യത്തിന്റെതും. ഇവയിലെ ഇതിവൃത്തം ആദിമധ്യാന്തങ്ങൾ ഒപ്പിച്ച് പൂർണമായ രീതിയിൽ രൂപം കൊള്ളുകയല്ല ചെയ്യുന്നത്. ഇതിവൃത്തത്തിലെ പ്രധാനഭാഗത്തിന് മിഴിവു നൽകി അപ്രധാനഭാഗങ്ങൾ സൂച്യരൂപത്തിലാക്കി ആവിഷ്കരിക്കുന്നു. നാടകീയമോ, കാവ്യാത്മകമോ ആയ കഥാഭാഗമായിരിക്കും സാമാന്യേന ഇതിവൃത്തത്തിന് ആധാരം. ഇതിവൃത്തം *ബന്ധനസ്ഥനായ അനിരുദ്ധൻ* അല്ലെങ്കിൽ *മഗ്ദലനമറിയം* എന്നതുപോലെ പ്രഖ്യാതമായ ഒന്നാകാം. അല്ലെങ്കിൽ *വീണപൂവി*ലേതു പോലെയോ, വയലാറിന്റെ *ആയിഷ*യിലേതു പോലെയോ കവിയുടെ കപോലകല്പിതം ആയിരിക്കും. അതുമല്ലെങ്കിൽ സങ്കല്പയാഥാർഥ്യങ്ങളുടെ ഒരു മിശ്രിതം ആയിരിക്കും. എന്തായിരുന്നാലും അനുവാചകന്റെ ശ്രദ്ധ പിടിച്ചെടുക്കാൻ പറ്റിയ രീതിയിൽ ആവിഷ്കരിക്കാൻ കവിക്കു കഴിയണം. ഇതിവൃത്തഘടനയെ ഔചിത്യഭാസുരമാംവിധം അനുപാതദീക്ഷയോടെ അംഗോപാംഗങ്ങൾ ഒപ്പിച്ച് വികാരസാന്ദ്രമായി അവതരിപ്പിക്കുകയെന്നതാണ് ഖണ്ഡകാവ്യത്തിന്റെ സംവിധാനരീതി. ഇതിവൃത്തത്തിന്റെ വികാസപരിണാമങ്ങൾക്ക് അനുസൃതമായി വർണ്ണനകളും അലങ്കാരങ്ങളും ഉണ്ടാക്കാം. പക്ഷേ, അത് കഥയുടെ ഏകാഗ്രമായ പുരോഗതിക്കു

ഒന്നും നില്ക്കരുത്. ലക്ഷ്യപ്രാപ്തിക്ക് സാധകമായ മട്ടിലേ ആകാവു. ചുരുക്കിപ്പറഞ്ഞാൽ നല്ലൊരു ചെറുകഥയുടെ കാവ്യസാൽക്കൃതമായ രൂപമാണ് ആധുനികഖണ്ഡകാവ്യം.

**'വീണപൂവി'ന്റെ ശ്രേണിയിൽ**

ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ അരുണോദയമായി ശ്ലാഘിക്കപ്പെടുന്നത് എ.ആർ. രാജരാജവർമയുടെ *മലയവിലാസം* ആണ്. അത് വിരചിതമായത് കൊല്ലവർഷം 1070-ൽ (1895) ആണ്. മദ്രാസ് യാത്ര കഴിഞ്ഞ അദ്ദേഹം പശ്ചിമഘട്ടത്തിലൂടെയുള്ള തീവണ്ടിയിൽ തിരിച്ചുപോരുമ്പോൾ കണ്ട കാഴ്ചകളാണ് പ്രമേയം. കാനനസ്ഥലികളിൽ നേരിട്ടു കണ്ട കാഴ്ചകൾ തന്റെ ഹൃദയത്തിൽ അപ്പോൾ പൊടിപ്പിച്ച വികാരവിചാരങ്ങളെ അദ്ദേഹം *മലയവിലാസ*ത്തിൽ പകർത്തിയിരിക്കുന്നു:

*കുതിച്ചുപായും കടുവാക്കിടാങ്ങളും*
*മദിച്ചുമണ്ടും കളഭപ്രവീരരും*
*കളിച്ചുവാഴുന്നൊരു കാനനങ്ങളാ-*
*ലസഹ്യനാം നീ സഹ്യനാണു പോൽ*

എന്നു സഹ്യപർവതത്തെ നോക്കി പാടുന്ന കവി പാരമ്പര്യരഥ്യകളിൽനിന്നു വേറിട്ടു ചരിക്കുന്നു. പ്രകൃതിവസ്തുക്കളെ നിർജ്ജീവമായും നിർവ്വികാരമായും വിവരിക്കുന്ന മഹാകാവ്യരചനാ സമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമായ വഴിവെട്ടി തുറക്കുയാണ് *മലയവിലാസ*ത്തിൽ. എങ്കിലും മുതിർന്ന നിരൂപകന്മാർ ഈ കൃതിയെ ഖണ്ഡകാവ്യപ്രസ്ഥാനത്തിന് മുന്നോടിയായ രേഖാചിത്രം ആയിട്ടു മാത്രമേ കരുതുന്നുള്ളൂ. നവീനകാവ്യപ്രസ്ഥാനത്തിന്റെ ദീർഘപ്രയാണ പഥത്തിൽ അരുണോദയമരീചികൾ തെളിച്ച കാന്താര താരകമായിട്ടാണ് ഇതിനെ പലരും വിലയിരുത്തിയിട്ടുള്ളത്.[1]

കേരളപാണിനിയുടെ പരീക്ഷണകൃതിയെത്തുടർന്ന് നിരവധി കാവ്യകൃതികൾ മലയാളത്തിൽ പിറവിയെടുത്തു.

ആംഗലഭാഷാകവിതകളെ അവലംബിച്ചു മലയാളത്തിൽ വിരചിചമായ വിലാപകാവ്യകൃതികളിൽ സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, എം. രാജരാജവർമ, വി.സി. ബാലകൃഷ്ണപ്പണിക്കർ എന്നിവരുടെ വിലാപകൃതികൾ കൂടുതൽ ശ്രദ്ധേയമായി. കെ.സി. കേശവപിള്ളയുടെ *ആസന്നമരണചിന്താശതകം* പോലുള്ള കൃതികളും സാഹിത്യവേദികളിൽ ചർച്ചാവിഷയമായി. അതിനു ശേഷമായിരുന്നു കവിത്രയത്തിന്റെ കടന്നുവരവ്. അതാവട്ടെ മലയാളത്തിൽ ഉറാത്ത ഖണ്ഡകാവ്യകൃതികളുടെ ഒരു വസന്തം തന്നെ സൃഷ്ടിച്ചു. വാസ്തവത്തിൽ *വീണപൂവ്* എന്ന കുമാരകൃതിയോടുകൂടിയാണ് സമ്യക്കായ ഖണ്ഡകാവ്യപ്രസ്ഥാനം ഇവിടെ പ്രോദ്ഘാടനം ചെയ്യപ്പെട്ടത്. കുമാരനാശാൻ മരണമടഞ്ഞ 1924 വരെ ആ മുന്നേറ്റം അതിന്റെ ഉച്ചാവസ്ഥയിൽ നിന്നു.

ചാവറയച്ചന്റെ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതി ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ഏതു ശ്രേണിയിൽ നില്ക്കുന്നുവെന്നതാണ് പരിചിന്തനം ചെയ്യേണ്ടത്.

പ്രമേയം, അവതരണരീതി, കാവ്യാത്മകത, സന്ദേശം എന്നിവയെല്ലാം മുൻനിർത്തിയാൽ എ.ആറിന്റെ *മലയവിലാസ*ത്തോടല്ല, കുമാരനാശാന്റെ *വീണപൂവി*നോടും അതെത്തുടർന്നുണ്ടായ ഖണ്ഡകാവ്യ പൂക്കാലത്തിലെ മൂല്യവത്തായ കൃതികളോടുമാണ് ചാവറ രചന ചേർന്നു നില്ക്കുന്നത്. ഈ രചനയ്ക്ക് നിമിത്തമായത് ചാവറച്ചൻ മുന്നണിപ്പോരാളിയായ സിറിയൻ കത്തോലിക്കാസഭാ വിഭാഗത്തിന്റെ ആഭ്യന്തരകലഹമാണ് എന്ന് മുമ്പേ സൂചിപ്പിച്ചുവല്ലോ. മലയാളഭാഷയിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു കേളികൊട്ടു നടത്തിയ എ.ആർ. തിരുമേനിയുടെ *മലയവിലാസ*ത്തിന് 34 വർഷം മുമ്പാണ്, ഖണ്ഡകാവ്യകവിതയുടെ സർവലക്ഷണങ്ങളും സ്വായത്തമായുള്ള *അനസ്താസ്യായുടെ രക്തസാക്ഷ്യം* ചാവറയച്ചൻ രചിച്ചത് എന്നത് സാഹിത്യചരിത്രത്തിൽ പ്രത്യേകപരിഗണനയോടെ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

**പണ്ഡിതരുടെ സാക്ഷ്യം**

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി തന്റെ സാഹിത്യമാർഗദർശിയായി ചൂണ്ടിക്കാട്ടീയിരുന്നത് സി. അന്തപ്പായിയെ[2] ആണ്. ചാവറ അച്ചനെക്കുറിച്ച് ആദ്യമായി താൻ വായിച്ചത് 1902-ൽ *നസ്രാണി ദീപിക*യിൽ പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിന്റെ ഉപന്യാസത്തിൽ നിന്നാണെന്നും പ്രസ്തുത ലേഖനത്തിൽ ചാവറ കുരിയാക്കോസച്ചന്റെ കാവ്യകൃതികൾ അതിവിശിഷ്ടമാണെന്നും എല്ലാവരും അതു വായിക്കണമെന്നും സി. അന്തപ്പായി നിർദേശിച്ചിരുന്നു[3] എന്നും മുണ്ടശ്ശേരി എഴുതിയിട്ടുണ്ട്.

മുണ്ടശ്ശേരി ചാവറകൃതികളെ ഉന്നതശ്രേണിയിലാണ് നിർത്തിയിരിക്കുന്നത്. മുണ്ടശ്ശേരിയുടെ വാക്കുകളിൽ[4] *അനസ്താസ്യയുടെ രക്തസാക്ഷ്യത്തെക്കുറിച്ച് ചാവറയച്ചനെഴുതിയ ലഘുകാവ്യം മനോഹരവും കരളലിയിക്കുന്നതുമാണ്. ഒരുത്തമ ഖണ്ഡകാവ്യത്തിന്റെ ലക്ഷണങ്ങൾ എല്ലാം അതിൽ ഒത്തുചേർന്നിട്ടുണ്ട്. ഹൃദയദ്രവീകരണശക്തിയുള്ള ഭാഗങ്ങൾ അതിൽ നിരവധിയുണ്ട്:*

*കന്നി തന്റെ ദേഹമൊക്കെ*
*ചീന്തിയവർ പൊളിച്ചിട്ടു*
*ചിന്നിവീഴും ചോരകൊണ്ടു*
*കുതിർത്തു ഭൂമി.*

നിരൂപകനും ഭാഷാപണ്ഡിതനുമായ പ്രൊഫ. കെ.പി. ശങ്കരനും സമാനമായ ഒരു നിരീക്ഷണം ഈ ലേഖകനുമായി പങ്കിടുകയുണ്ടായി:[5]

...പീഡനാനുഭവങ്ങളിലൂടെ പൂർവാധികം ഉദ്ദീപ്തമാകുന്ന മനുഷ്യമനസ്സിന്റെ ആദർശശുദ്ധി, അർപ്പണബോധം എന്നിയാണ് ചാവറ കുര്യാക്കോസ് ഏലിയാസിന്റെ 'അനസ്ത്യാസ്യയുടെ സാക്ഷ്യം' എന്ന് കാവ്യപ്രമേയത്തിന്റെ പൊതുപ്രസക്തിയുള്ള പൊരുൾ. അത് ഉജ്ജ്വലമായി പ്രതിപാദിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുണ്ട് രചനയിൽ...

ഈ പ്രസ്താവത്തിന് ഏറ്റവും മുന്തിയ ഉദാഹരണമായി അദ്ദേഹം ഉദ്ധരിക്കുന്നതും മുണ്ടശ്ശേരി പ്രത്യേകം പരാമർശിച്ചകാവ്യഭാഗം തന്നെയാണ്:

കന്നി തന്റെ ദേഹമൊക്കെ-
ചീന്തിയവർ പൊളിച്ചിട്ടു
ചിന്നിവീഴും ചോരകൊണ്ടു
കുതിർത്തു ഭൂമി...

...കന്യകയ്ക്കു പകരം 'കന്നി' എന്ന പദം വിന്യസിച്ചതു തൊട്ടു തുടങ്ങുന്നു ഇവിടത്തെ വിശേഷം. അതുപോലെ 'ചീന്തിപ്പൊളിക്കുക', 'ചിന്നിവീഴുകക', 'ഭൂമി ചോരകൊണ്ടു കുതിരുക' എന്നീ പ്രയോഗങ്ങളും അർത്ഥഗർഭമായി അനുഭവപ്പെടുന്നു. 'ഭൂമി കുതിർക്കേ' എന്ന പ്രയോഗത്തിലൂടെ തന്റെ ഏതു പ്രജയുടെ ഏതു പീഡയും അന്തിമമായി ഭൂമി എന്ന അമ്മ ഏറ്റുവാങ്ങി വരുന്ന അവസ്ഥ പകർന്നുകിട്ടുന്നു.

...ഇത്രതന്നെ ശ്രദ്ധേയമായതെന്നു ഞാൻ വിചാരിക്കുന്നു ആ ഭാഗത്തിനു തൊട്ടു മുമ്പ് 'ദുഷ്ടൻ കക്കി; എന്നു വിന്യസിച്ചിട്ടുള്ള 'കക്കി' എന്ന ക്രിയയും. വലേരിയൻ ചക്രവർത്തിയുടെ മന്ത്രിയും ദുഷ്ടനുമായ പ്രോബോ പ്രലോഭിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉതിർക്കുന്ന വാക്കുകൾ എത്ര അറപ്പു തോന്നിപ്പിക്കുന്നവയാണ് എന്നു അനുവാചകർക്കു സാക്ഷ്യപ്പെടുത്തുവാൻ സമർത്ഥമാണല്ലോ ആ ഒറ്റക്രിയ. ആ മനംപിരട്ടൽ വെളിവാക്കുവാൻ ഇത്രയും പറ്റിയ മറ്റൊരു വാക്ക് ഇല്ല എന്നതാണ് വാസ്തവം. 'വെള്ളിപോലെ വെളുത്തുള്ള പല്ലുകളെ വല്ലിയൊരു ചുറ്റികയാൽ തല്ലിവീഴിക്കുക' എന്ന വിശദാംശം സന്ദർഭാനുസാരം നിബന്ധിച്ചതിലെ സൂക്ഷ്മമായ നിപുണതയും നിസ്സാരമല്ല. ഇതിനെയൊക്കെ കവിഞ്ഞു നിൽക്കുന്ന മുലകളെ അറുപ്പിക്കുന്ന ക്രൂരതയെ 'അമ്മയുടെ മാറിടത്തിൽ നിന്നു പാൽ കുടിച്ചതോർത്തിടാതെ എന്ന മുൻവിശേഷണത്തിലൂടെ നിശിതമാക്കിയതിന്റെ കല.

മാരുതി തല്ലിപ്പൊളിച്ചു കുടിച്ചോരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ

എന്ന ഗാന്ധാരീവിലാപത്തിലെ ഈരടിക്കു കൃഷ്ണചൈതന്യ തന്റെ സാഹിത്യചരിത്രത്തിൽ കൊടുക്കുന്ന സാന്ദ്രമായ വ്യാഖ്യാനമുണ്ട്. സമാന്തരമായതൊന്ന് മനസ്സിൽ വന്നുകിട്ടാൻ ഈ പ്രകരണം സഹായിക്കുന്നു.

പണ്ഡിതവര്യനായ ശൂരനാട്ട് കുഞ്ഞൻപിള്ള[6] അനസ്ത്യാസ്യയുടെ രക്ത

*സാക്ഷ്യത്തെ അർണോസ് പാതിരിയുടെ രചനാരീതിയുമായി താരതമ്യം ചെയ്യുകയുണ്ടായി.*

*...അനസ്താസ്യയെക്കുറിച്ച് 1861-ൽ എഴുതിയിട്ടുള്ള ഈ ഹൃദയസ്പർശിയായ കവിത അതിന്റെ കർത്താവിന് മലയാളത്തിൽ മാന്യസ്ഥാനം നേടിക്കൊടുക്കുന്നു. തുഞ്ചത്ത് ആചാര്യപാദരുടെ അത്യുൽകൃഷ്ടവും അത്യന്തം മനോഹരവുമായ കവിതാരീതി കൈകൊണ്ട് മലയാളത്തിൽ ക്രൈസ്തവ സാഹിത്യം നിർമിച്ച അർണോസ് പാതിരി യുടെ മാർഗത്തിലൂടെയാണ് ചാവറയച്ചൻ സഞ്ചരിക്കുന്നത്. പാതിരിക്കൊപ്പം വിജയം നേടിയിരിക്കുന്ന[8] അച്ചന്റെ കവിതയിൽ വിദേശീയനായ പാതിരിക്കു സ്വാഭാവികമായും വന്നു ചേർന്നിട്ടുള്ള വൈകല്യങ്ങൾ[9] തീരെ കാണാനില്ല എന്നതിൽ സന്തോഷിക്കണം. അനസ്താസ്യയെക്കുറിച്ചുള്ള കവിത ഭക്തി വീരരസത്തിന്റെ പരമശോഭ പ്രത്യക്ഷപ്പെടുത്തുന്നു.*

ഭാഷാപണ്ഡിതനും വിചാരകനുമായ ഡോ. വെള്ളായണി അർജുനൻ സർഗധനനായ ഒരു യഥാർഥ കവിയ്ക്ക് ഉണ്ടായിരിക്കേണ്ട സിദ്ധികളെല്ലാം ചാവറ പിതാവിനുണ്ടായിരുന്നു എന്ന് അനസ്ത്യാസ്യയുടെ രക്തസാക്ഷ്യം സ്പഷ്ടീകരിക്കുന്നതായി പറയുന്നുണ്ടായി.[10]

*...പരമ്പരാഗത രീതികളിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ഇതിവൃത്തം തിരഞ്ഞെടുക്കുകയും അത് ഹൃദയസ്പൃക്കായും കലാസുഭഗമായും ആഖ്യാനം ചെയ്തു മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാരൻ എന്ന ഖ്യാതി നേടുവാൻ സാധിക്കുകയും ചെയ്ത അദ്ദേഹം ഏതൊരു ഭാഷാഭിമാനിയുടെയും ആത്മാർഥമായ അഭിനന്ദനത്തിനു സമർഹനാണ് എന്നുള്ളതിനു സംശയമില്ല. ഇതിവൃത്തത്തിനു പുതുമ വരുത്തിയതുപോലെ തന്നെ, രചനയ്ക്കുപയോഗിച്ച വൃത്തത്തിലും അദ്ദേഹം വളരെ ശ്രദ്ധാപൂർവം മറ്റൊരു നവീനത ഉദ്ഘാടനം ചെയ്തിരിക്കുന്നു. വഞ്ചിപ്പാട്ട് എന്ന നതോന്നത വൃത്തത്തിലാണ് അദ്ദേഹം ഈ കൃതിയുടെ ശില്പവിധാനം നിർവഹിച്ചിരിക്കുന്നത്. സംസ്കൃതവൃത്തങ്ങളുടെ കടുത്ത മുഷ്ടിയിൽപ്പെട്ടു ഞെരിഞ്ഞുകൊണ്ടിരുന്ന മലയാള കവിതയുടെ നൈസർഗിക വികാസം പ്രാപ്തമാക്കുന്നതിന് ദ്രാവിഡവൃത്തങ്ങളിലുള്ള കാവ്യരചന വളരെ ഗുണകരമായിത്തീരുമെന്നു ദീർഘദർശിയായ ചാവറയച്ചൻ മനസ്സിലാക്കി. അങ്ങനെ ദ്രാവിഡവൃത്തപ്രയോഗത്തിന്റെ സൗന്ദര്യാത്മകമായ സമാരംഭം ഈ കാവ്യത്തിൽ കാണുവാൻ സാധിക്കുന്നു. ക്രിസ്തീയ വിഷയങ്ങളെ ആധാരമാക്കി പിന്നീട് ഖണ്ഡകാവ്യങ്ങളും മഹാകാവ്യങ്ങളും എഴുതിയ മികച്ച കവികളെല്ലാം തന്നെ ചാവറയച്ചന്റെ കാലടിപ്പാടുകളെ പിൻതുടർന്നുകൊണ്ട് ദ്രാവിഡവൃത്തങ്ങളിലാണ് തങ്ങളുടെ ഭൂരിപക്ഷ കലാസൃഷ്ടികളും നടത്തിയിട്ടുള്ളത്. ആധുനിക മലയാള കവിതാരചനയുടെ പുത്തൻകൂമ്പുകൾ പൊട്ടിക്കിളിർക്കുന്നത് ഈ കാവ്യത്തിൽ നമുക്കു കാണുവാൻ കഴിയും.*

*ചാവറയച്ചൻ നല്ല ഒഴുക്കും അഴകുമിയലുന്ന ഭാഷയിൽ കവിത രചിക്കു വാൻ പ്രാപ്തനാണെന്ന് ഈ കാവ്യത്തിലെ പല ഭാഗങ്ങളും വ്യക്തമാക്കു ന്നുണ്ട്...*

*...ആത്മീയതയും ഭൗതികതയും തമ്മിലുള്ള ക്രൂരസംഘർഷത്തിന്റെ അന്തിമഫലം എന്തായിരിക്കും എന്ന് ഈ ഖണ്ഡകാവ്യകാരൻ തന്റെ ആഖ്യാന ചാതുരിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. നിസ്തുലവും നിർമലവുമായ സ്നേഹവും സീമാതീതമായ മാനവമഹത്വവും ഏതു പ്രതികൂല സാഹച ര്യത്തെയും അതിജീവിച്ചുകൊണ്ടു വിജയിക്കുകതന്നെ ചെയ്യും എന്നും സുദൃഢ ജീവിതത്തിന്റെ സൗന്ദര്യഭാവങ്ങളുമായി ശാശ്വതീകരിക്കപ്പെടു മെന്നും എല്ലാവിധ ക്രൂരഭാവങ്ങളും ഹീനകൃത്യങ്ങളും നീതിയുടെയും സത്യത്തിന്റെയും മുമ്പിൽ അലിഞ്ഞലിഞ്ഞുപോകുമെന്നും ഈ കവി അന സ്താസ്യയുടെ ത്യാഗകഥയിലൂടെ സ്പഷ്ടീകരിച്ചിരിക്കുന്നു...*

വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ കൃതിയെക്കു റിച്ച് പ്രത്യേകിച്ച് *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന ഖണ്ഡകാവ്യ ത്തെക്കുറിച്ച് ഞാൻ പഠനം നടത്തുവാൻ കാരണമാക്കിയത് മലയാള സാഹി ത്യനഭസ്സിലെ അനന്യരായ രണ്ടു വിമർശകരുടെ അഭിപ്രായമാണ്. ഒന്നാമ ത്തേത് അന്തരിച്ച പ്രൊഫ. ഗുപ്തൻനായരാണ്. 1971-ൽ ഞാൻ പ്രീഡിഗ്രി വിദ്യാർഥി ആയിരിക്കേ പ്രസിദ്ധീകരിച്ച *അജ്ഞാതഗായകൻ* എന്ന കവി താസമാഹാരത്തിന് അവതാരിക എഴുതി നൽകിയ ഉന്നതശീർഷനായ ഗുപ്തൻ നായർ സാർ എന്നും എന്റെ മാനസഗുരുവായിരുന്നു. ഒരിക്കൽ ചാവറയച്ചന്റെ ഖണ്ഡകാവ്യം അദ്ദേഹത്തിനു കൊടുത്തിട്ടു ഞാൻ ചോദിച്ചു:

*എ.ആറിന്റെ മലയവിലാസത്തിന് 34 കൊല്ലം മുമ്പു രചിച്ച ഈ കൃതി തന്നെ ആവില്ലേ മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യം?*

അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു:

*സാഹിത്യവും ചരിത്രവും തോളോടുതോൾ ചേർന്നു പോകണം. പ്രമേയം, അവതരണം, കാവ്യഭാഷ. സംക്ഷിപ്തത, ആദർശം തുടങ്ങിയവ എല്ലാം തികഞ്ഞ ഒരു കൃതിയാണത്. പക്ഷേ ചരിത്രം മുൻനിർത്തി അത് 1861-ൽ രചിച്ചിട്ടുള്ളതാണെന്ന് തെളിയിക്കണം. എ.ആറി.ന്റെ കൃതിയെക്കാൾ വളരെ ഉയരത്തിലാണ് അതു നില്ക്കുന്നത്.*

എന്റെ ഈ പരിശ്രമത്തിനുള്ള മറ്റൊരു കാരണം എന്റെ ചിരന്തനസുഹൃ ത്തായിരുന്ന ഡോ. സുകുമാർ അഴിക്കോടാണ്. അദ്ദേഹം ഒരു ലേഖനത്തിൽ ഇങ്ങനെ പറയുകയുണ്ടായി:

*'അനസ്താസ്യയുടെ രക്തസാക്ഷ്യം' എന്ന കൃതിയിലാകട്ടെ, ചാവറയ ച്ചൻ വൈദേശികരൂപങ്ങളെ മാതൃകയാക്കി കവിത രചിക്കുവാൻ മലയാ ളിക്ക് ആദ്യത്തെ പാഠം നല്കി. മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യം*

*എന്ന് ആ കൃതിയെ കരുതാമെങ്കിൽ ഖണ്ഡകാവ്യരൂപത്തെപ്പറ്റി മലയാളിയെ മാതൃകയിലൂടെ പഠിപ്പിച്ച പ്രഥമാധ്യാപകൻ ചാവറയച്ചനാണെന്നു സമ്മതിക്കേണ്ടിവരും.*[11]

**ഇതിവൃത്തം**

വലേരിയൻ ചക്രവർത്തിയുടെ ക്രിസ്തുമതമർദ്ദനകാലത്തുണ്ടായ സംഭവമാണ് *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന കാവ്യകൃതിയിലെ കഥാതന്തു. ഹേർബർട്ട് തർസ്റ്റർ, ആറ്റ്വാട്ടർ എന്നിവർ തയ്യാറാക്കിയ *ബട്‌ലേഴ്സ് ലൈവ്സ് ഒഫ് സെയിന്റ്സ്* എന്ന ഗ്രന്ഥത്തിൽ (വോള്യം 6) അനസ്താസ്യയുടെ രക്തസാക്ഷ്യചരിത്രം ഉണ്ട്. പീഡാനുഭവ വിവരണം ഗ്രീക്കിലും, ലത്തീനിലും ഉണ്ട്. രണ്ടിലും ഏറെക്കുറെ തുല്യമായ വിവരണമാണുള്ളത്. ലത്തീൻ പാസിയോ ആയിരിക്കണം ചാവറയച്ചൻ ആധാരമാക്കിയത്. കാവ്യത്തിൽ

*ദുഷ്ടനായ മന്ത്രിയപ്പോൾ*
*ദൃഷ്ടിനോക്കി കാംക്ഷയോടെ*
*വിസ്മയിച്ചു ഭ്രമിച്ചവൻ സുന്ദരത്വത്തിൽ*

എന്നും

*സ്നേഹമേറും മേ മകളേ*
*നിന്റെ ഗോത്രശ്രേഷ്ഠതയും*
*സ്നേഹദാഹമുണർത്തുന്ന*
*ശോഭയും നിന്റെ*

എന്നും മന്ത്രി പ്രോബാ അവളുടെ സൗന്ദര്യത്തെയും കുലമഹിമയെയും വാഴ്ത്തി പറയുന്നതിൽ നിന്ന് ചാവറയച്ചൻ ആശ്രയിച്ചത് ലത്തീൻ പാസിയോ ആണെന്നുള്ളത് വ്യക്തമാണ്. അതിൽ പറയുന്നത് ഇരുപതുവയസ്സുകാരിയും കന്യകയും കന്യകാലയത്തിലെ അന്തേവാസിനിയും ഉന്നതകുലജാതയും (Maiden of Patrician Birth) ആയിരുന്നു അനസ്താസ്യ എന്നാണ്. പ്രോബോ അവളെ ബലമായി പിടിച്ചുകൊണ്ടുപോയി. മതാന്ധനായ അയാൾ അവരെ ക്രൂരമായി മർദ്ദിച്ചു. അഗ്നി കൊണ്ടു ശരീരം പൊള്ളിച്ചു തടവറയിൽ ഇടുകയും ചെയ്തു. ക്രിസ്തുവിലുള്ള വിശ്വാസത്തിന് അണുവിട വ്യത്യാസം വരുത്താതിരുന്ന അവളുടെ സ്തനങ്ങൾ അറുത്തു. നഖം പിഴുതു. പല്ലുകൾ അടിച്ചുകൊഴിച്ചു. കരചരണങ്ങളും നാവും പിഴുതു. ദാഹജലത്തിനായി ആംഗ്യഭാഷയിൽ അരികെ നിന്ന ചീറിലോസിനോടു അവൾ ആവശ്യപ്പെട്ടു. അതു നൽകിയ ആ യുവാവിനെയും അനസ്താസ്യയോടൊപ്പം പ്രോബാ വധിച്ചു. കർദ്ദിനാൾ ബറോനിയസ് ആണ് അനസ്താസ്യയേയും ചീറിലോസിനെയും വേദസാക്ഷിപ്പട്ടികയിൽ ചേർത്തത്. കഥാതന്തു പുറമേനിന്നു സ്വീകരിച്ചത് ചാവറക്കവിതയുടെ ന്യൂനതയായി കണക്കാക്കാനില്ല. മലയാളത്തിലെ *കരുണ, ലീല, മഗ്ദലനമറിയം* എന്നീ പ്രസിദ്ധ ഖണ്ഡകാവ്യങ്ങൾ പ്രഖ്യാപിതമായ കഥകളുടെ ആഖ്യാനമാണല്ലോ.

**സമാനതകളുടെ ഘോഷം**

ആധുനികകാലത്ത് കൃതികൾക്ക് സന്ദേശം നൽകേണ്ട കടമയില്ല എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ വിശ്വപ്രസിദ്ധമായ കൃതികളെല്ലാം അമൂല്യ സന്ദേശം മാനവകുലത്തിനു നൽകിയിട്ടുള്ളവയാണ്. *പരോപകാരമേ പുണ്യം പാപം താൻ പരപീഡനം* എന്ന് പഞ്ചമവേദമായ മഹാഭാരതത്തിനു രത്നച്ചുരുക്കം നൽകിയ വ്യാസമഹർഷിയും *കിഴവനും കടലും* എന്ന കൃതിയിലൂടെ ഭൗതികനേട്ടങ്ങൾ ക്ഷണപ്രഭാചഞ്ചലമെന്നു കാണിച്ചു തന്ന ഹെമിങ്‌വേയും വരെ എത്രയെത്ര കലാകാരന്മാർ അറിഞ്ഞോ അറിയാതെയോ മഹത്വചിന്തയുടെ ആലക്തികോർജം അനുവാചക മനസ്സിലേക്കു പകർന്നുതന്നിരിക്കുന്നു; പ്രസരിപ്പിച്ചിരിക്കുന്നു. സന്ദേശത്തിന്റെ പരിവേഷം കൊണ്ടല്ലേ ആശാൻ കൃതികൾ മറ്റുള്ള മലയാളകൃതികളിൽനിന്ന് ഉയർന്നു നില്ക്കുന്നതും!

ചാവറയച്ചൻ കൃതികൾ പരിശോധിക്കേണ്ടത് അതിന്റെ തൊട്ട് അനുജത്തിയായ *മലയവിലാസ*ത്തോടു ചേർത്തുപിടിച്ചല്ല. കവിത്രയത്തിന്റെ ഏതു കൃതിയോടും സാദൃശ്യമുള്ളതാണ് *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്നാണ് എന്റെ വിശ്വാസം.

1924-ൽ മരണമടഞ്ഞ മഹാകവി കുമാരനാശാന്റെ അവസാനകൃതിയായ *കരുണ*യോട് ചാവറകൃതിയ്ക്ക് സാധർമ്യം ഉണ്ട്. *കരുണ*യിലും *അനസ്താസ്യയുടെ രക്തസാക്ഷ്യ*ത്തിലും ഉപയോഗിച്ചിട്ടുള്ളത് ഒരേ വൃത്തമായ നതോന്നത അഥവാ വഞ്ചിപ്പാട്ട് ആണ്. കരുണരസം കവിയുന്ന കഥ എന്നതുകൊണ്ടാകാം രണ്ടു കവികളും ഒരേ വൃത്തം തന്നെ തിരഞ്ഞെടുത്തത്.

രണ്ടു കൃതികളിലും ആത്മീയതയും ഭൗതികതയും തമ്മിലുള്ള സംഘർഷം കാണുന്നുണ്ട്. *നളിനി*യിൽ ഒരു ബുദ്ധഭിക്ഷുവിനെ ആശാൻ വരച്ചുകാട്ടിയിട്ടുള്ളത് ഇങ്ങനെയാണല്ലോ:

*ഇത്ര ധന്യത തികഞ്ഞു കാൺമതി*
*ല്ലത്ര നൂനമൊരു സാർവഭൗമനിൽ*
*ചിത്തമാം വലിയ വൈരികീഴമർ*
*ന്നത്തൽ തീർന്നയമിതന്നെ ഭാഗ്യവാൻ*

ചാവറപിതാവു ക്രൈസ്തവ സന്യാസിനീമഠത്തിന്റെ അർപ്പിത ചേതസ്സായിക്കഴിയുന്ന ഒരു കന്യാരത്നത്തെ അവതരിപ്പിക്കുന്നതു നോക്കുക:

സൂക്ഷമുള്ള പൂട്ടകത്തിൽ
താഴ്ചയുള്ള പുണ്യപൈതൽ
നേത്രക്കാഴ്ച താഴ്ത്തിയുള്ളിൽ
ഭജിച്ചീടുന്നു.

*നേത്രക്കാഴ്ച താഴ്ത്തി* എന്നത് കണ്ണടക്കം എന്നതിന്റെ കാവ്യസാൽകൃത പദമാണ്.

രണ്ടു കൃതികളിലും ശൃംഗാരഭാവത്തിന്റെ പശ്ചാത്തലം നിപുണനേത്രമുള്ള കവിശ്രേഷ്ഠന്മാർ ഗുംഫനം ചെയ്തിട്ടുണ്ട്. വാസവദത്തയ്ക്ക് ഉപഗുപ്തന്റെ നേരെ ഉൽക്കടമായ പ്രേമാഭിലാഷം ഉണ്ട്. അതു പ്രകടമാക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ മന്ത്രി പ്രോബൊ അനസ്താസ്യയുടെ സൗന്ദര്യത്തിൽ അന്ധനായിത്തീർന്നുവെന്ന് ചാവറയച്ചൻ പറയുന്നു. ശ്രേഷ്ഠയായ സോഫിയാ എന്ന സന്യാസിനി അനസ്താസ്യയോടു പറയുന്നത് *ഇതാ നിന്റെ മണവാളൻ നിന്നെ വിളിക്കുന്നു. വേഗം പുറപ്പെടുക* എന്നാണ്. പ്രത്യക്ഷത്തിൽ കാണുന്നതു ശൃംഗാരമാണ്. പക്ഷേ അതിവിടെ ഏകമുഖമാണ്. ഇരുഭാഗത്തുനിന്നുമുള്ള ആനുകൂല്യമുണ്ടെങ്കിലേ അനുരാഗം തഴയ്ക്കുകയുള്ളൂ. അല്ലെങ്കിൽ ശൃംഗാരത്തിനു പകരം ശൃംഗാരഭാസമാണ് സംഭവിക്കുന്നത്.

**ചാവറയുടെ ദർശനം**

*കരുണയുടെ* അന്ത്യഭാഗത്ത് ഉപഗുപ്തൻ വാസവദത്തയെ ഉപദേശിക്കുന്നുണ്ട്:

*സഹോദരീ, ഭൗതികസൗന്ദര്യം വിശ്വസനീയമല്ല. എന്നാൽ അനശ്വരമായ മറ്റൊരു സൗന്ദര്യമുണ്ട്. നമ്മുടെ ഭഗവാൻ ശ്രീബുദ്ധദേവന്റെ ധർമശാസ്ത്രത്തെ നീ ശ്രദ്ധിക്കുമെങ്കിൽ അവിശ്രാന്തമായ ഈ ലോകത്തിലെ പാപഭൂയിഷ്ഠമായ ഈ സുഖങ്ങളിൽ ഒന്നിലും കാണാത്ത അന്യാദൃശ്യമായ ആശ്വാസം നിനക്ക് അനുഭവവേദ്യമാകും.*

ചാവറകൃതിയും ഭൗതികജീവിതത്തെ അതിജീവിക്കുന്ന അനവദ്യവും നിത്യവും ആയ ജീവിതത്തിലേക്കാണ് അനുവാചകനെ നയിക്കുന്നത്.

*തന്റെ യാത്ര സമീപമാ*
*യെന്നറിഞ്ഞു പുതുകന്നി*
*തൻകരങ്ങളുയർത്തിക്കൊ*
*ണ്ടണച്ചു സ്തോത്രം*
*പാപികൾക്ക് രക്ഷ ചെയ്യാൻ*
*നിന്നു നീ പൂജിച്ചപോലെ*
*പാപിയെന്റെ ജീവപൂജ*
*പൂർത്തിയാൽ ഏൽക*
*നിന്നു നീ പൂജിച്ചപോലെ...*

എന്ന പ്രയോഗം യേശുവിന്റെ കുരിശിലെ യാഗത്തെ ഓർമിപ്പിക്കുന്നു. ശാക്യമുനിയുടെ ശിഷ്യന് സഹനത്തിലൂടെ സ്വന്തം ആത്മാവിനെ നിർവേദത്തിന്റെ (ശാന്തരസം) നിഗൂഢനികുഞ്ജത്തിലേക്ക് നയിക്കാമെന്ന് ആസന്നമരണയായ വാസവദത്തയ്ക്ക് ഉപദേശം കൊടുക്കാനേ കഴിയുന്നുള്ളൂ. ശത്രുവിനെപ്പോലും ആശീർവദിക്കുന്ന യേശുവിന്റെ ഉദാത്തസ്നേഹം അനാച്ഛാദനം ചെയ്യാൻ അനാസ്താസ്യയ്ക്കു കഴിയുന്നു. അല്പം ദാഹജലം കൊടുത്തവർക്കും നിത്യമായ സമ്മാനം ലഭിക്കുമെന്ന യേശുവചനം ഈ കവിതയിൽ

സാർഥകമാകുകയും ചെയ്യുന്നുണ്ട്. അവശ്യംവേണ്ട അലങ്കാരങ്ങളേ ഈ കൃതിയിൽ കാണുന്നുള്ളു. പ്രോബായുടെ ക്രോധത്തെ പ്രകാശിപ്പിക്കാൻ

ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുവപ്പിച്ചു
ക്രോധവീര്യാൽ മുഖം സൂര്യാ മേഘമായി മൂടി

എന്നു പറയുന്ന കവി അതിദാരുണമായ പീഡാനുഭവത്തെ

കന്നിയുടെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു
ചിന്നിവീഴും ചോരകൊണ്ടു കുതിർത്തു ഭൂമി

എന്നുമാണ് വരച്ചുകാട്ടുന്നത്.

മാണിക്യം കുപ്പയിൽ കിടന്നാലും അതിന്റെ ശോഭ ഇല്ലാതാവുകയില്ല. ചാവറക്കൃതികൾ രചിക്കപ്പെട്ടത് 19-ാം നൂറ്റാണ്ടിൽ ആണെങ്കിലും അനാസ്ഥമൂലം ജനശ്രദ്ധയിൽ അവ വന്നിരുന്നില്ല. അദ്ദേഹത്തിന്റെ മരണത്തിനു കാൽനൂറ്റാണ്ടിനു ശേഷമാണ് പത്രപ്രവർത്തനരംഗവും അതിനോടു ചേർന്നുള്ള സാഹിത്യചർച്ചകളും ആരംഭം കുറിച്ചത്. ഭക്തിസംവർദ്ധക ഗ്രന്ഥങ്ങൾക്കൊപ്പം മാന്നാനത്ത് ഇടയ്ക്കൊക്കെ അച്ചടിച്ചിരുന്ന ചാവറക്കൃതികൾ കവിതകളായതിന്റെ പേരിൽ സാമാന്യജനങ്ങൾക്ക് ഏറെ പഥ്യമായിരുന്നില്ല. അവയുടെ മൂല്യം അറിയേണ്ടവർ അറിഞ്ഞത് ഏറെ വൈകിയാണ്.

കാളിദാസ മഹാകവിക്ക് സമശീർഷനായിരുന്ന ഭാസനെ ലോകം അറിഞ്ഞത് എപ്പോഴാണ്. തിരുവനന്തപുരത്തുനിന്ന് കഴിഞ്ഞ നൂറ്റാണ്ടിൽ കണ്ടെടുത്ത ഭാസന്റെ *നാടകചക്രം* (പത്തു നാടകങ്ങൾ) ഇന്ന് ലോകമെമ്പാടും അമൂല്യസാഹിത്യകൃതികളായി വാഴ്ത്തപ്പെടുന്നുണ്ടല്ലോ.

ക്ഷണപ്രഭാചഞ്ചലമായ ലൗകികലാഭങ്ങൾ ത്യാജകോടിയിൽത്തള്ളി, അനർഘവും അനശ്വരവുമായ ദിവ്യസ്നേഹത്തിന്റെ അമോഘമേഖലകളിലേക്ക് ഉഡ്ഢയനം ചെയ്യുന്ന ആത്മാവിന്റെ ചിറകടിസ്വനങ്ങൾ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന കൃതിയിൽ നാം ശ്രവിക്കുന്നു. മർദ്ദനങ്ങളുടെ മുമ്പിൽ മനമിടറാതെ നിൽക്കുകയും മരണത്തെ നിത്യതയുടെ ദിവ്യയാനമാക്കുകയും ചെയ്ത ഒരു തരുണീരത്നത്തിന്റെ ജീവിതം അനുഗാനം ചെയ്യുന്ന ഈ കൃതി ഈർച്ചവാളിന്റെ വായ്ത്തലക്കടി പണിയാത്ത മനുഷ്യാത്മാവിന്റെ ഈശ്വരോന്മുഖ പ്രയാണത്തിന്റെ നിസ്തുല പ്രതീകമാണ്. *ആത്മാനുതാപ*ത്തിൽ ഉഷസന്ധ്യയുടെ സൗമ്യപ്രകാശമാണ് ഓളം വെട്ടുന്നതെങ്കിൽ മദ്ധ്യാഹ്ന സന്ധ്യയുടെ തീക്ഷ്ണജ്വാലകളാണ് വീരരസം ഉൾത്തുടികൊട്ടുന്ന *അനസ്ത്യാസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതിയിൽ ഉജ്ജ്വലശോഭചാർത്തി നിലനില്ക്കുന്നത്.

കാലം മറന്നു കളഞ്ഞെങ്കിലും കാലാതിവർത്തിയായ ശോഭയോടെ ഭാഷായോഷയുടെ കണ്ഠാഭരണത്തിനു മാണിക്യപ്പതക്കമായി ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ കൃതികൾ നിലകൊള്ളും. അവയുടെ അഴകും മൂല്യവും സാഹിത്യവേദികൾ അറിഞ്ഞാദരിക്കുന്ന കാലം വിദൂരമല്ല. ■

## പരാമർശ സൂചിക


1. ഭാഷാസാഹിത്യചരിത്രം. *സി.ജെ. മണ്ണുമ്മൂട്* - പി.ഡി. പ്രസ്സ്, കോട്ടയം.
2. ഇന്നത്തെ തലമുറയിലെ ആളുകൾക്ക് സി. അന്തപ്പായിയെ അധികം പരിചയമില്ലായിരിക്കാം. നമ്മുടെ സാഹിത്യത്തെ പ്രത്യേകിച്ച് വിമർശനത്തെ നവീനപന്ഥാവിലേക്ക് തിരിച്ചുവിട്ട ചിന്തകനാണ് സി. അന്തപ്പായി. ഒ. ചന്തുമേനോന്റെ *ശാരദ* എന്ന നോവലിന്റെ രണ്ടാം ഭാഗം രചിച്ച സി. അന്തപ്പായി പത്രപ്രവർത്തനരംഗത്തെ ഒരു രക്തസാക്ഷി ആയിരുന്നുവെന്നും പറയണം. നമ്മുടെ സ്കൂളുകളിൽ അധ്യാപകർക്ക് മാസം എട്ടുരൂപ മാത്രം ശമ്പളം ഉണ്ടായിരുന്ന അക്കാലത്ത് കൊച്ചി സർക്കാരിന്റെ രജിസ്ട്രേഷൻ സൂപ്രണ്ട് എന്ന പദവിയിൽ മാസം 250 രൂപയ്ക്ക് ജോലി ചെയ്തുപോന്ന അദ്ദേഹത്തെ ഒരു സുപ്രഭാതത്തിൽ 85 രൂപാ പെൻഷൻ നല്കി പിരിച്ചയക്കുകയായിരുന്നു. കൊച്ചി സർക്കാരിന്റെ പക്ഷഭേദനയത്തെ നിശിതമായി വിമർശിച്ച് *യുണൈറ്റഡ് ഇന്ത്യാ ആൻഡ് നേറ്റീവ് സ്റ്റേറ്റ്സ്* എന്ന പ്രസിദ്ധീകരണത്തിൽ ലേഖനമെഴുതി എന്നതായിരുന്നു കാരണം. അതും സ്വന്തം പേരിലല്ല *ഹാർമണി* എന്ന തൂലികാനാമത്തിൽ. ഇതിനെതിരെ തിരുകൊച്ചിയിൽ സഹതാപയോഗങ്ങളും പത്രങ്ങളിൽ നിശിതവിമർശനവും *ദീപിക*യിൽ രണ്ട് ആക്ഷേപമുഖപ്രസംഗങ്ങളും വന്നു. കൊച്ചിസർക്കാർ പക്ഷേ വഴങ്ങിയില്ല; ജോലി തിരിച്ചുകൊടുത്തില്ല. 28 കൊല്ലത്തെ സേവനം അവസാനിപ്പിച്ചു അദ്ദേഹം. പിന്നീട് *നസ്രാണി ദീപിക*യുടെ പത്രാധിപ സമിതി അംഗമായി പത്രപ്രവർത്തനവും സാഹിത്യപ്രവർത്തനവും ഒരുമിച്ചുകൊണ്ടുപോവുകയായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ സ്മാരകപ്രസ്ഥാനങ്ങൾ ഉയർന്നുവന്നില്ലെങ്കിലും ആതേജഃസ്വിയുടെ നിസ്തുലങ്ങളായ സംഭാവനകൾ കാലമേറ്റു പറയുന്നു.
3. ചാവറയച്ചന്റെ കവിതകൾ *സി. അന്തപ്പായി.* നസ്രാണി ദീപിക, 1902.
4. ചാവറയച്ചന്റെ സ്മരണ ശതാബ്ദിയിൽ. *ജോസഫ് മുണ്ടശ്ശേരി.* നസ്രാണി ദീപിക, 1971.
5. 2009 ആഗസ്റ്റിൽ ലേഖകന് അയച്ച കത്തിൽനിന്നും.
6. 1983 ഡിസംബറിൽ ലേഖകന് അയച്ചകത്തിൽനിന്നും.
7. ഹംഗറിക്കാരനായ *ജോൺ ഏണസ്റ്റസ് ഹാങ്സൽഡർ* ആണ് അർണോസ് പാതിരി എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ഏണസ്റ്റസിന്റെ മലയാള രൂപമാണത്രെ അർണോസ്. എഴുത്തച്ഛനെ മാതൃകയാക്കിക്കൊണ്ടാണ് ഇദ്ദേഹം *ചതുരന്ത്യം, മിശിഹാ ചരിത്രം, കന്യാമറിയത്തിന്റെ ജീവിതകഥപാടുന്നു, ദൈവമാതൃചരിതം (ഉമാപർവം), വ്യാകുലപ്രയോഗം* തുടങ്ങിയ കൃതികൾ മഞ്ജരി, കാകളി വൃത്തങ്ങളിൽ രചിച്ചത്.
8. ചാവറ പിതാവിന്റെ *ആത്മാനുതാപം* എന്ന കാവ്യകൃതി അർണോസ് പാതിരിയുടെ രചനയായാണ് ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിന്റെ ആദ്യപതിപ്പിലും സർവ്വവിജ്ഞാനകോശത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്. സാഹിത്യചരിത്രം തുടർപ്പതിപ്പുകളിൽ അതു തിരുത്തി.
9. അർണോസ് പാതിരിയുടെ കാവ്യരചനകൾ എല്ലാ പരിമിതികളുടെ നടുവിലും കേരളത്തിലെത്തി മലയാളം പഠിച്ച് എഴുത്തച്ഛനെയും ചെറുശ്ശേരിയെയും അറിഞ്ഞു 18-ാം ശതകത്തിൽ കവിതയെഴുതിയ ഒരു പാശ്ചാത്യന്റെ മലയാളമണ്ണിനോടുള്ള

പ്രതിസമർപ്പണത്തിന്റെ പേരിൽ നമ്മുടെ നിത്യകൃതജ്ഞത അർഹിക്കുന്നു. 18-ാം ശതകത്തിൽ തന്നെ ജീവിച്ചിരുന്ന ചാക്കോ മാപ്പിള ഇതേ ശ്രേണിയിൽ കാവ്യരചന നടത്തിയിരുന്നു. *ചെറിയ തോബിയാസിന്റെ പാട്ട്, ശൂശരാജാക്കന്മാരുടെ പാട്ട്* എന്നിവ ഉദാഹരണം. ഒന്നാമത്തേത് അരയന്നത്തെക്കൊണ്ടും പ്രാവിനെക്കൊണ്ടും പാടിച്ചിരിക്കുംവിധമാണ് എഴുതിയിട്ടുള്ളത്. *മംഗല്യവട്ടക്കളി, അന്നംചാർത്തുപാട്ട്, മൈലാഞ്ചിപ്പാട്ട്, അയനിപ്പാട്ട്, എടുത്തിരവട്ടക്കളി, വാഴക്കളി, പന്തൽപ്പാട്ട* തുടങ്ങിയവയായിരുന്നു പ്രചാരത്തിലുണ്ടായിരുന്ന മറ്റു പാട്ടുകൾ. കേരളവർമയുഗം കഴിഞ്ഞതോടെതന്നെ ഏതാണ്ട് മുഴവനായിത്തന്നെ അസ്തമിച്ച കിളിപ്പാട്ടു രീതിയുടെ അവസാനത്തെ കണ്ണി എന്ന നിലയിൽ *മലയാളസാഹിത്യത്തിലെ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സായംകാല പ്രതിനിധി* എന്നാണ് പി. ഗോപകുമാർ ചാവറയച്ചനെ വിശേഷിപ്പിച്ചുകാണുന്നത്. ചാവറയച്ചന്റെ കാലത്ത് സംസ്കൃതവൃത്തങ്ങൾക്കായിരുന്നു പ്രാമാണ്യമെങ്കിലും അന്ന് നാട്ടിൽ നിലനിന്നിരുന്ന പതിനഞ്ചിലേറെ ഗാനവൃത്തങ്ങൾ അദ്ദേഹം ഉപയോഗിച്ചത് തനത് ഗാനശൈലിയോടുള്ള ആഭിമുഖ്യത്താലും അപ്രകാരം നാടൻ ശൈലികളെയും വൃത്തങ്ങളെയും വരവേല്ക്കുക വഴി സംസ്കൃതികളുടെ സമ്യക് സമന്വയം നിവർത്തിക്കുവാൻ വേണ്ടിയുമാണെന്നാണ് നിരീക്ഷണം.

10. 2009 ആഗസ്റ്റിൽ ലേഖകനയച്ച കത്തിൽനിന്നും.
11. ചാവറയച്ചന്റെ കവനരീതി, *സുകുമാർ അഴീക്കോട്*. ചാവറയച്ചൻ വിവിധ വീക്ഷണങ്ങളിൽ. തേവര പ്രസ്സ്, 1989.

മൂന്ന്

# അറിവിന്റെ അന്തഃപ്പുരത്തിലേയ്ക്ക് തുറക്കുന്ന വാതിൽ

ഡോ. ഡി. ബാബു പോൾ

ആധുനികകേരളത്തിന്റെ ശില്പികളിൽ ഒരാളായി നിരാക്ഷേപം വാഴ്ത്തപ്പെടേണ്ട പ്രതിഭാശാലിയാണ് ചാവറയച്ചൻ. ഞാൻ ഉൾപ്പെടുന്ന സഭാവിഭാഗത്തിലെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകവഴി ആ സമൂഹത്തിന്റെ ചരിത്രത്തിൽ അതുല്യമായ സ്ഥാനം അദ്ദേഹം ഉറപ്പിച്ചു. കേരളത്തിലെ പ്രാചീന ക്രൈസ്തവസമൂഹത്തിൽ ചാവറയച്ചനെക്കാൾ സ്വാധീനം ചെലുത്തിയ മറ്റൊരാളെ ചൂണ്ടിക്കാണിക്കുക ദുഷ്കരമായിരിക്കും. ചാവറയച്ചന്റെ രണ്ടുമുഖങ്ങൾ ഇന്നും വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല എന്ന് എനിക്ക് തോന്നാറുണ്ട്. ഒന്ന് ചാവറയച്ചന്റെ ആധ്യാത്മികത മറ്റേത് ചാവറ കവിത്വം.

ചാവറയച്ചന്റെ ആധ്യാത്മികാന്വേഷണങ്ങൾ അന്ത്യനാളുകളിൽ അവിടത്തേക്ക് സമ്മാനിച്ച ശരണാഗതഭാവം, ആ ജീവിതത്തിലൂടെ വിഹഗവീക്ഷണം നടത്തിയാൽ അക്ഷികൾക്ക് ലക്ഷീഭവിക്കാൻ പോരുന്നതാണ് ശ്രവണം, കീർത്തനം തുടങ്ങിയ ഒമ്പതു പടവുകളിലൂടെ ഈശ്വരസാക്ഷാത്കാരം പ്രാപിക്കാമെന്ന ഭാരതീയ ചിന്തയുടെ സമൂർത്താവിഷ്കാരമായിരുന്നു ആ ധന്യജീവിതം എന്നിരിക്കേ അതിൽ അദ്ഭുതം തോന്നേണ്ടതില്ല താനും. സുറിയാനി ക്രിസ്ത്യാനികളുടെ ആധ്യാത്മികത അവലോകനം ചെയ്യവേ പരുമല വിശുദ്ധ ഗ്രിഗോറിയൂസിനും ഭരണങ്ങാനത്തെ വിശുദ്ധ അൽഫോൻസാമ്മയ്ക്കും ഒപ്പം വാഴ്ത്തപ്പെട്ട ചാവറയച്ചനെയും പരിഗണനയ്ക്ക് വിധേയമാക്കിക്കൊണ്ട് ഒരു പ്രസംഗമോ ലേഖനമോ ഞാൻ തയ്യാറാക്കിയ കാര്യവും ഇപ്പോൾ ഓർമയിൽ വരുന്നു.

ഭാവസൗന്ദര്യവും രൂപസൗന്ദര്യവും ഏകത്ര സംയോജിപ്പിച്ചിരിക്കുന്നതാണ്, ചാവറ കവിതകൾ. മലയാളത്തിലെ ഖണ്ഡകാവ്യങ്ങളുടെ നിരയിൽ 1861–ൽ വിരചിതമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന അത്യന്തം ശ്രദ്ധേയമായ കൃതിയെ ആദ്യരചനയായി അവതരിപ്പിച്ചുകൊണ്ട് ചാവറ

കവിയെ ഒരു പ്രസ്ഥാനനായകനായി അവതരിപ്പിച്ചുകണ്ടിട്ടുണ്ട്. ഫാദർ ഇസഡ്. എം. മുഴൂർ. കട്ടക്കയത്തെ *ക്രൈസ്തവ കാളിദാസൻ* എന്ന് വിശേഷിപ്പിക്കുന്നതും *പൊട്ടക്കുളത്തിൽ പുളവൻ ഫണീന്ദ്രൻ* എന്ന് അധിക്ഷേപിക്കുന്നതും ഒരുപോലെ ഗർഹണീയമാണ്. ചാവറയച്ചൻ കവിയാണോ എന്ന് കാവ്യകൃതികൾ സ്പർശിക്കാതെ ചോദിക്കുന്നവരോട് ഉത്തരം പറഞ്ഞിട്ട് കാര്യമില്ല. എന്നാൽ ആദ്യത്തെ ആധുനിക മലയാളഖണ്ഡകാവ്യം എഴുതിയത് ചാവറച്ചനാണോ എന്ന വിഷയം നിക്ഷ്പക്ഷമായ ഗവേഷണബുദ്ധിയോടെ ചർച്ച ചെയ്യുന്നത് നമ്മുടെ അറിവ് പരിപോഷിപ്പിക്കാനാണ് ഉതകുക. അങ്ങനെ നോക്കുമ്പോൾ മുഴൂരച്ചൻ തുറന്ന വാതിൽ അറിവിന്റെ അന്തഃപുരത്തിലേക്കാണ് എന്ന് തിരിച്ചറിയാനാകും.

പ്രാചീനഖണ്ഡകാവ്യങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ആധുനികഖണ്ഡകാവ്യങ്ങൾ. മലയാളത്തിൽ കേരളപാണിനി എ.ആറിന്റെ *മലയവിലാസം* ആണ് ഈ പുതിയതരത്തിലെ ആദ്യത്തെ കൃതി എന്നാണ് ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിന് മൂന്നു പതിറ്റാണ്ടുകൾക്കപ്പുറം ചാവറ പിതാവ് രചിച്ച ഖണ്ഡകാവ്യം ആണ് ആദ്യത്തെ ആധുനിക മലയാളഖണ്ഡകാവ്യം എന്നാണ് മുഴൂരച്ചന്റെ പക്ഷം. പ്രമേയം, അവതരണം, നാടകീയത, അലങ്കാരം, രസം, സന്ദേശം തുടങ്ങി പല ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കുമാരകവിയുടെ *വീണപൂവാണ്* ചാവറകൃതിയോട് *മലയവിലാസ*ത്തേക്കാൾ അടുത്തുനില്ക്കുന്നത് എന്ന് മുഴൂരച്ചൻ സ്ഥാപിക്കുന്നു.

അഭിപ്രായഭേദം ഉണ്ടാകാവുന്ന മേഖലയാണ് ഇത്. വേർഡ്സ്വർത്തിനും കോൾറിഡ്ജിനും മുമ്പാണ് ഗ്രേയുടെ *എലിജി* എഴുതപ്പെട്ടത്. കാല്പനിക പ്രസ്ഥാന നായകർക്ക് മുമ്പുതന്നെ ആ ഭാവം ഉൾക്കൊണ്ട കവിതകൾ ഉണ്ടായി എന്നർഥം.

ഇത് ഏതു ഭാഷയിലും സംഭവിക്കാം.

പ്രമേയം ആധുനികമല്ല എന്ന് ഒരു ഭാഗത്തും രൂപവും ഭാവവും ശൈലിയും കല്പനാസൗകുമാര്യവും ഇതിനെ അതിവിശ്ഷ്ടവും ആധുനികവുമായ ഖണ്ഡകാവ്യമാക്കുന്നു എന്ന് മറുഭാഗത്തും വാദങ്ങൾ ഉണ്ടാകാം. ഏതായാലും പഠനാർഹമായ ഒരു അടയാളപ്പലകയാണ് ചാവറയച്ചന്റെ കൃതി എന്നാണല്ലോ ഈ തർക്ക സാധ്യത തെളിയിക്കുന്നത്. മറിച്ച് സ്ഥാപിക്കപ്പെടുന്നതുവരെ മുഴൂരച്ചന്റെ യുക്തിഭദ്രമായ ആശയത്തോട് ചേർന്നു നില്ക്കുവാനാണ് എന്റെ ആഗ്രഹം.

■

* *അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന കാവ്യകൃതിയുടെ 150-ാം വർഷത്തിനു പ്രാരംഭമായി ഫാ. ഇസഡ്. എം. മുഴൂർ 2010ൽ പ്രസിദ്ധപ്പെടുത്തിയ പുനഃപ്രകാശന പതിപ്പിനെഴുതിയ മുഖവുരയിൽനിന്നും.

നാല്

# നാമങ്ങളിലെ നാദം

## റവ. ഡോ. പോൾ കല്ലുവീട്ടിൽ സി.എം.ഐ.

**182** വരികൾ മാത്രമടങ്ങുന്ന ഈ ഖണ്ഡകാവ്യം ദൈവശാസ്ത്രതലങ്ങളുടെ കലവറയാണെന്നു പറയാം. ചില പദങ്ങളും ശൈലികളും കാവ്യത്തിൽ ആവർത്തിച്ചിരിക്കുന്നു. ഇത്തരം ആവർത്തനങ്ങൾ കവിയുടെ ചിന്താതലങ്ങൾ നമ്മുടെ മുമ്പിൽ തുറന്നുവയ്ക്കുകയാണ്. കാവ്യരചനയുടെ ഉദ്ദേശ്യത്തിലേക്ക് അവ വെളിച്ചം വീശുന്നു. അവ അനാവരണം ചെയ്യുന്ന ദൈവശാസ്ത്രതലം അപഗ്രഥിക്കാനുള്ള ശ്രമമാണ് ഈ പഠനം. കാവ്യത്തിലെ കഥാപാത്രങ്ങളുടെ നാമങ്ങളിൽ നിറഞ്ഞുനില്ക്കുന്ന ദൈവശാസ്ത്രദർശനം തന്നെ ചിന്താവിഷയമാക്കാം.

അഞ്ചുനാമങ്ങളാണ് കൃതിയിൽ പ്രത്യക്ഷപ്പെടുന്നത്. അതിൽ സർഗശക്തിയെ പ്രതിനിധാനം ചെയ്യുന്ന പോസിറ്റീവ് കഥാപാത്രങ്ങൾ മൂന്നാണ്. *അനസ്താസ്യ, സോഫിയ, ചീറിലോസ്.* നന്മയുടെ നികേതനമായ ദൈവത്തിന്റെ പ്രതിരൂപങ്ങളാണിവർ. അധമശക്തിയെ പ്രിതിനിധാനം ചെയ്യുന്നവർ രണ്ടുപേർ മാത്രം; വലേരിയൻ ചക്രവർത്തി, പ്രോബാ എന്ന മന്ത്രി. ഇവർ തിന്മയുടെ മൂർത്തീമദ്ഭാവങ്ങളുമത്രെ.

ഒരു തരത്തിൽ *അനസ്താസ്യയുടെ രക്തസാക്ഷ്യ*ത്തിലെ കഥ തിന്മയും നന്മയും തമ്മിലുള്ള പോരാട്ടത്തിന്റേതാണ്. നന്മയെ തിന്മ നിർമാർജ്ജനം ചെയ്യാൻ ശ്രമിക്കുന്നു. അധികാരവും ശക്തിയും ശേഷിയും ശേമുഷിയും തിന്മയുടെ പക്ഷത്താണ്. അനസ്താസ്യയുടെയും ചീറിലോസിന്റെയും വധത്താൽ നാരകീയശക്തികൾ വിജയിക്കുന്നതായി ലൗകികരായ അല്പബുദ്ധികൾക്കു തോന്നാം. പക്ഷേ. അതു തെറ്റാണെന്നു ഗ്രന്ഥകർത്താവു തന്റെ വാക്കുകളിലൂടെ സ്പഷ്ടമാക്കുന്നു. കാവ്യാവസാനത്തിലെ ഈരടികൾ നോക്കുക:

*പുണ്യകന്നി അനസ്താസ്യ...*
*സ്ഥാപകം ചെയ്തു* (173-182)

കഥാപാത്രങ്ങളുടെ സംഖ്യ നിർണയിക്കുന്നതിൽനിന്ന് നന്മയ്ക്കുള്ള മുൻതൂക്കം വ്യക്തമാകുന്നുണ്ട്. നന്മയുടെ ബിംബങ്ങൾ മൂന്നുപേരുണ്ട്. തിന്മയുടെ ആകാരങ്ങളോ രണ്ടുപേർമാത്രം. ചുരുക്കത്തിൽ കാവ്യത്തിലെ കഥ നന്മയുടെ വിജയാഘോഷത്തിന്റെ കഥയാണ്. തിന്മയെ നന്മ നിശ്ശേഷം പരാജയപ്പെടുത്തും. ഉപരിതലത്തിൽ തങ്ങൾ വിജയിച്ചുവെന്ന് നാടകീയശക്തികൾ അവകാശപ്പെട്ടേക്കാം. പക്ഷേ. സ്നേഹത്തിന്റെയും ആത്മധൈര്യത്തിന്റെയും ദൈവവിശ്വാസത്തിന്റെയും നികേതനമായ അനസ്താസ്യായുടെ സന്നിധിയിൽ അവർക്കു ലജ്ജിക്കേണ്ടിവന്നു (127).

ഈ നന്മയുടെ കാവ്യം ബൈബിൾചരിത്രത്തിന്റെ ഒരു കൊച്ചു പതിപ്പാണെന്നും പറയാം. സൃഷ്ടി, മോചനം, രക്ഷ, വിധി എന്നീ രക്ഷാചരിത്രത്തിലെ മുഖ്യപ്രമേയങ്ങളുടെയെല്ലാം അന്തഃസത്ത തിന്മയുടെമേൽ വിജയം വരിക്കുന്ന നന്മയുടേതാണല്ലോ. അവ്യവസ്ഥ എന്ന തിന്മയുടെ ഹനിക്കലാണ് സൃഷ്ടി. ക്രമരഹിതാവസ്ഥയുടെ അരാജകത്വത്തെ സൃഷ്ടികർമത്തിലൂടെ ദൈവം പരാജയപ്പെടുത്തുകയാണ്. *ഉൽപത്തി* ഒന്നാമധ്യായത്തിലെ സൃഷ്ടിയുടെ വിവരണം ബാബിലോൺ മിത്തിന്റെ പശ്ചാത്തലത്തിലാണല്ലോ വിരചിതമായിരിക്കുന്നത്. തിയമത്ത് ദുഷ്ടതയുടെ പര്യായമാണ്; അവ്യവസ്ഥയുടെ ആകാരമാണ്. മർദ്ദുക്ക് നന്മയുടെയും ക്രമസംവിധാനത്തിന്റെയും ദേവനും. ആ ദേവൻ തിയമത്തിനെ നിശ്ശേഷം പരാജയപ്പെടുത്തി. അതോടെയാണ് സൃഷ്ടികർമം ആരംഭിക്കുന്നത്. ഈ ബാബിലോൺ മിത്തിന്റെ ചുവടുപിടിച്ച് അവതരിപ്പിച്ചിരിക്കുന്ന സൃഷ്ടിയുടെ കഥയാണ് *ഉൽപത്തി* ഒന്നാമധ്യായത്തിലേത്. യാഹ്‌വേ സൃഷ്ടികർമം വഴി ക്രമസംവിധാനം ഉളവാക്കി. നന്മ പൂവിരിച്ചു. *എല്ലാം നല്ലതാണെന്ന് അവിടുന്നു കണ്ടു* എന്ന് ആ അധ്യായത്തിൽ ആവർത്തിച്ചിട്ടുണ്ടല്ലോ.

ഈജിപ്തിൽ നിന്നുള്ള ഇസ്രയേൽക്കാരുടെ വിമോചനത്തിന്റെ കഥയും തിന്മയുടെമേൽ നന്മ വിജയംവരിക്കുന്നതിന്റേതത്രെ. ഈജിപ്തും ഫറവോനുമാണ് ദുഷ്ടതയുടെ മൂർത്തീഭാവങ്ങൾ; ഇസ്രയേൽജനം നന്മയുടെ നിദർശനങ്ങളും. അവരെ അടിച്ചമർത്താൻ തിന്മയുടെ ബിംബങ്ങൾ നിരതരം പരിശ്രമിച്ചു. പക്ഷേ നന്മയുടെ സ്രോതസ്സായ യാഹ്‌വേ സ്വന്തം ജനത്തിന്റെ സഹായത്തിനെത്തി; നീചപരിഷകളെ ചെങ്കടലിൽ ആഴ്ത്തിക്കളഞ്ഞു.

പരിത്രാണകർത്താവായ യേശുവിന്റെ കഥ ഇതേ കാഴ്ചപ്പാടിലൂടെ ആഖ്യാനിക്കാനാവുമല്ലോ. അവ്യവസ്ഥയുടെ പ്രതിരൂപങ്ങളായ പാപം, പട്ടിണി, രോഗം, മരണം, അജ്ഞത എന്നീ പ്രതിഭാസങ്ങളെ അവിടന്നു നിശ്ശേഷം പരാജയപ്പെടുത്തി. തിന്മ നന്മയെ തോല്പിക്കുമെന്നു തോന്നിപ്പോകുന്നതായിരുന്നു യേശുവിന്റെ കരിശുമരണം. അനസ്താസ്യയുടെ രക്തസാക്ഷ്യത്വത്തിലും ശത്രുക്കൾ അപ്രകാരം ചിന്തിക്കുന്നുണ്ട്. പക്ഷേ, കുരിശ് ഒരു പരാജയമല്ലായിരുന്നു. ഉയിർപ്പിന്റെ മഹത്വരംഗത്തോടുകൂടിയാണ്

മനുഷ്യപുത്രന്റെ ജീവിതകഥ പര്യവസാനിക്കുന്നതെന്നോർക്കുക. മഹത്ത്വീകൃതമായ കുരിശിന്റെ കഥയാണത്; നന്മയുടെ വിജയത്തിന്റെ വീരഗാഥ.

സൃഷ്ടിയിലും വിമോചനത്തിലും പരിത്രാണത്തിലുമെല്ലാം നിറഞ്ഞുനിൽക്കുന്ന ഒരു പ്രക്രിയയുണ്ട്. വിധിതീർപ്പിന്റേതാണത്. ദൈവം തിന്മയെ ശിക്ഷാവിധി ചെയ്യുന്നു; നന്മയിൽനിന്നു വേർതിരിക്കുന്നു. കടലിനെ കരയിൽനിന്ന് അവിടുന്നു വേർതിരിച്ചു; പകലിനെ രാത്രിയിൽനിന്നു വേർതിരിച്ചു. പലായനം ചെയ്യുന്ന ഇസ്രായേൽഗണത്തിൽനിന്നു ഫറവോന്റെ സൈന്യത്തെ യാഹ്‌വെ ചെങ്കടലിലെ സംഭവത്തിലൂടെ വേർതിരിച്ചു. യേശു പാപത്തെ ശിക്ഷാവിധി ചെയ്തു. ഇനിയോ അന്ത്യവിധിവേളയിൽ ദുഷ്ടരെ ശിഷ്ടരിൽനിന്ന് അവിടുന്നു വേർതിരിക്കും; തന്റെ സന്നിധിയിൽനിന്നു നിർമാർജ്ജനം ചെയ്യും. ഇപ്രകാരമുള്ള വേർതിരിക്കലുകളുടെയും ശിക്ഷാവിധികളുടെയും കഥയാണ് ബൈബിളിലെ കഥ. *അനസ്താസ്യയുടെ രക്തസാക്ഷ്യത്വ*ത്തിന്റെയും കഥ മറ്റൊന്നല്ല.തിന്മ നന്മയിൽനിന്നു വേർതിരിക്കപ്പെടുന്നു. ദുഷ്ടതയുടെ ആകാരങ്ങളായ വലേറിയൻ ചക്രവർത്തിയും പ്രോബാ മന്ത്രിയും ഒരുതരത്തിൽ ശിക്ഷാവിധി ചെയ്യപ്പെടുകയാണ്. അനസ്താസ്യയും ചീറിലോസും അന്ത്യവിധിയിലെ വലതുഭാഗത്തുള്ളവരെപ്പോലെ നിത്യാനന്ദത്തിലേക്കു പ്രവേശിക്കുകയാണ്.

നാമങ്ങളുടെ അർഥത്തിലേക്കു പ്രവേശിച്ചു നോക്കാം.

### അനസ്താസ്യ

*അനസ്താസ്യ* എന്ന നാമത്തിന്റെ അർഥം ഉയിർത്തപ്പെട്ടവൾ ഉത്ഥിതയായവൾ എന്നാണ്. അനസ്താസ്യ ജീവിക്കുന്നു. അവൾ പാപത്തിന്റെയും മോഹത്തിന്റെയും അഹത്തിന്റെയും ചെളിക്കുണ്ടിലേക്ക് ഒരിക്കലും താഴുന്നില്ല. അവയിൽനിന്നെല്ലാം ഉയിർത്തപ്പെട്ട ജീവിതമാണ് അവളുടേത്. ഉത്ഥാനം ചെയ്ത യേശുവിന്റെ സ്വർഗോന്മുഖജീവിതം ഭൂമിയിൽ നയിക്കുന്നവളായി *കന്നീഗണങ്ങളുടെ* (3) *പുണ്യഗേഹത്തിൽ* (6) *സ്നേഹത്തിന്റെ* (5, 8) *കന്യകയും* (23) *പൈതലും* (23) *മണവാട്ടിയുമായി* (51) ജീവിക്കുന്നു. *പൊന്നിനേക്കാൾ വിലയേറും സ്വർണമാണിക്യങ്ങളൊക്കെ മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചീടുന്നു* (21-22). അവളുടെ ജീവിതം ഒരു *ഭജനമാണ്* (22, 26) എങ്ങനെയാണവൾ ഭജനത്തിലേർപ്പെട്ടിരിക്കുന്നത്? കന്യകാത്വം നേർന്നു പുണ്യകേതത്തിൽ സൂക്ഷമുള്ള പുട്ടകത്തിൽ (മുറി എന്ന് അർഥം), നേത്രകാഴ്ച താഴ്ത്തി (കണ്ണടക്കത്തോടെ)യാണവൾ ഭജിക്കുന്നത്. ഭജിക്കുന്നതെന്താണെന്നോ? തന്റെ *മണവാളനെ* (55,57) അവളുടെ *മണത്തെ മുടിപ്പാനായ്* (കല്യാണം നടത്തുന്നതിന്) ധരിത്രിയിൽ,

> *ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി*
> *മെച്ചമേറും കിരീടത്തെ വച്ചു ചൂടി ശിരസ്സിനെ*
> *അർച്ചനയായയണച്ചു തൻ ജീവനും കൂടെ (51-54)*

എന്ന സുന്ദരനായ *പുണ്യരാജമണവാളനും* (55)

അവിടുന്ന്

*മന്നിലുള്ള മണവന്മാരല്ല നിന്റെ* (തന്റെ) *സ്നേഹഭർത്താ*
*ഉന്നതൻനിന്നോടുകൂടെ* (തന്നോടുകൂടെ) (57-58)

അദ്ദേഹം സുന്ദരനാണ്. അവിടത്തെ ഭജിക്കുന്ന സ്നേഹകന്നിയും സുന്ദരിതന്നെ. വിജയക്കൊടിയേന്തി മെച്ചമേറും കിരീടത്തെ ശിരസ്സിൽ വച്ചുചൂടി തന്റെ ജീവനും കൂടെ അർച്ചനയായി അണയ്ക്കുക വഴി അവിടന്ന് സുന്ദരനായി പുണ്യവാനായി, രാജാധിരാജനായി, മഹത്വപൂർണ്ണനായി. ആ മണവാളൻ *സ്നേഹഭർത്താവും ഉന്നതനുമാണ്* (57,58). ആ സുന്ദരന്റെ ആനന്ദം സദാ ഹൃദയത്തിലാവാഹിച്ച്, അതിനെ രാപകൽ കണ്ടുകൊണ്ടിരിക്കലായിരുന്നു അവളുടെ ഭജനം. ആ മഹത്വകാഴ്ച കാണാൻ *നേത്രക്കാഴ്ച അവൾ താഴ്ത്തി.* ഉന്നതനെ ദർശിക്കവാൻ സൂക്ഷമുള്ള *പൂട്ടകത്തിൽ* അടങ്ങി. *പൊന്നിനേക്കാൾ വിലയേറും സ്വർണമാണിക്യ*ങ്ങളൊക്കെ മണ്ണുപോലെ ത്യജിച്ചു. സുന്ദരന്റെ മുഖംസദാ ദർശനവിഷയമാക്കിയപ്പോൾ അനസ്താസ്യ സുന്ദരിയായി. അവൾ *പുണ്യശോഭ* വീശിച്ചു (28) ആ പുണ്യശോഭയെ ആർത്തിയുള്ള പുണ്യശോഭയെന്നാണ് കവി വിശേഷിപ്പിക്കുന്നത്. പുണ്യമണവാളന് അനുരൂപയാകുവാൻ അനസ്താസ്യ *ആർത്തിയോടെ പുണ്യം അഭ്യസിച്ചു.* അതോടെ ഉന്നതനായ *സ്നേഹഭർത്താവിനെപ്പോലെ* (57,58) ആ മണവാട്ടിയും *ഉന്നതയായി* (23) സുന്ദരിയായി, ശോഭിതയായി. *കന്യാത്വം നേർന്നവൾ* (24) *മണവാളനോടൊത്ത് മണവറയിൽ പ്രവേശിച്ച കന്യകകളുടെ ഗണത്തിൽ ചേർന്നു* (മത്താ 25:10) കന്യ അനസ്താസ്യാ ദൈവത്തിരുമുമ്പിൽ ഒരു പൈതലായി ഭവിച്ചു. ദൈവത്തിന് പ്രിയതരരാണല്ലോ പൈതങ്ങൾ. യേശു തന്റെ മടിയിലിരുത്തി ഓമനിക്കുന്നവർ; തന്റെ കരങ്ങളിൽ വഹിക്കുന്നവർ (മാർക്കോ; 36, മത്താ 18; 1-5; ലൂക്കാ 9; 47, 48).

ഉയർത്തപ്പെട്ട അനസ്താസ്യായുടെ തുടർന്നുള്ള ജീവിതവും പുണ്യസോപാനത്തിലൂടെ ഉന്നതങ്ങളിലേക്കുള്ള ഗമനമായിരുന്നു. ഗമനമെന്നു പറയുന്നത് ശരിയല്ല. തന്നെ *ദാഹമോടെ വിളിക്കുന്ന ഭാഗ്യമേറും മണവാളനെ* (47, 48) എതിരേല്ക്കാനുള്ള ഒരു ഓട്ടമായിരുന്നു ആ *സ്നേഹമേറും പുണ്യകന്നി*യുടേത് (61, 72). ദാഹിക്കുന്നവനോടുള്ള ദാഹത്താൽ സുന്ദരിയും വലഞ്ഞു. *പുണ്യപൈതൽ* (63) വേഗമോടെ പുറപ്പെടുകയായി (61) *ക്രിസ്ത്യാനി ശോഭനാമത്തിൽ* (70) അതെ തന്റെ സ്നേഹമണവാളന്റെ നാമധാരിയായി തീർന്നതിൽ അവൾ അഭിമാനിച്ചു. ആ പുണ്യനാമം ഏറ്റുചൊല്ലുന്നവരെ വധിക്കുവാൻ തയ്യാറെടുത്തുനിന്ന ദുഷ്ടപരിഷകളുടെ സവിധത്തിൽ അവൾ തന്റെ പ്രിയന്റെ നാമം പ്രഘോഷിച്ചു. മന്ദഹാസത്തോടും ധൈര്യത്തോടും (62) കൂടെ ആ *മഹാപുണ്യപൈതൽ കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി* (89, 90) ഉദീരണം ചെയ്യുകയായി.

*സ്നേഹമേറും മമനാഥൻ യേശുതന്റെ ഗോത്രനാമം*
*മാനമേറും ക്രിസ്ത്യാനിയെന്നുള്ള നാമമേ*
*എന്നതിനാൽ മമബാല്യകാലമേ തൻ തിരുപത്നി*
*എന്ന പദം നേർന്നുകൊണ്ടു ഭേദമില്ലൊട്ടും*
*ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമചിത്തേ*
*കോലാഹലമായ ശിക്ഷാഭീതിയുമില്ല*
*നിന്റെ ദാനം ത്യജിക്കുമ്പോൾ നിന്റെ ക്രൗര്യം ക്ഷമിപ്പാനും*
*എന്റെ നാഥൻ സർവശക്തൻ തന്നിടും ശക്തി* (91-98)

അഭിഷിക്തനോടൊത്ത് അഭിഷിക്തയാകുവാൻ ആർത്തിപൂണ്ടിരിക്കുന്ന കന്നി *മറുമൊഴിയേകി* (99) അതോടെ *ഉയിർത്തപ്പെട്ടവളുടെ* മഹത്വത്തിന്റെ വിനാഴിക വന്നുചേർന്നു. സ്നേഹമണവാളനോടൊപ്പം *തൻ ജീവനുംകൂടെ അർച്ചനയായണയ്ക്കാൻ* (53, 54) *മണത്തെ മുടിപ്പാനായുള്ള* (51) ദാഹത്തോടെ മാറിടത്തിലണയ്ക്കപ്പെടാനുള്ള (49-50) നാഴിക ആഗതമായി. പീഡാനുഭവത്തിന്റെ മണിക്കൂർ ആരംഭിച്ചു. *ക്രിസ്ത്യാനിയെന്ന സ്നേഹമേറും നാഥൻ യേശു തന്റെ മാനമേറും ഗോത്രനാമം* (91-92) രക്തത്താൽ സ്ഥിരീകരിക്കാനുള്ള രക്ഷയുടെ പുലരിയുദിച്ചു. *തൻ തിരുപത്നി എന്ന പദം നേർന്ന*(93-94)വൾക്ക് ഉത്ഥിതയാകാനുള്ള ഭാഗ്യമായി. *ലോകഭാഗ്യം സമർപ്പിക്കാൻ* ചിത്തത്തിൽ ദാഹമില്ലാത്ത (95) *പുണ്യകന്യയുടെ* (121) സ്വർഗഭാഗ്യം സമർപ്പിക്കാനുള്ള ദാഹം പൂവണിഞ്ഞു. ശത്രുക്കളോടു ക്ഷമിച്ച് അവർക്കായി മാപ്പിരന്ന ആത്മമണവാളനെപ്പോലെ *ശത്രുവിന്റെ ക്രൗര്യം ക്ഷമിപ്പാൻ* സർവശക്തനായ അവളുടെ നാഥൻ ശക്തി നല്കുകയായി (97-98).

ഉത്ഥിതയായവൾ പീഡാനുഭവരംഗത്തിൽ *സന്തോഷഭാവം ഘ(117) പ്രകടിപ്പിക്കുന്നു; മന്ദഹാസം പൂണ്ടു* (132) നില്ക്കുന്ന; *ഉന്നതമാം ദൈവനാമം സ്തുതിച്ചീടുന്നു.* (130) തന്റെ *പുണ്യനാവ് വേരിനോടെ പറിപ്പാനായ്* കല്പനയായ ഉടൻ അനസ്താസ്യാ *നായകനെ സ്തിച്ചവൾ പാടി നന്നായി* (142). എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തുകൾ പറയുന്നതുപോലെ *ജീവജലത്തിന്റെ അരുവികൾ* ഒഴുകും (യോഹ. 7:38) എന്ന് പ്രഘോഷിച്ച സ്നേഹനാഥന്റെ ഹൃത്തടത്തിൽനിന്ന് *രക്തവും ജലവും ഒഴുകിയതുപോലെ* (യോഹ 7:34) കന്യകയുടെയും *ശുദ്ധവായിൽ നിന്നുടനെ കൊച്ചൊരാറെന്നതുപോലെ രക്തധാര* പുറപ്പെട്ടു *നനച്ചു സർവ്വം* (145-146).

കദനത്തിന്റെ കയ്പുനീർ മട്ടോളം കുടിച്ചുകൊണ്ടിരിക്കുമ്പോഴും (മർക്കോ 15:36; യോഹ 19:28-30) അവളിൽ *ധൈര്യശോഭ* വിളങ്ങിനിന്നു (147). കുരിശിലെ യേശുനാഥനെപ്പോലെ ദിവ്യ അറിവാൽ അനസ്താസ്യായും പൂരിതയായിരുന്നു. അവളും *എനിക്കു ദാഹിക്കുന്നുവെന്ന* തിരുമൊഴികൾ ഉരുവിട്ടു. ക്രിസ്ത്യാനിയായ ചീറിലോസ് ആണ് അവൾക്ക്

ദാഹജലം നല്കിയത്. നല്ല കള്ളന് പറുദീസാ വാഗ്ദാനം ചെയ്ത യേശുവി നെപ്പോലെ പുണ്യകന്യയും കൊടുത്തു ചീറിലോസിനും *മരിപ്പാൻ ഭാഗ്യം* (15).

അന്ത്യമുഹൂർത്തം സമാഗതമായി, *തന്റെ യാത്ര സമീപമായെന്നറിഞ്ഞു പുതുകന്നി.* (155) ദൈവപുത്രനെക്കുറിച്ച് യോഹന്നാൻ രൂപപ്പെടുത്തിയ വാർത്തയുമായി ഇതിന് ബന്ധമുണ്ടല്ലോ. *ഈ ലോകം വിട്ട് പിതാവിന്റെ അടുക്കലേക്ക് പോകാനുള്ള സമയം അടുത്തു.* എന്ന് യേശു അറിഞ്ഞു. (യോഹ 13:1) *പുണ്യകന്നി ദൈവത്തെ സ്തുതിച്ചു* (153) *തൻ കരങ്ങളു യർത്തിക്കൊണ്ടണച്ചു സ്തോത്രം* (156) *എല്ലാം പൂർത്തിയായിരിക്കുന്നു* (യോഹ 19:30) പിതാവേ അങ്ങയുടെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു (ലൂക്കാ 23:46) എന്ന മനുഷ്യപുത്രന്റെ ഉദീരണവും അനസ്താസ്യയുടെ അന്ത്യവചസ്സുകളിൽ നിഴലിക്കുന്നു.

*പാപികൾക്കു രക്ഷ ചെയ്‌വാൻ നിന്നു നീ പൂജിച്ചപോലെ*
*പാപിയാമെൻ ജീവപൂജ പൂർത്തിയായ് ഏൽക്ക (167–168)*
*പുണ്യകന്നി ജീവപൂജ ഇഷ്ടമോടെ നിറവേറ്റി ദൈവസന്നിധേ (163–164)*

ഉയിർത്തപ്പെട്ടവളുടെ സ്നേഹമണവാളന്റെ മണിയറയിലേക്കുള്ള ആഘോഷയാത്ര കവി ഇപ്രകാരം വർണിച്ചിരിക്കുന്നു.

*പുണ്യകന്നി അനസ്താസ്യാ തന്റെ ആത്മം ക്ഷണംതന്നെ*
*പുണ്യശോഭ നിറഞ്ഞുള്ള വിസ്മയത്താലേ*
*ദേഹസത്തുക്കളൊക്കെയീ ക്രൂരശോകം ഭവിച്ചപോൽ*
*ദേഹിശോഭ കിരീടങ്ങൾ ചൂടി ആനന്ദാൽ*
*പുഷ്പരാഗം, പത്മരത്നം, വൈരവൈഡൂര്യമാണിക്കം*
*പച്ചമരതകമാറിയലങ്കാരത്താൽ*
*സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ*
*ദാഹമോടെ കുടിവച്ചു മണിയറയിൽ* (173–180)

ഇപ്രകാരം *ഭാഗ്യമേറും മണവാളന്റെ ദാഹമോടെയുള്ള വിളി* അന സ്താസ്യാ അന്വർത്ഥമാക്കി. ഉത്ഥിതന്റെ ശോഭയേറിയ ശരീരംപോൽ അവ ളുടെ ശരീരവും മിന്നിത്തുടങ്ങി. *പാദം വരെ നീണ്ടുകിടക്കുന്ന മേലങ്കിയും മാറോടടുത്ത സ്വർണപ്പട്ടയും ധരിച്ചവനോട് അവൾ സദൃശ്യയായിത്തീർന്നു. വെൺമഞ്ഞുപോലെയും വെൺകമ്പിളിപോലെയും ധവളമായ ശിരസ്സും മുടി യുമുള്ളവനോടു* തുല്യയായി, തീജ്വാലപോലെയുള്ള നയനങ്ങളോട് കൂടി യവനോട് ഒന്നുചേർന്നു; *ചൂളയിൽ ഉരുകിയ പിത്തളപോലെയുള്ള* പാദങ്ങ ളുള്ളവനോടൊത്തു മണവറ പൂകി (വെളി. 1:13–15). മഹത്ത്വീകൃതനായ സ്നേഹമണവാളൻ തന്റെ മണിയറയിൽ ദാഹമോടെ *ഉയിർത്തപ്പെട്ടവളെ കുടിവച്ചു* (179–180).

ചുരുക്കത്തിൽ അനസ്താസ്യാ എന്ന നാമത്തിന്റെ അർത്ഥമായ ഉയിർത്തപ്പെട്ടവൾ അഥവാ ഉത്ഥിതയായവൾ എന്ന സംജ്ഞ ജീവിക്കയും

മരിക്കയും നിത്യമായി ജീവിക്കയും ചെയ്തവളാണ് അനസ്താസ്യ. ആ നാമത്തിന്റെ നാദം കാവ്യത്തിൽ മുഴങ്ങിനിൽക്കുന്നു. അനസ്താസ്യ ഒരു വ്യക്തിയല്ല. ഒരു ബിംബമാണ്. നിദർശനമാണ്, ക്രിസ്ത്യാനിയുടെയും അർപ്പിതാവിന്റെയും സിംബലാണ്.

### സോഫിയ

വിജ്ഞാനമെന്നാണ് സോഫിയ സംജ്ഞയുടെ അർഥം. ആ *ഗുരുത്തിയമ്മ*(7)യുടെ ഈ നാമം *അനസ്താസ്യയുടെ രക്തസാക്ഷ്യ*ത്തിൽ *അത്ഭുതമായി* വിളങ്ങുന്നുണ്ട്.(1) വിജ്ഞാനത്തിന്റെ മനുഷ്യാവതരാമായ യേശു ആ *ശ്രേഷ്ഠ*(1)യിൽ ജീവിച്ചു. ലോകത്തിന്റേതായിരുന്നില്ല സോഫിയയുടെ വിജ്ഞാനം. പ്രത്യുത, അത് *നിത്യ ഉണ്മയായ* (182) ദൈവത്തിന്റേതായിരുന്നു. കാവ്യം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നത് ഈ വിജ്ഞാനിയുടെ ചെയ്തികളെക്കുറിച്ചുള്ള പരാമർശങ്ങളോടു കൂടിയാണ് (1.2-181-192). സാക്ഷാൽ വിജ്ഞാനിയായി ഇഹത്തിലെങ്ങിനെ വ്യാപരിക്കണമെന്നു സോഫിയ നമ്മെ പഠിപ്പിക്കുന്നു.

അദ്ഭുതമായി വിളങ്ങുന്നവളാണ് സോഫിയ. വിജ്ഞാനദീപമാകുന്ന യേശുവെപ്പോലെ ആ അമ്മയും തിളങ്ങിനിൽക്കുന്നു. യേശുവിന്റെ പ്രകാശത്താലാണ് സോഫിയ വിളങ്ങുന്നത്. സ്വയം തിളങ്ങുക മാത്രമല്ല മറ്റുള്ളവരെ തെളിക്കുകയും ചെയ്യുന്നു അവർ. പുതുകന്നിഗണത്തിന്റെ ശ്രേഷ്ഠയാണവൾ. സോഫിയയുടെ വിളങ്ങലിനുകാരണം അവളുടെ ഭജിക്കലാണ് (2) തന്റെ സ്നേഹമണവാളനായ യേശുവിനെയാണവൾ രാപ്പകൽ ധ്യാനിക്കുന്നത്. ആ തിരുനാമം സദാ ഭജിക്കുകയും ഭജിപ്പിക്കുകയും ചെയ്തിരുന്നു. ആ ഭജനത്തിൽനിന്ന് ഉരുത്തിരിയുന്നതാണ് സോഫിയയുടെ വിജ്ഞാനം. അവളുടെ ചെയ്തികളുടെയെല്ലാം നിദാനവും ഉറവിടവും അതുതന്നെ.

സോഫിയയുടെ പദവികൾ കവി വിവരിക്കുന്നുണ്ട്. അവൾ *ശ്രേഷ്ഠ*യാണ് (1) തിന്മയുടെ നിറകുടമായി അറിയപ്പെട്ടിരുന്ന *ചൊൽപ്പെരിയ റോമ* (2) തന്നിലാണ് സോഫിയ ഭജിക്കുക. നികൃഷ്ടരുടെ ഇടയിൽ വസിക്കുന്ന ശ്രേഷ്ഠ, തിന്മയുടെ നടുവിൽ തെളിഞ്ഞുനിൽക്കുന്ന നന്മയാകുന്ന വിജ്ഞാനദീപമാണ്.

സോഫിയയുടെ മറ്റൊരു പദവിയാണ് അമ്മ. *അമ്മ സോഫിയ പ്രിയമാതാ* (5, 181) *ഗുരുത്തിയമ്മ* (7), *കന്നി സോഫിയാമ്മ* (20) *പുണ്യസോഫിയ* (45, 59) ഈ സംജ്ഞകളിൽ സ്നേഹമയിയായ അമ്മയുടെ രൂപമാണ് തെളിഞ്ഞുനില്ക്കുന്നത്. സോഫിയയുടെ സ്നേഹത്തിന്റെ മറ്റൊരു നിദാനം അവൾ *കന്നിസോഫിയാമ്മ* ആണെന്നതാണ് (20) യേശുവിന് പൂർണമായി പ്രതിഷ്ഠിത, അർപ്പിത. അവിടുത്തെ മണവാളനായി സ്വീകരിച്ചതിനാൽ ആ കന്യക മറ്റുള്ളവരുടെ അമ്മയായിത്തീർന്നു യേശുവിന്റെ പുണ്യത്തിൽ പങ്കാളിയായി ഭവിക്കുന്നു; *പുണ്യസോഫിയ* എന്ന വിശേഷണത്തിന് അർഹയാകുന്നു.

സ്നേഹം തന്നെയായ ദൈവത്തിന്റ സ്നേഹം മറ്റുള്ളവർക്ക് ആ അമ്മ പകർന്നു നൽകുകയാണ്. കന്നിയുടെ *പ്രിയമാതാ* (5) ആണവൾ. തന്റെ മക്കളെ സ്നേഹത്താൽ അവർ പുലർത്തിവന്നു (8) അനസ്താസ്യയെ *സ്നേഹത്തോടെ മകളായി സ്വീകരിച്ചു* (5) സ്നേഹത്തിന്റെ വിദ്യ ആ *ഗുരു അിയമ്മ* (7) തന്റെ മക്കളെ അഭ്യസിപ്പിച്ചു. തന്മൂലം അനസ്താസ്യ *സ്നേഹ പുത്രിയും സ്നേഹമേറും മകളുമായി* (47).

റോമിലെ അധികാരസഭയുടെ മുമ്പിൽ അനസ്താസ്യ വിളിക്കപ്പെടുമെന്ന റിഞ്ഞപ്പോൾ ആ വിജ്ഞാനിയായ അമ്മ ചെയ്തതെന്താണ്? *ചേർത്തു തന്റെ മാർവിടത്തിൽ സ്നേഹപുത്രിയെ* (46) ഒരമ്മയ്ക്കടുത്ത സ്നേഹവാത്സല്യ ത്തോടെ സ്നേഹപുത്രിയെ മാറിലമർത്തിക്കൊണ്ട് സോഫിയ പറഞ്ഞു.

*സ്നേഹമേറും മകളേ നിൻ ഭാഗ്യമേറും മണവാളൻ*
*ദാഹത്തോടെ വിളിക്കുന്നു വേഗമായ്പ്പോക*
*പൂർവകാലേ തൻ കരത്തെ നീട്ടി നിന്നെ ദാഹമോടെ*
*മാറിടത്തിലണച്ചൊരു രാജനെയോർക്ക*
*നിൻമണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ*
*ഭംഗിയേറും കൊടിയേന്തി വൻഗിരിയേറി*
*മെച്ചമേറും കിരീടത്തെ വച്ചുചൂടി ശിരസ്സിനെ*
*അർച്ചനായയന്നു നല്കി ജീവനും കൂടെ*
*ഇന്നു തന്റെ മഹത്ത്വം നീ കാട്ടുക വേഗം*
*മന്നിലുള്ള മന്നവന്മാരല്ല നിന്റെ സ്നേഹഭർത്താ*
*ഉന്നതൻ നിന്നോടുകൂടെ എന്നു നീയോർക്ക്* (47>58)

പഴയചിത്രം ഓർക്കുവാനാണ് പുണ്യസോഫിയ തന്റെ സ്നേഹമേറും മകളോട് ആവശ്യപ്പെടുന്നത്. പണ്ടേതന്നെ രാജാവും മണവാളനുമായ യേശു നാഥൻ സ്നേഹദാഹത്താൽ അനസ്താസ്യയെ കരം നീട്ടി മാറിടത്തിലണ ച്ചതല്ലേ....

ആ സ്നേഹരാജന്റെ ആശ്ലേഷം അനുഭവിച്ചവളാണു നീ. അതിന്റെ മാധുര്യം നിന്റെ സ്മരണയിൽ ഇന്നും മായാതെ നില്ക്കുന്നുണ്ടല്ലോ. നിന്നെ കല്യാണം കഴിക്കാനായി ഒൺമയോടെ (അരുമയോടെ) അവിടന്നു കുരി ശാകുന്ന മനോഹരമായ കൊടിയുമേന്തി വൻഗിരിയേറിയല്ലോ. തന്റെ ശിര സ്സിൽ ആ മണവാളൻ മെച്ചമേറും കിരീടത്തെ വച്ചു ചൂടിയിരുന്നല്ലോ. നിന ക്കായി തൻ ജീവനും കൂടെ അർച്ചനയായി അണച്ചുവല്ലോ. ഈ ഭൂമിയിലെ മണവാളന്മാരെക്കാൾ ഉന്നതനാണ് നിന്നോടുകൂടെയുള്ള നിന്റെ സ്നേഹ കാന്തൻ. ഈ സത്യവും നീ ഓർക്കുക. ആ ഭാഗ്യമേറും മണവാളൻ ഇതാ നിന്നെ ദാഹമോടെ വിളിക്കുകയാണ്. വേഗം പോകുക. സുന്ദരനും പുണ്യ രാജമണവാളനുമായ യേശുവിന്റെ മഹത്ത്വം നീയാണിന്നു കാട്ടേണ്ടത്!

ഈ വാക്കുകൾ ഉച്ചരിച്ചുകൊണ്ട് *പുണ്യസോഫിയ സ്നേഹമകൾ കന്നി തന്നെ നന്ദിയോടെ മുത്തിവിട്ടു* (56-60). എത്രയോ വിജ്ഞാനപ്രദമായ

വാക്കുകളാണിവ. ദൈവജ്ഞാനത്തിന്റെ ഔന്നത്യങ്ങളിൽ സ്ഥാനം പിടിച്ച ഒരമ്മയ്ക്കേ ഇത്തരം വാക്കുകൾ ചൊല്ലാനാവുകയുള്ളു. അഭൗമികത്വത്തിൽ കണ്ണും നട്ടിരിക്കുന്നവർക്കേ ഇത്തരം വിജ്ഞാനം ലഭ്യമാവുകയുമുള്ളു.

ഈ വാക്കുകൾ ചൊല്ലി പുണ്യസോഫിയ തന്റെ മകളെ *നന്ദിയോടെ മുത്തിവിടുകയാണ്* (60), നന്ദിയെന്ന പദത്തിന്റെ ഉപയോഗം ശ്രദ്ധിക്കുക. ആർക്കാണവൾ നന്ദി പറയുന്നത്? തന്റെ കന്നിയായ സ്നേഹമകൾക്ക് ഇത്ര വലിയ ഭാഗ്യം ലഭിച്ചതിൽ ആ അമ്മ സ്നേഹമണവാളനോട് നന്ദി ചൊല്ലുന്നു. മകളോടും ആ ഗുരുത്തിയമ്മയ്ക്ക് നന്ദിയുണ്ട്. കാരണം ഇത്ര വലിയ പദവി ഏറ്റെടുക്കാൻ സ്നേഹപുത്രി ധൈര്യം കാണിക്കുന്നല്ലോ (60).

വിജ്ഞാനപ്രബോധനം സ്നേഹത്തിന്റെ ശൈലിയിൽ ശ്രവിച്ചതോടെ *സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ടു* (61) വൈദികവിജ്ഞാനം ആ ഹൃദയത്തെ ഉജ്ജ്വലിപ്പിച്ചു; സ്നേഹചുംബനം അവളുടെ പാദങ്ങൾക്കു വേഗമേകി.

അമ്മയായ സോഫിയായെ കാവ്യത്തിന്റെ അന്ത്യ ഈരടികളിൽ വീണ്ടും കാണുന്നു. അവൾ *തന്റെ പുതുകന്നിദാഹം ഒൺമയാലെടുപ്പിച്ചു സ്ഥാപകം ചെയ്തു.* (181-182). രക്തസാക്ഷിയായിത്തീർന്ന തന്റെ ഓമനമകളുടെ മൃതദേഹം എത്ര അരുമയോടെയാണ് ആ അമ്മ എടുപ്പിക്കുന്നത്. അതിനെ ഭക്ത്യാദരവോടെ അവൾ കല്ലറയിലടക്കി. യേശുവിന്റെ പൂജ്യശരീരം അമ്മയും അരുമശിഷ്യരുംകൂടി സ്നേഹബഹുമാനപൂർവം എടുത്ത് അടക്കം ചെയ്യുന്ന കാര്യമാണ് ഇത്തരുണത്തിൽ ഓർമ്മ വരിക. യേശുവിനോടൊപ്പം അനസ്താസ്യയും *ഉത്ഥിതയാകും*. അതാണല്ലോ അവളുടെ നാമത്തിന്റെ അർത്ഥം. ആ അമ്മയ്ക്ക് അത് അറിയാമായിരുന്നു. മക്കബായക്കാരുടെ മാതാവിനെപ്പോലെ സോഫിയയും മർദ്ദിതരുടെ ചെയ്തികളിൽ പതറിയില്ല. തന്റെ മകൾ രക്തസാക്ഷിയാകുന്നതു സോഫിയയും അഭിമാനപൂർവം നോക്കിനിന്നു. രക്തസാക്ഷിമകുടം ചൂടുന്ന മകനെ നോക്കി കുരിശിൻ ചുവട്ടിൽ ഭക്തിപൂർവം നിലകൊണ്ട സഹരക്ഷകയായ അമ്മയേയും സന്ദർഭയുക്തമായി അനുസ്മരിക്കാം.

സോഫിയയും ഒരു സിംബലാണ്. ക്രിസ്തീയ, സന്യാസകുടുംബത്തിന്റെ നാഥയുടെ അഥവാ നായകന്റെ ബിംബം. ലോകത്തിന്റെ വിജ്ഞാനത്താലല്ല ശ്രേഷ്ഠന്മാരും ശ്രേഷ്ഠകളും പൂരിതരാകേണ്ടത്. പ്രത്യുത ദൈവീക വിജ്ഞാനത്താലാണ് എന്ന സത്യം ഈ അമ്മ നമ്മെ പഠിപ്പിക്കുന്നു.

ചാവറപിതാവിന്റെ ബിംബം തന്നെയാണ് സോഫിയ. പിതാവും തന്റെ മക്കളെ വിജ്ഞാനത്തിന്റെ പാതിയിലൂടെ വഴിനടത്തിയല്ലോ.

**ചീറിലോസ്**

ചീറിലോസ് അഥവാ സിറിൽ ഗ്രീക്കിൽ (ക്യൂരിയോസ്) കർത്താവ് അഥവാ നാഥനെ അർത്ഥമാക്കുന്നു. യേശുവാണല്ലോ ക്യൂരിയോസ്, ആ

ദിവ്യനാഥന്റെ ഒരു അകന്ന ബിംബമാണ് കാവ്യത്തിലെ ചീറിലോസ്. കഥയിലെ അവസാനരംഗത്തിലാണ് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. കവി ചീറിലോസിനെ വിശേഷിപ്പിക്കുന്നത് *ക്രിസ്ത്യാനി* എന്നാണ് (159). അഭിഷിക്തനായ യേശുവിനെപ്പോലെ പരിശുദ്ധാരൂപിയാലും സ്നേഹത്താലും അഭിഷിക്തനായവൻ. ഉടനടി രക്താഭിഷേകത്താൽ തന്റെ നാഥനായ യേശുവിന് സാക്ഷ്യം വഹിക്കുകയും അവിടത്തോട് അനുരൂപപ്പെടുകയും ചെയ്യാനിരിക്കുന്നവൻ.

അനസ്താസ്യയുടെ പീഡാനുഭവരംഗത്തു യേശുവിന്റെ വിശ്വസ്ത ശിഷ്യനായ യോഹന്നാനെപ്പോലെ ചീറിലോസും സന്നിഹിതനായിരുന്നു. പരിശുദ്ധ കന്യകമറിയത്തെയും യോഹന്നാനെയും പോലെ അദ്ദേഹവും ചാരെ നില്കുകയായിരുന്നു (149). തന്റെ വത്സല സഹോദരിയുടെ ധൈര്യത്തിലും സ്നേഹത്തിലും ചീറിലോസ് പുളകിതഗാത്രനായിത്തീർന്നിരിക്കണം. സ്നേഹകന്യകയ്ക്ക് യേശുനാഥൻ നല്കിയ മഹാഭാഗ്യത്തിൽ ആ യുവാവിന് അല്പം അസൂയ തോന്നിയിരിക്കാനും സാധ്യതയുണ്ട്. അവൾക്കു കൈവന്ന ഭാഗ്യം തനിക്കും നല്കാനായി തന്റെ നാഥനോടു ചീറിലോസ് പ്രാർത്ഥിച്ചുകാണുമായിരിക്കും. ഏതായാലും യേശുവിനോടൊപ്പം അദ്ദേഹത്തിനും അഭിഷക്തനാകാൻ വരം ലഭിച്ചു. അനസ്താസ്യായുടെ മാദ്ധ്യസ്ഥ്യത്താലാണ് ആ അനുഗ്രഹം അദ്ദേഹത്തിനു സിദ്ധിച്ചത്. *കന്യാപൈതൽ ദിവ്യ അറിവാൽ* (147) അദ്ദേഹത്തെ *ചാരെയങ്ങു നയനത്താൽ* വിളിച്ചുകാട്ടി *അല്പമായ ജലംതന്നെ കുടിപ്പിപ്പാൻ* കാട്ടിയവൾ (150-155). ദൈവത്തിന്റെ പ്രത്യേക നിവേശനത്താൽ ചെയ്ത പ്രവൃത്തിയാണത്.

തനിക്കു ലഭിച്ച ക്ഷണം ഉടനടി ചീറിലോസ് സ്വീകരിച്ചു. *സൽപുരുഷൻ ക്ഷണത്തോടെ കൊടുത്തു ധൈര്യാൽ* (152). യേശുവിന്റെ അനുയായികളുടെ ആത്മധൈര്യമാണ്. സ്നേഹത്തിനുവേണ്ടി, സത്യത്തിനുവേണ്ടി, നീതിക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുവാനുള്ള തന്റേടം. വരുംവരായ്കൾ അറിഞ്ഞുകൊണ്ടാണ് ചീറിലോസ് അപ്രകാരം പ്രവർത്തിച്ചത്. താൻ യഥാർഥ ഒരു പുരുഷനാണെന്ന് അദ്ദേഹം തെളിയിച്ചു. കവി അദ്ദേഹത്തെ *സൽ പുരുഷൻ* എന്നു വിശേഷിപ്പിച്ചിരിക്കുന്നതു നോക്കുക.

മരിപ്പാനുള്ള ഭാഗ്യം അനസ്താസ്യ ചീറിലോസിനു കൊടുത്തു (154).

*പുണ്യനായ ചീറിലോസ് തൻ ശിരസ്സു നമിച്ചുടൻ*
*പുണ്യഭാഗ്യമുടി നേടി വാളിനാലപ്പോൾ*
*തന്റെ നാമാൽ അല്പം വെള്ളം കൊടുത്തെന്നാൽ അവൻകൂടെ*
*തന്റെ രാജോഭാഗഹീനം ഭവിക്കുന്നില്ല*
*എന്നു തന്റെ തിരുനാവാൽ അരുളിയ ശുഭവാക്യം*
*ഇന്നു പുണ്യചീറിലോസിൽ കണ്ടുബോധിച്ചു (168-172)*

തന്റെ കർത്താവും നാഥനുമായ യേശുവിന്റെ വാഗ്ദാനം ചീറിലോസിൽ നിറവേറി. യേശുവിന്റെ അനുയായി എന്ന നാമത്തിലാണ് പുണ്യകന്യകയ്ക്ക് അദ്ദേഹം കുടിക്കാൻ വെള്ളം കൊടുത്തത്. അതോടെ ചീറിലോസും

പുണ്യനായി, *പുണ്യഭാഗ്യമുടി നേടി;* തന്റെ നാഥനായ യേശുവിനോടൊപ്പം ചീറിലോസ് എന്ന കൊച്ചുനാഥനും അഭിഷിക്തനായിത്തീർന്നു. ദൈവ പുത്രന്റെ കിരീടത്തിന്റെ അവകാശിയായി. ഭാഗ്യമുടിനേടി.

മനുഷ്യൻ എങ്ങനെ തന്റെ നാഥനായിത്തീരണമെന്നു ക്യൂരിയോസായ ചീറിലോസ് നമ്മെ പഠിപ്പിക്കുന്നു. തിന്മയിൽ നിപതിച്ച ആദത്തിനു നഷ്ട പ്പെട്ട വാരിയെല്ല് പുതിയ ആദമായ യേശു വീണ്ടെടുത്തല്ലോ. തന്നെപ്പോലെ തന്റെ അനുയായികളും *സൽപുരുഷന്മാരും* നാഥന്മാരും ആയിത്തീരണമെ ന്നതാണ് അവിടത്തെ അഭിലാഷം. ചീറിലോസിൽ അത് പൂവണിഞ്ഞു. *ഇതാ ഒരു പുരുഷൻ* എന്നു ചീറിലോസിനെ ചൂണ്ടിക്കാട്ടി ഉദ്ഘോഷിച്ചു.

**വലേരിയനും പ്രോബായും**

ചക്രവർത്തിയും മന്ത്രിയും കഥയിലെ പ്രധാന കഥാനായകന്മാരാണ്. ഒരേ നുകത്തിൽ അവരെ കൂട്ടിക്കെട്ടാം; *യഥാരാജാ തഥാ മന്ത്രി;* രണ്ടു പേരെയും ഒരേ ശീർഷകത്തിൽ പഠനവിഷയമാക്കാം. പ്രോബായുടെ ചിത്ര ത്തിനാണ് കാവ്യത്തിൽ ചായം കൂടുതലുള്ളത്. രാജകല്പന അനു വർത്തിക്കുന്ന ആ കിങ്കരന്റെ നിഷ്ഠൂര പ്രവൃത്തികളുടെ സമുച്ചയമാണ് കാവ്യത്തിൽ നാം കാണുക.

വലേരിയൻ എന്ന പദത്തിന്റെ അർഥം ആരോഗ്യവാൻ എന്നാണ്. പ്രോബായുടേതോ സാധുകരിക്കപ്പെട്ടവനെന്നും. രണ്ടു സംജ്ഞകളും സർഗാ ത്മകങ്ങളാണ് അങ്ങനെയായിത്തീരാനായിരുന്നു വലേരിയന്റെയും പ്രോബാ യുടെയും ദൈവവിളിയും. പക്ഷേ, രണ്ടുപേരും തങ്ങളുടെ നാമങ്ങളുടെ എതിർപ്രതീകങ്ങളായി; വലേരിയൻ ആദ്ധ്യാത്മികമായി ഒരു രോഗിയായി. ദൈവസാന്നിധ്യത്തിൽ വളരുന്നതിനു പകരം ദൈവത്തിനെതിരായ പ്രവൃ ത്തികളിൽ മുഴുകി; നന്മയുടെ ഭാവരൂപകമാകുന്നതിനു പകരം തിന്മയുടെ ആകാരമായി. എല്ലാത്തിലും ന്യായീകരിക്കപ്പെടേണ്ടവനായ പ്രോബാ എല്ലാ റ്റിലും അന്യായത്തിന്റെയും അസാധൂകരണത്തിന്റെയും ബിംബമായി ത്തീർന്നു; ശിഷ്ടനാകുന്നതിനു പകരം ദുഷ്ടനായി.

ആ നികൃഷ്ടതയുടെ കഥയിൽ വലേരിയനെ കവി അവതരിപ്പിക്കുന്നതു നോക്കുക.

*ഏകനായി വാണടക്കി വലേരിയനാം (12)* അയാൾ ഏകനാണ്; അഹം കേന്ദ്രീകൃതനായവൻ; എല്ലാം അടക്കിവാഴുന്ന സ്വേച്ഛാധിപതി. എല്ലാവരും തന്റെ ഇഷ്ടം മാത്രം നിവർത്തിക്കണം, താൻ മാത്രം രാജാവ് അഥവാ ദൈവം. യേശുവായ രാജാധിരാജനെ അയാൾ അംഗീകരിക്കുന്നില്ല. അധി കാരം ദൈവദാനമാണെന്നും ഇതരരെ സേവിക്കുകയാണ് അതിന്റെ ലക്ഷ്യ മെന്നും ആ നൃഹംസകൻ മറന്നു. കവി അയാളെ ദുഷ്ടനെന്നും ക്രൂരനെന്നും കെട്ടവനെന്നും വിശേഷിപ്പിക്കുന്നു (13,15). ആരോഗ്യവാൻ കെട്ടവനായി; ശിഷ്ടനാകേണ്ടവൻ ദുഷ്ടനായി. ദയയെന്ന ആത്മീയാരോഗ്യം അയാളിൽ നശിച്ചു; പകരം ക്രൂരതയെന്ന രോഗം അയാളെ ഗ്രസിച്ചു.

മന്ത്രിയായ പ്രോബെയേയും ദുഷ്ടനെന്നാണ് കവി അഭിസംബോധന ചെയ്യുന്നത്. *സത്യവേദികളെ സർവരെയും മുടിച്ചീടുവാൻ* അയാൾ കല്പന നല്കി (32-39). ശിഷ്ടയായ അനസ്താസ്യയുടെ മേൽ *ദുഷ്ടപ്രോബായു*ടെ നയനങ്ങൾ പതിഞ്ഞു. അവളെ അധികാരസഭയിൽ വിളിച്ചുവരുത്തുവാൻ മന്ത്രി കല്പനയായി. അനസ്ത്യാസയിൽ ദൃഷ്ടി പതിഞ്ഞപ്പോൾ ദുഷ്ടനായ മന്ത്രി അവളുടെ സൗന്ദര്യത്തിൽ ഭ്രമിച്ചുവശായി. കാംക്ഷ വളർന്നു (65-66) മറ്റുള്ളവരെ സാധൂകരിക്കുവാനും തിന്മയിൽ നിന്നും വിമോചിപ്പിക്കാനും വിളി ലഭിച്ചിരുന്ന മനുഷ്യന്റെ പ്രതികരണം നോക്കണേ.

ഉള്ളിലുള്ള കാമം മൂടിവച്ചുകൊണ്ട് ദുഷ്ട പ്രോബാ അനസ്താസ്യയോട് മകൾക്കടുത്ത സ്നേഹഭാഷ കാട്ടുകയാണ് (66-68). ആദ്യം അവളുടെ നാമം മോദമോടെ ആരായുന്നു. *ക്രിസ്ത്യാനി*യെന്നു മറുപടി ലഭിച്ചപ്പോൾ ഉള്ളിൽ രോഷാകുലനായെങ്കിലും സൂത്രസ്നേഹാൽ *പുണ്യകന്യേ പാർത്തവൻ ചൊല്ലി* (72). അവളുടെ കുലമഹിമയും സൗന്ദര്യവും ഗുണഗണങ്ങളുമൊക്കെ പ്രകീർത്തിച്ചശേഷം *ക്രിസ്ത്യാനി* എന്ന നാമം ത്യജിക്കാൻ ആജ്ഞാപിച്ചു. സ്നേഹമുള്ള *താതനെപ്പോൽ* തന്റെ വാക്കുകൾ അനുസരിച്ചാൽ ഒരു ക്ഷേമജീവിതം നല്കാമെന്ന് വാഗ്ദാനം ചെയ്തു. റോമായിലെ ദേവനു പൂജ ചെയ്യണമെന്നു നിർബന്ധിച്ചു. തന്റെ സ്നേഹവചനം ത്യജിച്ചാൽ ക്രൂരശിക്ഷകൾ വന്നുഭവിക്കുമെന്ന് ഭീഷണിപ്പെടുത്തി.

സൂത്രമൊന്നും ഫലിക്കുന്നില്ലെന്നു വന്നപ്പോൾ പ്രോബായുടെ മട്ടുമാറി:

*ക്രൂരഭാവം നടിച്ചവൻ ചക്ഷു രണ്ടും ചുവപ്പിച്ചു...*
*ക്രോധവീരാൽ സുരമേഘമായ് മൂടി*
*കടുത്തൊരു സിംഹയാഗ്രം കയർത്തെന്ന സമമായി* (101-103)

തുടർന്നുള്ളത് ആ ക്രൂരന്റെ നിഷ്ഠൂരചെയ്തികളുടെ വിവരണമാണ്. മിക്കവാറും ഓരോ വരിയിലും ക്രൂരൻ, ക്രോധം എന്നീ പദങ്ങളാൽ കവി പ്രോബായെ വിശേഷിപ്പിക്കുന്നു. പീഡനങ്ങൾകൊണ്ടൊന്നും അനസ്താസ്യയുടെ ജീവൻ വേർപിരിയുന്നില്ലെന്നു കണ്ടപ്പോൾ *സൂക്ഷമിതു ദൈവം ശക്തി* എന്നയാൾക്കു ബോധ്യമായി. മന്ത്രി ലജ്ജയിൽ മുങ്ങി. പക്ഷേ തന്റെ ദുഷ്ടതയിൽനിന്നും ക്രൂരതയിൽനിന്നും അയാൾ പിൻവലിഞ്ഞില്ല. വീണ്ടും വീണ്ടും നിർദയമായി ആ സ്നേഹകന്യകയുടെ ദേഹം അയാൾ പീഡിപ്പിച്ചു. *ശിഷ്ടനാവ് വേരാൽ പിഴുതു; ഖണ്ഡമായി മുറിച്ചുടൻ കാതലായി ശിരസ്സിനെ (161).*

സാധൂകരിക്കേണ്ടവൻ കഥയുടെ അവസാനത്തിൽ അസാധൂകരിക്കപ്പെടുകയാണ്. രണ്ടു വേദസാക്ഷികൾക്കു ജന്മം നൽകാൻ അയാൾ കാരണമായി. പുണ്യശോഭയാൽ കിരീടം ചൂടുവാൻ അവർക്കവസരം നല്കി. ക്രിസ്ത്യാനികളുടെ ഗണത്തെ അയാൾ ആ ഒരുതരത്തിൽ സാധൂകരിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുകയായിരുന്നു

■

അഞ്ച്

# ആദ്യത്തെ ഖണ്ഡകാവ്യം

റവ. ഡോ. ചെറിയാൻ കുനിയന്തോടത്ത് സി.എം.ഐ.

ഗവേഷണാർത്ഥം ലോകലൈബ്രറികൾ സന്ദർശിക്കാൻ വർഷങ്ങൾക്കു മുമ്പ് ഒരവസരം ലഭിച്ചത് ഞാൻ മഹാഭാഗ്യമായി കരുതുന്നു. ലോകത്തിലെ പ്രധാനപ്പെട്ട ഒട്ടുമിക്ക ഗ്രന്ഥാലയങ്ങളും പോയിക്കണ്ട് ഗവേഷണ പഠനങ്ങൾ നടത്തിയപ്പോൾ പല പുതിയ അറിവുകളും ലഭിച്ചു. ആദ്യം സന്ദർശിച്ചത് ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയാണ്. ഒരാഴ്ചയാണ് അവിടെ ഗവേഷണപഠനങ്ങൾ നടത്താൻ എനിക്ക് അനുമതി ലഭിച്ചത്. ഒരു ദിവസവും മുടങ്ങാതെ ഞാനത് ഉപയുക്തമാക്കി.

ലൈബ്രറിയിലേക്കു കടക്കുമ്പോൾകൂടെ ഒന്നും കൊണ്ടുപോകാൻ പാടില്ല. കടലാസും പെൻസിലും അവിടെ ലഭിക്കും. പേന ഉപയോഗിക്കാൻ പാടില്ല. പുസ്തകങ്ങളിൽ ആരും ഒന്നും എഴുതാതിരിക്കാൻ വേണ്ടിയാണത്.

അപൂർവ ഗ്രന്ഥങ്ങൾ മാത്രമാണ് ഞാൻ പരിശോധിച്ചത്; പ്രത്യേകിച്ചും എന്റെ ഗവേഷണ വിഷയമായ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ കൃതികളും ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങളും.

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പ്രശസ്ത കാവ്യമായ *ആത്മാനുതാപ*ത്തിന്റെ ഒന്നാം പതിപ്പ് കേരളത്തിൽ അന്വേഷിച്ചിട്ടു ലഭിച്ചിരുന്നില്ല. ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറിയിലെ മലയാളം കാറ്റ്ലോഗ് പരിശോധിച്ചപ്പോൾ മനസ്സിലായി, *ആത്മാനുതാപ*ത്തിന്റെ ഒന്നാം പതിപ്പ് അവിടെയുണ്ടെന്ന്. പുസ്തകം ആവശ്യപ്പെടുന്ന ലിസ്റ്റിൽ *ആത്മാനുതാപ*ത്തിന്റെ ഒന്നാം പതിപ്പിനു ഞാനപേക്ഷ നൽകി. വൈകുന്നേരമായപ്പോൾ എവിടെനിന്നോ തപ്പിപ്പിടിച്ച് പുസ്തകം മുന്നിൽ കൊണ്ടുവന്നുവച്ചു. കൂനമ്മാവിലെ പ്രസ്സിൽ അച്ചടിച്ച പുസ്തകം! ആ പ്രസ്സാണു പിന്നീടു *സത്യനാദകാഹള*മച്ചടിക്കാൻ എറണാകുളത്തേക്കു കൊണ്ടുപോയത്.

*അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ചാവറക്കൃതിയാണ് മലയാളത്തിലെ ഖണ്ഡകാവ്യം എന്ന കണ്ടെത്തൽ അടുത്ത കാലത്താണ്

ശ്രദ്ധിക്കപ്പെട്ടത്. ഏ.ആർ. രാജരാജവർമ്മയുടെ *മലയവിലാസ*ത്തിനാണു മലയാളഭാഷാചരിത്രകാരന്മാർ ആ സ്ഥാനം നൽകിപ്പോന്നിരുന്നത്. പക്ഷേ, അതിനെക്കാൾ എത്രയോ ഏറെ വർഷം മുമ്പു പ്രസിദ്ധീകൃതമായി *അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കൃതി!

ജർമ്മനിയിലെ ട്യൂബാംഗൻ യൂണിവേഴ്സിറ്റി ലൈബ്രറിയുടെ നിലവറയിൽ നടത്തിയ അന്വേഷണഫലമായി അർണ്ണോസ് പാതിരിയുടെ ഖണ്ഡകാവ്യമായ *ജനോവപർവ്വ*ത്തിന്റെ ഒന്നാംപതിപ്പ് കണ്ടെത്താൻ എനിക്കു കഴിഞ്ഞു. കാലക്രമം വച്ചു നോക്കുമ്പോൾ ഖണ്ഡകാവ്യശാഖയിൽ ചാവറക്കൃതി രണ്ടാം സ്ഥാനത്താണെന്ന് *ജനോവപർവ്വം* സാക്ഷ്യപ്പെടുത്തുന്നു. പക്ഷെ അതു രചിച്ചത് വിദേശീയനായ അർണ്ണോസ് പാതിരിയാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഖണ്ഡകാവ്യം തദ്ദേശീയനായ കവി എഴുതിയ ഖണ്ഡകാവ്യം എന്ന നിലയിൽ ഒന്നാംസ്ഥാനത്തുതന്നെ നിൽക്കുന്നു. അർണ്ണോസ് പാതിരിക്കുള്ള സ്ഥാനം അദ്ദേഹത്തിനും ചാവറയച്ചനുള്ള സ്ഥാനം അദ്ദേഹത്തിനും നൽകിക്കഴിയുമ്പോൾ കാലപരിഗണനയിൽ ഏ.ആർ. രാജരാജവർമ്മ അവർക്കു പുറകിലേ വരുന്നുള്ളൂ എന്ന സത്യത്തിനാണിവിടെ പ്രാമുഖ്യം.

### ജനോവാപർവ്വം

*ജനോവാപർവ്വം* അർണ്ണോസ് പാതിരിയുടേതല്ലെന്ന് പ്രൊഫ. എസ്. ഗുപ്തൻ നായർ ഒരു ലേഖനത്തിലൂടെ നേരത്തേ വാദിച്ചിരുന്നതു ഞാൻ ശ്രദ്ധിക്കുകയുണ്ടായി. അതിനു കാരണമായി അദ്ദേഹം ചൂണ്ടിക്കാട്ടിയത്, *ജനോവപർവ്വ*ത്തിലെ ഭാഷ ആധുനികമാണെന്നാണ്. പക്ഷേ, ഒന്നാം പതിപ്പിന്റെ പകർപ്പുമായി ഞാൻ ഗുപ്തൻസാറിനെ തിരുവനന്തപുരത്തു ചെന്നു കണ്ടു. എന്റെ കൈയ്യിൽനിന്നും പുസ്തകം വാങ്ങി പരിശോധിച്ചശേഷം അദ്ദേഹം തന്റെ അഭിപ്രായത്തിൽ മാറ്റം വരുത്തി. അർണ്ണോസ് പാതിരിയുടേതു തന്നെയാണു *ജനോവപർവ്വ*മെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

ചാവറക്കൃതിയായ *അനസ്താസ്യായുടെ രക്തസാക്ഷ്യം* നൈസ്സർഗ്ഗികമായ കാവ്യരചനാവൈഭവം ഉൾക്കൊള്ളുന്ന ഒരു രചനയാണ്. നതോന്നത വൃത്തത്തിൽ, വഞ്ചിപ്പാട്ടുരീതിയിൽ, വിരചിതമായ ഈ കൃതി സംസ്കൃത വൃത്തങ്ങളിൽ കാവ്യരചന നടന്നിരുന്ന അക്കാലത്ത്, കാവ്യാനുഭൂതിയുടെ പുത്തൻകൂമ്പ് പൊട്ടിവിടരും പോലെയുള്ള അനുഭവം പകർന്നു തന്നിരുന്നു. മഹത്തായ ജീവിതദർശനം ഉൾക്കൊള്ളുന്ന ഈ ഖണ്ഡകാവ്യം നിസ്തുലമായ വിശ്വാസസന്ദേശം അനുവാചകരിലേക്കു സംക്രമിപ്പിക്കുന്നു. *ജനോവപർവ്വ*ത്തിലെ രചനാരീതിയും *അനസ്താസ്യാ*യിലെ രചനാരീതിയും ഒന്നു താരതമ്യം ചെയ്തുനോക്കുന്നത് ഉചിതമാണെന്നു കരുതുന്നു.

സർവേശഭക്തരെ സർവകാലത്തിലും
സർവൈകനാഥൻ ത്യജിപ്പാറില്ല
എന്നുള്ള സത്യം ഗ്രഹിപ്പാനൊരുകഥ
ഇന്നു ഞാൻ ചൊല്‌വാൻ തുടങ്ങിടുന്നേൻ...

*ജനോവപർവ്വ*ത്തിലെ കഥ അവതരിപ്പിക്കാൻ അർണ്ണോസ് പാതിരി ഉദ്യുക്തനാകുന്ന ഭാഗമാണിത്. മഞ്ജരിവൃത്തത്തിലാണു രചന.

അദ്ഭുതമായ് വിളങ്ങുന്നു
സോഫിയാ എന്നുള്ള ശ്രേഷ്ഠ
ചൊല്‌പ്പെരിയ റോമാതന്നിൽ
ഭജിക്കും കാലം....

ഇങ്ങനെയാണ് *അനസ്താസ്യാ*യുടെ തുടക്കം. ഭാഷാ പ്രയോഗങ്ങളിൽ രണ്ടും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല. അക്കാലങ്ങളിലെ ഭാഷാ പ്രയോഗങ്ങളിൽ, മെച്ചപ്പെട്ട രചനാരീതികൾ ഇരുകൃതികളിലും കാണാവുന്നതാണ്. ചുരുക്കത്തിൽ മലയാളത്തിലെ പ്രഥമ ഖണ്ഡകാവ്യം *ജനോവ പർവ്വ*വും തദ്ദേശീയ കവിയെഴുതിയ പ്രഥമ ഖണ്ഡകാവ്യം *അനസ്താസ്യായുടെ രക്തസാക്ഷ്യ*വുമാണെന്നത് നിസ്തർക്കമായി വെളിവാകുന്നു. ■

*(ലേഖകന്റെ നിരീക്ഷണത്തിന് ഡോ. ഡി. ബാബുപോളിന്റെ വാക്കുകൾ പ്രതിസ്പന്ദമാകുമെന്നു കരുതുന്നു.*

*....ആദ്യത്തെ ആധുനിക മലയാള ഖണ്ഡകാവ്യം എഴുതിയത് ചാവറയച്ചനാണോ എന്ന വിഷയം നിഷ്പക്ഷമായ ഗവേഷണബുദ്ധിയോടെ ചർച്ച ചെയ്യുന്നത് നമ്മുടെ അറിവു പരിപോഷിപ്പിക്കാനാണ് ഉതകുക...*

*വിശേഷണങ്ങൾക്കല്ല; പ്രസരണപ്രാപ്തിയ്ക്കാണു അപ്രസക്തി; ആവിഷ്ക്കാരത്തിലെ ഹൃദയാർപ്പണത്തിനാണ് പ്രാധാന്യം. പഠനപര്യവേഷണങ്ങൾ തുടരട്ടെ. അതിനായി വാതിൽ തുറന്നിട്ടിരിക്കുന്നു. ചാവറപിതാവ് 150 വർഷങ്ങൾക്കു മുൻപുള്ള മലയാള കാവ്യസംസ്കൃതിയിൽ ഈ രചനയെ ഒരു വിസ്മയമായി കാലം ഘോഷിക്കുന്നു എന്നതിൽ പക്ഷാന്തരം വയ്യ. ■ എഡിറ്റർ)*

ആറ്

# ആത്മനിവേദനസമം ഈ അക്ഷരപൂജ

## പി. ഗോപകുമാർ

ഒരു കഥയോ സംഭവമോ വൈകാരികഭാവമോ ആകട്ടെ, അതിനെ പിരിമുറുക്കത്തോടെ പ്രതിപാദിച്ചുകൊണ്ട് കാല്പനിക പ്രസ്ഥാന ലക്ഷണങ്ങൾക്കു അനുരോധമായി രചിക്കപ്പെടുന്ന നാതിദീർഘമായ പദ്യസാഹിത്യരൂപമാണ് ഖണ്ഡകാവ്യം. സാമാന്യം ചെറിക കാവ്യം എന്ന പരിണതാർത്ഥമാണ് ഖണ്ഡകാവ്യശബ്ദത്തിന് കല്പിച്ചിരിക്കുന്നത്.

പുതുരൂപഭാവങ്ങളുള്ള ചെറുകവിതകൾക്ക് ഉൾപ്രേരണ പാശ്ചാത്യ കാല്പനിക കവിതാരീതിയായിരുന്നു. ഭാവസാന്ദ്രവും ആത്മാവിഷ്കാരപരവുമായ ലഘുകവിതകൾക്കു ചെല്ലപ്പേരുകളുമുണ്ടായി: *സ്വച്ഛന്ദഗീതം, ഭാവഗീതം, വിലാപകാവ്യം, ഗീതകം (ലഘുപദി), അഭിഗീതകം (അർച്ചനാഗീതം), നാടകീയ സ്വഗതം* എന്നൊക്കെ. എന്നാൽ ഏകഭാവനിഷ്ഠമായ പദ്യരൂപങ്ങളെ ഖണ്ഡകാവ്യപ്രസ്ഥാനത്തിൽനിന്ന് ഒഴിച്ചുനിറുത്തിയിരുന്നു.

വനം, നദി, സന്ധ്യാനിശകൾ, ആകാശം, ചന്ദ്രിക, പൂക്കൾ, ഗ്രാമഭംഗി... എല്ലാം ചേർന്ന് പ്രകൃതി ചൈതന്യം തുടിക്കുന്ന പശ്ചാത്തലത്തിൽ വിളങ്ങുന്ന കൃഷ്ണകഥയായ *ഗീതാഗോവിന്ദം* ആയിരുന്നു ഭാരതീയ ഖണ്ഡകാവ്യങ്ങളിൽ ജനപ്രിയതയേറിയത്.

പാട്ടുകൾ എന്നു വിളിപ്പേരുള്ള പുരാണകഥാഖ്യാനങ്ങൾ 10-ാം ശതകം മുതൽ കേരളീയശൈലിയിലും ധാരാളമുണ്ടായി. കുഞ്ചൻനമ്പ്യാരുടെയും മച്ചാട്ടിളയതിന്റെയും 18-ാം ശതകത്തിലെ കാവ്യങ്ങൾ പ്രാതസ്മരണീയങ്ങളത്രെ; ഒപ്പം രാമപുരത്തുവാര്യരുടെ *കുചേലവൃത്തം വഞ്ചിപ്പാട്ടും*.

മലയാളത്തിലെ നവീന ഖണ്ഡകാവ്യങ്ങളിൽ ആദ്യത്തേത് ഏ.ആർ. രാജരാജവർമ്മയുടെ *മലയവിലാസം* ആണെന്നു ഒരുകൂട്ടർ സ്ഥാപിച്ചിരിക്കുന്നു. പിന്നെ കുമാരനാശാനും വള്ളത്തോളും വന്നു. ചങ്ങമ്പുഴയുടെ *രമണനും* (1937), ജി.യുടെ *മൂന്നരുവിയും ഒരു പുഴയും* (1963), അക്കിത്തത്തിന്റെ

*ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസ*വും (1958) ഖണ്ഡകാവ്യത്തിന് വന്ന ശില്പപരവും ഭാവപരവുമായ മാറ്റങ്ങൾ ഉദാഹരിക്കുന്നു.

മലയാള ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ ചാവറയച്ചൻ എന്ന കവിയുടെ സ്ഥാനം എവിടെ?

പണ്ഡിതചിത്താന്തരങ്ങളെല്ലാം മാറ്റിവച്ച് പരിശോധിക്കാം.

*മലയവിലാസ*ത്തെ നീർച്ചാലിന്റെ തുടക്കമായി എടുക്കാം; തർക്കമില്ല. എന്നാൽ നവീന മലയാള ഖണ്ഡകാവ്യമായി വിവക്ഷിക്കുന്ന *മലയവിലാസ*ത്തിന് മൂന്നരപതിറ്റാണ്ട് മുമ്പ് രചിച്ച *അനസ്താസിയായുടെ രക്തസാക്ഷ്യം* അല്ലേ യഥാർത്ഥത്തിൽ ആദ്യത്തെ നവീന മലയാള ഖണ്ഡകാവ്യം? ഇതു സ്ഥാപിക്കാൻ പാഴൂർപടിവരെ പോകേണ്ടതുണ്ടോ? മലയാളനാട്ടിലെ ഒരു ചരിത്രമുഹൂർത്തത്തെ ധൈര്യത്തോടെ എതിർപ്പെടുന്നതിനുള്ള ശക്തമായ ആയുധമായിട്ട് രചിച്ച *അനസ്താസിയായുടെ രക്തസാക്ഷ്യം* എത്രയെത്ര രംഗസ്ഥലങ്ങളിൽ വായിച്ച് വിശ്വാസികളെ ഹരംകൊള്ളിച്ചിരിക്കുന്നു.

എന്നിട്ടും മലയാള സാഹിത്യചരിത്രത്തിൽനിന്ന് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന കവി നിഷ്കാസിതനായതെങ്ങനെ?

മലയാളിയുടെ സഹജമായ അലക്ഷ്യപ്രകൃതിയോ? അതോ അച്ചടിമഷി പുരളാൻ അമാന്തം വന്നതിനാലോ?

*അനസ്താസിയായുടെ രക്തസാക്ഷ്യ*ത്തിന് നിമിത്തം, ശീശ്മ കൊടുങ്കാറ്റു തന്നെ. കലുഷിതമായ സഭാന്തരീക്ഷത്തിൽ ചഞ്ചലചിത്തരായ കുഞ്ഞാടുകൾക്ക് ആത്മധൈര്യം പകരാനും അവരുടെ സത്യവിശ്വാസം അരക്കിട്ടുറപ്പിക്കാനുമാണ്, സീറിലോസിന്റെയും അനസ്താസിയായുടെയും രക്തസാക്ഷ്യകഥകൾക്ക് ചാവറയച്ചൻ കാവ്യരൂപം നൽകിയത്. *നതോന്നത* തിരഞ്ഞെടുത്തത് കാവ്യം കൂടുതൽ ജനപ്രിയമാകാനുമാണ്.

സുസ്വരതയിലെ ആഢംബരസമൃദ്ധിയാണ് *നതോന്നത*. പഴയകാല വെമ്പൊലി നാടാകണം ഇതിന്റെ ജന്മനാട്. നാടിന്റെ ഭൂമിശാസ്ത്രവുമായി രക്തബന്ധമുണ്ട് ഈ സൂക്ഷ്മസ്വരവിന്യാസത്തിന്. ചുറ്റുമുള്ള ജലനിധികളിൽ പ്രകൃതി വിരിയിക്കുന്ന കുഞ്ഞോളങ്ങളുടെ ഉയർച്ചയും താഴ്ചയും നാട്ടുകാരിൽ ഹർഷോന്മാദമായി. ജലപ്പരപ്പിലെ നിമ്നോന്നതങ്ങളോടൊപ്പം അവർ ഈണമിട്ടു. ഉല്ലാസോന്മാദ നിമിഷങ്ങളുടെ തീഷ്ണത അവർ അനുഭവിച്ചു. ഭാഷാവൃത്തമാകും മുമ്പ് *നതോന്നത*യുടെ ആദിരൂപം പിറന്നത് അങ്ങനെയാകണം. കുട്ടനാടൻ ദേശത്ത് പിറന്ന *നതോന്നത*യുടെ ദേശജഭാവം, സഭനേരിട്ട വെല്ലുവിളികളെ ചെറുക്കാനും സത്യവിശ്വാസം അരക്കിട്ടുറപ്പിക്കാനും സഹായിക്കുമെന്ന്, ചാവറയച്ചൻ തിരിച്ചറിഞ്ഞു. അതാണ് അദ്ദേഹം *നതോന്നതവൃത്തം* സ്വീകരിച്ചത്, കാവ്യത്തിന്.

13-ാം ശതകത്തിലെ ജനോവയിലെ ആർച്ച് ബിഷപ്പ് തയ്യാറാക്കിയ *സുവർണ്ണപുരാണ സമ്പുടത്തിൽ* (Legenda Aurea) ഉള്ളതത്രെ അനസ്താസ്യയുടെ പുരാവൃത്തം.

സോദ്ദേശ്യം കരുക്കൂട്ടിയുള്ള കാവ്യരചന ഇത്; ചരിത്രം സൃഷ്ടിക്കുന്നതും കേരളത്തിലെ ചെറുതല്ലാത്ത ഒരു ജനവിഭാഗത്തിന്റെ വിശ്വാസങ്ങൾക്കും ഭക്തിക്കും ഏറ്റ ചഞ്ചലത മാറ്റിയെടുക്കാൻ ബോധത്തോടെ നടത്തിയ ഈ കാവ്യരചനയോട് സമം മലയാള ഭാഷയിൽ മറ്റൊന്നുണ്ടോ? സംശയം!

സാധാരണാബ്ദം* മൂന്നാം നൂറ്റാണ്ടിലെ റോമാസാമ്രാജ്യത്തിൽ

*കന്നികളെ കാത്തുകൂട്ടി ഭരിക്കുന്ന മഠമായ*
*കന്നിസോപ്യ അമ്മ പുണ്യശ്രേഷ്ഠ കേതത്തിൽ*
*പൊന്നിനെക്കാൾ വിലയേറ്റം സ്വർണ്ണമാണിക്കങ്ങളൊക്കെ*
*മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചീടുന്ന...*

*ഉന്നതമാം ഗോത്രികന്നി അനസ്താസ്യാ* അതീവസുന്ദരിയായിരുന്നു. ദുഷ്ടനാം എംപ്രദോർ വലേരിയൻ (253-60) ക്രിസ്തുമതവൈരിയായിരുന്നു, ആദ്യത്തെ ക്രിസ്തുമത വിദ്രോഹിയായ ചക്രവർത്തി ഡെസിയസ് ആരംഭിട്ട വിദ്രോഹമുറകൾ വലേരിയൻ പുനരാരംഭിച്ചു. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി, പ്രോബാ. അനസ്താസ്യായെ കുറിച്ച് കേട്ടു.

*അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ*
*സെനാത്തിന്റെ സമൂഹത്തിൽ വിളിച്ചീടുന്നു.*

പ്രോബാ സ്നേഹഭാഷയിൽ പറഞ്ഞു:

*ഭാഗ്യഗുണഗണമൊക്കെയന്ധകാരം ഭവിപ്പിക്കും*
*യോഗ്യനാമം വരുത്തുന്ന നാമം ക്രിസ്ത്യാനാ*

അതിനാൽ,

*യുക്തമല്ല നിനക്കൊട്ടും വെസ്തയായിസ്മരിക്കണം*
*ജാഗ്രതയാൽ ത്യജിക്ക നീയീക്ഷണം തന്നെ*

എന്ന് പ്രോബോയുടെ ഉപദേശം വന്നു.

പ്രോബോയുടെ ഉപദേശം കന്നി അനസ്താസ്യാ സ്വീകരിച്ചില്ല. ചക്രവർത്തിയും മന്ത്രിയും കോപാന്ധരായി:

സധൈര്യം മറുമൊഴിനൽകി, അനസ്താസ്യാ:

*സ്നേഹമേറും മമനാഥൻ യേശുതന്റെ ഗോത്രനാമം*
*മാനമേറ്റം ക്രിസ്ത്യാനാ എന്നുള്ള നാമമേ*

* എ.ഡി.ക്ക് സാധാരണാബ്ദമെന്നും (Common Era: CE) ബി.സി.യ്ക്ക് സാധാരണാബ്ദത്തിന് മുമ്പ് (Before Common BBC, Before past : B.P.) എന്നുമാണ് ഇപ്പോൾ ചരിത്രപണ്ഡിതർ ഉപയോഗിക്കാറ്.

*ലോകഭാഗ്യം സമർപ്പിക്കാൻ ഭാവമില്ല മമ ചിത്തേ*
*കൊലഹലമായ ശിക്ഷാഭീതിയുമില്ല*
*നിന്റെ ദാനം തൃജിക്കുംപോൾ നിന്റെ ക്രൗര്യം ക്ഷമിപ്പാനും*
*എന്റെ നാഥൻ സർവ്വശക്തൻ തന്നിടും ശക്തി...*

നിഷ്ഠൂരമായ മർദ്ദനമുറകളായി പിന്നെ. ഒന്നും അവളുടെ വിശ്വാസവും ആദർശവും കെടുത്തിയില്ല. സീറിലൂസിനോട് ദാഹജലത്തിന് ആംഗ്യംകാട്ടി, അവൾ. ഭടന്മാരെ വകവയ്ക്കാതെ സീറിലൂസ് അവൾക്ക് ദാഹജലം പകർന്നു കൊടുത്തു. ഫലമോ? അനസ്താസ്യയെയും സീറിലൂസിനെയും വധിച്ചു.

*പുണ്യകന്നി ഇഷ്ടമോടെ നിറവേറ്റി ജീവപൂജ.*

പുണ്യനായ സിറിലൂസും തലകുനിച്ചു വധശിക്ഷ ഏറ്റുവാങ്ങി. ക്രിസ്തുവിന്റെ കാലടികൾ പുണർന്ന് ധീരരക്തസാക്ഷികളായി രണ്ടുപേരും.

ഇതിലെ പല ഭാഗങ്ങളും ഹൃദയദ്രവീകരണശക്തിയുള്ളവയാണ്; വിശിഷ്യാ വധശിക്ഷയ്ക്ക് വിധിക്കുന്നിടംമുതൽ ഉള്ള ഇടങ്ങൾ ശീശ്മ കൊടുങ്കാറ്റിൽ, സത്യവിശ്വാസികൾക്കു പിടിച്ചുനിൽക്കാനുള്ള ഉലയാമരങ്ങളായി ജീവപൂജനടത്തിയ അനസ്താസ്യയും സീറിലൂസും. സന്യാസം സ്വീകരിച്ച സുന്ദരിയായ അനസ്താസ്യ സോഫിയ എന്ന മഠാധിപയുടെ സമീപത്തു ധ്യാനനിരതയായി നിൽക്കുന്ന രംഗം എക്കാലവും വായനക്കാരന്റെ മനസ്സിൽ തങ്ങിനിൽക്കും. പ്രോബായുടെ ഭീഷണിക്കു ഒട്ടുമേ വഴങ്ങാത്ത അനസ്താസ്യയുടെ അക്ഷോഭ്യപ്രകൃതി, അചഞ്ചല ഭക്തി എല്ലാം ചവറയച്ചൻ ചൈതന്യഭാസുരമാക്കിയിരിക്കുന്നു.

നന്മനിറഞ്ഞ ഹൃദയത്തിലെ വസന്തർത്തു സ്നേഹം. യഥാർത്ഥ സ്നേഹം പ്രതിബന്ധം അറിയുന്നില്ല. മരണശിക്ഷ സുനിശ്ചയം എന്നറിയാമായിരുന്നിട്ടും ക്രിസ്തുനാമത്തിൽ അർഥിച്ച അനസ്താസ്യയ്ക്കു ദാഹജലം പകർന്നുകൊടുക്കുന്ന സിറിലൂസ് നിസ്വാർത്ഥ സ്നേഹത്തിന്റെ ഉദാത്തബിംബമായി മനസ്സിൽ പ്രതിഷ്ഠ നേടുന്നു. സമർപ്പിത ചേതസ്സായ ഒരു ക്രൈസ്തവ ഭക്തന്റെ ആത്മനിവേദനംകൂടിയാണ് 182 ഈരടികളുള്ള *അനസ്താസ്യയുടെ രക്തസാക്ഷ്യം.*

■

ഏഴ്

# സ്ഥാപനദർശനത്തിലെ അനസ്താസ്യാസാക്ഷ്യം

സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

*മലയിൽ ഉയർത്തപ്പെട്ട ദീപം* പോലെ കേരളസഭയിൽ പ്രകാശിച്ച കേരള സഭാചൈതന്യമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. *മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ*[1] എന്ന യേശുനാഥന്റെ വാക്കുകളെ ജീവിതത്തിൽ അന്വർഥമാക്കിയ ചാവറയച്ചൻ സ്വജീവിതത്തെ കർമംകൊണ്ടും കർമത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിയ വ്യക്തിയാണ്. അദ്ദേഹത്തിൽ ഭക്തിയും കർമവും മാത്രമല്ല ജ്ഞാനവും കർമവും ഭക്തിയും സമഞ്ജസ മായിത്തന്നെ സമ്മേളിച്ചിരുന്നു.

*കണ്ണിന്റെ വെളിവുകൂടാതെ ലോകത്തിലുള്ള വസ്തു കാണ്മാൻ വശമി ല്ലാത്തതുപോലെ പഠിത്വം എന്ന വെളിവു കൂടാതെ പരലോകത്തെയും അതിൽ കൂടിയിരിക്കുന്ന തമ്പുരാനെയും അറിവാൻ വശമില്ലാത്തതിനാൽ കണ്ണില്ലാത്തവരു കുരുടന്മാരാകുന്നു എന്നതുപോലെ പഠിത്വമില്ലാത്തവർ ജ്ഞാനകുരുടന്മാരാകുന്നു. ഈ കുരുടത്വം കാരണത്താൽ നമ്മുടെ മലയാ ളത്തിലുള്ള ക്രിസ്ത്യാനികൾ പൂർവനസ്രാണികൾ ആകുന്നുവെങ്കിലും ശുദ്ധമാക്കപ്പെട്ടവരുടെ വിത്തും മുളയും ഇല്ലാതെ ആയിരിക്കുന്നു*[2] എന്നു പറയുവാൻ തക്കവിധം പഠനവും ജ്ഞാനവും ഉൾക്കാഴ്ചയും നിറഞ്ഞ മനു ഷ്യനായിരുന്നു ചാവറപിതാവ്.

ജ്ഞാനം ഉന്നതത്തിൽനിന്നു വരുന്നു. വിനീതഹൃദയർക്ക് അത് ഉൾക്കൊ ള്ളാനാവുന്നു എന്നത് ദൈവവചനം തന്നെ സാക്ഷ്യപ്പെടുത്തുന്ന ഒന്നാണ്. ചാവറയച്ചനിൽ നിറഞ്ഞുനിന്ന ദൈവികജ്ഞാനചൈതന്യം ലിഖിതരൂപം പ്രാപിച്ചതാണ് ഉൾക്കാഴ്ചകൾ നിറഞ്ഞ അദ്ദേഹത്തിന്റെ കൃതികൾ. താൻ

ജീവിച്ച കാലഘട്ടത്തെ മാത്രമല്ല, വരും തലമുറകളെക്കൂടി പ്രകാശിതമാക്കാൻ തക്ക വെളിച്ചവും ഉൾക്കാഴ്ചയും അവയിൽ അന്തർലീനമാണ്. അപ്രകാരമൊരു കൃതിയാണ് മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമെന്നു വിശേഷിപ്പിക്കാവുന്ന *അനസ്താസ്യായുടെ രക്തസാക്ഷ്യം.*

**രചനാകാലവും പ്രാധാന്യവും**

*അനസ്താസ്യയുടെ രക്തസാക്ഷ്യം* എന്ന കൃതി വിരചിതമായത് 1862-ലാണ്. എങ്കിലും അത് അച്ചടിച്ച് പൊതുജനമധ്യത്തിൽ പ്രചരിപ്പിക്കപ്പെടുന്നത് 1936-ൽ മാത്രമാണ്. അതുകൊണ്ടുതന്നെ ആ കൃതി ലക്ഷ്യം വച്ച ഉദ്ദേശ്യവും അതു നല്കിയ സന്ദേശവും പൊതുജനശ്രദ്ധ പിടിച്ചുപറ്റാതെ പോയി എന്നത് ഒരു ദുഃഖസത്യമാണ്. മലയാളത്തിലെ ഖണ്ഡകാവ്യപ്രസ്ഥാനത്തിനുതന്നെ മാർഗദീപമാകാൻ തക്കവിധം ഈ കൃതിക്ക് കിട്ടേണ്ടിയിരുന്ന *മലയാളത്തിലെ ആദ്യഖണ്ഡകാവ്യം* എന്ന ബഹുമതി ഇതിനാൽ വഴുതി മാറി. പണ്ഡിതശ്രേഷ്ഠനായ റവ. ഡോ. സെഡ്. എം. മുഴൂർ സി.എം.ഐ. മലയാളഭാഷയിലെ പേരുകേട്ട സാഹിത്യകാരന്മാരും നിരൂപകന്മാരുമായ മുണ്ടശ്ശേരി, സുകുമാർ അഴിക്കോട്, ഡോ. എം.ലീലാവതി തുടങ്ങിയവരുടെ അഭിപ്രായങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് ഇതിനു പരിഹാരമുണ്ടാക്കുവാൻ ശ്രമിക്കുകയും തൽഫലമായി ചരിത്രകാരൻമാരുടെ ശ്രദ്ധ ഈ കാവ്യത്തിന് അർഹമായ പ്രഥമസ്ഥാനം പതിച്ചു നൽകുന്നവിധം പതിയുവാൻ തുടങ്ങി എന്നതു ആഹ്ലാദകരമാണ്.

ഇന്നുവരെ ആരും ശ്രദ്ധിക്കുകയോ വെളിച്ചത്തുകൊണ്ടുവരികയോ ചെയ്യാത്ത ഒന്നുകൂടി ഈ കാവ്യം പൊതുശ്രദ്ധയിൽ വരാൻ വൈകിയതു വഴി വേണ്ടവിധം വെളിപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്യാതെ പോയിട്ടുണ്ട്. ചാവറയച്ചന്റെ കന്യാസ്ത്രീമഠ ദർശനം ആണത്. ഈ കൃതിയുടെ ഉള്ളടക്കം അവലോകനം ചെയ്തിട്ടുള്ളവർ പൊതുവേ വ്യാഖ്യാനിക്കുന്നതും മനസ്സിലാക്കുന്നതും 1861-ൽ കേരളസഭയിലുണ്ടായ റോക്കോസ് ശീശ്മയുടെ പശ്ചാത്തലത്തിൽ സഭയെ വിശ്വാസത്തിൽ നിലനിർത്തുന്നതിന് വിശ്വാസസംരക്ഷണാർഥം വിരചിതമായ ഒരു കൃതി എന്ന വിധത്തിലാണ്. യേശു മിശിഹായിലുള്ള അചഞ്ചലമായ വിശ്വാസം ഉപേക്ഷിക്കുവാൻ തയ്യാറാകാതെ ആ വിശ്വാസത്തിനുവേണ്ടി പീഡനമേറ്റു രക്തസാക്ഷിണിയായി മരിക്കുവാൻ തയ്യാറായ ഒരു കന്യകയുടെ ധീരോദാത്തത വിവരിക്കുന്ന ഈ കൃതി തീർച്ചയായും വിശ്വാസസംരക്ഷണത്തിനുവേണ്ടി ജീവൻ ത്യജിക്കാനുള്ള സന്ദേശവും ആഹ്വാനവും ചെയ്യുന്നുണ്ട്. വളരെ പ്രകടപ്രത്യക്ഷമായ ഒരു ആശയാവിഷ്കാരമാണ് അതുവഴി വ്യാഖ്യാതാക്കൾ നല്കുന്നത്. കുറച്ചുകൂടി ആഴത്തിൽ ചിന്തിച്ചാൽ മേല്പറഞ്ഞ വിശ്വാസസംരക്ഷണ മാതൃക അംഗീകരിച്ചുകൊണ്ടുതന്നെ ചാവറയച്ചന്റെ *കന്യാസ്ത്രീമഠദർശനത്തിലേക്ക്* ഈ കാവ്യത്തിലെ കഥാപാത്രങ്ങൾ നമ്മെ നയിക്കുന്നുണ്ട് എന്നു പറയാനാവും.

**ഉള്ളടക്കവും ഉൾക്കാഴ്ചയും**

*അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന കാവ്യത്തിലെ പ്രഥമരംഗം ഒരു കന്യാസ്ത്രീമഠമാണ്. മുഖ്യകഥാപാത്രം അനസ്താസ്യാ എന്ന കന്യാസ്ത്രീപൈതലാണ്. ക്രിസ്തീയവിശ്വാസധ്വംസകനും കാമവികാരങ്ങൾക്ക് അടിമയുമായ പ്രോബാ എന്ന ഭൗതികനേതാവിന്റെ ഇംഗിതങ്ങൾക്കും അഭിലാഷങ്ങൾക്കും വഴങ്ങാതെ, നിത്യം ജീവിക്കുന്നവനും സ്വർഗീയമണവാളനുമായ ഈശോയുടെ സ്നേഹത്തിന് സാക്ഷിയാകുന്നതിന് ജീവൻപോലും തൃണവൽഗണിക്കുവാൻ അനസ്താസ്യയെ പ്രേരിപ്പിക്കുന്ന സോഫിയാ എന്ന മഠാധിപയാണ് ഇതിലെ മറ്റൊരു മുഖ്യകഥാപാത്രം. ക്രൈസ്തവസഭ ആദിമനൂറ്റാണ്ടുകളിൽ അഭിമുഖീകരിച്ച മതമർദ്ദനമാണ് പശ്ചാത്തലം. ക്രൈസ്തവവിശ്വാസത്തെ ഉന്മൂലനം ചെയ്യുവാൻ ക്രിസ്ത്യാനികളായവരെയെല്ലാം വിശ്വാസത്തിൽനിന്നും വ്യതിചലിക്കുന്നതിനു പ്രേരിപ്പിക്കുക, അതനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ വധിക്കുക എന്ന കിരാതമാർഗ്ഗമായിരുന്നു മതമർദ്ദകരുടേത്. ഈ മാർഗം അവലംബിക്കുന്ന മന്ത്രി പ്രോബായും അനുചരന്മാരുമാണ് ഇതര കഥാപാത്രങ്ങൾ. മതമർദ്ദനങ്ങൾ രക്തസാക്ഷികളെ ജനിപ്പിച്ച് സഭയ്ക്ക് കൂടുതൽ നേട്ടമുണ്ടാക്കി എന്നതൊഴികെ മറ്റു പ്രയോജനമൊന്നും ഉളവാക്കിയില്ല. അനസ്താസ്യയുടെ ധൈര്യവും വിശ്വാസസ്ഥിരതയും കാണുകയും അവൾ അനുഭവിച്ച പീഡനങ്ങൾ കണ്ട് അലിവുതോന്നുകയും മരണാസന്നയായ അവൾ ആംഗ്യം കാണിച്ചപ്പോൾ കുടിക്കാൻ വെള്ളം നല്കുകയും ചെയ്ത സിറിലോസ് എന്ന യുവാവിന് രക്തസാക്ഷിയായി മരിക്കാനുള്ള വരം അവളിലൂടെ ലഭിക്കുകയും ചെയ്തു. രക്തസാക്ഷികളുടെ ചൂടുനിണം ക്രൈസ്തവസഭയുടെ വിത്തായി പരിണമിക്കുന്ന മനോഹര ദൃശ്യം കൂടിയാണത്. ക്രൈസ്തവരുടെ വിശ്വാസധീരതയ്ക്കു മുമ്പിൽ നിസ്സഹായരായി തീരാനേ ശത്രുക്കൾക്ക് കഴിഞ്ഞതുമുള്ളു. മതമർദ്ദനം എന്ന ചരിത്ര യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വിശ്വാസത്തിന്റെ വിജയം പ്രഘോഷിക്കുന്നതിൽ ഈ കൃതി അങ്ങേയറ്റം വിജയിച്ചു എന്നത് അവിതർക്കിതമാണ്.

പശ്ചാത്തലവിവരണത്തിലും രംഗസംവിധാനങ്ങളിലും കഥാപാത്രങ്ങളുടെ തെരഞ്ഞെടുപ്പിലും ഇനിയും വെളിച്ചം കാണാത്ത മറ്റു ചില സത്യങ്ങളും ഉൾക്കാഴ്ചകളും അടങ്ങിയിട്ടുണ്ട്. ചരിത്രപരമായി പറഞ്ഞാൽ, ക്രൈസ്തവസഭയിലെ മതമർദ്ദനം കോൺസ്റ്റന്റയിൻ ചക്രവർത്തി എ.ഡി. 313-ൽ പുറപ്പെടുവിച്ച മിലാൻ വിളംബരത്തോടെ ഔദ്യോഗികമായി നിർത്തലാക്കപ്പെട്ടു. തത്ഫലമായി സമാധാനപൂർണമായ അന്തരീക്ഷത്തിൽ സഭ ജീവിക്കാനും വളരുവാനും തുടങ്ങി. ക്രമേണ സഭയും രാഷ്ട്രവും തമ്മിലുള്ള താദാത്മ്യപ്പെടൽ ആരംഭിച്ചു. വിശ്വാസചൈതന്യത്തിൽ നിന്നും തീക്ഷ്ണതയിൽനിന്നുള്ള വ്യതിചലനത്തിനും അതുവഴി ഭൗതികവല്ക്കരണത്തിനും ഇത് ഇടവരുത്തി.

*എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കുക* എന്ന ക്രിസ്തുനാഥന്റെ ആഹ്വാനത്തിനൊത്ത് ജീവിക്കുന്നതിന് സാധ്യതകൾ സഭയിൽ ഇല്ലാതായപ്പോൾ മൗലികമായ ക്രിസ്തുശിഷ്യത്വം തേടി മരുഭൂമിയിലേക്കും വനാന്തരങ്ങളിലേക്കും വ്യക്തികൾ നീങ്ങി ഏകാന്തവാസികളായി താപസജീവിതം ആരംഭിച്ചു. ഇപ്രകാരം രക്തസാക്ഷിത്വത്തിനു പകരമായി ആരംഭിച്ച താപസികജീവിതമാണ് കാലാന്തരത്തിൽ സമൂഹപരമായ ജീവിതം നയിക്കുന്ന സന്യാസജീവിതത്തിലേക്ക് പരിവർത്തനപ്പെട്ടത്. ഈ ചരിത്ര പശ്ചാത്തലത്തിൽ ഈ കൃതിയെ വിലയിരുത്തുമ്പോൾ മതമർദ്ദനകാലത്ത് ഒരു വ്യവസ്ഥാപിത കന്യാസ്ത്രീമഠവും ശ്രേഷ്ഠത്തിയും സന്യാസാർഥിനികളും ചേർന്ന ഒരു കന്യാസ്ത്രീമഠത്തിന്റെ വിവരണം വസ്തുനിഷ്ഠമായി ചരിത്രയുക്ത്യാനുസരണമെന്നു പറയാൻ സാധിക്കുമോ? ഉണ്ടെന്നു തോന്നുന്നില്ല. എങ്കിൽപ്പിന്നെ എന്തുകൊണ്ടാവാം അങ്ങനെയൊരു ചിത്രീകരണം ചരിത്രകാരൻകൂടിയായ ചാവറയച്ചൻ നൽകിയത്? അത്തരം വശങ്ങൾ ചിന്തിക്കാത്ത വ്യക്തിയായിരുന്നില്ലല്ലോ ആ ധന്യാത്മാവ്.

സ്വാഭാവികമായി ഉണ്ടാകുന്ന മറ്റൊരു സംശയം ഇതാണ്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുക എന്നത് മതമർദ്ദകരുടെ ഉദ്ദേശ്യമാണല്ലോ. ആ പീഡനത്തിന് എല്ലാ ക്രിസ്ത്യാനികളും വിധേയരുമാണ്. എങ്കിൽ പിന്നെ എന്തുകൊണ്ടാണ് ഒരു കന്യാസ്ത്രീമഠത്തിൽ കന്യാസ്ത്രീയാകാൻവന്ന ഒരു പെൺകുട്ടിയെ തിരഞ്ഞുപിടിച്ച് ശത്രുക്കൾ വധിക്കുന്നത്. സോഫിയാ എന്ന ശ്രേഷ്ഠത്തിയും ക്രിസ്ത്യാനിയാണല്ലോ. അതുമാത്രമല്ല, കന്യാസ്ത്രീമഠത്തിലുള്ളതിൽ കൂടുതൽ ക്രിസ്ത്യാനികളുള്ള സമൂഹങ്ങളെ ആക്രമിക്കുന്ന ഒരു പശ്ചാത്തലവിവരണം നല്കാമായിരുന്നിട്ടും എന്തുകൊണ്ട് അപ്രകാരം പറയാതെ മഠത്തിന്റെ പശ്ചാത്തലം മാത്രമായി കൊടുത്തു? മേല്പറഞ്ഞ സംശയങ്ങളുടെയും ചോദ്യങ്ങളുടെയും വെളിച്ചത്തിലാണ് ചവറയച്ചന്റെ കന്യാസ്ത്രീമഠം എന്ന ഉദാത്ത ദർശനത്തിന്റെ പൊരുൾ മനസ്സിലാക്കാനാകുന്നത്. അതിന് സഹായകമായി അദ്ദേഹത്തിന്റെ *നാളാഗമ*ങ്ങളിലേക്കും കത്തുകളിലേക്കും കൂടി നാം നോക്കേണ്ടതുണ്ട്.

### കന്യാസ്ത്രീമഠദർശനം: ചരിത്രവഴികൾ

കൂനമ്മാവിലാരംഭിച്ച കന്യാസ്ത്രീമഠത്തിന്റെ *നാളാഗമ*ത്തിന്റെ ആദ്യ പേജുകളിൽ *ഏറിയനാൾമുമ്പിനാലെ സത്യവേദം നടന്നുവരുന്ന ഈ മലയാളത്തിൽ കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകാതെയും ഈ പുണ്യങ്ങളുടെ കേൾവിയല്ലാതെ ഒരു നല്ല കണ്ടുപഠിത്വവും കൂടാതെയും ആൺവർഗക്കാർക്ക് പട്ടസുഖം എന്നല്ലാതെ സ്ത്രീവർഗത്തിന് കന്നിത്വം കാത്തിരിപ്പാൻ മനസ്സുണ്ടായാലും ആയതിന്ന് ഒരു പോംവഴിയും നൃവാഹയും കൂടാതെ ഈ ദുഃഖത്തിൽ ദീർഘകാലമായി നടന്നുവരികയിൽ*[3] എന്ന

ആമുഖത്തോടെയാണ് ചാവറയച്ചൻ 1866 ഫെബ്രുവരിയിലെ മഠസ്ഥാപന ചരിത്രം എഴുതിത്തുടങ്ങുന്നത്. കന്യകാത്വം കാത്ത് ബ്രഹ്മചാരികളായി ജീവിക്കാൻ ആഗ്രഹിക്കുന്നവരുണ്ടെന്നും (അതിനുള്ള വ്യക്തമായ തെളിവാണ് കൂനമ്മാവ് നാളാഗമത്തിൽ ചാവറയച്ചന്റെ സ്വന്തം കൈപ്പടയിൽ വിവരിക്കുന്ന വൈക്കം പുത്തനങ്ങാടി ഏലീശ്വായുടെ 13 വർഷത്തെ സന്യാസിക്കടുത്ത ജീവിതസംബന്ധമായ വിവരണം)[4] എന്നാൽ അതിനുള്ള പോംവഴികൾ ഇതുവരെ ആയിട്ടില്ലെന്നും അതിനിയും ഉണ്ടാക്കാൻ കഴിയാത്തതിൽ ദീർഘകാലമായ ദുഃഖം അദ്ദേഹത്തിന് ഉണ്ടെന്നുമാണല്ലോ ഈ വരികൾ വ്യക്തമാക്കുന്നത്. ആൺവർഗക്കാർക്ക് വൈദികപട്ടം സ്വീകരിച്ചുകൊണ്ട് ബ്രഹ്മചാരികളായി ജീവിക്കാൻ സാധ്യതയുണ്ടായിരുന്നു; എന്നാൽ സ്ത്രീവർഗക്കാർക്ക് അതിന് യാതൊരു സാധ്യതയും ഇല്ലാതിരുന്നു. 1831-ൽ പുരുഷന്മാർക്കുവേണ്ടി കൊവേന്ത തുടങ്ങിയ കാര്യവും 1860-ൽ പുത്തൻ പള്ളിയിൽ മഠസ്ഥാപനത്തിനായി കെട്ടിടം പണിതവിവരവും റോക്കോസ് ശീശ്മമൂലം മഠത്തിനുള്ള കെട്ടിടം സെമിനാരിയാക്കി മാറ്റിയതിൽ ഉണ്ടായ ഇച്ഛാഭംഗവും ചാവറയച്ചൻ വിവരിച്ചിട്ടുണ്ട്.

*നല്ല പട്ടക്കാരില്ലായ്കയാലുള്ള ആത്മനാശം കണ്ട് കന്യാസ്ത്രീമഠം ആയത് മാറ്റി സെമിനാരി എന്നു നിശ്ചയിച്ച് അപ്രകാരം പഠിത്വശാലയാക്കിയതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന ശരണവും കെട്ട മുൻപിലത്തെപ്പോലെയുള്ള ദുഃഖാവസ്ഥയിൽ ജീവിച്ചുവരുമ്പോൾ*[5] എന്നു പറയുന്നതിനെ തുടർന്നാണ് 1866-ലെ സ്ഥാപനപശ്ചാത്തലവും സ്ഥാപനസംഭവവും ബന്ധപ്പെട്ട ആളുകളുടെ പേരുവിവരണവും എല്ലാം രേഖപ്പെടുത്തുന്നത്. ഇതേ കാര്യം തന്നെ മാന്നാനം *നാളാഗമത്തിലും* എഴുതിയിരിക്കുന്നു.

*ഇതാ ഇപ്പോൾ ഏറിയകാലം മുതലായി അപേക്ഷിച്ചു വന്നിരുന്നതും നടക്കാതെ കിടക്കുന്നതുമായ ഒരു കാര്യം ആയ കന്യാസ്ത്രീമഠം എന്നുള്ള കാര്യം ദൈവം ഈ കാലത്തിൽ നടത്തുവാൻ തിരുമനസ്സായിരിക്കുന്നു എന്നു തോന്നുന്നു.*[6]

മഠസ്ഥാപനം സംബന്ധിച്ച ചാവറയച്ചന്റെ ദീർഘകാല ആഗ്രഹവും അതിനായി നടത്തിയ യത്നങ്ങൾ ഫലമണിയാതെ പോയതിന്റെ ഇച്ഛാഭംഗവും ആത്മീയപിതാവും സഹപ്രവർത്തകനുമായ ലെയോപ്പോൾദച്ചൻ നന്നായി അറിഞ്ഞിരുന്നതിനാലാവണം ചാവറയച്ചൻ എഴുതിയ *ആത്മാനുതാപം* എന്ന കൃതി അദ്ദേഹത്തിന്റെ മരണശേഷം പ്രസിദ്ധപ്പെടുത്തിയ വേളയിൽ അതിന് ആമുഖമായി ലെയോപ്പോൾദച്ചൻ എഴുതിയ ജീവിതസംഗ്രഹത്തിൽ *മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു പുണ്യസങ്കേതവും വേദകാര്യങ്ങളെ പഠിക്കുന്നതിനും നല്ല ക്രിസ്ത്യാനി പൈതങ്ങളായി വളരുന്നതിനും ഒരു കന്യാസ്ത്രീമഠം ഉണ്ടാക്കണമെന്നും എത്രയും ആഗ്രഹമായി. ആയതിന് സർവ്വേശ്വരൻ തമ്പുരാൻ തിരുമനസ്സായപ്പോൾ അതിനെ*

*നിറവേറ്റുന്നതിന് എത്രയോ പ്രയത്നം ചെയ്തുവെന്നു ചുരുങ്ങിയ വിവരത്തിന് അടങ്ങുന്ന കാര്യമല്ല. കന്യാസ്ത്രീമഠം നടന്നുതുടങ്ങിയതിന്റെ ശേഷവും അതിനെ വേണ്ടുന്ന ക്രമത്തോടും പുണ്യത്തോടുംകൂടെ നടത്തുന്നതിന് എത്രയോ ആഗ്രഹവും താത്പര്യവുമായിരുന്നുവെന്ന് എല്ലാവർക്കും അറിവുള്ള കാര്യമായിരിക്കുന്നു* എന്ന് അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ പരാമർശിച്ച് എഴുതാൻ തയ്യാറായത്. ഈ വാചകത്തിൽ സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഒരു പദമാണ് *പുണ്യസങ്കേതം* എന്നത്. അതേ പദപ്രയോഗം ഈ ഖണ്ഡകാവ്യത്തിലും കാണുന്നുണ്ട്. *അനസ്താസ്യായുടെ രക്തസാക്ഷ്യത്തിൽ* ഇപ്രകാരം വായിക്കുന്നു.

> *അനസ്താസ്യയെന്ന പൈതൽ പുതുകന്നിഗണത്തോടെ*
> *അണച്ചു ചേർപ്പതിന്നായിട്ടുണർത്തിച്ചപ്പോൾ*
> *അമ്മ സോപ്യാ പ്രിയമാതാ സ്നേഹമോടെ മകളായി.*
> *അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ* (3-6)

> *കന്നികളെ കാത്തുകൂട്ടി ഭരിക്കുന്നമഠമായ*
> *കന്നിസോപ്യ അമ്മ പുണ്യശ്രേഷ്ഠകേതത്തിൽ* (19-20)

ചാവറയച്ചന്റെ മഠസ്ഥാപനം എന്ന വലിയ ദർശനത്തിന്റെ അടിസ്ഥാനം കാണുന്നത് ലെയോപ്പോൾദച്ചൻ എഴുതിയ ചരിത്രത്തിലും ഈ കാവ്യത്തിലും പൊതുവായി കാണുന്ന *പുണ്യസങ്കേതം* എന്ന പദത്തിലാണ്.

മലയാളത്തിലെ പെൺപൈതങ്ങൾക്ക് ഒരു *പുണ്യസങ്കേതം* തീർക്കണമെന്ന് ചാവറയച്ചനും ആഗ്രഹമുണ്ടായിരുന്നുവെന്ന് കൃത്യമായും വ്യക്തമായും ലെയോപ്പോൾദച്ചന് പറയുവാൻ കഴിഞ്ഞെങ്കിൽ അതിനർഥം ചാവറയച്ചൻ അത് അദ്ദേഹത്തോട് പലപ്പോഴായി വ്യക്തമാക്കിയിട്ടുണ്ടായിരുന്നു എന്നുള്ളതാണല്ലോ. ഈ വ്യക്തത 1866-ലെ മഠസ്ഥാപനവേളയിലല്ല പിന്നെയോ 1862-ൽ *അനസ്താസ്യായുടെ രക്തസാക്ഷ്യം* എഴുതുമ്പോൾത്തന്നെ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് ഈ കാവ്യഭാഗം. 1862-ൽ ഇത്ര വ്യക്തമായി *പുണ്യസങ്കേതത്തെയും* അവിടുത്തെ ജീവിതത്തെയും സംബന്ധിച്ച് ഒരു കാവ്യം രചിക്കണമെങ്കിൽ തീർച്ചയായും അതിനുമുമ്പുതന്നെ ആ ദർശനം അദ്ദേഹത്തിൽ രൂഢമൂലമായിരുന്നുവെന്ന് ന്യായമായും അനുമാനിക്കാം. പാറപ്പുറം വർക്കിച്ചൻ പറയുന്ന ആലങ്ങാട്ടെ പരിശ്രമവും, കൂനമ്മാവ് *നാളാഗമ*ത്തിൽ നിന്നുതന്നെ മനസ്സിലാക്കാവുന്ന പുത്തൻ പള്ളിയിലെ മഠസ്ഥാപനശ്രമവും ഇതിന് ഉപോത്ബലകമായി കാണാവുന്നതാണ്. *ദീർഘകാലമായി ആഗ്രഹിച്ചതും നടക്കാതെ പോയതുമെന്ന്* അദ്ദേഹം ദുഃഖത്തോടെ പരാമർശിക്കുന്നതും *കന്യാസ്ത്രീമഠമെന്നതു മാറ്റി സെമിനാരിയാക്കി* എന്നു പറയുന്നതും മേല്പറഞ്ഞ കന്യാസ്ത്രീമഠമെന്ന പുണ്യസങ്കേതത്തെത്തന്നെ ഉദ്ദേശിച്ചാണല്ലോ. ചുരുക്കത്തിൽ ചാവറയച്ചന്റെ

മനസ്സിൽ ദീർഘകാലമായി തളംകെട്ടിനിന്ന കന്യാസ്ത്രീമഠദർശനത്തിന്റെ ലിഖിതരൂപമാണ് ഈ കാവ്യം.

### കന്യാസ്ത്രീമഠമെന്ന പുണ്യസങ്കേതം: ദർശനവും ലക്ഷ്യവും

കന്യാസ്ത്രീമഠമെന്ന *പുണ്യസങ്കേത*ത്തിലൂടെ സംഭവിക്കേണ്ട സുപ്രധാനമായ കാര്യം എന്താണെന്നു വ്യക്തമാക്കുകയാണ് യഥാർത്ഥത്തിൽ ഈ കാവ്യം. സോഫിയാ എന്ന ശ്രേഷ്ഠയിലൂടെ ആരാണ് ഒരു കന്യാസ്ത്രീ, എന്താണ് കന്യാസ്ത്രീമഠം, എന്തിനുവേണ്ടിയാണ് അത് നിലകൊള്ളുന്നതെന്നൊക്കെ ചാവറയച്ചൻ വ്യക്തമാക്കുന്നു. ആത്മമണവാളനായ യേശുവിനെ പ്രതി ജീവൻ ത്യജിക്കാൻപോലും സന്നദ്ധരായ നിർമ്മലരും വിശുദ്ധരുമായ കന്യകമാർ വസിക്കുന്നയിടമാണവിടം. കന്യാസ്ത്രീമഠം എന്നത് *പുണ്യസങ്കേതമാണ്;* അതായത്, വിശുദ്ധിയോടെ ജീവിക്കുന്നവരുടെ വാസസ്ഥലം. ഒപ്പം വിശ്വാസതീക്ഷ്ണതയിലും വിശുദ്ധിയിലും ജീവിക്കുവാൻ യുവഹൃദയങ്ങളെ ഒരുക്കുന്ന സ്ഥലം. അങ്ങനെ പുണ്യം അഥവാ വിശുദ്ധി പ്രസരിപ്പിക്കുന്ന കന്യാസ്ത്രീകളായി അവർ തീരുന്നത് ദൈവജനത്തെ വിശ്വാസത്തിൽ പരിശീലിപ്പിക്കുവാനും, ഉറപ്പിക്കുവാനും, ആ സുകൃതത്തിലും, വിശുദ്ധിയിലും അവരെ നിലനിർത്താനും വേണ്ടിയാണ്. ശരിയായ വിശ്വാസം പകരാനും വിശ്വാസത്തിനുവേണ്ടി അചഞ്ചലമായി നിലകൊള്ളാനും വിശ്വാസത്തിൽ മറ്റുള്ളവരെ നിലനിർത്താനും കഴിയുന്ന ഒരു *പുണ്യസങ്കേത*ത്തിന്റെ രൂപവത്കരണം ചാവറയച്ചൻ ലക്ഷ്യമാക്കിയിരുന്നു. ദൈവജനത്തിന് ഈ അവബോധം നല്കാൻ കൂടിയാവണം ഇപ്രകാരമൊരു കാവ്യം അദ്ദേഹം രചിച്ചത്. കന്യാകാമഠത്തിന്റെ ശ്രേഷ്ഠത്തിയായ സോഫിയാ എന്ന അമ്മയുടെ നേതൃത്വവും, അനസ്താസ്യാ എന്ന കന്യാസ്ത്രീപ്പൈതലിന് അവർ നല്കുന്ന സദുപദേശവും മാർഗനിർദേശവും ഇതു വ്യക്തമാക്കുന്നുണ്ട്.

മതമർദ്ദനത്തിന്റെ രൂപത്തിലാവണമെന്നില്ലെങ്കിലും എന്നും എപ്പോഴും സഭ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണ് വിശ്വാസഭ്രംശം. അങ്ങനെ സംഭവിക്കുന്ന, സംഭവിക്കാവുന്ന ഒരു ജനതയുടെ മധ്യത്തിൽ, ഒരു കന്യകാലയത്തിനും അതിൽ വസിക്കുന്ന കന്യകകൾക്കുമുള്ള ദൗത്യം എന്താണെന്ന് സോഫിയാ എന്ന ശ്രേഷ്ഠത്തിയുടെ സ്നേഹമൂറുന്ന അതേസമയം ധൈര്യവും പ്രചോദനവും ലക്ഷ്യബോധവും പകരുന്ന വാക്കുകളിലൂടെ സുതരാം വെളിവാകുന്നു.

### സന്യാസജീവിതദർശനം

*അനസ്ത്യാസയുടെ രക്തസാക്ഷ്യ*മെന്ന കാവ്യത്തിലൂടെ ഒരു പുണ്യസങ്കേതമന്തെന്നു മാത്രമല്ല, കന്യാസ്ത്രീയായി അഥവാ സന്യാസിയായി ജീവിക്കുക എന്നതിന്റെ അർഥമെന്തെന്നും മനസ്സിലാക്കാനാവും. സന്യാസ

ജീവിതം എന്താണ്, ആരാണ് ഒരു സമർപ്പിതകന്യക എന്നിവയെ സംബന്ധിച്ച ചാവറയച്ചന്റെ ഉദാത്തദർശനവും ഈ കാവ്യത്തിലൂടെ ലഭിക്കുന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ

*കന്നികളെ കാത്തുകുട്ടി ഭരിക്കുന്ന മഠമായ*
*കന്നിസോപ്യാ അമ്മ പുണ്യശ്രേഷ്ഠകേതത്തിൽ*

*പൊന്നിനേക്കാൾ വിലയേറും സ്വർണമാണിക്കങ്ങളൊക്കെ*
*മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചീടുന്ന*

*ഉന്നതമാം ഗോത്രി കന്നി അനസ്ത്യാസ്യാ എന്ന പൈതൽ*
*കന്നിത്വം നേർന്നവിടത്തലങ്ങിടുന്നു* (19-24)

ഭൗതികസമ്പത്തുക്കളും ആടയാഭരണങ്ങളും കുലമഹിമയും ലോകം ഉത്കൃഷ്ടമെന്നു കരുതുന്ന സർവ്വവും ത്യജിച്ച് കന്യകാത്വം ദൈവത്തിനു സമർപ്പിച്ച് ജീവിക്കുന്ന കന്യകകൾ വസിക്കുന്ന ആലയത്തിൽ ഒരു ശ്രേഷ്ഠയുടെ കീഴിൽ ജീവിക്കുന്ന ജീവിതരീതിയാണ് സന്യാസിനിജീവിതം. ലോകത്തിൽനിന്നുള്ള വേർപാടിനെ സൂചിപ്പിക്കുന്ന ആവൃതി നിയമംപാലിച്ചുകൊണ്ട് നാലു ചുമരുകൾക്കുള്ളിൽ കണ്ണടക്കത്തോടെ, എളിമയോടെ, സംയമനം പാലിച്ചു, ജീവിക്കുന്ന ശൈലിയാണ് കന്യകയുടേത് എന്ന് തുടർന്നു വരുന്ന വാക്യങ്ങൾ വെളിവാക്കുന്നു.

*സൂക്ഷമുള്ള പൂട്ടകത്തിൽ താഴ്ചയുള്ള പുണ്യപൈതൽ*
*നേത്രക്കാഴ്ച താഴ്ത്തിയുള്ളിൽ ഭജിച്ചീടുന്നു* (25-26)

ഉന്നതകുലജാതയും കീർത്തികേട്ട കുടുംബത്തിലെ അംഗവും സുന്ദരിയും സുശീലയുമായ ഒരു യുവതി ലോകത്തെയും അതിന്റെ ആഢംബരങ്ങളെയും തൃണവൽഗണിച്ചുകൊണ്ട് ലോകമായകളിൽ മുഴുകാതെ, എളിമയിലും, ആത്മസംയമനത്തിലും കന്യകാലയത്തിന്റെ നാലുചുമരുകൾക്കുള്ളിൽ അനാഢംബരപൂർവം വിശുദ്ധിയിൽ വളരാനായി പുണ്യാഭ്യാസത്തിൽ മുഴുകിജീവിക്കുന്ന ചിത്രമാണ് ചാവറയച്ചൻ വരച്ചുകാണിക്കുന്നത്. സന്യാസത്തിന്റെ അടിസ്ഥാനഘടകമാണ് പരിത്യാഗം, വിനീതവും ശാന്തവുമായ ജിവിതം, പുണ്യങ്ങളുടെ അഭ്യസനം എന്നിങ്ങനെയുള്ള ജീവിതശൈലി. ആരാണ് ഒരു സന്ന്യാസിനി എന്നതിന്റെ വാങ്മയ ചിത്രമാണ് ശ്രേഷ്ഠയായ സോഫിയായുടെ വാക്കുകളിലൂടെ ലഭിക്കുന്നത്.

സന്യാസജീവിതം കാംക്ഷിച്ചുവരുന്ന അനസ്താസ്യായെ ശ്രേഷ്ഠയായ സോഫിയാ പരിശീലന ഭവനമായ എദുക്കുംന്താത്തിൽ (ബോർഡിങ്) മകളായി സ്വീകരിച്ച് പരിശീലിപ്പിക്കുകയാണ്.

*അമ്മ സേപ്യാ പ്രിയമാതാ സ്നേഹമോടെ മകളായി*
*അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ*

*എദുക്കന്താത്തതിൽ തന്നെ വളർത്തും ഗുരുത്തിയമ്മ*
*എടുത്തു ചേർത്തതി സ്നേഹത്താൽ പുലർത്തിവന്നു* (5-8)

*എദുക്കുംന്താത്ത്* എന്ന പദവും പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നതാണ്. മഠത്തോടനുബന്ധിച്ച് എദുക്കുംന്താത്ത് ഉണ്ടായിരിക്കണമെന്നും കന്യകാലയ ജീവിതം കാംക്ഷിച്ചുവരുന്നവരുടെ ആദ്യപരിശീലനകേന്ദ്രമായി അതു മാറണമെന്നും, എദുക്കുംന്താത്തിലെ പൈതങ്ങളുടെ മേൽനോട്ടം വഹിക്കുന്നവൾ അവർക്ക് അമ്മയായി വർത്തിക്കണമെന്നും സ്വന്തം മക്കളെപ്പോലെ കരുതി സ്നേഹപൂർവം അവർക്ക് വിശ്വാസപരിശീലനം നല്കി പുണ്യത്തിൽ വളർത്തണമെന്നും ചാവറയച്ചൻ ഉദർശനം ചെയ്തിരുന്നുവെന്നാണ് മേൽകൊടുത്തിരിക്കുന്ന വാക്കുകൾ വെളിപ്പെടുത്തുന്നത്. പുത്തൻമഠം തുടങ്ങിയതിന്റെ പിറ്റേവർഷം അതായത്, 1868-ൽ എദുക്കുംന്താത്തും കൂനമ്മാവിലാരംഭിച്ചു എന്നത് *നാളാഗമ*ത്തിൽ വായിക്കുമ്പോൾ കന്യാസ്ത്രീമഠദർശനം എത്ര മുമ്പിനാലേ തന്നെ ചാവറപിതാവിന്റെ മനസ്സിൽ ഉണ്ടായിരുന്നുവെന്നു ഊഹിക്കാനാവും.

## സന്യാസം മിശിഹായോടുള്ള മണവാളത്തം

സന്യാസത്തിന്റെ വാതിലായ ബ്രഹ്മചര്യത്തിന്റെ അന്തഃസത്ത വെളിപ്പെടുത്തുന്നതാണ് ശ്രേഷ്ഠത്തിഅമ്മയായ സോഫിയാ, മതമർദ്ദകരുടെ അടുക്കലേക്ക് മകളെ പറഞ്ഞുവിടുന്ന സന്ദർഭത്തിലെ വാക്കുകൾ. ഒരു അമ്മയുടെ മാതൃനിർവിശേഷമായ സ്നേഹത്തോടെ അവളെ തന്റെ മാറോടു ചേർത്ത് ആലിംഗനം ചെയ്യുമ്പോൾ മനുഷ്യത്വത്തിന്റെയും മാതൃത്വത്തിന്റെയും ഉദാത്തഭാവമായി ശ്രേഷ്ഠത്തി സ്ഥാനത്തെ അടയാളം ചെയ്യുന്നതോടൊപ്പം അതിനപ്പുറമുള്ള സ്വർഗീയമായ ദർശനത്തിലേക്ക് സ്വയം ഉയരുകയും ആത്മീയപുത്രിയെ ഉയർത്തുകയുമാണ്. ശ്രേഷ്ഠത്തിയമ്മയുടെ വാക്കുകൾ ഇപ്രകാരമാണ്:

*സ്നേഹമേറും മകളെ നിൻഭാഗ്യമേറും മണവാളൻ*
*ദാഹത്തോടെ വിളിക്കുന്നു വേഗമായ് പോക*
*പൂർവകാലമേ നിൻ കരത്തെ നീട്ടി നീണ്ട ദാഹത്തോടെ*
*മാറത്തിലണച്ചൊരു രാജനെയോർക്ക*

*നിൻ മണത്തെ മുടിപ്പാനായി ഒൺമയോടെ ധരിത്രിയിൽ*
*ഭംഗിയേറും കൊടിയേന്തി വൻ ഗിരിയേറി*
*മെച്ചമേറും കിരീടത്തെ വച്ചുമൂടി ശിരസ്സിനെ*
*അർച്ചനയായണച്ചു തൻ ജീവനും കൂടെ*

*എന്ന തന്റെ സുന്ദരനാം പുണ്യരാജമണവാളൻ*
*ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം*
*മന്നിലുള്ള മണവാളന്മാരല്ല നിന്റെ സ്നേഹഭർത്താ*
*ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക* (47-58)

സന്യാസത്തിന്റെ അന്തഃസത്ത വെളിവാക്കുന്നതാണ് ഈ വാക്കുകൾ. സന്യാസമെന്നത് മിശിഹായോടുള്ള മണവാളത്തമാണ്. മിശിഹായാണ് കന്യകയുടെ മണവാളൻ. ലോകം തരുന്ന സ്ഥാനമാനങ്ങളുടെയോ ജഡികസുഖങ്ങളുടെയോ മരണത്തിന്റെ മുമ്പിൽ പോലുമോ അടിപതറാതെ, വ്യതിചലിക്കാതെ ആത്മമണവാളനായി മിശിഹായെ വരിച്ച് അവിടുന്നുമായി ഗാഢബന്ധത്തിലായിരിക്കുന്നതാണ് സന്യാസം.

വർഷങ്ങൾക്കുശേഷം കൂനമ്മാവിലെ കന്യാസ്ത്രീകൾക്ക് അദ്ദേഹം എഴുതി:

*ഓ, എന്റെ തമ്പുരാന്റെയും കർത്താവിന്റെയും മണവാട്ടികളായ മഹാരാജസ്ത്രീകളെ നിങ്ങൾ കരേറിയിരിക്കുന്ന അന്തസ് എത്രയും ഉയരപ്പെട്ടതും സ്തുതിക്കപ്പെട്ടതും തന്നെ.*[7]

ഈ വാക്കുകളും മേല്പറഞ്ഞവയും സാരാംശത്തിൽ ഒന്നുതന്നെയെന്നതു വ്യക്തമാണ്. ഒരു കന്യാസ്ത്രീ യേശുമിശിഹായോടുള്ള മണവാളത്തം വരിച്ചവളാണെന്ന അവബോധവും ഉൾക്കാഴ്ചയും ദർശനവും ഈ നാട്ടിൽ കന്യാസ്ത്രീമഠം ഉണ്ടാകുന്നതിന് എത്രയോ മുമ്പ് ചാവറയച്ചൻ ഉൾക്കൊണ്ടിരുന്നു എന്ന് മനസ്സിലാക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ദർശനത്തിന്റെ ആഴവും പഴമയും ശ്രേഷ്ഠതയും ഗ്രഹിക്കാനാവുന്നത്. ഈ ദർശനത്തോടെയാണ് കൂനമ്മാവിലെ കന്യാസ്ത്രീകളെ അദ്ദേഹം നയിച്ചതും വളർത്തിയതും എന്നും അദ്ദേഹത്തിന്റെ കത്തുകളിൽ നിന്നും *നാളാഗമത്തിൽ* നിന്നും സുവിദമാണ്. മേലുദ്ധരിച്ച കത്തിൽതന്നെ അദ്ദേഹം ആവർത്തിക്കുന്ന ചില പ്രയോഗങ്ങളുണ്ട്: *നിങ്ങളുടെ ശു.മണവാളൻ ഈശോമിശിഹാ* (2 പ്രാവശ്യം) *എന്റെ തമ്പുരാന്റെ മണവാട്ടികളെ* (2 പ്രാവശ്യം) *കർത്താവിന്റെ മണവാട്ടികളായ മഹാരാജസ്ത്രീകളേ* (ഒരു പ്രാവശ്യം) *തന്റെ മണവറയായ നിങ്ങളുടെ മുറിയിൽ* (ഒരു പ്രാവശ്യം) ഇതെല്ലാം സൂചിപ്പിക്കുന്നത് സന്യാസം മിശിഹായോടുള്ള മണവാളത്തമാണെന്ന അദ്ദേഹത്തിന്റെ ദർശനമാണ്.

മിശിഹായുടെ സ്വന്തമായിരിക്കുക, എപ്പോഴും അവിടുത്തോടൊത്തു ആയിരിക്കുക എന്നതാണ് സന്യാസജീവിതത്തിന്റെ കാതലെന്നു ചാവറയച്ചനു നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം കന്യാസ്ത്രീകൾക്ക് എഴുതുന്നത്.

*ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടപ്പിൻ, തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ. ആ കർത്താവേ നിന്നോട് ഒന്നു ഞങ്ങൾ ആകുംവരെ ഞങ്ങളിൽനിന്ന് അകലല്ലേ.*[8]

ഇതു തന്നെയാണ് *നിന്റെ സ്നേഹഭർത്താ ഉന്നതൻ നിന്നോടുകൂടെ എന്നു നീ ഓർക്ക* എന്നതിലൂടെ ചാവറയച്ചൻ അനുസ്മരിപ്പിക്കുന്നതും.

*മണവാളനിൽ നിന്ന് അകലരുത്* എന്ന് ഉദ്ബോധിപ്പിക്കുന്നതോടൊപ്പം മണവാളൻ ആരാണെന്നതിനെക്കുറിച്ചുള്ള യാഥാർഥ്യബോധം അവിടത്തെ മണവാട്ടിക്കുണ്ടാകണമെന്നും ചാവറയച്ചൻ ആഗ്രഹിക്കുന്നുണ്ട്. *മന്നിലെ മന്നവന്മാരെപ്പോലെയല്ല നിനക്കായ് സ്വജീവനെ ഹോമിച്ചവനാണ് നിന്റെ മണവാളൻ.* വൈരുദ്ധ്യാത്മകഭാഷയിൽ ക്രൂശിതനെ ചിത്രീകരിക്കുമ്പോൾ കുരിശിനെയും മുൾമുടിയെയും അദ്ദേഹം കാണുന്നത് വേദനയുടെ ശിക്ഷയുടെ, ശാപത്തിന്റെ അടയാളങ്ങളായിട്ടല്ല; പിന്നെയോ, കുരിശിനെ വിജയത്തിന്റെയും പ്രശസ്തിയുടെയും മുൾമുടിയെ അമൂല്യകിരീടത്തിന്റെയും പ്രതീകമായിട്ടാണ്. ക്രൂശിതനെങ്കിലും മഹത്വപൂർണനായ സ്വർഗീയ മണവാളനായിട്ടാണ് മിശിഹായെ അവതരിപ്പിക്കുന്നത്. കുരിശുംപേറി കാൽവരിയിലേക്കു നടന്നുനീങ്ങുന്ന മിശിഹായുടെ യാത്രയെ ആഭരണങ്ങളണിഞ്ഞ് വിവാഹപ്പന്തലിലേക്കു പോകുന്ന മണവാളനോട് ഉപമിക്കുന്ന താദൃശ്യമായ വിവരണം ചാവറയച്ചന്റെ *ആത്മാനുതാപത്തിൽ* നാം കാണുന്നുണ്ട്.

*തന്നുടെ സ്നേഹാൽ ചാർത്തിയേറ്റിയ കിരീടത്താൽ*
*പേർത്തവൻ തന്റെ സ്നേഹപാത്രമാം മണാമണേ*
*ചേർത്തുനൽ വിവാഹത്തിന്നായ്ക്കൊണ്ടു യാത്രയിതാ*
*ആർത്തുള്ള സ്നേഹാഘോഷാൽ ചാർത്തിയങ്ങുയർത്തിയ*

*ധൂർത്തുള്ള മണപ്പന്തൽ ഗാഗുൽത്താകൊടുമുടി*
*ധീഗത്യാമഹാവേഗമായുള്ള യാത്ര കാണ്മാൻ*
*ധീരതയുള്ള സ്നേഹവാമിനി വന്നീടുക*
*സൂക്ഷിക്ക മഹാസ്നേഹമണവാളന്റെ ഗളേ*

*സൂക്ഷിപ്പിൻ ചക്ഷുസ്സിന് ശക്തിയെത്താത്ത മാല*
*തൻ കരകടകങ്ങളെത്രയോ മഹാചിത്രം*
*അംബരശ്രേഷ്ഠന്മാർക്കും പാർക്കാൻ തിറം പോരാ*
*സുന്ദരൻ മണവാളൻ തന്നുടെ കിരീടത്തെ*

*സുന്ദരാംഗിയെ മഹാസ്നേഹത്താൽ സൂക്ഷിക്ക നീ*
*നിന്നുടെ സ്നേഹശാലിന്നു മാത്രമായിതു*
*തന്നുടെ ശിരസ്സിലണിഞ്ഞീടുവാനായിത്തീർന്നു*
*മന്നിലുള്ളൊരു മഹാമന്നവന്മാർക്കുമിതിൻ*[9]

കാൽവരികയറുന്ന മണവാളൻ ധരിച്ചിരിക്കുന്ന ആഭരണങ്ങളും വിവാഹഘോഷയാത്രകളും കുരിശാകുന്ന മണവറയും...ഇങ്ങനെ വളരെ വിശേഷമായ രീതിയിൽ ക്രൂശിതനെ മണവാളനായി ചിത്രീകരിക്കുന്ന മൗതികാനുഭവം ചാവറപിതാവിന്റെ സവിശേഷതയാണ്. മണവാട്ടിയായ കന്യക ഒന്നുചേരേണ്ട മണവാളന്റെ ചിത്രം ഈ വിധം അവതരിപ്പിക്കുകവഴി സമർപ്പിത

ജീവിതത്തിന്റെ യാഥാർത്ഥ അർഥമെന്തെന്ന് ചാവറയച്ചൻ വ്യക്തമാക്കുകയായിരുന്നു. കുരിശിന്റെ പാതയിലൂടെ കടന്നുപോകുമ്പോഴും മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശ നൽകി അവിടുത്തോടൊന്നിച്ച് എന്നും എവിടെയും വസിക്കുന്നവളാകണം മണവാട്ടി എന്ന് ചാവറയച്ചൻ ഇതുവഴി വ്യക്തമാക്കി.

മണവാളത്ത ജീവിതം മിശിഹായോടൊത്തുള്ള ജീവിതം ആയിരിക്കും പോലെ അവിടത്തെ ദൗത്യം തുടരുന്നതിനും വേണ്ടികൂടിയുള്ളതാണ്. അനസ്താസ്യാ തന്റെ ജീവൻ വെടിഞ്ഞത് മണവാളനെപ്പോലെ രക്ഷയുടെ അനുഭവം പകർന്നുകൊണ്ടാണ്. രക്തസാക്ഷി മകുടം ചൂടാൻ സിറില്ലോസിനു അവൾ അവസരം സൃഷ്ടിച്ചു; അങ്ങനെ,

*പാപികൾക്കു രക്ഷ ചെയ്വാൻ വന്നു നീ പൂജിച്ചപോലെ*
*പാപിയാമെൻ ജീവപൂജ പൂർത്തിയാൽ ഏക* (157-158)

*പാപികൾക്കു രക്ഷപകരാൻ നിന്റെ ജീവിതം വേലയായി നീ കാഴ്ചവച്ചല്ലോ. അതുപോലെ ഞാൻ എന്റെ ജീവിതവും അർപ്പണം ചെയ്യുന്നു. ഈ പൂജ സ്വീകരിച്ച് പൂർത്തിയാക്കണേ* എന്ന പ്രാർഥനയോടെയാണ് അനസ്താസ്യാ തന്റെ ജീവൻ വെടിഞ്ഞത്. അങ്ങനെ ഉദാത്തമായ സമർപ്പണത്തിന്റെ മാതൃകയായി അനസ്താസ്യാ നിലകൊള്ളുന്നു.

*ശുദ്ധ.മാർ തോമാശ്ലീഹായാൽ സത്യവേദം കൈക്കൊണ്ട ഈ മലയാളം ഇതേവരെ മച്ചി ആയിരിക്കയും അതിൽപ്പിന്നെ സത്യവേദം കൈക്കൊണ്ട* പല പല നാടുകളിലും ദ്വീപുകളിലും പല പുണ്യവാളന്മാരും ഉണ്ടായിരിക്കുന്നു[10] എന്നും കണ്ടെത്തുന്ന ചാവറയച്ചൻ അതിനൊരു പരിഹാരമായിട്ടാണ് നല്ല പുണ്യകണ്ടുപഠിത്വത്തിന് ഉപയുക്തമായ ദർശനവീടും പുണ്യസങ്കേതവുമായി കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും ഉണ്ടാകണമെന്ന് ആഗ്രഹിച്ചതും അതിനായി തുനിഞ്ഞിറങ്ങിയതും. 1866-ലാണ് പുണ്യസങ്കേതമായി കന്യാസ്ത്രീമഠം പ്രവർത്തനനിരതമാകുന്നതെങ്കിലും തൽസംബന്ധമായ അദ്ദേഹത്തിന്റെ ദർശനങ്ങളും ഉൾക്കാഴ്ചകളും എത്ര മുമ്പേ ആ മനോമുകുരത്തിൽ തെളിഞ്ഞിരുന്നു എന്നു മാത്രമല്ല ലിഖിതരൂപം പ്രാപിച്ചിരുന്നു എന്ന തെളിവു നല്കുന്ന അമൂല്യമായ ഒരു കൃതിയാണ് *അനസ്താസ്യായുടെ രക്തസാക്ഷ്യം.*

ഒരു കടുകുമണിപോലെ അദ്ദേഹം ഈ ആർഷഭാരതഭൂവിൽ, കേരളസഭാസമൂഹത്തിൽ പാകിയ രണ്ടു സന്യാസസമൂഹങ്ങളുടെ വിത്ത് വളർന്ന് ശാഖോപശാഖകളായി പഞ്ചഭൂഖണ്ഡങ്ങളിലും വേരുപിടിച്ചിരിക്കുന്നു. സീറോ-മലബാർ സഭയ്ക്ക് സ്വന്തമായി രണ്ടു വികാരിയാത്തുകൾ 1887-ൽ സ്ഥാപിച്ചുകിട്ടുന്നതിനുമുമ്പ് ലത്തീൻ ഭരണത്തിൻ കീഴിൽ കേരളസഭയിൽ ആരംഭിച്ചിട്ടുള്ള രണ്ടേ രണ്ടു സന്യാസസമൂഹങ്ങളേ ഉള്ളൂ. അവ രണ്ടും ചാവറയച്ചൻ സഭയ്ക്കു നല്കിയ ശാശ്വത സംഭാവനകളാണ്. നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനും, സ്വന്തമായ വികാരിയാത്തുകൾ സ്ഥാപിച്ചു കിട്ടുന്നതിനും

വേണ്ടി ചാവറയച്ചനുൾപ്പെടെ മാന്നാനത്താരംഭിച്ച പുരുഷവിഭാഗം സന്യാസികൾ ഏറ്റെടുത്ത ത്യാഗവും ചെയ്ത പരിശ്രമങ്ങളും മറന്നാലും മായ്ക്കാനാകാത്തവിധം ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞവയാണ്. തുടർന്ന് വിവിധ സന്യാസസമൂഹങ്ങളെ വളർത്തിയെടുക്കുന്നതിലും, പരിശീലിപ്പിക്കുന്നതിലും ഈ സന്യാസസമൂഹങ്ങൾ ചെയ്ത ശുശ്രൂഷകളും വിസ്മരിക്കാവുന്നതല്ല. ആധുനിക സീറോ-മലബാർ സഭയെ ഏറ്റവുമധികം മിഷനറിമാരെ ആഗോളസഭയ്ക്ക് നല്കുന്ന ഒരു മിഷനറിസഭയുടെ തലത്തിലേക്ക് ഉയർത്തുന്നതിനും ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിലും വളർത്തുന്നതിലും നേഴ്സറി ക്ലാസ്സുകൾ തുടങ്ങി കലാലയവിദ്യാഭ്യാസം വരെ മാത്രമല്ല, ഉന്നത തത്വശാസ്ത്ര-ദൈവശാസ്ത്ര ബിരുദം വരെയും നല്കത്തക്കവിധം സമഗ്രമായ പരിശീലനം നല്കി സഭാമക്കളെ വളർത്തുന്നതിലും ഇരു സമൂഹങ്ങളും ഏറ്റമധികമായി അധ്വാനിച്ചിട്ടുണ്ട്; സംഭാവന ചെയ്തിട്ടുണ്ട് എന്നതും ചാവറയച്ചനിൽനിന്നു കൈമാറിക്കിട്ടിയ പൈതൃകത്തിന്റെ പ്രകടമായ സാക്ഷ്യമാണ്. പാശ്ചാത്യസഭ സന്യാസികളുടെ പിതാവായി വിശുദ്ധ ബെനഡിക്റ്റിനെ വിശേഷിപ്പിക്കുന്നുണ്ടല്ലോ. സീറോ-മലബാർ സഭ അങ്ങനെയാരെയെങ്കിലും വിളിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് എത്രയും യോഗ്യൻ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനാണ്.

*നിന്നിലൂടെ നിന്റെ സന്തതിയിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും.*[11] എന്ന് ദൈവം അബ്രാഹത്തിനുകൊടുത്ത രക്ഷയുടെ വാഗ്ദാനം മിശിഹായിലൂടെ നിറവേറ്റുന്നതുപോലെ അബ്രാഹത്തെപ്പോലെ ജീവിതത്തിലുടനീളം വിശ്വാസത്തിന്റെ തീർഥയാത്ര നടത്തിയ ചാവറയച്ചനിലൂടെ, പഞ്ചഭൂഖണ്ഡങ്ങളിലുള്ള അദ്ദേഹത്തിന്റെ ആൺമക്കളും പെൺമക്കളുമായ സി.എം.ഐ., സി.എം.സി. സന്തതികളുടെ സാന്നിധ്യത്തിലൂടെ രക്ഷാകരമായ ശുശ്രൂഷകളിലൂടെ ഭൂമുഖത്തെ വംശങ്ങളൊക്കെ അനുഗൃഹീതമായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ *ഓ! പുണ്യപിതാവേ ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും*[12] എന്ന മറിയത്തിന്റെ വാക്കുകൾ അങ്ങിലൂടെയും പ്രകീർത്തിക്കപ്പെടട്ടെ.

■

## പരാമർശ സൂചിക


1. മത്തായി 5:6.
2. ചാവറ സമ്പൂർണകൃതികൾ കത്തുകൾ IV കത്തുകൾ IX/2.
3. കൂനമ്മാവു മഠം *നാളാഗമം* പേജ് 1.
4. കൂനമ്മാവു മഠം *നാളാഗമം* പേജ് 8, 9.
5. കൂനമ്മാവു മഠം *നാളാഗമം* പേജ് 2.
6. ചാവറ സമ്പൂർണ്ണകൃതികൾ I *നാളാഗമം* കൊച്ചി 1985, പേജ് 124.
7. ചാവറസമ്പൂർണകൃതികൾ IV *കത്തുകൾ* VII/2 (1869).
8. ചാവറസമ്പൂർണകൃതികൾ IV *കത്തുകൾ* VII/6.
9. ആത്മാനുതാപം VIII/73-87.
10. ചാവറ സമ്പൂർണകൃതികൾ Vol I, നാളാഗമങ്ങൾ-കൊച്ചി-1985 പേജ് 172.
11. *ഉല്പത്തി* 12:3, 22:18
12. *ലൂക്കാ* 1:48

ഭാഗം മൂന്ന്

# രൂപാന്തരങ്ങൾ

തിരുവനന്തപുരം സെനറ്റ് ഹാളിൽ
2012 മെയ് 19-ാം തീയതി കവി ഒ.എൻ.വി. നടത്തിയ
ചാവറ അനുസ്മരണ പ്രഭാഷണത്തിന്റെ തുടർച്ചയായി
സി.എം.ഐ. തിരുവനന്തപുരം പ്രോവിൻസിന്റെ നേതൃത്വത്തിൽ
മലയാളത്തിൽ മലയാളി എഴുതിയ ആദ്യഖണ്ഡകാവ്യം
151-ാം വർഷം പിന്നിടുന്നതോടനുബന്ധിച്ച് ആ വേദിയിൽ
അരങ്ങേറിയതാണ് കാവ്യപ്രമേയത്തിന്റെ
ഈ നാടകാവിഷ്ക്കാരം.

നാടക രൂപാന്തരം
**ആർ.എസ്സ്. മധു**

## കഥാപാത്രങ്ങൾ

1. ഷേബാസ്
2. ഭടൻ (1)
3. ഭടൻ (2)
4. വൃദ്ധൻ
5. മന്ത്രി പ്രോബ
6. ജർമ്മിയാസ്
7. സിയോൺ
8. വലേറിയൻ ചക്രവർത്തി
9. ഫീറിലോസ്
10. രണ്ടു ഭടന്മാർ
11. രൂത്ത്
12. സോഫിയ
13. അനസ്താസ്യ
14. പെൺകുട്ടികൾ
15. രണ്ടു പരിചാരകന്മാർ

## രംഗം ഒന്ന്

റോമാനഗരിക്ക് പുറത്തുള്ള ഒരു മലമ്പ്രദേശം. ഒരു മധ്യവയസ്കനെ ഒരു വൃക്ഷത്തോട് ചേർത്ത് ചങ്ങലകൊണ്ട് ബന്ധിച്ചിരിക്കുന്നു. അയാൾ ആകെ ക്ഷീണിതനാണ്. തല ഉയർത്തിപ്പിക്കാനാവാത്തവിധം അയാൾ ചങ്ങല ക്കെട്ടിൽ അമർന്നുകിടക്കുന്നു. അർധനഗ്നമായ ശരീരത്തിൽ ദണ്ഡനത്തിന്റെ പാടുകൾ. മുറിവുകളിൽനിന്ന് രക്തമൊഴുകുന്നു. സമീപത്ത് ആയുധധാരി കളായ രണ്ടു റോമൻ പടയാളികൾ.

*പടയാളി (1)* : (പൊട്ടിച്ചിരിച്ചുകൊണ്ട്) ആർത്തലച്ചുവരുന്ന തിരമാലകളെ ഇരുകൈകളുമുയർത്തി തടയാൻ ശ്രമിക്കുന്ന ഭോഷൻ! ജ്വലിച്ചുയരുന്ന അഗ്നിനാളങ്ങളെ അതിൽ ചാടിക്കെടു ത്താൻ മുതിരുന്ന വിഡ്ഢിയായ ഷേബാസേ, ഈ അവ സാന നിമിഷത്തിലെങ്കിലും ബുദ്ധിപൂർവ്വം ചിന്തിക്ക്.

*പടയാളി (2)* : റോമാധിപതിയുടെ കൊട്ടാരമുറ്റത്തുനിന്ന് സെനറ്റർമാർ പലരും കേൾക്കേ, ക്രിസ്തുവിനെ വാഴ്ത്തിപ്പാടിയത് എന്ത് ധിക്കാരമാണ്. ദൈവപുത്രനാണത്രേ, ദൈവ പുത്രൻ!

വേദന കടിച്ചമർത്തി അയാൾ ഭടന്മാരെ തുറിച്ചുനോക്കുന്നു.

*പടയാളി (1)* : പണ്ടു മരക്കുരിശിൽ കിടന്ന് നിന്റെ ദൈവപുത്രൻ അനു ഭവിച്ച വേദന ഈ മരച്ചുവട്ടിൽ കിടന്ന് നീയനുഭവിക്കു ന്നു, അല്ലേ ഷേബാസേ.

*ഭടൻ (2)* : ഇതേ മരത്തിന്റെ ചുവട്ടിൽ ചത്തുവീണ കുറേപ്പേരുണ്ട്, നിനക്കു മുമ്പേ വന്നവർ. നീ ചത്തിട്ടുവേണം ഇനി ചില രുടെ ഊഴം പൂർത്തിയാക്കാൻ. വേഗം ചാകുമോ, അതോ ഞങ്ങൾ സഹായിക്കണോ?

കുന്തമുയർത്തുന്നു.

*ഭടൻ (1)* : നേരം പുലരുമ്പോഴേക്കും മന്ത്രി പ്രോബായുടെ പ്രതിനിധി ഇവിടെവരും, നിന്റെ വിളറിവെളുത്ത ജഡം കാണാൻ.

*ഭടൻ (2)* : (അനുനയത്തിൽ) ഷേബാസേ, ഇനിയുമൊരല്പം ബാക്കിയുള്ള ജീവൻ നിലനിർത്താൻ, വലേരിയൻ ചക്രവർത്തിയുടെ ഇഷ്ടദേവനായ ജോവാണ് നിന്റെ ദൈവമെന്ന് പറഞ്ഞേക്ക്.

അയാൾ നിഷേധാർത്ഥത്തിൽ ശരീരം കുടഞ്ഞു. ചങ്ങലവലിഞ്ഞു മുറുകി.

*ഭടൻ (1)* : സൂക്ഷിച്ചു നോക്ക്. അവനെന്തോമന്ത്രിക്കുന്നു. അതെന്താണ്.

*ഭടൻ (2)* : (അടുത്ത് ചെന്ന് ശ്രദ്ധിക്കുന്നു) "കർത്താവേ... യേശുനാഥാ" എന്നാണവൻ മന്ത്രിക്കുന്നത്. ഫൂ!

*ഭടൻ (1)* : മന്ത്രിച്ചിട്ടെന്തുകാര്യം? (പുച്ഛസ്വരത്തിൽ) ഉറക്കെവിളിക്ക്. അത്കേട്ട് ചിലപ്പോൾ ദൈവം മാലാഖയെ അയക്കും. മേഘപാളികളിലൂടെ മാലാഖ പറന്നിറങ്ങി വന്ന് നിന്നെ സ്വതന്ത്രനാക്കി സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോകും. അല്ലേടാ....

കുന്തം കൊണ്ട് കുത്തുന്നു. വേദന കൊണ്ട് അയാൾ നിലവിളിക്കുന്നു.

*ഭടൻ (2)* : നിന്റെ കഥ കഴിച്ചിട്ടു വേണം, നിന്റെ വീട്ടുമുറ്റത്തെ മരങ്ങളിൽ ബന്ധിച്ചിരിക്കുന്ന നിന്റെ ഭാര്യേയും മക്കളേയും ടൈബർ നദിയുടെ ആഴങ്ങളിലേക്ക് അനുഗ്രഹിച്ചയക്കാൻ.

അയാൾ ദുഃഖപാരവശ്യത്തോടെ അലറിക്കരയുന്നു.

*ഭടൻ (1)* : (ദൂരെ നോക്കി) അതാരോവരുന്നല്ലോ?

മഹാമന്ത്രി പ്രോബായുടെ ദൂതനാണോ?

(വീണ്ടും സൂക്ഷിച്ചു നോക്കി) അല്ല– ഇത് മറ്റാരോ ആണ്.

നരച്ചനീണ്ടമുടിയും, വളർന്നതാടിയും, അയഞ്ഞ കുപ്പായവും, കമ്പിളി കൊണ്ടുള്ള അങ്കവസ്ത്രവും ഭാണ്ഡവും ധരിച്ച ഒരു വൃദ്ധൻ വടിയൂന്നി നടന്നുവരുന്നു. അയാൾ അവരുടെ അടുത്തെത്തിയപ്പോൾ

*ഭടൻ (2)* : ആരാണ്?

*വൃദ്ധൻ* : എന്താ......

*ഭടൻ (2)* : ആരാണെന്ന് ?

*വൃദ്ധൻ* : ങ! ഞാനോ. ഞാനൊരു സഞ്ചാരി

*ഭടൻ (2)* : എങ്ങോട്ടാണു സഞ്ചാരം?

*വൃദ്ധൻ* : അതറിയില്ല. ഇങ്ങനെ നടക്കും. തളരുമ്പോൾ ഒരിട ത്തിരിക്കും. വിശക്കുമ്പോൾ കിട്ടുന്ന ആഹാരം കഴിക്കും. പിന്നെയും നടക്കും എവിടെയെത്തുന്നോ അതുവരെ-

*ഭടൻ (2)* : ഏതായാലും എത്തേണ്ട സ്ഥലം അടുത്താണ് എന്നു തോന്നുന്നു. (ചിരിക്കുന്നു)

ബന്ധനസ്ഥനായ മനുഷ്യൻ വേദനകൊണ്ട് നിലവിളിക്കുന്നു.

*വൃദ്ധൻ* : (അത് ശ്രദ്ധിച്ച്) എന്തിനാണയാളെ ബന്ധിച്ചിരിക്കുന്നത് ? ഹോ, മുറിവുകളിൽ നിന്ന് ചോരയൊഴുകുന്നു. എന്തു കുറ്റമാണിയാൾ ചെയ്തത്. കൊള്ളയോ, കൊലയോ?

*ഭടൻ (1)* : അത് അറിയുന്നതിനുമുമ്പ് ഞങ്ങൾക്കൊരു കാര്യമറി യണം.

(വൃദ്ധൻ എന്താണ് എന്ന അർത്ഥത്തിൽ അവരെ നോക്കി)

*ഭടൻ (2)* : ഇയാൾ ദൈവവിശ്വാസിയാണോ?

*വൃദ്ധൻ* : സംശയമെന്ത് ?

*ഭടൻ (1)* : ആരാ തന്റെ ദൈവം?

*വൃദ്ധൻ* : (ചിരിച്ച്) അതിലും സംശയമില്ല. സർവ്വശക്തൻ-നിരാമയൻ -നിർഭയൻ- അവനെല്ലാമറിയുന്നു ഓരോ മണൽത്തരി യുടേയും നിശബ്ദ ചലനം പോലും - ഓരോ തുള്ളി ജലത്തിന്റേയും പതനശബ്ദം പോലും - അവൻ രാജ രാജൻ.

*ഭടൻ (2)* : ആരാണത്. വലേറിയൻ ചക്രവർത്തിയുടെ ഇഷ്ട ദൈവ മായ 'ജോവ്' തന്നെയല്ലേ?

*വൃദ്ധൻ* : (ചിരിച്ച്) വലേറിയൻ ചക്രവർത്തിക്ക് എന്ത് പ്രാധാന്യം? റോമയിലെ ചക്രവർത്തിക്ക് ആകാശഗോളങ്ങളുടെ നിയ ന്ത്രണം സാധ്യമോ, കുഞ്ഞുങ്ങളേ ?

*ഭടൻ (1)* : നിങ്ങൾ റോമിലെ പ്രജയല്ലേ ?

*വൃദ്ധൻ* : ഞാനവന്റെ പ്രജയാണ്.

*ഭടൻ (1)* : മുപ്പീന്നിന്റെ അന്ത്യയുറക്കം ഈ മരച്ചുവട്ടിൽ തന്നെയാ കുമോ?

*ഭടൻ (2)* : ഭ്രാന്തന്മാരെ ഒഴിവാക്കണമെന്നല്ലേ കല്പന.

*ഭടൻ (1)* : ശരിയാണ്. പോരെങ്കിൽ വൃദ്ധനും. അല്ലെങ്കിൽ ധിക്കാരം നിറഞ്ഞ ഈ വാക്കുകൾക്ക്...

ബന്ധസ്ഥനായ മനുഷ്യൻ 'വെള്ളം... വെള്ളം' എന്ന് ദയനീയമായി പറയുന്നു. അതുകേട്ട് വൃദ്ധൻ ഭാണ്ഢത്തിലെ തുകൽ സഞ്ചിയിലെ വെള്ളവുമായി അയാളെ സമീപിക്കുമ്പോൾ

*ഭടൻ (2)* : ഛീ...... മാറി നിൽക്ക്. ഒരു തുള്ളി വെള്ളം പോലും കൊടുക്കരുത്. ദാഹിച്ചു ചങ്കു പൊട്ടിച്ചാവട്ടെ.

*വൃദ്ധൻ* : അങ്ങനെയും നിങ്ങളുടെ ചക്രവർത്തി കല്പ്പിച്ചുവോ?

*ഭടൻ (1)* : ഹേയ്, സഞ്ചാരീ. ഒന്നറിയുക. റോമാ ചക്രവർത്തി വലേറിയന്റെ ഹിതമാണിവിടത്തെ നിയമം. ക്രിസ്തുവിന്റെ അനുയായികളെയോ, ആരാധകരെയോ എവിടെ വച്ചു കണ്ടാലും വധിക്കാനാണ് കൽപ്പന. ജീവൻ തിരിച്ചു വേണമെങ്കിൽ 'ജോവാണ് ദൈവം' എന്നിവൻ വിളിച്ചു പറയട്ടേ. ജോവ് ദേവനെ ആരാധിക്കട്ടെ. അല്ലെങ്കിലവൻ പരലോകത്തോട്ട് പോകട്ടെ.

*വൃദ്ധൻ* : സൂര്യനെകാണാതെ ചന്ദ്രനെ മാത്രം കാണുന്നവർ. അനന്തകോടി നക്ഷത്രങ്ങൾ നിറഞ്ഞ ഈ പ്രപഞ്ചം അവന്റെ ഇഷ്ടാനുസരണം ചലിക്കുന്നു...

*ഭടൻ (1)* : പ്രസംഗമൊന്നും വേണ്ട. വയസ്സുകാലത്ത് സമാധാനമായിരിക്കണമെങ്കിൽ "ജോവാണ് ദൈവം" എന്ന് സമ്മതിക്ക്. ഉം. വേഗം വേണം അല്ലെങ്കിൽ...

*വൃദ്ധൻ* : അല്ലെങ്കിൽ ?

*ഭടൻ (1)* : അല്ലെങ്കിൽ ഈ മരത്തിന്റെ മറുവശത്ത് ഒരു വൃദ്ധന്റെ ശവം കഴുകന്മാർ കൊത്തി വലിക്കും.

*വൃദ്ധൻ* : എങ്കിലും ഞാനവനെ നിഷേധിക്കുന്നില്ല.

*ഭടൻ (2)* : (സന്തോഷത്തോടെ) ജോവ് ദേവനെ നിഷേധിക്കുന്നില്ല അല്ലേ?

*വൃദ്ധൻ* : എന്റെ ദൈവം നിങ്ങളുടെ ചക്രവർത്തിയുടെ ജോവിൽ നിന്നും എത്രയോ ഉയരങ്ങളിലാണ്.

*ഭടൻ (1)* : ധിക്കാരം വലേറിയൻ ചക്രവർത്തി പൊറുക്കില്ല. ഇത്രയും നാൾ ജീവിച്ചത് നിഷ്ഫലമാക്കരുത്. ജോവിനെ ആരാധിക്കാത്ത ഒരു മനുഷ്യജീവിയും റോമയുടെ മണ്ണിൽ വേണ്ട.

അവരെ ജീവിക്കാനനുവദിക്കില്ല. ചക്രവർത്തിയുടെ കൽപ്പനയാണിത്.

(ബന്ധനത്തിലെ മനുഷ്യൻ പിടയുന്നു)

*വൃദ്ധൻ* : ഹോ. ആ സഹോദരനതാ അന്ത്യശ്വാസം വലിക്കുന്നു.

*ഭടൻ (2)* : ചോദിച്ചു വാങ്ങുന്ന മരണമാണിത്.

*വൃദ്ധൻ* : ആ സഹോദരന് ഞാനിത്തിരി വെള്ളം കൊടുത്തോട്ടെ. ദയവുണ്ടാകണം. ഒരിറ്റു വെള്ളമെങ്കിലും ആ വരണ്ടചുണ്ടുകളിൽ നനയ്ക്കാൻ–

*ഭടൻ (2)* : രാജകൽപ്പന എല്ലാ ദയകൾക്കുമപ്പുറത്താണ്. രാജേച്ഛ അനുസരിച്ചേമതിയാകു.

*വൃദ്ധൻ* : രാജേച്ഛ! അത് ദൈവത്തിന്റെ ഇച്ഛയ്ക്കുമപ്പുറത്തോ? ചക്രവർത്തിയുടെ ഹിതമല്ല അവന്റെ ഹിതം! അവൻ വിശക്കുന്നവനാഹാരം നൽകി, ദാഹിക്കുന്നവനു ജലവും, വസ്ത്രമില്ലാത്തവന് വസ്ത്രവും നൽകി, അന്ധന് കാഴ്ചയും, മുടന്തന് ശരിയായ നടത്തയും നൽകി, അതു കൊണ്ട് എനിക്കിയാൾക്ക് ജലം കൊടുത്തേ മതിയാകു.

*ഭടൻ (1)* : ഛീ. മാറിനിൽക്ക് രാജദ്രോഹി.

വൃദ്ധനെ പിടിച്ചു തള്ളുന്നു. അയാൾ താഴെ വീഴുന്നു ഒരു നിലവിളിയോടെ ബന്ധനസ്ഥനായ മനുഷ്യൻ മരിക്കുന്നു.

*വൃദ്ധൻ* : (കിടന്നുകൊണ്ട്) ഹാ! സഹോദരാ! ഇവരെന്താണ് ചെയ്തതെന്നറിയുന്നില്ല. ഇവരോട് പൊറുക്കേണമേ.

*ഭടൻ (2)* : ശബ്ദിച്ചു പോകരുത്. അവന്റെ പിന്നാലെ താനും പൊയ്ക്കോ.

കുത്താനായി കുന്തം ഉയർത്തുന്നു. പെട്ടെന്നൊരു ഇടിമിന്നൽ; ശക്തിയായി കാറ്റു വീശുന്ന ശബ്ദം

*ഭടൻ (1)* : (ഭയന്ന്) ഹോ! അതാ അത്യുഗ്രമായ കാറ്റ്!

(മരക്കൊമ്പുകൾ മുറിഞ്ഞു വീഴുന്ന ശബ്ദം)

*ഭടൻ (2)* : അതാ വൃക്ഷങ്ങൾ കടപഴകി വീഴുന്നു. (മുകളിലേക്ക് നോക്കി) കാർമേഘപടലങ്ങൾ ആകാശത്തെ മൂടുന്നു. പേമാരിയുടെ ആരംഭമാണോ?

*ഭടൻ (1)* : നമുക്ക് ആ പാറക്കെട്ടിലെ ഗുഹയ്ക്കുള്ളിൽ കയറിയിരിക്കാം.

കാൽകൊണ്ട് വൃദ്ധന്റെ ശരീരം തള്ളി നീക്കാൻ രണ്ടാം ഭടൻ ശ്രമിക്കുമ്പോൾ വീണ്ടും ശക്തിയായ ഇടിയും മിന്നലും...

*ഭടൻ (2)* : നമുക്ക് പോകാം... ഇവിടെ നിൽക്കാനാവില്ല.... നശിച്ച കാലാവസ്ഥ....

*ഭടൻ (1)* : ഈ കാലാവസ്ഥയിൽ മഹാമന്ത്രിയുടെ പ്രതിനിധി വരില്ല. വരുമെങ്കിൽ പുലരുമ്പോൾ മാത്രം.

*ഭടൻ (2)* : അതുവരെ നമുക്ക് ആ ഗുഹ തന്നെ ശരണം. ഈ കിഴവൻ നനഞ്ഞ് തണുത്ത് ചാവട്ടെ.

ഒരുവശത്തേക്ക് ഓടിപ്പോകുന്നു.

Lights Off

## രംഗം ഒന്ന് (എ)

അതേസ്ഥലം. പ്രഭാതത്തിന്റെ നേരിയവെളിച്ചം. വൃക്ഷത്തിൽ ബന്ധിച്ചിരുന്ന മനുഷ്യനെയും വൃദ്ധനെയും കാണുന്നില്ല. ഭടന്മാർ മെല്ലെ പ്രവേശിക്കുന്നു. ചുറ്റും നോക്കുന്നു.

*ഭടൻ (1)* : അയ്യോ, ജോവ് ദേവാ... ഇവരെവിടെ...?

*ഭടൻ (2)* : ങേ, ചത്തവനെവിടെ പോയി?

(തറയിൽ അയഞ്ഞു കിടക്കുന്ന ചങ്ങല അൽഭുതത്തോടെ എടുത്തു ചുറ്റും നോക്കുന്നു)

*ഭടൻ (1)* : ആ വയസ്സനെവിടെപ്പോയി. ഇവിടെകിടന്ന് ചത്തിരിക്കുമെന്നല്ലേ കരുതിയത്.

*ഭടൻ (2)* : എവിടെപ്പോകാനാണ്. ഹോ...മന്ത്രിയുടെ പ്രതിനിധി ഇപ്പോഴെത്തിയാൽ എന്തുചെയ്യും? എന്തുപറയും?

(അവർ തിരയുന്നു.....)

*ഭടൻ (1)* : ഇതൽഭുതമായിരിക്കുന്നല്ലോ.... മറ്റാരും ഇവിടെ വന്നിരിക്കാനുമിടയില്ല.... പിന്നെ - (ഒരിടത്ത് ചൂണ്ടി) ഇതാ, ഇവിടെയല്ലേ, ആ വയസ്സൻ കിടന്നിരുന്നത്.

അവിടെ തിരയുമ്പോൾ ഒരു കുരിശുരൂപം കിട്ടുന്നു. അത് കണ്ടപ്പോൾ അയാൾക്ക് കോപമേറി. 'ഛീ' എന്നാക്രോശിച്ചുകൊണ്ട് ആ കുരിശിനെ അയാൾ വലിച്ചെറിഞ്ഞു. അത് വീണസ്ഥലത്ത് നിന്ന് അത്യുഗ്രമായ വെളിച്ചം പ്രസരിച്ചു. അതിന്റെ നേർക്ക് നോക്കാനാവാതെ നിലവിളിച്ചുകൊണ്ട് ഭടന്മാർ ഓടിപോകുമ്പോൾ

യവനിക

## രംഗം രണ്ട്

വലേറിയൻ ചക്രവർത്തിയുടെ കൊട്ടാരത്തിന്റെ ഒരു ഭാഗം. മന്ത്രി പ്രോബാ അസ്വസ്ഥനായി ഉലാത്തുന്നു. വാതിൽക്കൽ രണ്ടു കാവൽക്കാർ. മന്ത്രിയുടെ മുമ്പിൽ തലകുനിച്ചുനിൽക്കുന്ന രണ്ടു ഭടന്മാർ.

*പ്രോബ* : ഛട്. എന്തസംബന്ധമാണ് നിങ്ങൾ എഴുന്നള്ളിക്കുന്നത്. നിങ്ങൾ പറഞ്ഞത് അതേപടി വിശ്വസിക്കാൻ റോമയുടെ മഹാമന്ത്രിയായ ഈ പ്രോബയെക്കിട്ടില്ല. ജോവ് ദേവനെ നിഷേധിക്കുന്നവരേയും, ക്രിസ്തുവിന്റെ അനുയായികളേയും രക്ഷിക്കാനല്ല, ശിക്ഷിക്കാനാണ് നിങ്ങളോടാജ്ഞാപിച്ചത്. ബന്ധനസ്ഥനായവനെകാണാനില്ലെന്ന പച്ചക്കള്ളം എന്റെ മുമ്പിൽ വന്നുപറയാൻ എങ്ങനെ ധൈര്യമുണ്ടായി? ഒപ്പം ഒരു വയസ്സനവിടെ വന്നു എന്നൊരു കള്ളകഥയും...

*ഭടൻ (1)* : പ്രഭോ. ആ ഷേബാസ് ബന്ധനത്തിൽ വച്ചുതന്നെ മരിച്ചതിന് ഞങ്ങൾ സാക്ഷികളാണ് പ്രഭോ...

*പ്രോബ* : എന്നിട്ടെവിടെ അയാളുടെ ജഡം? ഇല്ല. ഇതിലെന്തോ വഞ്ചനയുണ്ട്. നിങ്ങൾ ചക്രവർത്തിയുടേയോ എന്റേയോ വിശ്വസ്തരല്ല. നിങ്ങൾ രഹസ്യമായി ആ ഷേബാസിനെ രക്ഷിച്ചിരിക്കുന്നു. കൊട്ടാരമുറ്റത്ത് വച്ച് ക്രിസ്തുവിനെ വാഴ്ത്തിപ്പാടി ചക്രവർത്തിയെ ധിക്കരിച്ച ആ ദ്രോഹിയുടെ തലവെട്ടിയെടുത്ത് തിരുമുമ്പിൽ കാഴ്ച വയ്ക്കുമെന്ന് ഞാൻ വാക്കുകൊടുത്തതാണ്. ഞാനിനി ചക്രവർത്തി തിരുമനസ്സിനോടെന്തു സമാധാനം പറയും?

*ഭടൻ (2)* : ജോവ് ദേവൻ സാക്ഷിയായി...

*പ്രോബ* : വേണ്ട... ഒരു സമാധാനവും കേൾക്കേണ്ട. നിങ്ങളുടെ ആയുധങ്ങൾ താഴെവയ്ക്കുക.

അവർ ആയുധങ്ങൾ താഴെ വയ്ക്കുന്നു

*പ്രോബ* : ആരവിടെ?

ഒരു കാവൽക്കാരൻ മുമ്പോട്ടു വന്നു

*പ്രോബ* : കാരാഗൃഹാധികാരി മിയോണിനോട് വരാൻ പറയുക.

*കാവൽ* : ഉത്തരവുപോലെ

അകത്തേക്കു പോയി; ഭടന്മാർ പ്രോബായുടെ കാൽക്കൽ മുട്ടുകുത്തുന്നു.

*കാവൽ* : ഞങ്ങളോട് ക്ഷമിക്കണം. പ്രഭോ. സത്യമാണ്; ഞങ്ങളുണർത്തിച്ചത്.

*ഭടൻ (1)* : ഷേബാസ് മരിച്ചെന്നു ഞങ്ങൾക്കുറപ്പാണ്.

*പ്രോബ* : പിന്നെയെവിടെ ആ ജഡം?

*ഭടൻ (2)* : ആ വയസ്സനെമാത്രം കൊല്ലാൻ കഴിഞ്ഞില്ല. അതിനു തുനിഞ്ഞപ്പോൾ അതിഭയങ്കരമായ ഇടിമിന്നലും പിന്നെ പേമാരിയുമുണ്ടായി. ആ പെരുമഴയത്ത് അയാൾ നനഞ്ഞു വിറച്ച് ചത്തിരിക്കുമെന്ന് ഞങ്ങൾ കരുതി.

*പ്രോബ* : ഏതായാലും എന്റെ പ്രതിനിധി ജർമ്മിയാസ് അവിടെ വന്നപ്പോൾ ഷേബാസിന്റെ ജഡമോ, നിങ്ങൾ പറഞ്ഞ വയസ്സനേയോ കണ്ടില്ല. അങ്ങനെയൊരു സംഭവം നടന്നതിന് തെളിവും കണ്ടില്ല. ജർമ്മിയാസിന്റെ വാക്കുകളിലാണെനിക്കു വിശ്വാസം.

കാരാഗൃഹാധികാരി വരുന്നു, വണങ്ങുന്നു.

*പ്രോബ* : മിയോൺ, ഇതാ ഇവരെ കാരാഗൃഹത്തിലടയ്ക്കുക. സത്യം തുറന്നു പറയുന്നതുവരെ എല്ലാവിധ ദണ്ഡനങ്ങളും തുടരുക. ഉം. കൊണ്ടു പൊയ്ക്കോളൂ.

*മിയോൺ* : ഉം. നടക്കിൻ.

മിയോൺ ഭടന്മാരുമായി നടന്നു മറയുന്നു. മറുഭാഗത്ത് നിന്ന് ജർമ്മിയാസ് പ്രവേശിക്കുന്നു.

*പ്രോബ* : ജർമ്മിയാസ്, എങ്ങനെ ഞാൻ തിരുമനസ്സറിയിക്കും ആ ദ്രോഹിയെ കാണാനില്ലെന്ന്. ക്രിസ്തുവിനെ വാഴ്ത്തിപാടിയ അവന്റെ ശിരസ്സ് കാഴ്ച വയ്ക്കാമെന്ന് ഞാൻ പറഞ്ഞിരുന്നതല്ലേ. ഇനിയിപ്പോൾ?

*ജർമ്മി* : ഞാൻ ഒന്നുകൂടി തിരയാം പ്രഭോ... റോമോ നഗരത്തിനു പുറത്തുള്ള വനപ്രദേശങ്ങളിലൊക്കെ തിരയാം. അവനെ രക്ഷപ്പെടാനനുവദിക്കില്ല.

*പ്രോബ* : ശരി. ജോവ് ദേവൻ നിനക്ക് തുണയാവട്ടെ.

*ജർമ്മി* : ഞാൻ യാത്രയായി.

*പ്രോബ* : ജർമ്മിയാസ്, എല്ലാ ആരാധനാലയങ്ങളിലും ജോവിന്റെ പ്രതിമസ്ഥാപിക്കാനും, ആരാധിക്കാനും വിളംബരം ചെയ്തിട്ടുണ്ട്. ഏതെങ്കിലും ആരാധനാലയങ്ങൾ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ ആ വിവരം അറിയിക്കണം... അതിനു പിന്നിലേതെങ്കിലും പ്രേരകശക്തിയുണ്ടെങ്കിൽ അതുമറിയണം.

*ജർമ്മി* : ശരി പ്രഭോ.

പ്രോബ : മറ്റൊന്നുകൂടി. ജോവിന്റെ പ്രതിമ സ്ഥാപിക്കാൻ ഏതെങ്കിലും ദേവാലയങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഖജനാവിൽ നിന്ന് ധനം നൽകി സഹായിക്കുമെന്നും വിളംബരം ചെയ്തിട്ടുണ്ട്. അങ്ങനെയുള്ളവരെയും അറിയണം.

ജർമ്മി : അന്വേഷിച്ചറിയിക്കാം പ്രഭോ.

ജർമ്മിയാസ് പോകുന്നു. എന്തോ തീരുമാനിച്ചുറച്ച മട്ടിൽ പ്രോബ പുറത്തേക്ക് പോകാനൊരുങ്ങുമ്പോൾ ചക്രവർത്തിയുടെ ആഗമനമറിയിക്കുന്ന കാഹളം. പ്രോബാ വിനീതനായി ഒതുങ്ങിനിൽക്കുന്നു. ചക്രവർത്തി വലേറിയൻ പ്രവേശിക്കുന്നു. ഒപ്പം അനുചരന്മാരും.

*വലേ* : പ്രോബാ, ക്രിസ്തുമതാനുയായികളെ നിർമ്മാർജനം ചെയ്യുന്നതിൽ കാണിക്കുന്ന ആത്മാർത്ഥതയിൽ നമുക്ക് സന്തോഷമുണ്ട്.

*ഷോ* : നന്ദി, തിരുമനസ്സേ...

*വലേ* : നമ്മുടെ പ്രവർത്തികളോരോന്നും പുതുമയുള്ളതാവണം. റോമാ ചരിത്രത്തിൽ ഇതപര്യന്തം രേഖപ്പെടുത്താത്തവിധം നമ്മെപ്പറ്റി ചരിത്രകാരന്മാരും സഞ്ചാരികളും പുകഴ്ത്തിയെഴുതണം. മുൻഗാമികളുടെ പാദമുദ്രകൾ പിന്തുടരാൻ നമുക്ക് താൽപ്പര്യമില്ല.

*പ്രോബ* : പ്രഭോ.

*വലേ* : എന്തൊരു വിഡ്ഢിത്തമാണ് നമ്മുടെ മുൻഗാമികൾ അനുവർത്തിച്ചു പോന്നത്? നാന്നൂറോളം വർഷങ്ങൾക്കു മുമ്പ്

മരക്കുരിശിൽ പീഡനമേറ്റു മരിച്ച ഒരു മനുഷ്യനെ ദൈവപുത്രനെന്നു വാഴ്ത്തുക. അത്ഭുതപ്രവർത്തികളെക്കുറിച്ചുള്ള വ്യാജ പ്രചരണങ്ങൾ നടത്തുക. വിഗ്രഹങ്ങളില്ലാത്ത ദേവാലയങ്ങൾ അനാഥമായ സാമ്രാജ്യത്തിന്റെ പ്രതീകമാണ്. എല്ലാ ആരാധനാലയങ്ങളിലും ജോവിന്റെ പ്രതിമയുണ്ടാവണം.

*പ്രോബ* : ജോവ് ദേവന്റെ പ്രഭാവത്തിനു മുമ്പിൽ മനുഷ്യപുത്രനായ യേശുവിനെന്തു പ്രസക്തി! ദൈവപുത്രൻ! പറഞ്ഞു പരത്തിയ നുണ! നമ്മുടെ ഭടന്മാർ എല്ലാ വീടുകളും ദേവാലയങ്ങളും പരിശോധിക്കുന്നുണ്ട്. കുരിശു രൂപങ്ങളെല്ലാം എടുത്തുമാറ്റി... എതിർത്തവരൊന്നും ജീവനോടെയിന്നില്ല. ജോവിന്റെ പ്രതിമ വച്ചാരാധിക്കുന്നവരോട് ക്ഷമിക്കാനും തയ്യാറായി പ്രഭോ.

*വലേ* : ഇന്നലെ നമ്മുടെ കൊട്ടാരമുറ്റത്ത് വച്ച് ക്രിസ്തുവിനെ വാഴ്ത്തി പാടി നമ്മെ പരിഹസിച്ച അവൻ... എന്താണവന്റെ പേര് ?

*പ്രോബ* : ഷേബാസ്

*വലേ* : അവനെ നരകത്തിലേയ്ക്കയച്ചോ?

*പ്രോബ* : അവൻ വധിക്കപ്പെട്ടു. അവന്റെ ശിരസ്സ് തിരുമുമ്പിൽ പ്രദർശിപ്പിക്കുവാൻ അതെടുക്കുവാൻ ജർമ്മിയാസ് പോയിരിക്കുകയാണ്.

*വലേ* : അപ്പോൾ നമ്മുടെ ഹിതങ്ങളോരോന്നും സാക്ഷാത്കരിക്കപ്പെടുകയാണ്, അല്ലേ പ്രോബ?

*പ്രോബ* : അതെ തിരുമനസ്സേ

*വലേ* : പ്രോബേ – നമുക്കൊരു സ്വകാര്യം പറയാനുണ്ട്.

അനുചരന്മാരോട് ആംഗ്യം കൊണ്ട് പോകാനാജ്ഞാപിക്കുന്നു. അവർ പുറത്തേക്ക് പോകുന്നു

*വലേ* : പ്രോബ, നിങ്ങൾ എന്റെ മന്ത്രിമാത്രമല്ല, സുഹൃത്തുകൂടിയാണ്.

*പ്രോബ* : അവിടത്തെ പിതാവിന്റെ ഉറ്റസഹായിയായിരുന്നതല്ലേ ഞാൻ. അവിടത്തെ കുഞ്ഞുനാൾ മുതൽ കണ്ടിട്ടുള്ളവനല്ലേ ഈയുള്ളവൻ. എന്തും എന്നോടു പറയാം.

*വലേ* : (ചിന്തിച്ചിട്ട്) റോമാസാമ്രാജ്യത്തിൽ ലഭ്യമാകുന്ന എല്ലാ സൗഭാഗ്യങ്ങളും നമ്മുടെ കൊട്ടാരത്തിലുണ്ട്. എണ്ണമറ്റ

| | | |
|---|---|---|
| | | രത്നങ്ങളും വജ്രങ്ങളും കനകനിർമ്മിതമായ വിശിഷ്ട വസ്തുക്കളുമൊക്കെ. പക്ഷേ... |
| *പ്രോബ* | : | തിരുമനസ്സേ...? |
| *വലേ* | : | പക്ഷേ ഒരു വലിയ കുറവ് നമുക്കനുഭവപ്പെടുന്നു. എന്താണെന്നു പറയാമോ പ്രോബ? |
| *പ്രോബ* | : | അത്... അത്... |
| *വലേ* | : | **(ഒരു പുഞ്ചിരിയോടെ)** ഇപ്പോഴും നമ്മിൽനിന്ന് യൗവ്വനം പൂർണ്ണമായി വിട്ടു പോയിട്ടില്ല. സൗന്ദര്യത്തിന്റെ കാര്യത്തിലും നാം ഹതാശനല്ല. പക്ഷേ... |
| *പ്രോബ* | : | ഉത്തരവാകണം. അവിടത്തെ ഇംഗിതം അറിയുകയേ വേണ്ടു. |
| *വലേ* | : | **(പ്രസാധമധുരമായി)** ഒരു സുന്ദരിയുടെ സാമീപ്യം, അതിസുന്ദരിയുടെ... റോമാ ചക്രവർത്തി വലേറിയന്റെ പ്രതാപത്തിനും പ്രശസ്തിക്കുമനുരൂപയായ ഒരു സുന്ദരി... |
| *പ്രോബ* | : | ഞാൻ അന്വേഷിച്ചു കണ്ടെത്താം, തിരുമനസ്സേ! |
| *വലേ* | : | എല്ലാം വളരെ രഹസ്യമായിരിക്കണം. പരസ്യമായിട്ടൊന്നും വേണ്ട. പ്രോബ തന്നെ അന്വേഷിച്ചറിയിക്കുക. |
| *പ്രോബ* | : | അങ്ങനെയാകട്ടെ. |
| *വലേ* | : | ശരി. മന്ത്രി പൊയ്ക്കോളു... |

മന്ത്രി പോകാൻ തുടങ്ങുന്നു. വലേറിയൻ മേശപ്പുറത്തിരുന്ന കണ്ണാടിയിൽ മുഖം നോക്കുന്നു. ചുണ്ടിൽ മന്ദഹാസം വിരിയുന്നു

| | | |
|---|---|---|
| *വലേ* | : | പ്രോബ, നിൽക്കൂ.<br>**(പ്രോബ അടുത്തു വരുന്നു)** |
| *വലേ* | : | പ്രോബ, ഇന്നലെ നമുക്ക് സ്വപ്നത്തിൽ ഒരു സുന്ദരിയുടെ ദർശനമുണ്ടായി. അവളെവിടെയാണെന്ന് വ്യക്തമല്ല. വെൺമേഘം പോലെയൊഴുകുന്ന വസ്ത്രം ധരിച്ച സുന്ദരി നേരിയ മൂടുപടത്താൽ അവ്യക്തമാണെങ്കിലും, ആ കണ്ണുകൾ ആരെയോ തേടുന്നതു പോലെ നമുക്ക് തോന്നി... ഇപ്പോഴും നമ്മുടെ മനസ്സിൽ ആ രൂപമുണ്ട് പ്രോബ...! |
| *പ്രോബ* | : | അങ്ങനെയൊരു സുന്ദരി റോമാ സാമ്രാജ്യത്തിലുണ്ടെങ്കിൽ ഞാൻ തേടിപ്പിടിച്ച് ഈ സന്നിധിയിലെത്തിക്കും. |
| *വലേ* | : | ജോവ് ദേവന്റെ അനുഗ്രഹം മന്ത്രിക്കുണ്ടായിരിക്കും; യാത്രയാവുക. |

യവനിക

## രംഗം മൂന്ന്

കൊട്ടാരത്തിന്റെ ഒരു ഭാഗം. അസ്വസ്ഥനായ പ്രോബ ജർമ്മിയാസിനോട് സംസാരിക്കുന്നു.

*പ്രോബ* : ജർമ്മിയാസേ, ഒരു സ്വസ്ഥതയുമില്ലല്ലോ. ഈ ക്രിസ്തു വിശ്വാസികളെ ഒന്നടങ്കം നശിപ്പിക്കുക വളരെ ദുഷ്കര മാണെന്ന് നമുക്കുതോന്നുന്നു.

*ജർമ്മി* : ആയിരക്കണക്കിനാളുകളാണ് കൊല്ലപ്പെട്ടത്. പല ആരാ ധാനാലയങ്ങളിലും ചോര തളം കെട്ടിക്കിടക്കുന്നു. ശരീ രങ്ങൾ നമുക്കു നശിപ്പിക്കാം, പക്ഷേ വിശ്വാസികളെ എങ്ങനെ നശിപ്പിക്കാനാണ്? ഏതായുധമാണ് ഇതിനുപ യോഗിക്കേണ്ടത്?

*പ്രോബ* : മരണഭയം കൊണ്ടുമാത്രമാണ് അവരിൽ പലരും ജോവ് ദേവനെ ആരാധിക്കാൻ തയ്യാറാവുന്നത്.

*ജർമ്മി* : ശരിയാണു പ്രഭോ. പരസ്യമായി അവർ ജോവ് ദേവനെ ആരാധിച്ചാലും മനസ്സിൽ ക്രിസ്തുവിലുള്ള വിശ്വാസം സൂക്ഷിക്കും. അതിനെന്തു ചെയ്യാൻ കഴിയും?

*പ്രോബ* : രാജകൽപ്പന ലംഘിക്കാൻ നമുക്കാവില്ലല്ലോ ജർമ്മി യാസേ.

*ജർമ്മി* : പ്രഭോ, ചക്രവർത്തിയുടെ ഹിതാനുസരണം പ്രവർത്തി ക്കുന്ന അങ്ങയോടാണ് പൗരജനങ്ങളിൽ പലർക്കും പകയും വിദ്വേഷവും.

*പ്രോബ* : ആയിക്കോട്ടെ. ഞാനതുകാര്യമാക്കുന്നില്ല. ചക്രവർത്തി, ക്രിസ്തുവിനുപകരം ജോവ് ആരാധിക്കപ്പെടണ മെന്ന് ആഗ്രഹിച്ചാൽ അത് നടപ്പാക്കാനുള്ള ബാദ്ധ്യത

മന്ത്രിയായ എനിക്കും മറ്റെല്ലാ രാജസേവകർക്കുമുണ്ട്. ജർമ്മിയാസ്, ആ ഷേബാസിന്റെ ശിരസ്സ് കാഴ്ചവെയ്ക്കാമെന്നു പറഞ്ഞ എനിക്ക് അതിനു സാധ്യമാകാതെ വന്നത് അപമാനകരമായിരിക്കുന്നു.

*ജർമ്മി* : ചക്രവർത്തി തിരുമനസ്സുകൊണ്ട് അക്കാര്യം എന്നോടു ചോദിച്ചു.

*പ്രോബ* : എന്നിട്ട്?

*ജർമ്മി* : പ്രഭോ, പൊറുക്കണം. ജീവരക്ഷയ്ക്കായി എനിക്കൊരു കള്ളം പറയേണ്ടിവന്നു. മലമ്പ്രദേശത്തുവച്ച് കൊല്ലപ്പെട്ട ഷേബാസിന്റെ ശരീരം കാട്ടുമൃഗങ്ങൾ കൊണ്ടുപോയെന്ന് - അല്ലാതെ

*പ്രോബ* : തിരുമനസ്സുകൊണ്ടതു വിശ്വസിച്ചെങ്കിൽ സമാധാനമായി. ങ്ഹാ... ഞാൻ വളരെ രഹസ്യമായി അന്വേഷിക്കാൻ പറഞ്ഞ കാര്യമെന്തായി ?

*ജർമ്മി* : അത്..

*പ്രോബ* : ഒരു സുന്ദരി

*ജർമ്മി* : (പെട്ടെന്നോർത്ത്) അതോ, പ്രഭോ... റോമാ നഗരത്തിൽ പലയിടത്തും രഹസ്യമായി അന്വേഷിച്ചു. സുന്ദരിമാരെ കണ്ടു. പക്ഷെ അവരൊക്കെ ഭർത്തൃമതികളോ മാതാക്കളോ ആണ്. ചില കന്യകമാരെ കണ്ടു എങ്കിലും അവർ സുന്ദരികളായിരുന്നില്ല... അന്വേഷണം തുടരുകയാണ്.

*പ്രോബ* : ഹോ - നമ്മുടെ ചക്രവർത്തിയുടെ ഓരോ അഭിലാഷങ്ങൾ, അത് സാധിച്ചുകൊടുക്കാൻ നമ്മളും.

*ജർമ്മി* : (പുറത്തേക്ക് നോക്കി) ഇപ്പോൾ പരാതിക്കാർക്ക് അവിടത്തെ സന്ദർശിക്കാനനുവദിച്ച സമയമായിരിക്കുന്നു. (പുറത്തേക്ക് സൂക്ഷിച്ചുനോക്കി) ഒരു സ്ത്രീ കാത്തുനിൽക്കുന്നുണ്ട്.

*പ്രോബ* : ജർമ്മിയാസ് - അവിശ്വാസിയായ ആ മനുഷ്യനെ-ആ ഷേബാസിനെ വധിച്ചെന്ന് കള്ളം പറഞ്ഞ ആ ഭടന്മാരുടെ സ്ഥിതിയെന്താണ് ? അവർ സത്യം ഏറ്റു പറഞ്ഞോ ?

*ജർമ്മി* : ആവുന്ന തരത്തിലൊക്കെ ഉപദ്രവിച്ചിട്ടും അത്ഭുതം സംഭവിച്ചു എന്നാണവർ പറയുന്നത് എന്ന് മിയോൺ അറിയിച്ചു.

*പ്രോബ* : അത്ഭുതം! അതവരുടെ വ്യാജപ്രസ്താവനയാണ്. ഇത്തരം വ്യാജോക്തികൾക്ക് വളരാനുള്ള ഇടം റോമാ നഗരിയിലുണ്ടായിക്കൂടാ. ശ്രദ്ധിക്കണം.

*ജർമ്മി* : എത്രനാൾ അവരെ ഇനി തടവിലിടും!

പ്രഭോ, അവർ നമ്മുടെ വിശ്വസ്തരായ ഭടന്മാർ തന്നെ യായിരുന്നു, എന്താണ് സംഭവിച്ചതെന്ന് വ്യക്തമാകാത്ത സ്ഥിതിക്ക്...

*പ്രോബ* : (ആലോചിച്ച്) ഉം. അവരെ മോചിപ്പിക്കുക. മേലിൽ അവരെ കൊട്ടാരത്തിനുള്ളിലുള്ള പ്രവൃത്തികൾക്ക് മാത്രം നിയോഗിക്കുക.... പക്ഷേ അവരുടെ നീക്കങ്ങളൊക്കെ പ്രത്യേകം നിരീക്ഷിക്കാനുള്ള ഏർപ്പാടുകളുണ്ടാകണം.

*ജർമ്മി* : ഉത്തരവുപോലെ (പുറത്തേക്ക് നോക്കി) പുറത്ത് കാത്തു നിൽക്കുന്ന ആ സ്ത്രീയെ, ങ്ഹാ ആ സ്ത്രീയോടു വരാൻ പറയൂ.

ജർമ്മിയാസ് പുറത്തേക്കു പോകുന്നു; ആ സ്ത്രീ പ്രവേശിക്കുന്നു

*പ്രോബ* : ഉം. ആരാണ്, എന്താണ് പേര്?

*സ്ത്രീ* : ഞാൻ സേവന ഭവനത്തിലെ അന്തേവാസിയാണ്. പേര് രൂത്ത്.

*പ്രോബ* : എന്താ വേണ്ടത്?

*സ്ത്രീ* : ഞങ്ങളുടെ സേവനഭവനം അനാഥരായ സ്ത്രീകൾ മാത്രം താമസിക്കുന്ന സ്ഥലമാണ്. ഞങ്ങൾക്ക് ഇപ്പോൾ ആഹാരകാര്യങ്ങൾക്ക് ആവശ്യത്തിനുള്ള ധനം ലഭിക്കുന്നില്ല. ഖജനാവിൽ നിന്നും അൽപ്പം സഹായം അനുവദിക്കണം. അന്തേവാസികൾക്ക് കഴിയാനുള്ള ഇടവും അവിടെയില്ല. സേവനഭവനം കുറെകൂടി വലുതാക്കി നിർമ്മിക്കാനുള്ള ധനസഹായവുമുണ്ടാകണം.

*പ്രോബ* : എവിടെയാസ് സേവനഭവനം?

*രൂത്ത്* : റോമാനഗരാതിർത്തിയിൽ നിന്ന് അൽപ്പം കിഴക്കുമാറിയാണ്.

*പ്രോബ* : നിങ്ങളാണോ ആ ഭവനം നടത്തുന്നത്?

*രൂത്ത്* : അല്ല. മറ്റൊരമ്മയാണ്.

*പ്രോബ* : അമ്മയോ, ആരാണത് ?

*രൂത്ത്* : സോഫിയാമ്മ

*പ്രോബ* : ഉം. എത്ര അന്തേവാസികളുണ്ടവിടെ?

*രൂത്ത്* : പതിനാലുപേർ

*പ്രോബ* : ഉം. ശരി... ഞാനൊരുദിവസം നിങ്ങളുടെ സേവനഭവനം സന്ദർശിക്കുന്നുണ്ട്. നിങ്ങളുടെ അഭ്യർത്ഥന സത്യമാണെങ്കിൽ വേണ്ട പരിഗണന ലഭിക്കും.... നിങ്ങൾക്കു പോകാം.

*സ്ത്രീ* : ക്ഷമിക്കണം പ്രഭോ... മറ്റൊരു പരാതികൂടെയുണ്ട്.

*പ്രോബ* : എന്താണത്?

*സ്ത്രീ* : ഞങ്ങളുടെ സേവനഭവനത്തിൽ ചക്രവർത്തി തിരുമനസ്സിന്റെ ചില ഭടന്മാർ അതിക്രമിച്ചു കയറുകയും എന്തൊക്കെയോ പരിശോധിക്കുകയും ചെയ്യുന്നു. സത്യശീലരായ സ്ത്രീകൾമാത്രം താമസിക്കുന്ന ഞങ്ങൾ രാജ്യത്തിനോ രാജാവിനോ ദോഷമായി ഭവിക്കുന്നതൊന്നും ചെയ്യുന്നില്ല... ഞങ്ങൾക്ക് സുരക്ഷനൽകാൻ ദയവുണ്ടാകണം.

*പ്രോബ* : ആകട്ടെ വേണ്ടതു ചെയ്യാം... നാളെ മദ്ധ്യാഹ്ന ശേഷം ഞാനോ എന്റെ പ്രതിനിധി ജർമ്മിയാസോ നിങ്ങളുടെ സേവനഭവനം സന്ദർശിക്കും.

*സ്ത്രീ* : ശരി പ്രഭോ....

രൂത്ത് വണങ്ങി പുറത്തേക്കു പോകുന്നു

*പ്രോബ* : നിൽക്കു... നിങ്ങളുടെ സേവനഭവനത്തിൽ ജോവ് ദേവന്റെ തിരുസ്വരൂപമുണ്ടോ...?

*സ്ത്രീ* : അത്..... ഇല്ല

*പ്രോബ* : (കോപത്തിൽ) എന്തു കൊണ്ടില്ല? ചക്രവർത്തിയുടെ ഹിതം വിളംബരം ചെയ്തറിയിച്ചതല്ലേ..?

ആരവിടെ... (ഒരു കാവൽക്കാരൻ പ്രവേശിക്കുന്നു.)

*പ്രോബ* : (ഒരു ഭാഗത്തേയ്ക്കു ചൂണ്ടി) ആ പ്രതിമ എടുത്ത് ഈ സ്ത്രീയെ ഏൽപ്പിക്കൂ.

അയാൾ പട്ടുതുണിയിൽ പൊതിഞ്ഞ പ്രതിമ അവളെ ഏൽപ്പിക്കുന്നു.

പ്രോബ : സേവനഭവനത്തിന്റെ മുഖ്യസ്ഥാനത്ത് ഈ പ്രതിമയുണ്ടാവണം. മറ്റൊരു രൂപവും അവിടെ കാണാൻ പാടില്ല. അന്തേവാസികളൊക്കെ ഈ രൂപത്തെ വേണം ആരാധിക്കാൻ

സ്ത്രീ : കൽപ്പനപോലെ

റൂത്ത് പ്രതിമയുമായി പുറത്തേക്കു നടക്കുന്നു.

ഒരു ഭടൻ പ്രവേശിച്ച് വണങ്ങി നിൽക്കുന്നു. ജർമ്മിയാസിനെ സമീപിച്ച് എന്തോ രഹസ്യമായി പറയുന്നു. ജർമ്മിയാസ് അയാളെ പോകാൻ അനുവദിക്കുന്നു

പ്രോബ : എന്താ ജർമ്മിയാസ്

ജർമ്മി : ഈ സ്ത്രീ താമസിക്കുന്നസ്ഥലത്ത് കുറേ നല്ല പെൺകുട്ടികൾ ഉണ്ടെന്ന് ഇയാൾ അന്വേഷിച്ചറിഞ്ഞിരിക്കുന്നു.

പ്രോബ : അതെയോ; എന്നാൽ നമ്മുടെ സന്ദർശനം ഫലപ്രദമാകുമല്ലോ. ആ തീരുമാനം മാറ്റണ്ട.

ജർമ്മി : കൽപ്പനപോലെ!

യവനിക

## രംഗം നാല്

## സേവനഭവനം

അലങ്കരിച്ച പീഠത്തിൽ കുരിശുരൂപം. മുട്ടുകുത്തി നിന്ന് പ്രാർത്ഥിക്കുകയാണ് സോഫിയ.

*സോഫിയ* : നന്മനിറഞ്ഞ കർത്താവേ, എല്ലാ പരീക്ഷണങ്ങളേയും അതിജീവിക്കാനുള്ള ശക്തി എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും നൽകേണമേ; അവിടുന്നു തന്നെയാണ് ഞങ്ങൾക്ക് വെളിച്ചവും മാർഗ്ഗവും; ആമേൻ!

രൂത്ത് പ്രവേശിച്ച് ഒതുങ്ങി നിൽക്കുന്നു.

*സോഫിയ* : (എഴുന്നേറ്റ്) രൂത്ത്, ഇന്നല്ലേ മന്ത്രി പ്രോബ ഇവിടം സന്ദർശിക്കുമെന്ന് പറഞ്ഞത്?

*രൂത്ത്* : അതെ.

*സോഫിയ* : എന്തു പരിശോധിക്കാനാണീ സന്ദർശനം ?

*രൂത്ത്* : നമുക്ക് ധനസഹായവും നമ്മുടെ സുരക്ഷയുമാണ് ഞാനഭ്യർത്ഥിച്ചത്.

*സോഫിയ* : എന്നിട്ട്?

*രൂത്ത്* : അതനുവദിക്കുന്നത് ഇവിടം സന്ദർശിച്ചിട്ടാകാമെന്നാണ് പറഞ്ഞത്.

(പെട്ടെന്നോർത്ത്) അമ്മേ, അദ്ദേഹം എന്നെ ഏൽപ്പിച്ച പ്രതിമ ഇവിടെ പ്രധാന സ്ഥലത്തുവച്ചാരാധിക്കണമെന്നെന്നോടു പറഞ്ഞിരുന്നു. ഞാനാ, പ്രതിമയെടുക്കട്ടേ. ചക്രവർത്തിയുടെ ഇഷ്ട ദൈവമായ ജോവാണത്രെ അത്.

*സോഫിയ* : രൂത്തേ. ഇവിടെ കർത്താവിന്റെ തിരുസ്വരൂപമുള്ളപ്പോൾ പിന്നെന്തിനാണ് മറ്റൊരു രൂപം. നമ്മുടെയെല്ലാം ശക്തിയായി, തേജസ്സായി, ആശ്രയമായി ദൈവപുത്രനുള്ളപ്പോൾ എന്തിനാണീ ജോവിന്റെ രൂപം? ആ പ്രതിമ മറ്റു പുണ്യവാളന്മാരുടെ രൂപങ്ങളോടൊപ്പമിരുന്നോട്ടെ.

*രൂത്ത്* : ശരിയമ്മേ

*സോഫിയ* : രൂത്തേ, നമ്മുടെ ഈ ഭവനത്തിൽ കർത്താവായ യേശുമിശിഹായുടെ അനുഗ്രഹത്തിന്റെ പ്രകാശമുണ്ട്. വേദനയിലൂടെ മാത്രമേ മഹത്വമാർജ്ജിക്കാനാവു. അവൻ സ്വജീവിതത്തിലൂടെ കാട്ടിത്തന്നതുമതല്ലേ. അതുകൊണ്ട് നമ്മുടെ ഇപ്പോഴത്തെ ദാരിദ്ര്യാവസ്ഥ കർത്താവിന്റെ പരീക്ഷണം മാത്രമായിക്കരുതണം.

രൂത്ത് ആലോചിച്ചു നിൽക്കുന്നു

ഏതാനും പെൺകുട്ടികൾ അനസ്തേസ്യയെ കൂട്ടിക്കൊണ്ടു വരുന്നു.

*മറ്റ കുട്ടി* : അമ്മേ, ഈ ചേച്ചി നല്ല ഒരു പാട്ടെഴുതി പാടുന്നത് ഞങ്ങൾ കേട്ടു; ഒന്നു പാടാൻ പറയുമോ അമ്മേ?

*സോഫിയ* : ങാ, അനസ്ത്യേസ്യാ പാട്ടെഴുതുമോ? കൊള്ളാമല്ലോ? പാട്ടോ, കവിതയോ?

*അന* : അത് കവിതയോ പാട്ടോ എന്നൊന്നുമറിഞ്ഞുകൂടാമ്മേ. ഞാനെന്തോ കുത്തികുറിച്ചതാണ്.

*ഒരു കുട്ടി* : അല്ലമ്മേ, നല്ലപാട്ട്, ഉണ്ണിയേശുവിനെ കാണാൻ വന്ന രാജാക്കന്മാർക്ക് വഴികാട്ടികൊടുത്ത നക്ഷത്രത്തിനോട് പറയുന്ന പാട്ടാണ്.

*സോഫിയ* : അതെയോ, കേൾക്കട്ടെ.

*അന* : കർത്താവ് തോന്നിച്ചെഴുതിയതാണമ്മേ.

*രൂത്ത്* : എങ്കിലും അത് കുട്ടി തന്നെ പാടികേൾക്കാനാണ് ഞങ്ങൾക്കാഗ്രഹം... അല്ലേ അമ്മേ?

*സോഫിയ* : അതെ കുഞ്ഞേ, ഞങ്ങൾക്ക് പ്രിയപ്പെട്ട നീ എഴുതുന്ന പാട്ടുകളും ഞങ്ങൾക്ക് പ്രിയംകരമായിരിക്കും, തീർച്ച.

*രൂത്ത്* : പാടൂ അനസ്തേസ്യാ...

*പെൺകുട്ടികൾ*: പാടൂ ചേച്ചീ...

*അനസ്* : പാട്ട് മോശമായാൽ എന്നെ കുറ്റപ്പെടുത്തരുത്.

*പെൺ* : ചേച്ചി പാടണം. പാടണം

*അനസ്* : ശരി – നിങ്ങൾ നിരന്നിരിക്കൂ. ഞാൻ പാടാം

അനസ്തേസ്യാ സോഫിയയെ നോക്കുന്നു. സോഫിയ പുഞ്ചിരിയോടെ അനുമതി നൽകുന്നു. അനസ്തേസ്യാ കുരിശുവരച്ചശേഷം പാടുന്നു

*ദിവ്യതാരകേ... ദിവ്യതാരകേ... ദേവദൂതികയാണു നീ*
*ബത്‌ലഹേമിലുദിച്ചുയർന്നൊരു താരരാജകുമാരി നീ... (ദിവ്യ)*

*രാജ പണ്ഡിതരിടയരൊക്കെയുമെത്തി, നിൻകിരണാവലി*
*മാർഗ്ഗദർശികമാകയാൽ, തിരുവുണ്ണി തന്നുടെയന്തികേ. (ദിവ്യ)*

*ശോക സങ്കുലമെങ്കിലും മമ ജീവദ്യോവിലുദിക്കുമോ*
*താരകേശ്വരീ, ദിവ്യദർശന മാത്രയൊന്നുലഭിക്കുവാൻ (ദിവ്യ)*

*ദൈവപുത്ര, തവദർശനാൽ, സഫലമാകുമെന്നുടെ ജീവിതം*
*ആ പദങ്ങളിലെത്തുവാൻ വഴി കാട്ടുമോ സുരതാരകേ (ദിവ്യ)*

*പാപകർമ്മമിരുൾപടർത്തിയ ജീവിതങ്ങളിലിന്നു നീ*
*മോക്ഷദായകദീപമായ് വരൂ, സ്വർഗ്ഗജാതകുമാരികേ. (ദിവ്യ)*

*സോഫിയ* : മനോഹരം! ഈ പാട്ട് ഈ കുട്ടികളെ പഠിപ്പിക്കു അനസ്തേസ്യ

*അന* : ശരിയമ്മേ, വരിൻ

കുട്ടികളുമായി പോകുന്നു

*സോഫിയ* : ആഹാ! എത്ര മനോഹരം! ഭക്തി നിർഭരമായ ഗാനം. അല്ലേ രൂത്തേ? എന്റെ അനസ്തോസ്യ എത്ര സുന്ദരിയാണ്, ഒരു മാലാഖയെപ്പോലെ... അവളുടെ കണ്ണുകളിൽ ദൈവപുത്രനെത്തേടുന്ന ഭാവം ഞാൻ കാണുന്നു. അവൾ കർത്താവ് നമുക്ക് കനിഞ്ഞു നൽകിയ രത്നമാണ്. അവളുടെ സ്വഭാവവും, സംസാരവുമൊക്കെ വലിയ ജ്ഞാനികളുടേതുപോലെയാണ്.

*രൂത്ത്* : അതെ, പ്രായത്തിനതീതമായ പക്വത.

*സോഫിയ* : അചഞ്ചലമായ ദൈവവിശ്വാസം... സത്യത്തിൽ ഞാൻ തന്നെ പലപ്പോഴും അവളുടെ വിശ്വാസ പ്രമാണങ്ങളുടെ മുമ്പിൽ വിസ്മയത്തോടെ നിശബ്ദയായിപ്പോയിട്ടുണ്ട്.

*രൂത്ത്* : ഞാൻ ചിലപ്പോൾ വിചാരിച്ചിട്ടുണ്ട്, ദൈവത്തിന്റെ അനുഗ്രഹം സിദ്ധിച്ച ഈ കുട്ടിയെ ഈ സേവാശ്രമത്തിനു

മുമ്പിൽ ഉപേക്ഷിച്ചിട്ടു പോയത് ഏതെങ്കിലും മാലാഖയാണോ എന്ന്... കർത്താവിന്റെ സ്തോത്രങ്ങൾ ചൊല്ലുമ്പോൾ ഭക്തിയുടെ നിറവ് ഞാൻ അവളിൽ കാണുന്നുണ്ടമ്മേ

*സോഫിയ* : ഞാനവൾക്ക് ഒരു പുതിയ പേരിട്ടുവിളിക്കാനാഗ്രഹിക്കുന്നു രൂത്തേ...

*രൂത്ത്* : എന്താണമ്മേ?

*സോഫിയ* : ക്രിസ്ത്യാന...!

*രൂത്ത്* : യോജിച്ച പേര്

*സോഫിയ* : ഞാനത് നിർദ്ദേശിച്ചപ്പോൾ ആ കുട്ടിക്കും അത് സ്വീകാര്യമായിരുന്നു.

(പുറത്ത് ശബ്ദകോലാഹലം)

*രൂത്ത്* : (എഴുന്നേറ്റ് തലകുനിച്ച്) റോമാ ചക്രവർത്തി വലേറിയൻ തിരുമനസ്സിന്റെ മഹാമന്ത്രി വിജയിക്കട്ടെ...

*പ്രോബ* : (ചുറ്റുംനോക്കി) ശാന്തമായ അന്തരീക്ഷം. (സോഫിയയെ നോക്കി) സോഫിയ, അല്ലേ...?

*സോഫിയ* : അതെ.

*പ്രോബ* : ഉം. ഞാനെല്ലാമന്വേഷിച്ചറിഞ്ഞു. സാധുജനസേവനത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവളാണ് സോഫിയയെന്നും കുറെയധികം സ്ത്രീജനങ്ങളെ ആ പാതയിലേക്ക് നയിക്കുന്നവളാണെന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു.

*സോഫിയ* : എല്ലാം ആ രാജരാജന്റെ അനുഗ്രഹം.

*പ്രോബ* : ശരിയാണ്. എല്ലാ അർത്ഥത്തിലും വലേരിയൻ ചക്രവർത്തി രാജരാജൻ തന്നെയാണ്. നിങ്ങളുടെ ധനസ്ഥിതി മെച്ചമാക്കാൻ ഖജനാവിൽ നിന്നും സഹായം പ്രതീക്ഷിക്കാം.

*സോഫിയ* : നന്ദിയുണ്ട്.

*പ്രോ* : ഇവിടെ എത്ര അന്തേവാസികളുണ്ട്?

*സോഫിയ* : പതിനാലുപേർ... അവരിൽ ചിലർ മുന്തിരി തോട്ടത്തിൽ കൃഷിപ്പണിയിലാണ്. ഇതു രൂത്ത്.

*രൂത്ത്* : ഞാൻ സഹായാപേക്ഷയുമായി അവിടത്തെ കണ്ടിരുന്നു.

*പ്രോബ* : അതെ ഞാനോർക്കുന്നു...

(ചുറ്റും നോക്കി)

വലേരിയൻ ചക്രവർത്തിയുടെ ഹിതം ഇവിടെ നടപ്പാക്കി ക്കാണുന്നില്ലല്ലോ. ഈ സ്ത്രീയുടെ പക്കൽ കൊടു ത്തയച്ച ജോവിന്റെ വിഗ്രഹം എന്താ പ്രധാനസ്ഥലത്ത് ആരാധനയ്ക്കായി വയ്ക്കാത്തത്?

*സോഫിയ* : വർഷങ്ങളായി ഞാനാരാധിക്കുന്നത് ഈ ദിവ്യ രൂപത്തെ യാണു പ്രഭോ ഇനി...

*മന്ത്രി* : (പൊട്ടിത്തെറിക്കുംവിധം) സാധ്യമല്ല. ആ രൂപവും നാമധേ യവും ഒഴിവാക്കിയേ മതിയാവൂ. ഇത് എന്റെ ആജ്ഞയല്ല. ചക്രവർത്തിയുടെ കൽപ്പനയാണ്; ഈ രാജ്യത്ത് നിന്ന് ആ ആട്ടിടയന്റെ ചരിത്രവും തത്ത്വചിന്തകളും തുടച്ചു നീക്കണം. സ്വന്തം ശിഷ്യന്മാർ പോലും തള്ളിപ്പറഞ്ഞില്ലേ ഈ ഗുരുനാഥനെ! കള്ളന്മാരോടൊപ്പം അവനെ കുരിശി ലേറ്റിയില്ലേ? എന്നിട്ടെന്തേ ദൈവം പുത്രനെ രക്ഷിക്കാ തിരുന്നത്. ദൈവം പോലും മറന്ന ആ മനുഷ്യനെ ദൈവ പുത്രനെന്നുൽഘോഷിക്കുന്ന നിങ്ങൾക്ക് ഭ്രാന്താണ്. ഇന്നോളം അനുവർത്തിച്ചു പോന്ന വിശ്വാസങ്ങൾ കട പുഴക്കിയെറിയാനുള്ള ചക്രവർത്തിയുടെ യത്നങ്ങൾക്ക് എതിരുനിൽക്കരുത്. അതുകൊണ്ട് സോഫിയാ...

അസസ്തേസ്യയും മറ്റു കുട്ടികളും പ്രവേശിക്കുന്നു.

*അന* : അമ്മേ, ഞങ്ങൾ പ്രാർത്ഥനാമുറിയിലേക്കു പൊയ് ക്കോട്ടെ.

പ്രോബ അവളെ ശ്രദ്ധിച്ചു. എന്നിട്ട് ജർമ്മിയാസിനെ നോക്കി. ജർമ്മിയാസ് അനുകൂലഭാവത്തിൽ നിന്നു.

*പ്രോബ* : നിൽക്കൂ..

കുട്ടികൾ നിന്നു. പ്രോബ അനസ്തേസ്യയുടെ അടുത്തു ചെന്നുനിന്ന്

*പ്രോബ* : കുട്ടി നിൽക്കുക. ഇതാരാണ് സോഫിയാ.

*സോഫിയ* : ഇത് അസസ്തേസ്യ, ഈ സേവനഭവനത്തിലെ ഞങ്ങളുടെ വാത്സല്യഭാജനം...

(അനസ്തേസ്യാ മന്ത്രിയെ വണങ്ങുന്നു)

*പ്രോബ* : (മറ്റു കുട്ടികളോട്) നിങ്ങൾ പൊയ്ക്കോളു എനിക്ക് ഈ കുട്ടി യോട് ചില കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്; അല്ലേ ജർമ്മി യാസ്?

| | | |
|---|---|---|
| *ജർമ്മി* | : | അതെ പ്രഭോ. |
| *പ്രോബ* | : | സോഫിയാ. ഈ പെൺകുട്ടിയിൽ എന്തോ ഒരു പ്രത്യേകത ഞാൻ ദർശിക്കുന്നു. ഇവൾ ഈ 'സേവന ഭവനത്തിൽ കഴിയേണ്ടവളല്ല. അല്ലേ ജർമ്മിയാസ്? |
| *ജർമ്മി* | : | അവിടത്തെ അഭിപ്രായം ശരിയാണ്. ഇവൾ ഒരനാഥാലയത്തിൽ കഴിയേണ്ടവളല്ല. |
| *സോഫിയ* | : | അവളിവിടെ അനാഥയല്ല പ്രഭോ, ഞങ്ങൾക്കെല്ലാം പ്രിയങ്കരിയാണവൾ. |
| *പ്രോബ* | : | പക്ഷെ റോമാ സാമ്രാജ്യത്തിന്റെ മന്ത്രിയുടെ അഭിപ്രായം അവൾക്ക് കൂടുതൽ സംരക്ഷണമുള്ള അഭയസ്ഥാനം നൽകണമെന്നാണ്. |
| *സോഫിയ* | : | അങ്ങെന്താണർത്ഥമാക്കുന്നത് പ്രഭോ... |
| *പ്രോബ* | : | സോഫിയാ, ഇവളിവിടെ കഴിയാൻ പാടില്ല. റോമിലെ ചക്രവർത്തിയുടെ കൊട്ടാരത്തിൽ ഞാനിവളെ കൊണ്ടുപോകുന്നു. ഇവൾ കൊട്ടാരത്തിന്റെ അകത്തളങ്ങളിൽ രാജകുമാരിയെ പോലെ വിരാജിക്കും. അല്ലേ ജർമ്മിയാസ്? |
| *രൂത്ത്* | : | അവിടന്ന് പൊറുക്കണം. ഞങ്ങളുടെ കുട്ടിയെ ഞങ്ങളിൽ നിന്നകറ്ററുത്. അത് പാപമാണ്. |
| *പ്രോബ* | : | ഈ കുട്ടിയെ ഇത്തരമൊരു ഭവനത്തിൽ സംരക്ഷിക്കുന്നതാണ് മഹാപാപം. ഇവളിനി വലേരിയൻ ചക്രവർത്തിയുടെ സംരക്ഷണയിലായിരിക്കും. |
| *അന* | : | അമ്മേ, എന്നെ വിട്ടുകൊടുക്കരുതേ, ഞാനിവിടെത്തന്നെ കഴിഞ്ഞോളാം<br>(കരയുന്നു) |
| *പ്രോബ* | : | കുട്ടീ, കരഞ്ഞിട്ടൊന്നും കാര്യമില്ല. പ്രജകളുടെ കാര്യത്തിൽ ചക്രവർത്തിക്കുവേണ്ടി എടുക്കുന്ന ഒരു തീരുമാനവും ചോദ്യം ചെയ്യാവുന്നതല്ല; അതു സോഫിയയും മനസ്സിലാക്കണം. |
| *സോഫിയ* | : | പ്രഭോ, അവളുടെ ആഗ്രഹം അവിടത്തെ മണവാട്ടിയാകണമെന്നാണ് |
| *പ്രോബ* | : | അതെ എന്നു കരുതികൊള്ളുക. അവിടത്തെ മണവാട്ടിയാക്കാനാണ് കൊണ്ടുപോകുന്നത്, വലേരിയൻ ചക്രവർത്തിയുടെ! |

*സോഫിയ* : അരുത്. പരമകാരുണികനായ യേശുനാഥന്റെ മണവാട്ടിയായി ജീവിക്കാനാണവൾക്കാഗ്രഹം.

*പ്രോബ* : (പൊട്ടിച്ചിരിച്ച്) വിഡ്ഢിയായ പെൺകുട്ടീ, ഈ ജന്മം ഇങ്ങനെ ജീവിച്ചു തുലക്കാനോ നിന്റെ ആഗ്രഹം! നോക്ക് റോമിലെ എല്ലാ സുഖഭോഗങ്ങളും നിനക്കു സ്വന്തം; റോമാധിപതി നിന്റെ വാക്കുകൾ അക്ഷരം പ്രതി അനുസരിക്കുന്ന ദാസനുസമം. അതുകൊണ്ട് കുട്ടി മൂഢമായ വിശ്വാസത്തിൽ നിന്ന് പിൻമാറി ജീവിതം അർത്ഥപൂർണ്ണമാക്കണം.

*രൂത്ത്* : പ്രഭോ, ഈ കുട്ടിയുടെ മനസ്സ് കർത്താവിനടിയറ വച്ചു പോയി. അങ്ങ് കരുണ കാട്ടണം.

*പ്രോബ* : നിർത്ത്. അപക്വമായ മനസ്സിന്റെ തീരുമാനങ്ങൾ ശാശ്വതമല്ല. അത് തിരുത്തപ്പെടേണ്ടതാണ്. അതുകൊണ്ട് ഞാനിവളെ കൊണ്ടു പോകും

(അനസ്തേസ്യാ പൊട്ടിക്കരയുന്നു)

*പ്രോബ* : ഈ കരച്ചിൽ പെട്ടെന്നു തന്നെ കെട്ടടങ്ങും. കൊട്ടാരത്തിലെത്തുമ്പോൾ ഇത് പൊട്ടിച്ചിരിയുടെ മണിനാദങ്ങളായി മാറും.

*പ്രോബ* : ജർമ്മിയാസ്! ഇവളെ കുട്ടികൊണ്ടു പോകാൻ കൊട്ടാരത്തിൽ നിന്നു രണ്ടു പരിചാരികകളെ അയക്കുക.

*ജർമ്മി* : കൽപ്പനപോലെ!

അനസ്തേസ്യ മന്ത്രിയുടെ മുമ്പിൽ വന്ന് മുട്ടുകുത്തി അപേക്ഷിക്കുന്നു

*അന* : പ്രഭോ, എന്നെ ഈ ഭവനത്തിൽ നിന്നു കൊണ്ടു പോകരുത്. എനിക്ക് അമ്മയെ പിരിഞ്ഞിരിക്കാനാവില്ല. എന്നിൽ കരുണയുണ്ടാകണം.

*പ്രോബ* : കുട്ടീ, നിനക്ക് കൊട്ടാരത്തിൽ ഒരു ദുഃഖവുമുണ്ടാകില്ല.

*അന* : എനിക്കാ ജീവിതത്തിൽ താൽപ്പര്യമില്ല പ്രഭോ. പ്രാർത്ഥനയുമായി ആർക്കുമൊരുപദ്രവുമില്ലാതെ ഞാനിവിടെ കഴിഞ്ഞുകൊള്ളാം.

*ജർമ്മി* : മന്ത്രി തിരുമനസ്സു പറയുന്നതനുസരിക്ക് കുട്ടീ...

*പ്രോബ* : അനുസരിക്കും ജർമ്മിയാസ്... ഈ കുട്ടി കൊട്ടാരത്തിൽ തന്നെ വരും; വലേരിയൻ ചക്രവർത്തിയുടെ സ്നേഹ

നിധിയായ മണവാട്ടിയായിത്തീരുകയും ചെയ്യും. ഇത് റോമിന്റെ മന്ത്രി പ്രോബയുടെ തീരുമാനമാണ്. സോഫിയാ, ഇവളെ കൊട്ടാരത്തിലേക്കയക്കാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്യണം. സെനറ്റിന്റെ മുമ്പിൽ രാജപത്നിയായി എനിക്കീ കുട്ടിയെ ഉടൻ ഹാജരാക്കേണ്ടതുണ്ട്.

അനസ്തേസ്യ ഓടിച്ചെന്ന് സോഫിയയെ കെട്ടിപിടിച്ച് തേങ്ങിക്കരയുന്നു.

*പ്രോബ* : ജർമ്മിയാസ് നമുക്കുപോകാം - സോഫിയാ ഒരു കാര്യം കർശനമായി ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഭടന്മാർ വരുമ്പോൾ ആ ക്രിസ്തുവിനെ ഓർമ്മിപ്പിക്കുന്നതൊന്നും ഇവിടെയുണ്ടാവരുത്. ജോവിന്റെ പ്രതിമ പ്രധാനസ്ഥാനത്ത് ആരാധനയ്ക്കായി സ്ഥാപിക്കണം. അതിനുവേണ്ടി ഒരു ബലപ്രയോഗം ഒഴിവാക്കണമെന്ന് മാത്രമേ പറയാനാവു ഉം... വരിക

**(പ്രോബയും ജർമ്മിയാസും പുറത്തേക്ക് നടക്കുന്നു)**

*രൂത്ത്* : **(നടന്നു ചെന്ന് അവളെ സോഫിയയുടെ മാറിൽ നിന്ന് മാറ്റി നിർത്തി)** കുഞ്ഞേ, രാജകൽപ്പന നമുക്കനുസരിക്കാതിരിക്കാൻ പറ്റുമോ? എല്ലാം കാണുന്ന യഹോവായുടെ മുമ്പിൽ നമ്മെ സമർപ്പിച്ച് നമുക്കനുസരിക്കാം.

*സോഫിയ* : **(അനസ്തേസ്യയുടെ ശിരസ്സിൽ തലോടി)** മകളേ, നിന്റെ മനസ്സിലെ മണവാളൻ എല്ലാ അനുഗ്രഹങ്ങളും ചൊരിഞ്ഞുകൊണ്ട് നിന്നിൽതന്നെയുണ്ട്. നിന്നെ സ്വീകരിക്കുവാൻ അവൻ കൊടിക്കുറിയുമേന്തി, വൻ ഗിരിനിരകൾ കടന്ന്, നിനക്കു ചൂടാനുള്ള കനകകിരീടവുമായി വരുന്നുണ്ട്. ഭൂമിയിലുള്ള ഒരു ശക്തിക്കും നിന്റെ മനസ്സിനെ പ്രാപിക്കാനാവില്ല കുഞ്ഞേ...

നശ്വരമായ നിന്റെ ശരീരത്തെ മാത്രമേ അവർക്കു കിട്ടൂ. ദൈവപുത്രൻ നിന്നിൽത്തന്നെ കുടികൊള്ളും. നീ വാഴ്ത്തപ്പെട്ടവളാകും. പാവം മനുഷ്യൻ രാജവാണെങ്കിൽ പോലും ഇഹലോകത്തെക്കുറിച്ചുമാത്രമേ ചിന്തിക്കുന്നുള്ളു. അത്കൊണ്ട് കുട്ടി ധൈര്യമായി വലേറിയന്റെ കൊട്ടാരത്തിലേക്ക് പൊയ്ക്കോളു. അമ്മ ചിന്തിച്ചെടുത്ത തീരുമാനമാണ്. നിനക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കാം.

**(അവളുടെ നെറ്റിയിൽ ചുംബിക്കുന്നു)**

*സോഫിയ* : എന്തിനാണ് രൂത്ത് നീ ദുഃഖിക്കുന്നത് ? എനിക്ക് ദുഃഖമുണ്ടെങ്കിലും ഞാൻ കർത്താവിന്റെ വാക്കുകൾ ഓർത്ത് സമാധാനിക്കുകയാണ്...

*രൂത്ത്* : എങ്കിലും അമ്മേ, കുഞ്ഞായിരുന്നകാലംതൊട്ട് ഞാനല്ലേ ഇവളെ താലോലിച്ച് വളർത്തിയത്... ആ എനിക്ക് ഇപ്പോൾ...

*സോഫിയ* : ഇവളെ നീ വളർത്തണമെന്നത് ദൈവനിയോഗമെന്നതുപോലെ തന്നെയാണ് ഇപ്പോൾ പിരിയണമെന്നുള്ളതും.

**(അനസ്തേസ്യയെ സമീപിച്ച് തലോടിക്കൊണ്ട്)**

മകളേ, ആലോചിച്ചുനോക്ക് കർത്താവിന്റെ ഓരോ പ്രവർത്തിയും മറ്റുള്ളവർക്കുവേണ്ടിയായിരുന്നല്ലോ സ്വന്തം സുഖത്തിനുവേണ്ടി ദൈവത്തിനോട് ഒന്നും അപേക്ഷിച്ചിരുന്നില്ല. എന്റെ പിതാവ് ഏല്പിച്ച പാനപാത്രം ഞാൻ പാനം ചെയ്യേണ്ടവനാകുന്നു എന്ന ദേവപുത്രന്റെ വാക്കുകൾ എന്നും നമ്മുടെ ജീവിതത്തിന് മാർഗ്ഗം തെളിക്കണം; ആ വിശ്വാസമാണ് പ്രധാനം.

*രൂത്ത്* : അവൾക്കുവേണ്ടി പ്രാർത്ഥിക്കാനല്ലാതെ മറ്റൊന്നും എനിക്ക് ചെയ്യാനില്ലമ്മേ...

*സോഫിയ* : രൂത്ത് അവളെ സമാധാനിപ്പിക്കുക; എന്നിട്ട് വലേറിയന്റെ കൊട്ടാരത്തിലേക്ക് അയക്കാൻ വേണ്ടത് ചെയ്യുക –

അനസ്ത്യേസ്യയുടെ ഉറച്ച ദൈവവിശ്വാസത്തിന്റെ കോട്ട തകർക്കാൻ ഒരു റോമാചക്രവർത്തിക്കുമാവില്ല എന്ന് എന്റെ മനസ്സിലിരുന്ന് കർത്താവ് പറയുന്നു.

**(അടുത്തചെന്ന്)** മകളേ, എന്തെല്ലാം സംഭവിച്ചാലും, എന്തെല്ലാം ദുഃഖങ്ങൾ അനുഭവിക്കേണ്ടിവന്നാലും, എന്തെല്ലാം പീഡനങ്ങളും പ്രലോഭനങ്ങളും നേരിടേണ്ടി വന്നാലും നീ കർത്താവിലുള്ള വിശ്വാസം കൈവെടിയരുത്. ആ വിശ്വാസം ഒരു പ്രകാശധാരയായി എപ്പോഴും നിന്നെ നയിക്കും. ഇത് പ്രത്യേകം ഓർമ്മിക്കണമെന്നേ അമ്മയ്ക്ക് പറയാനുള്ളൂ.

അനസ്തേസ്യ സോഫിയയുടെ പാദങ്ങളിലേക്കു വീണു. അവളെപ്പിടിച്ചെഴുന്നേൽപ്പിച്ചുകൊണ്ട്

*സോഫിയ* : എല്ലാം അവനറിയുന്നു. സമയമെത്തുമ്പോൾ അവൻ നിന്റെ സമീപമെത്തും.

മണി ശബ്ദം കേൾക്കുന്നു

*രൂത്ത്* : പക്ഷേ അമ്മേ, അനസ്തേസ്യ ഇല്ലാത്ത ഈ ഭവനം... ഓർക്കാൻകൂടി വയ്യ.

*സോഫിയ* : നമുക്കിന്നു രാത്രി കർത്താവിനെ സ്തുതിച്ചു പാടാം. ഒരു പക്ഷേ എന്റെ കുട്ടിയുമൊത്തുള്ള നമ്മുടെ അവസാന പ്രാർത്ഥനയാകാം... നാളെ ഇതാ കർത്താവിന്റെ സ്മരണകളുണർത്തുന്ന വിശുദ്ധവസ്തുക്കളെല്ലാം അവർ നശിപ്പിക്കും. എങ്കിലും നമ്മുടെ ഹൃദയങ്ങളിൽ അവന്റെ പ്രകാശം പൂർവ്വാധികം ശോഭയോടെ നിറഞ്ഞു നിൽക്കും ആമേൻ!

അനസ്ത്യേസ്യ തേങ്ങിക്കരയുന്നു

## രംഗം അഞ്ച്

വലേരിയന്റെ കൊട്ടാരത്തിലെ ഒരു ഭാഗം, പ്രോബ ഒരു സോഫയിൽ ഇരിക്കുന്നു. രണ്ടു പരിചാരികകൾ അനസ്ത്യേസ്യയേയും കൂട്ടി പ്രവേശിക്കുന്നു. അവളെക്കണ്ട് പ്രോബയുടെ മുഖം തെളിയുന്നു. അവൾ അധോമുഖിയായി നിൽക്കുന്നു.

*പ്രോബ* : (പരിചാരികമാരോട്) ഉം.ഹാ! നിങ്ങൾ പൊയ്ക്കൊള്ളുക. (അവർ പുറത്തേക്ക് നടന്നു)

*പ്രോബ* : അവസാനം എത്തേണ്ടിടത്ത് തന്നെ എത്തിച്ചേർന്നു! സന്തോഷം! റോമാസാമ്രാജ്യത്തിലെ ഏറ്റവും സുരക്ഷിതമായ സ്ഥലത്താണ് ഇപ്പോൾ നിൽക്കുന്നത്. എല്ലാ ദുഃഖങ്ങൾക്കും വിടപറയുക. മുൻകാല ജീവിതമൊക്കെ മറക്കുക. റോമ ചക്രവർത്തിയുടെ ഏറ്റവും പ്രിയപ്പെട്ടവളാകാൻ ഇനി അധികനേരമില്ല. മനസ്സിനെ ശാന്തമാക്കൂ... തലയുയർത്തി പുഞ്ചിരിയോടെ പുതിയ ജീവിതത്തെ വരവേൽക്കുക.

*അന* : പ്രഭോ, എന്നെ ദയവായി വിട്ടയക്കണം. മറ്റൊരാളിന്റെ മണവാട്ടിയെ സ്വന്തമാക്കാനാഗ്രഹിക്കുന്നത് മഹാപാപമല്ലേ...? അതെത്രമേൽ ഹീനകൃത്യമാണെന്ന് അങ്ങേയ്ക്കറിയില്ലേ...?

*പ്രോബ* : മറ്റൊരാളിന്റെ മണവാട്ടിയോ...?

*അന* : അതെ, പ്രഭോ, ഞാൻ ദൈവപുത്രന്റെ മണവാട്ടിയാണ്; എന്റെ നാഥന് ഞാനെന്നേ എന്നെ സമർപ്പിച്ചു കഴിഞ്ഞതാണ്. അതുകൊണ്ട്...

*പ്രോബ* : എന്റെ ക്ഷമയെ പരീക്ഷിക്കരുത്. എവിടെയാണ് ആരുടെ മുമ്പിലാണ് നിൽക്കുന്നതെന്ന ബോധമുണ്ടോ? റോമാ സാമ്രാജ്യം മറക്കാനാഗ്രഹിക്കുന്ന ഒരുവന്റെ രൂപം ഉള്ളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന നിന്നെ...

*അന* : എന്തു വേണമെങ്കിലും പറഞ്ഞു കൊള്ളണം; എന്തു ശിക്ഷ വേണമെങ്കിലും വിധിച്ചുകൊള്ളണം.

*പ്രോബ* : അസസ്ത്യേസ്യാ...

*അന* : എനിക്കിപ്പോൾ അമ്മയിട്ട മറ്റൊരു പേരുണ്ട്. അത് വിളിക്കുന്നത് കേൾക്കാനാണെനിക്കാഗ്രഹം

*പ്രോബ* : എന്താണത്?

*അന* : ക്രിസ്ത്യാന

*പ്രോബ* : ഛേ! ആ പേര് നിഷിദ്ധമാണ്. വേണ്ട ആ പേരു ഉച്ചരിക്കുകയേ വേണ്ട.

*അന* : പ്രഭോ, എനിക്കൊരാഗ്രഹമുണ്ട്. അങ്ങ് സാധിച്ചു തരണം.

*പ്രോബ* : എന്താണ് പറയൂ.... പറയൂ.

*അന* : ദയവായി എന്നെ വധിക്കണം. ആ വാളെടുത്തു ഈ ശിരസ്സ് ഛേദിക്കണം.

*പ്രോബ* : **(അനുനയത്തിൽ)** കുട്ടീ, നീ അതിസുന്ദരിയാണ്; അതുപോലെ ബുദ്ധിമതിയുമാണെന്ന് ഞാൻ കരുതി. ഞങ്ങൾ വളരെയധികം തിരഞ്ഞ് ചക്രവർത്തിക്കു വേണ്ടി കണ്ടെത്തിയ സുന്ദരിയാണു കുട്ടി. നിന്റെ സൗന്ദര്യത്തെപ്പറ്റി വിശദമായി ഞങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചിട്ടുണ്ട്. നിന്നെ കാണാൻ അക്ഷമനായി കാത്തിരിക്കുകയാണദ്ദേഹം! നീയെന്താണ് പറഞ്ഞത് വധിക്കാനോ? വധിക്കാനല്ല വരിക്കാനാണിവിടെ കൊണ്ടുവന്നത്. നിനക്കെന്ത് വിശിഷ്ട വസ്ത്രങ്ങളാണു വേണ്ടത്? എന്തു മധുര ഭോജ്യങ്ങളാണാഗ്രഹിക്കുന്നത്; ഒരു പറയുകയേ വേണ്ടു; അവ നിന്റെ മുന്നിലെത്തിച്ചേരും... അതാ കനകനിർമ്മിതമായ ശയ്യാഗാരത്തിൽ ചക്രവർത്തി നിന്റെ വരവും കാത്തിരിക്കുന്നു. വരൂ.....
**(അടുക്കുന്നു)**

*അന* : മാറി നിൽക്കൂ, എന്നെ സമീപിക്കരുത്.

*പ്രോബ* : അഹങ്കാരം ഒട്ടും ഭൂഷണമല്ല കുട്ടീ. നാം വിധിക്കുന്ന ക്രൂരശിക്ഷകൾ ഈ മൃദു ശരീരത്തിന് താങ്ങാനാവില്ല. നീ മാത്രമല്ല സോഫിയയും അവിടത്തെ ഒന്നടങ്കമുള്ള അന്തേവാസിനികളും നീ മൂലം ശിക്ഷിക്കപ്പെടുവാനിടയാക്കരുത്.

അവൾ എന്തോ ആലോചിക്കും പോലെ നിന്നു.

സോഫിയയുടെ ശബ്ദം അവളുടെ ഓർമ്മയിലെത്തി.

*"മകളേ, എന്തെല്ലാം സംഭവിച്ചാലും, എന്തെല്ലാം ദുഃഖങ്ങൾ അനുഭവിക്കേണ്ടിവന്നാലും എന്തെല്ലാം പീഢനങ്ങളും, പ്രലോഭനങ്ങളുമുണ്ടായാലും കർത്താവിലുറപ്പിച്ച വിശ്വാസം നീ കൈവെടിയരുത്. ആ വിശ്വാസം ഒരു പ്രകാശധാരയായി നിന്നെ എന്നും നയിക്കും. ഇതു പ്രത്യേകം ഓർമ്മിക്കണമെന്നു മാത്രമേ അമ്മയ്ക്ക് പറയാനുള്ളൂ."*

*അന* : പ്രഭോ... എനിക്ക്, എനിക്ക് ഇപ്പോൾ എന്തോ ഒരു പുതിയ ശക്തി ലഭിച്ചതുപോലെ... അങ്ങു പറയുന്ന ശിക്ഷകളൊന്നും എന്നെ ഭയപ്പെടുത്തുന്നില്ല. ഉള്ളിലിരുന്ന് ആരോ ആശ്വസിപ്പിക്കുന്നതു പോലെ... അവന്റെ സാമീപ്യവും ഞാനറിയുന്നു, ആ പാദപതനം ഞാൻ കേൾക്കുന്നു.

*പ്രോബ* : നിർത്ത് നിന്റെ ജൽപ്പനങ്ങൾ! സിംഹകൂട്ടിലകപ്പെട്ട മാൻകുട്ടിയാണ് നീ. രക്ഷപ്പെടാമെന്നത് വ്യാമോഹമാണ്.

*അന* : ഇല്ലപ്രഭോ, രക്ഷപ്പെടണമെന്നാഗ്രഹമില്ല. എന്നെ രക്ഷപ്പെടുത്താൻ രക്ഷകനെത്തിയാൽ ഒരു മഹാമന്ത്രിക്കും അവനെത്തടയാനുമാവില്ല; റോമാസാമ്രാജ്യത്തിന്റെ അധിപതിയാണെങ്കിൽ പോലും

*പ്രോബ* : ധിക്കാരി! പിശാചിന്റെ ഹൃദയം ഉള്ളിലൊതുക്കുന്ന സുന്ദരിയാണ് നീ. റോമാ ചക്രവർത്തിയെ നിസ്സാരവൽക്കരിക്കുന്ന വാക്കുകൾ എന്റെ ക്ഷമയുടെ സീമകൾ ലംഘിക്കുകയാണ്; ഓർമ്മവേണം

*അന* : ക്ഷമിക്കണം പ്രഭോ, അങ്ങീ മഹാസാമ്രാജ്യത്തിലെ മഹാമന്ത്രിയല്ലേ? നിസ്സാരയായ ഒരു പെണ്ണിന്റെ വാക്കുകൾ എന്തിനങ്ങയെ ഇത്രമേൽ ചൊടിപ്പിക്കുന്നു?

പ്രോബ : ആരവിടെ...?

(രണ്ടുപരിപാരികമാർ പ്രവേശിച്ചു)

പ്രോബ : ഈ കുട്ടിയെ ചക്രവർത്തി തിരുമനസ്സിന്റെ ശയ്യാഗാരത്തിലേക്ക് കൊണ്ടുപോകൂ.... ഉം

പ്രോബ വേഗത്തിൽ നടന്നു മറഞ്ഞു.

അനസ്തേസ്യ കാൽമുട്ടുകളിൽ നിന്നു പ്രാർത്ഥിച്ചു.

നാഥാ, ഈയുള്ളവളെ അങ്ങയുടെ സിംഹാസത്തിനുമുന്നിലെ പാദോപധാനമാക്കണേ... ഇവർ ചെയ്യുന്നതൊക്കെ അങ്ങ് ദർശിക്കുന്നുണ്ടെന്നുമറിയാം. എന്റെ ശരീരം ഞാനിതാ വിട്ടുകൊടുക്കുന്നു. ദേവ ദേവ.... എന്റെ മനസ്സിന് ഒരു വേദനയുമില്ല. ശാന്തമാണത്. നിലാവണിഞ്ഞ ആകാശംപോലെ ശാന്തം!

പരിചാരിക : മതി പ്രാർത്ഥന ! വരിക

അവർ അവളെ കൂട്ടികൊണ്ടുപോകുന്നു.

അവൾ യാന്ത്രികമായി നടന്നു നീങ്ങി.

Lights On

## ദൃശ്യം അഞ്ച് (എ)

ചക്രവർത്തിയുടെ മണിയറ. അധോമുഖിയായി നിൽക്കുന്ന അനസ്തേസ്യ. വിസ്മയത്തോടെ അവളെത്തന്നെ നോക്കിനിൽക്കുന്ന വലേരിയൻ

*വലേ* : മന്ത്രി, നമ്മോട് കുമാരിയെപ്പറ്റി വിസ്തരിച്ചു പറഞ്ഞപ്പോൾ ഇത്രസുന്ദരിയാണെന്ന് നാം തീരെ പ്രതീക്ഷിച്ചില്ല.

അനസ്തേസ്യാ... റോമാചക്രവർത്തിയുടെ അന്തഃപുരത്തെ അലങ്കരിക്കാനെത്തിയ നിനക്ക് ജോവ് ദേവന്റെ അനുഗ്രഹമുണ്ടാവട്ടെ. (സൂക്ഷിച്ചുനോക്കി) എന്താ, മുഖത്തൊരു വിഷാദഭാവം? കുമാരിക്ക് നമ്മെ ഇഷ്ടമായില്ലെന്നുണ്ടോ? അതോ സാധാരണഭവനത്തിൽ നിന്ന് കൊട്ടാരത്തിലേക്ക് മാറിയപ്പോഴുള്ള അമ്പരപ്പോ? ഒന്നുകൊണ്ടും ഭയക്കാനില്ല. അനസ്തേസ്യാ, നീ ഇനിമുതൽ റോമാചക്രവർത്തിയുടെ പ്രിയംകരിയായ സഖിയാണ്; എന്തും നമ്മോടാവശ്യപ്പെടാൻ സ്വാതന്ത്ര്യമുള്ള നമ്മുടെ പ്രിയതമ. പറയൂ... ഈ മുഖത്ത് തേജസ്സു തെളിയാൻ നാമെന്ത് ഉപഹാരമാണ് നൽകേണ്ടത്? ആദ്യം വസ്ത്രങ്ങൾ തന്നെയാവട്ടെ അല്ലേ? ഇപ്പോൾ ധരിച്ചിരിക്കുന്ന ഈ വസ്ത്രം രാജോചിതമല്ല... വലേറിയന്റെ പത്നിക്കനുയോജ്യമായ പട്ടുടയാടകൾ എന്നേ തയ്യാറാക്കി നാം കാത്തിരിക്കുകയായിരുന്നു - വരൂ. (അവളെ സൂക്ഷിച്ച്)

എന്തേ, നിന്റെ അധരങ്ങളിങ്ങനെ വിളറിപ്പോകാൻ? നിന്റെ മേനിയാകെ വിറയ്ക്കുന്നതു പോലെ? പറയൂ... നിനക്കെന്നെ ഭയമാണോ? വേണ്ട, ഭയം വേണ്ട. നോക്കൂ

വലേറിയന്റെ ഹൃദയസ്പന്ദനം സ്നേഹത്തിന്റെയും ദയയുടേയും മന്ത്രണമാണനസ്തേസ്യാ. ഇതാ നിനക്ക് പാനം ചെയ്യാൻ ഈ സ്വർണ്ണ ചഷകത്തിൽ മുന്തിരിച്ചാർ.... (സ്വർണ്ണചഷകത്തിൽ മുന്തിരിച്ചാറെടുത്ത്) നാം തന്നെ ഇത് നിന്റെ ചുണ്ടിൽ പകർന്നു തരാം. നമ്മുടെ സ്നേഹത്തിന്റെ ആദ്യമധുരബിന്ദു.

ചഷകം അവളുടെ ചുണ്ടോടടുപ്പിച്ചപ്പോൾ പാത്രം താഴെ വീണു. ഞെട്ടിത്തെറിച്ച ചക്രവർത്തിയുടെ കൈക്ക് അസഹനീയമായ വേദനപോലെ.... "ഹാ" എന്ന ദയനീയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ചക്രവർത്തി ശയ്യയിലേക്ക് വീണു. നിശ്ചലയായി കണ്ണുമടച്ച് നില്ക്കുകയാണ് അനസ്തേസ്യ. ശബ്ദം കേട്ട് വാതിൽ തള്ളിത്തുറന്നെത്തുന്ന പ്രോബ. വേദനകൊണ്ട് പിടയുന്ന ചക്രവർത്തിയേയും നിശ്ചലയായി നിൽക്കുന്ന അസസ്തേസ്യയും കണ്ട് അയാൾ പരിഭ്രമിക്കുന്നു.

*പ്രോബ* : എന്ത് - എന്താണ് സംഭവിച്ചത്? ഹാ... തിരുമനസ്സേ... നീ എന്തുചെയ്തു.... ആരവിടെ... തിരുമേനീ....

*വലേ* : ഹാ.... അസഹനീയമായ വേദന... ഹാ..

(പരിചാരകർ പ്രവേശിക്കുന്നു)

*പ്രോബ* : വേഗം കൊട്ടാരം വൈദ്യന്മാരെവിളിക്ക്; വേഗം.... അദ്ദേഹത്തെ അകത്തെ മുറിയിലേക്ക് കൊണ്ടുപോകൂ....

(അനുചരർ അദ്ദേഹത്തെ താങ്ങിക്കൊണ്ടുപോകുന്നു)

(പ്രോബ അവളോടടുത്ത്) നീ... നീ...

ദുർമ്മന്ത്രവാദിനിയാണല്ലേ? തിരുമനസ്സിന് എന്താണ് സംഭവിച്ചത്? നീയാണതിനുത്തരവാദി; സംശയമില്ല...

*അന* : എല്ലാം അവന്റെ നിശ്ചയം പോലെ!

*പ്രോബ* : അല്ല; ഇനി എന്റെ നിശ്ചയമാണ്... നീ റോമാസാമ്രാജ്യത്തിന്റെ ശാപമാണ്. ദുർമന്ത്രവാദിനി! ഇല്ല, ഇനി നിനക്ക് സ്വാതന്ത്ര്യമില്ല; ആരവിടെ?

ഇവളെ ആ കല്ലറയിൽ കൊണ്ടു കിടത്തട്ടെ.

ആ ശബ്ദം പ്രതിധ്വനിക്കുന്നു

യവനിക

## രംഗം ആറ്

കരിങ്കൽപ്പാളികൾക്കൊണ്ട് നിർമ്മിച്ച കല്ലറയ്ക്കുള്ളിൽ ചങ്ങലകൊണ്ട് ബന്ധിതയായികിടക്കുന്ന അനസ്തേസ്യ. ആയുധങ്ങളുമായി കാവൽനിൽക്കുന്ന ഭടന്മാർ. ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന പലതരം ആയുധങ്ങൾ

*പ്രോബ* : (ജ്വലിച്ച്) ഇത് നിന്റെ അന്ത്യനിദ്രയ്ക്കൊരുക്കിയ കല്ലറ; ശാന്തമായ ഒരു മരണം നിനക്ക് ഞാൻ വിധിക്കില്ല! നിന്റെ സങ്കല്പമണവാളന്റെ കൈകളിൽ ഇരുമ്പാണി തറച്ചപ്പോൾ അനുഭവിച്ച പ്രാണവേദനയുടെ ഒരംശം ഈ മണവാട്ടിക്കും ലഭിക്കണ്ടേ? ഹ.ഹ.ഹാ......... റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയെ നിലംപതിപ്പിച്ച ദുർമന്ത്രവാദിനിയായ നിന്നെ ജനങ്ങൾ പിച്ചിച്ചീന്തുമായിരുന്നു; അവരുടെ മുമ്പിലേക്ക് എറിഞ്ഞുകൊടുത്തിരുന്നെങ്കിൽ! തുറിച്ചുനോക്കുന്നോ, അഭിശപ്തയായ മന്ത്രവാദിനീ?

മുഖത്ത് ആഞ്ഞടിക്കുന്നു

ഈ ചങ്ങലക്കെട്ടിൽ നീ കിടന്നു പിടയുമ്പോൾ നിന്നെ രക്ഷിക്കാൻ എവിടെ നിന്റെ രക്ഷകൻ! എന്താ അവൻ വരാനിത്ര താമസം? അവൻ വരും, നിന്റെ അരിഞ്ഞുവീഴ്ത്തിയ ശരീരത്തിന്റെ അംശങ്ങൾ കാണാൻ! സുന്ദരിയാണത്രേ, സുന്ദരി! സർപ്പസുന്ദരിയാണു നീ..... (തൊട്ടുനോക്കി) ഹോ-എത്രമൃദുലമായ ശരീരം!... ഇതിന്റെ മൃദുത്വം ഞാനൊന്നു പരിശോധിക്കട്ടെ.

കൂർത്ത ഒരു കഠാരയെടുത്ത് പൊട്ടിച്ചിരിച്ചുകൊണ്ട് അവളുടെ ശരീരത്തിൽ താഴ്ത്തി വരയ്ക്കുന്നു, വേദന കൊണ്ടവൾ പുളയുന്നു.

ഹ.ഹ.ഹ...! കണ്ടില്ലേ ഭടന്മാരെ, ധവളിമയാർന്ന ശരീരത്തിൽ നിന്ന് ത്രസിച്ചൊഴുകുന്ന ചോര!

അന : ഹാ! കർത്താവേ....

പ്രോബ : കണ്ടില്ലേ അവളുടെ കരളുറപ്പ്! കർത്താവുപോലും ഫൂ!
(അവളുടെ മുഖത്ത് സൂക്ഷിച്ചുനോക്കി)

ഈ വേദനയ്ക്കിടയിലും നീ പുഞ്ചിരിക്കുന്നോ? അതോ പ്രോബയെ പരിഹസിക്കുന്നതോ? മുല്ലമൊട്ടുപോലുള്ള ഈ ദന്തനിര ഞാൻ തകർത്തെറിയും പിശാചേ!

എടുക്ക് ആ ചുറ്റിക!

ഒരു ഭടൻ ചുറ്റികയെടുത്ത് കൊടുക്കുന്നു. അയാൾ അത് അവളുടെ മുഖത്ത് ആഞ്ഞടിക്കുന്നു. ചോര തെറിക്കുന്നു

പ്രോബ : (ചിരിച്ചുകൊണ്ട് വീണ്ടും അവളെ സൂക്ഷിച്ച്....) എന്നിട്ടും എന്നിട്ടും അവളുടെ കണ്ണുകളിൽ നക്ഷത്രങ്ങളുടെ തിളക്കമോ? ഒരു തുള്ളികണ്ണുനീർ പോലും പൊടിയുന്നില്ല! കണ്ണുനീരല്ല പകരം രക്തമാണൊഴുകേണ്ടത്.

ഭടന്മാരേ, ഇവളുടെ കൈകാലുകളിലെ നഖങ്ങൾ കത്തികൊണ്ട് അടർത്തിമാറ്റുവിൻ!

അവർ നഖങ്ങൾ അടർത്തുന്നു. പിടയുന്ന അനസ്തേസ്യ... ചിരിക്കുന്ന പ്രോബ....

ഉം. അങ്ങനെ, അങ്ങനെ! അവനെ സ്തുതിച്ച് ജപമാലകളെണ്ണിയിരുന്ന വിരലുകളിൽ നിന്ന് ചോരയൊഴുകട്ടെ! (പ്രോബ അടുത്തുചെന്ന് അവളെ നോക്കി) ഇപ്പോഴും ഇവളുടെ ഹൃദയം തുടിക്കുന്നോ... അതാ- ആ മാറിടങ്ങൾ ഉയർന്നു താഴുന്നു. (വാൾ വലിച്ചൂരി ഭടന്മാർക്ക് നേരെ എറിഞ്ഞുകൊണ്ട്) വെട്ടിമാറ്റ് അവളുടെ സ്തനങ്ങളെ.. ഉം വെട്ടിമാറ്റാൻ! ഛീ, അറച്ചുനിൽക്കുന്നോ? വെട്ടാൻ! (ഭടന്മാർ ആഞ്ഞുവെട്ടുന്നു) എന്നിട്ട് ആ ഹൃദയത്തിലേക്ക് വാൾമുന താഴ്ത്തിയിറക്ക്..

മറ്റൊരു ഭടൻ വാൾമുന മാറിൽ താഴ്ത്തിറയിക്കുന്നു

ആ രംഗം കാണാനാവാനെ തിരിഞ്ഞുനിന്നുകൊണ്ട്

പ്രോബ : ജീവന്റെ തുടിപ്പവസാനിച്ചുവോ...?

ഭടൻ (1) : ഇല്ല. പ്രഭോ-എന്തോ പതുക്കെപറയുന്നുണ്ട്.

പ്രോബ : ഹ.ഹ.ഹാ! മാപ്പുചോദിക്കുന്നതാണ്... പക്ഷേ വൈകിപ്പോയി. എന്താണവൾ മന്ത്രിക്കുന്നത്-ശ്രദ്ധിക്ക്.

ഭടൻ ചെവിചേർത്ത് ശ്രദ്ധിക്കുന്നു.

*ഭടൻ (2)* : "കർത്താവേ, ഞാൻ വരുന്നു...." എന്നാണ്.

പ്രോബ "ഛീ" എന്നാക്രോശിച്ചുകൊണ്ട് ഒരു പന്തമെടുത്ത് നിലത്തെറിയുന്നു.

ഒരു ഭടൻ ഒരു യുവാവിനെ ഉന്തിത്തള്ളിക്കൊണ്ട് പ്രവേശിക്കുന്നു.

*ഭടൻ (3)* : പ്രഭോ, കൊട്ടാരമുറ്റത്ത് കുരിശുംനാട്ടി സുവിശേഷങ്ങൾ ഉറക്കെ വിളിച്ചുപറഞ്ഞ ഇവനെ കൈയ്യോടെകൊണ്ടു വന്നിരിക്കുകയാണ്.

*പ്രോബ* : (ജ്വലിച്ച്) ആരാണ് നീ.....

*അയാൾ* : ഞാൻ ഷീറിലോസ്! കർത്താവിന്റെ വഴി നടക്കുന്ന വിശ്വാസി...

*പ്രോബ* : രാജദ്രോഹീ...

(അടുക്കുന്നു)

*ഷീറി* : പ്രോബ! മഹാമന്ത്രി!... ഫൂ... (ആഞ്ഞുതുപ്പുന്നു)..

ജഗന്നിയന്താവായ യഹോവയെ വെല്ലുവിളിക്കുന്ന പേക്കൂത്തുകൾ കാട്ടികൂട്ടുന്ന നിന്നെക്കണ്ട് ഭയപ്പെടുന്ന വനല്ല ഈ ഷീറിലോസ്!

*പ്രോബ* : ഛീ! ശബ്ദിക്കരുത്...

അനസ്തേസ്യ കയ്യുയർത്തി 'വെള്ളം, വെള്ളം' എന്നു ശബ്ദിക്കുന്നു. പൊടുന്നനെ ഷീറിലോസ് സമീപത്ത് നിന്ന ഭടന്റെ വാൾ കൈയ്ക്കലാക്കി അയാളെ തള്ളിമാറ്റി

*ഷീറി* : എന്താ, സോദരീ.. വേണ്ടത്...? വെള്ളം ഞാൻ തരാം... (ചുറ്റും നോക്കി വാൾവീശി) അടുക്കരുത്- അടുക്കരുത്.

കൂജയിൽ ഇരുന്ന വെള്ളം അതോടെയെടുത്ത് ചുണ്ടുകളിൽ വീഴ്ത്തുന്നു. ഭടന്മാർ അയാളെ പിടികൂടുന്നു.

*പ്രോബ* : ഇവന്റെ ശിരസ്സ് ഛേദിക്കുവിൻ...

*ഷീറി* : ഉം കൊല്ല്! ഈ പുണ്യവതിക്ക് അന്ത്യസമയത്ത് ദാഹജലം നൽകിയ കുറ്റത്തിന് വധിക്ക്; ഉം വെട്ടിക്കൊല്ല്! എന്റെ യാത്രപൂർത്തിയായി; ഞാൻ ഓട്ടം തികച്ചു.

*പ്രോബ* : ഛീ! നോക്കി നിൽക്കുന്നോ, ഭീരുക്കളേ... വെട്ടിവീഴ്ത്ത്... കുരിശിന്റെ വഴിതേടുന്ന ഈ രാജ്യദ്രോഹിയെ?

*ഷീറി* : പ്രോബാ.... ഒരു ഷീറിലോസ് മരിച്ചാൽ ആയിരം ഷീറിലോസുമാർ ഈ മണ്ണിൽ പിറന്നുവീഴും... അവരെത്തുന്ന

കുരിശിന്റെ വഴി, അവരുയർത്തുന്ന വിശ്വാസത്തിന്റെ കൊടുങ്കാറ്റിനെ തടയാൻ ഒരു ചക്രവർത്തിക്കുമാവില്ല... സത്യം.

(ശിരസ്സുതാഴ്ത്തി നിൽക്കുന്നു)

*പ്രോബ* : (അലറിക്കൊണ്ട്) വെട്ടിക്കൊല്ലുവാനല്ലേ പറഞ്ഞത്.

(ഒരു ഭടൻ ആഞ്ഞുവെട്ടുന്നു. "കർത്താവേ.... സ്വസ്തി!" എന്നു പറഞ്ഞു കൊണ്ടയാൾ താഴെ വീഴുന്നു.)

പ്രോബ പൊട്ടിച്ചിരിക്കുന്നു. അനസ്തേസ്യ കൈകൾ ഉയർത്തുന്നു.. അത് ശ്രദ്ധിച്ച്

*പ്രോബ* : ഇല്ല. അവൾ മരിച്ചിട്ടില്ല ആ കൈകൾ അതാ ചലിക്കുന്നു. വെട്ടിമാറ്റ് ആ കൈകളെ... ഉം.

ഭടന്മാർ കൈകളിൽ ആഞ്ഞുവെട്ടുന്നു. രക്തം തെറിക്കുന്നു.

അവളിൽ നിന്ന് പ്രാർത്ഥന ഉയരുന്നു

തളർന്ന ശബ്ദത്തിൽ മന്ദമായി

*കാ-ലി-ത്തൊ-ഴു-ത്തിൽ- പിറന്നവനേ*
*കാൽവരി - ക്കുന്നിൽ - മരിച്ച-വനേ*
*കാത്തു ഞാൻ വി-ശ്വാ-സ-മെന്നുമെന്നും -*
*കർത്താവി-നായെന്റെ - രക്തസാക്ഷ്യം*

*പ്രോബ* : അവൾ പ്രാർത്ഥിക്കുന്നു.... പാടില്ല.. പാടില്ല.. ആ നാവ് ഇനി ചലിക്കരുത്...

അയാൾ വാൾ ഒരു ഭടനിൽനിന്ന് പിടിച്ചുവാങ്ങി നാവറുത്ത് മാറ്റുന്നു. ചോര ചീറ്റിത്തെറിക്കുന്നു.

*പ്രോബ* : (അനസ്തേസ്യയെ സമീപിച്ച്) അനസ്തേസ്യ! ക്രിസ്റ്റീന! ഹ.ഹ.ഹ- എവിടെ നിന്റെ രക്ഷകൻ? എവിടെ നിന്റെ മണവാളൻ! എവിടെ നിന്റെ രാജരാജൻ?

ഒരു ഭടൻ ധൃതിയിൽ ഓടി വരുന്നു.

*ഭടൻ* : പ്രഭോ, പ്രഭോ. കൊട്ടാരത്തിൽ അതാ അഗ്നി പടരുന്നു... ചക്രവർത്തി തിരുമനസ്സിനെ രക്ഷിക്കാനാവുന്നില്ല.....
(തിരിച്ചോടുന്നു)

ദൂരെ നിന്നുയരുന്ന ശബ്ദകോലാഹലം.

ഒരു ഞെട്ടലോടെ സ്തംഭിച്ചുനിന്നുപോകുന്ന പ്രോബ.

വെളിച്ചം പൊലിയുന്നു.

## രംഗം ആറ് (എ)

അന്ധകാരത്തിനു നടുവിൽ പ്രകാശിതമാകുന്ന ഭാഗത്ത് പരിക്ഷീണനായി നിൽക്കുന്ന പ്രോബ... പ്രോബയോട് അടുക്കുന്ന വൃദ്ധന്റെ രൂപം....... അയാളുടെ സാമീപ്യമറിഞ്ഞ പ്രോബ അടക്കിയ ശബ്ദത്തിൽ ചോദിച്ചു:

*പ്രോബ* : ആരാണത്?

*വൃദ്ധൻ* : ആരെന്നുപറഞ്ഞാൽ എന്നെയറിയുമോ പ്രോബാ...? അവനെയറിയാത്തവൻ എങ്ങനെയെന്നെയറിയും? അധികാരം കൊണ്ട് അന്ധനായ അങ്ങ് എന്റെ സാമീപ്യമറിയുന്നുവല്ലോ! അത്രയും നല്ലത്.

പ്രോബ അയാളെ സൂക്ഷിച്ചുനോക്കുന്നു.

*വൃദ്ധൻ* : അങ്ങ് പരിക്ഷീണനായിരിക്കുന്നു. ദൈവകോപത്തിന് കാരണമാകാമെന്നല്ലാതെ അത് തടയുവാൻ ഭൂമിയിലെ ഏത് ശക്തിയ്ക്കാവും മഹാമന്ത്രീ...?

*പ്രോബ* : ഉപദേശം കേട്ടുനില്ക്കാനുള്ള സമയമിതല്ല...

*വൃദ്ധൻ* : സമയം നമ്മുടെ നിയന്ത്രണത്തിലല്ലല്ലോ പ്രോബാ... ഒരു കാര്യം ഞാനറിയിക്കുന്നതിൽ ക്ഷമിക്കുക.

പ്രോബ ശ്രദ്ധിക്കുന്ന ഭാവം

*വൃദ്ധൻ* : ഈ റോമോ സാമ്രാജ്യത്തിൽ അങ്ങ് ചെയ്തതൊക്കെ വിഫലവൃത്തികൾ; കണ്ടതൊക്കെ പാഴ്ക്കിനാവുകൾ!

*പ്രോബ* : എന്താണ് പറഞ്ഞത്? വിഫലവൃത്തികളോ? പാഴ്ക്കിനാവുകളോ? ഇല്ല, ഞാനെന്റെ പ്രയാണം തുടരും... തീർച്ച-

*വൃദ്ധൻ* : കടിഞ്ഞാൺ നഷ്ടപ്പെട്ട കുതിരയുടെ പ്രയാണം! മഹാമന്ത്രീ, അങ്ങിപ്പോഴും സുബോധം നഷ്ടപ്പെട്ടയാളെ

പ്പോലെ സംസാരിക്കുന്നുവല്ലോ! അങ്ങ് ഇപ്പോഴും അങ്ങയെ തിരിച്ചറിയുന്നില്ല! പക്ഷെ, അവൻ അങ്ങയെ അറിയുന്നു; അറിഞ്ഞു കൊണ്ടേയിരിക്കുന്നു. എനിക്ക്-

പ്രോബ : ചക്രവർത്തിയേൽപ്പിച്ച ചുമതല തുടർന്നേപറ്റൂ...

വൃദ്ധൻ : പണ്ട്, ബാബിലോണിലെ ചക്രവർത്തി സൃഷ്ടിച്ച വിഗ്രഹത്തെ വണങ്ങാൻ വിസമ്മതിച്ച ദാനിയേലിന്റെ കഥ അങ്ങു മറന്നുവോ, മഹാമന്ത്രീ?

**(പ്രോബ വൃദ്ധനെ സാകൂതം നോക്കി)**

വൃദ്ധൻ : യൂദാസിനെക്കാൾ പാപിയാകുന്നുവല്ലോ... കഷ്ടം!

പ്രോബ : ആര്?

**(വിറയ്ക്കുന്ന ചൂണ്ടുവിരൽ പ്രോബയ്ക്ക് നേരെ ചൂണ്ടി)**

വൃദ്ധൻ : അങ്ങ്, റോമാസാമ്രാജ്യത്തിന്റെ മഹാമന്ത്രി!

പ്രോബ : ഞാനോ?

വൃദ്ധൻ : മുപ്പത് വെള്ളിക്കാശിന് ദൈവപുത്രനെ ഒറ്റുകൊടുത്തപ്പോഴും അവന്റെ ഉള്ളിൽ ഗുരുനാഥനോടുള്ള വിശ്വാസം വിളക്കുപോലെ കത്തി നിന്നുവല്ലോ? എന്നാൽ വിശ്വാസത്തേയും വിശ്വാസികളേയും നശിപ്പിച്ച നിനക്ക് എവിടെയാണ് പാപമോചനം! പ്രോബാ?

പുതിയൊരു വെളിച്ചം കിട്ടിയമാതിരി പ്രോബ ആ മുഖത്ത് നോക്കി നില്ക്കുന്നു.

വൃദ്ധൻ : അതാ, നോക്ക്! സ്വർഗ്ഗതുല്യമായ ഐശ്വര്യങ്ങൾ നിറഞ്ഞതെന്ന് നീ കരുതിയിരുന്ന കൊട്ടാരം എരിഞ്ഞടങ്ങിയപ്പോൾ ദൈവഹിതത്തിനെതിരായി ശബ്ദമുയർത്തിയ നിന്റെ ചക്രവർത്തിയെ അഗ്നിനാളങ്ങൾ നക്കിത്തുടച്ചപ്പോൾ, എവിടെയായിരുന്നു, നിന്റെ കർശനകല്പനകൾ? എവിടെയായിരുന്നു നിന്റെ പ്രതിരോധായുധങ്ങൾ? എവിടെപ്പോയി നിന്റെ ദൈവനിഷേധ ചിന്തകൾ? പനിനീർപ്പൂവുപോലെ വിശുദ്ധയായ, കർത്താവിൽ സ്വയം സമർപ്പിച്ച ആ കന്യകയുടെ ഭൗതിക ശരീരം വെട്ടിനുറുക്കിയപ്പോൾ നീയെന്തുനേടി?

അവളുടെ ദൃഢമായ വിശ്വാസത്തിൽ ഒരു നിഴൽ വീഴ്ത്താനെങ്കിലും നിനക്കായോ പ്രോബാ...? ഞാൻ പറഞ്ഞല്ലോ പ്രോബാ, നിന്റെ ജീവിതം വ്യർത്ഥമായിരുന്നു എന്ന്... തികച്ചും വ്യർത്ഥം!

*പ്രോബ* : എന്ത്? പ്രോബയുടെ ജീവിതം വ്യർത്ഥമായിരുന്നുവെന്നോ?

ചിന്താഗ്രസ്തനായി സ്വയം ഏറ്റുപറയും പോലെ

പ്രോബ : അത് സത്യമോ...? അവൻ ലോകത്തിന്റെ വെളിച്ചമാകുന്നു. അവനെ അനുഗമിക്കുന്നവർക്കാർക്കും ഇരുട്ടിൽ സഞ്ചരിക്കേണ്ടിവരില്ല; അവൻ ജീവന്റെ വെളിച്ചത്തിൽ സന്തോഷിക്കും!

തിരിഞ്ഞുനോക്കുമ്പോൾ വൃദ്ധനെ കാണുന്നില്ല...

*പ്രോബ* : ഹേ, എവിടെ? എവിടെപ്പോയി? പോയോ..... (സ്വയം) എന്താണയാൾ പറഞ്ഞത്? പ്രോബയുടെ ജീവിതം വ്യർത്ഥമായിരുന്നെന്നോ? സത്യമല്ലേ അത്? ഒന്നും നേടിയില്ല; ഒരിടത്തുമെത്തിയില്ല! സർവ്വനാശത്തിലേക്ക് മാത്രമായിരുന്നോ എന്റെ യാത്ര? (ചുറ്റും നോക്കി) ആരാണ് നിങ്ങൾ? എന്റെ മനസ്സിൽ പുതിയ വെളിച്ചം തെളിച്ച അങ്ങാരാണ്? എന്നെ ഞാനിപ്പോൾ തിരിച്ചറിയുന്നു! അധികാരമോ, ചിഹ്നങ്ങളോ ഇല്ലാത്ത ഒരു മനുഷ്യൻ! വെറും മനുഷ്യൻ! വിശ്വാസത്തിലേക്ക് അടുക്കുന്ന മനുഷ്യൻ...!

വ്രണിത ചിത്തനായി തകർന്നിരുന്നു പോകുന്ന പ്രോബ ഇരു കൈകളുയർത്തി പശ്ചാത്താപവിവശമായ ശബ്ദത്തിൽ വിളിച്ചുപോകുന്നു.

എവിടെ നിന്നോ ഒരു ശബ്ദം

മകനേ...... പശ്ചാത്താപമാണ് പ്രായശ്ചിത്തം... ക-ർത്താ-വേ... നിനക്ക് - സ്തു - തി - നീയെത്ര - വലിയവൻ...!

വെളിച്ചം മങ്ങുന്നു

## രംഗം ഏഴ്

വെളിച്ചം തെളിയുന്നു

വെൺമേഘങ്ങൾ നിറഞ്ഞ ആകാശപശ്ചാത്തലം. നവരത്ന ഖചിതമായ സിംഹാസനത്തിൽ കിരീടധാരിയായി യേശുദേവൻ.

മാലാഖമാരാൽ ആനയിക്കപ്പെടുന്ന അനസ്താസ്യ; അവൾ യേശുദേവന്റെ മുമ്പിൽ മുട്ടുകുത്തുന്നു.

മറ്റൊരു ഭാഗത്തുനിന്ന് മാലാഖമാരോടൊത്ത് വരുന്ന ഷീറിലോസ്; അയാളും യേശുദേവന്റെ മുമ്പിൽ ഭക്ത്യാദരപൂർവ്വം മുട്ടുകുത്തുന്നു. പുഞ്ചിരിയോടെ അനുഗ്രഹവർഷം ചൊരിയുന്ന ക്രിസ്തുദേവൻ.

പശ്ചാത്തലത്തിൽ:

*അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം*
*ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം...*

ഭക്തിനിർഭരമായ രാഗാലാപം.. ക്രമേണ വെളിച്ചം മങ്ങുമ്പോൾ...

യവനിക

നാടകം അവസാനിക്കുന്നു

●

*കുടുംബദീപം* മാസികയുടെ
1966ലെ വാർഷികപ്പതിപ്പിൽ
പ്രസിദ്ധപ്പെടുത്തിയതാണ് ചാവറപിതാവിന്റെ
ഖണ്ഡകാവ്യത്തെ ആധാരമാക്കി എഴുതിയ
ഈ നാടകാവിഷ്ക്കാരം.

നാടക രൂപാന്തരം
**സാം തോമസ്**

## കഥാപാത്രങ്ങൾ

1. വലേരിയൻ ചക്രവർത്തി
2. പ്രോബൂസ് (സേനാപതി)
3. സോഫിയ (മഠാധിപ)
4. അനസ്താസ്യ (കന്യാസ്ത്രീ)
5. സന്തീനാ (കന്യാസ്ത്രീ)
6. സിറിലോസ് (ഭടൻ)

   കൂടാതെ മറ്റ് 5 ഭടന്മാർ

## രംഗം ഒന്ന്

**മഠാധിപയായ സിസ്റ്റർ സോഫിയാമ്മയുടെ കോൺവെന്റിലെ ആകർഷകമായ സ്വീകരണ മുറി. മധ്യത്തിലായി അകത്തേക്കുള്ള വാതിൽക്കൽ ഭംഗിയുള്ള വിരികൾ. വാതിലിനു സമീപത്തായുള്ള മേശമേൽ ക്രിസ്തുവിന്റെ സാമാന്യം വലിപ്പമുള്ള രൂപം അലങ്കരിച്ചു വച്ചിരിക്കുന്നു. ഇരുവശത്തും കത്തിയെരിയുന്ന മെഴുകുതിരി. ഭിത്തിയോട് ചേർന്ന് ക്രൂശിതനായ ക്രിസ്തുവിന്റെ തടിക്കുരിശും കാണാം. കർട്ടനുയരുമ്പോൾ പ്രാർത്ഥനാനിരതയായ സിസ്റ്റർ അനസ്താസ്യ ക്രിസ്തുവിന്റെ രൂപത്തിനുമുമ്പിൽ മുട്ടുകുത്തി പ്രാർത്ഥനാഗാനം ആലപിക്കുകയാണ്. അതുവരെ ക്രിസ്തുവിന്റെ രൂപത്തിൽ സ്പോട്ടുലൈറ്റുമാത്രമായിരുന്ന മുറി അവർ പ്രാർത്ഥനകഴിഞ്ഞ് കുരിശുവരച്ച് എഴുന്നേൽക്കുമ്പോൾ പ്രകാശപൂരിതമാകുന്നു. നിമിഷങ്ങൾക്കകം സിസ്റ്റർ സന്തീനാ കടന്നു വരുന്നു...**

സന്തീനാ : ങാഹാ അനസ്താസ്യാ സിസ്റ്ററിനെ ഞാൻ എവിടെയെല്ലാം അന്വേഷിച്ചു. മദർ സോഫിയ രണ്ടുമൂന്നുവട്ടം സിസ്റ്ററിനെ തിരക്കി...

അനസ്താസ്യ : മദറിന്റെ അനുവാദത്തോടുകൂടിയാണല്ലോ പോയത്...

സന്തീനാ : സിസ്റ്റർ എവിടെയാ പോയിരുന്നത്?

അനസ്താസ്യ : **(വിഷാദത്തോടെ)** ക്രിസ്തുവിശ്വാസത്തിന്റെ പേരിൽ നിർദ്ദയം കൊലചെയ്യപ്പെട്ട്, ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട ചില വീടുകളിൽ...

സന്തീനാ : **(അമ്പരപ്പോടെ)** അയ്യോ, സിസ്റ്റർ... അത് പാടില്ലായിരുന്നു. എനിക്ക് ഭയം തോന്നുന്നു... വലേരിയൻ ചക്രവർത്തി സാമ്രാജ്യത്തിനെതിരായും ജൂപ്പിറ്റർ ദേവനെതിരായും യാതൊരുവിധ മതപ്രചാരണവും പാടില്ലെന്ന് പ്രഖ്യാപിച്ചിട്ട്, അതിനെതിരായി നാം തുനിയുന്നത് അപകടമല്ലേ? കഴിഞ്ഞ സംഭവങ്ങൾ സിസ്റ്റർ മറന്നോ...?

അനസ്താസ്യ : ഞാൻ ഇന്നേവരെ ഒരു മതപ്രചരണത്തിനും തുനിഞ്ഞിട്ടില്ല. നീതിരഹിതമായി, പ്രവർത്തിച്ചിട്ടുമില്ല. ദിവ്യരക്ഷകനായ

യേശുക്രിസ്തുവിന്റെ വാക്കുകൾക്കനുസൃതമായി പ്രവർത്തിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ.

സന്തീനാ : ആ ഒറ്റക്കാരണംകൊണ്ടുമാത്രം ചക്രവർത്തിയുടെ പട്ടാളക്കാർ നമ്മെ ദ്രോഹിക്കുമെന്ന് തീർച്ചയാണ്. എത്രയധികംപേരെയാണ് ഈ കാരണത്താൽ കൊന്നാടുക്കിയത്.

അനസ്താസ്യ : ദ്രോഹത്തെ നീതികൊണ്ടും നിർദ്ദയത്തെ നന്മകൊണ്ടും നേരിടുകയാണ് വേണ്ടത്.

സന്തീനാ : സിസ്റ്റർ എന്താണീ പറയുന്നത്?

അനസ്താസ്യ : 'ശക്തി' യജമാനനാകുമ്പോൾ 'സത്യവും നീതിയും' വെറും അടിമകളാകുന്നു. ദൈവവിശ്വാസികളായ പാവങ്ങളെപ്പറ്റി ഞാൻ ചിന്തിക്കുകയാണ്.

സന്തീനാ : **(ഭയന്ന്)** എന്റെ പൊന്നുസിസ്റ്ററേ, ആവിധ ചിന്തകളൊന്നും വേണ്ടാ...

അനസ്താസ്യ : ചിന്തയിൽകൂടി മാത്രമേ നന്മ രൂപപ്പെടുത്തുവാൻ കഴിയുകയുള്ളൂ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുൻപിൽ വില നിശ്ചയിക്കുന്നതും നന്മകൾകൊണ്ടു ചിട്ടപ്പെടുത്തിയ നമ്മുടെ പ്രവൃത്തികൾ വഴിയാണ്.

സന്തീനാ : പക്ഷേ, സിസ്റ്റർ, നമ്മുടെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ടുള്ള ചിന്തകൾ പ്രാവർത്തികമാക്കാൻ സാധിക്കുമോ? അധികാരത്തിനു മുൻപിൽ നാം വെറും വട്ടപൂജ്യമല്ലേ?

അനസ്താസ്യ : **(ചെറുതായി മന്ദഹസിച്ച്)** നമ്മുടെ ജീവിതത്തിന് പ്രസക്തി നൽകുന്നത് അധികാരങ്ങളുടെയോ അറിവിന്റെയോ സമ്പത്തിന്റെയോ വിപുലതയല്ല... കർമ്മസാഫല്യമാണ്. അർത്ഥമില്ലാത്ത ഈ ലോകജീവിതത്തിന് ഒരർത്ഥമുണ്ടാകുന്നതുതന്നെ ക്രിസ്തുദേവൻ നമുക്ക് കാട്ടിത്തന്ന മാർഗ്ഗത്തിൽകൂടിമാത്രമാണ്.

സന്തീനാ : ശരിയാണ്! പക്ഷേ, സമാധാനജീവിതം നഷ്ടമാക്കി എന്തെങ്കിലും നമുക്ക് പ്രവർത്തിക്കാൻ കഴിയുമോ? അതിനു കഴിഞ്ഞാൽത്തന്നെ എത്രനാളത്തേക്ക്?... സോഫിയാമ്മയും കഴിഞ്ഞദിവസം ഇതുതന്നെയാണ് പറഞ്ഞത്.

അനസ്താസ്യ : **(നിർവൃതിയിൽ)** 'സമാധാനം ഞാൻ നിങ്ങൾക്കുതന്നിട്ട് പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു.

ലോകം തരുന്നതുപോലെയല്ല ഞാൻ തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കുകയും അരുത്' എന്ന് നമ്മുടെ ക്രിസ്തുനാഥൻ അരുളിചെയ്തിട്ടില്ലേ...! പന്നെ നാം എന്തിനു ഭയപ്പെടണം?

സന്തീന : **(അമർഷത്തോടെ)** രാജ്യത്തുടനീളം ആയരിക്കണക്കിന് ക്രിസ്ത്യാനികളെ ചക്രവർത്തിയുടെ പട്ടാളക്കാർ നിഷ്കരുണം വധിച്ചില്ലേ? നമ്മെപ്പറ്റിയുള്ള വിവരം പട്ടാളക്കാർ അറിയാത്തതുകൊണ്ടുമാത്രം നാമിന്നു ജീവിച്ചിരിക്കുന്നു. സിസ്റ്റർ അനസ്താസ്യാ, തൽക്കാലം നാം എല്ലാ കാര്യത്തിനും നിശ്ശബ്ദത പാലിക്കുകയാണ് വേണ്ടത്.

അനസ്താസ്യ : "തുരുമ്പുപിടിച്ച് ഉപയോഗശൂന്യമാകുന്നതിലും ഭേദം പ്രവൃത്തിമൂലം തേഞ്ഞ് ഇല്ലാതാവുന്നതാണ്." വിശ്വാസമാകുന്ന വെളിച്ചം നമ്മെ നയിച്ചുകൊള്ളും സിസ്റ്റർ...

സന്തീന : **(നെടുവീർപ്പോടെ)** സിസ്റ്ററോട് വാദിച്ച് ജയിക്കാൻ ഞാനില്ല. പക്ഷേ, എനിക്കു പറയാനുള്ളത് പുറത്തുള്ളവരുമായി നാമിനി ഒരു സമ്പർക്കത്തിനും തുനിയരുതെന്നാണ് കുറേക്കാലത്തേക്കെങ്കിലും...

അനസ്താസ്യ : **(നിറഞ്ഞ ഹൃദയത്തോടെ)** നാം സ്വയം മറന്ന് മറ്റുള്ളവരെ സഹായിക്കാനും അവരോട് പരിഗണനകാട്ടാനും തയ്യാറായില്ലെങ്കിൽ പിന്നെ ജീവിതത്തിനെന്തർത്ഥം? ലോകത്തിന്റെ നിലനിൽപ്പുതന്നെ ആ കർമ്മപഥത്തിലാണ്.

സന്തീനാ : **(ഗുണദോഷരൂപേണ)** സിസ്റ്റർ അനസ്താസ്യ... ഭയപ്പെടേണ്ടവരെ ഭയന്നേമതിയാവൂ. ചക്രവർത്തിയുടെ പട്ടാളക്കാർ നമ്മെ വേണ്ടയാടിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ അധിവാസസ്ഥലത്തെപ്പറ്റിയും സിസ്റ്ററിനെപ്പറ്റിയും പലരോടും പട്ടാളക്കാർ ചോദിച്ചിരിക്കുന്നത്രേ. ഏതുനിമിഷവും എന്തും സഭവിക്കാം.

അനസ്താസ്യ : ചക്രവർത്തിയുടെ പട്ടാളക്കാർക്ക് നമ്മെ നശിപ്പിക്കാൻ സാധിക്കും. പക്ഷേ, തോല്പിക്കാനാവില്ല സിസ്റ്റർ സന്തീനാ.

സന്തീനാ : സിസ്റ്റർക്ക് ഭയമില്ലാത്തതാണ് എന്നെ കൂടുതൽ ഭയപ്പെടുത്തുന്നത്!

അനസ്താസ്യ : നിസ്വാർത്ഥമായ സ്നേഹത്തിലും, ത്യാഗത്തിലുമായിരിക്കണം ജീവിതം, രക്ഷകനായ ക്രിസ്തു എന്നോടുകൂടെയുണ്ട്, എനിക്കൊട്ടുംതന്നെ ഭയമില്ല...

സന്തീനാ : (ദുഃഖത്തോടെ) മദർ സോഫിയായും വിഷമിച്ചിരിക്കുകയാണ്. അബലകളായ നമുക്ക് എന്തുചെയ്യാൻ കഴിയും!

അനസ്താസ്യ : അബലകളോ! ഒരിക്കലുമില്ല സിസ്റ്റർ. യേശുക്രിസ്തുവിനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർ ഒരിക്കലും അബലകളല്ല, ആലംബഹീനരല്ല.

**പെട്ടെന്ന് അകലെനിന്നുള്ള ബഹളവും സ്ത്രീകളുടെയും പുരുഷന്മാരുടെയും ഇടകലർന്ന കരച്ചിലും മറ്റും കേൾക്കുന്നു.**

സന്തീനാ : (ഭയന്ന്) അതാ... കേട്ടില്ലേ... വീണ്ടും ചക്രവർത്തിയുടെ പട്ടാളക്കാർ നമ്മെ നശിപ്പിക്കാൻ കലാപക്കൊടി ഉയർത്തിയിരിക്കുന്നു. നമ്മുടെ ജീവിതാവസാനം അടുത്തെന്നു തോന്നുന്നു. ദൈവമേ...

അനസ്താസ്യ : (തന്റേടത്തോടെ) സിസ്റ്റർ എന്തിനു ഭയപ്പെടുന്നു! അനർത്ഥങ്ങളില്ലാതെ ജീവിതമുണ്ടോ?...

സന്തീനാ : അനർത്ഥങ്ങൾ നാം തന്നെ ക്ഷണിച്ചുവരുത്തണോ! (അകത്തേക്കുനോക്കി) അതാ മദറിങ്ങോട്ടുവരുന്നു.

**സോഫിയാമ്മ കടന്നുവരുന്നു. ശാന്തതയാർന്ന മുഖം. വന്നപാടെ, ഇരുവരെയും മാറിമാറി നോക്കി നിറഞ്ഞ കണ്ണുകളോടെ,**

സോഫിയ : കുട്ടികളേ വലേരിയൻ ചക്രവർത്തിയുടെ പട്ടാളക്കാർ വീണ്ടും ക്രിസ്ത്യാനികൾക്കെതിരെ അക്രമം അഴിച്ചുവിട്ടിരിക്കുന്നു. (പുറമെ ബഹളം കേൾക്കുന്നു) അതാ അവർ ഏതുനിമിഷവും ഇവിടെ എത്തിയെന്നുവരും! ഏതു സാഹചര്യത്തിലും നമ്മുടെ വിശ്വാസം കൈവിടരുത് മക്കളേ... നാളെ ക്രിസ്തുനാഥന്റെ ജന്മദിനമാണ്... മാനസികമായി കൂടുതലായി അതിനുവേണ്ടി ഒരുങ്ങുക.

സന്തീനാ : (കണ്ഠമിടറി) നാളെ എന്നൊരുദിനം നമുക്കിനി ഉണ്ടാകുമെന്നുതോന്നുന്നില്ല മദർ!...

അനസ്താസ്യ : നമ്മുടെ ജീവിതം കൂടുതലായി നന്നാക്കാൻ കഴിയുന്നില്ലെങ്കിൽ ദീർഘനാൾ ജീവിച്ചിരുന്നതുകൊണ്ട് എന്തുപ്രയോജനം? ജീവിതത്തിന്റെ ദൈർഘ്യമല്ല, മേന്മയാണ് പ്രധാനം. എന്തിനേയും ദൈവനാമത്തിൽ നേരിടാനുള്ള മനഃശക്തി ഉണ്ടാകണം...

സോഫിയ : അതേ മകളേ! നീ പറഞ്ഞത് തികച്ചും ശരിയാണ്. ക്രിസ്തുനാഥൻ ജീവിച്ചിരുന്ന കാലത്തോളം കഷ്ടപ്പാടുകൊണ്ടുള്ള തീവ്രദുഃഖം അനുഭവിച്ചിരുന്നു...

അനസ്താസ്യ : നാം എത്രത്തോളം ഉയർന്ന പുണ്യാഭിവൃദ്ധിയിൽ എത്തണമെങ്കിൽ അത്രത്തോളം കഠിനമായ കുരിശുകളെ വഹിക്കേണ്ടിതായും വരികില്ലേ മദർ...?

സോഫിയ : തീർച്ചയായും... ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്കു കരുണ ലഭിക്കുമെന്ന് യേശുനാഥൻ അരുളിചെയ്തിട്ടുണ്ട്. ക്രിസ്തുവിനെ സ്നേഹിക്കുന്നതും അവിടത്തെ പ്രതി നാം പീഡയനുഭവിക്കുന്നതും നിന്ദിക്കപ്പെടുന്നതും എന്താണെന്നറിയുന്നവർ ഭാഗ്യശാലികളാണ് കുട്ടി... (അനസ്താസ്യയുടെ അരികെ ചെന്നു) നീ അത് ശരിക്കും ഗ്രഹിച്ചിട്ടുള്ളവളാണ്. ആ കാര്യത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു... എനിക്കഭിമാനമുണ്ട് കുട്ടി നീന്നെപ്പറ്റി...

സന്തീനാ : ദുഷ്ടനായ വലേരിയൻ ചക്രവർത്തിയുടെ പീഡനങ്ങൾക്കു മുമ്പിൽ നാം നിസ്സാഹായരല്ലേ മദർ...?

സോഫിയ : ദൈവം ആരെ സഹായിപ്പാൻ കൃപചെയ്യുന്നുവോ അവർക്ക് ഒരുത്തരുടെയും ദുഷ്ടത ഉപദ്രവകരമാകുകയില്ല.

അനസ്താസ്യ : അഗ്നി സ്വർണ്ണത്തെ സ്ഫുടം ചെയ്യുന്നതുപോലെ യാതനകളും ദുരിതങ്ങളും നമ്മെ ക്രിസ്തുവിങ്കലേക്ക് കൂടുതൽ അടുപ്പിക്കും അല്ലേ... അമ്മേ...?

സോഫിയ : (ദയാപൂർവ്വം അവളെനോക്കി വാത്സല്യത്തോടെ) തീർച്ചയായും മകളേ!... സമാധാനത്തിനായി നാം എന്തൊക്കെ ചെയ്താലും... മനുഷ്യജീവിതം യുദ്ധവും സങ്കടവുമില്ലാത്തതായിരിക്കുകയില്ല. എല്ലാം... ക്രിസ്തുനാഥനിൽ അർപ്പിക്കു... അവിടുന്ന് നേർവഴി നടക്കിക്കൊള്ളും.

**ഈ സമയം പുറത്ത് കൂടുതൽ കൂടുതൽ ഉച്ചത്തിൽ ബഹളം കേൾക്കുന്നു**

സന്തീനാ : (പുറത്തേക്ക് ശ്രദ്ധിച്ച് പരിഭ്രമത്തോടെ) അയ്യോ, അതാ... പട്ടാളക്കാർ. മദർ... ഇനി... നാം... എന്തുചെയ്യും?

സോഫിയ : ധൈര്യമായിരിക്കു

**പെട്ടെന്ന് രണ്ടുഭടന്മാർ പ്രവേശിച്ച് ആകെ ഒന്നു നിരീക്ഷിച്ചു... സന്തീനാ പെട്ടെന്ന് പിറകോട്ടുമാറി ഒതുങ്ങിനിന്നു. സോഫിയായും അനസ്താസ്യയും അതേ നിൽപാണ്.**

ഭടൻ 1 : (ഗൗരവത്തിൽ) "കള്ളപ്പരിഷകൾ! ഇത്രകാലം നിങ്ങൾ ഇവിടെ ഒളിച്ചുതാമസിക്കുകയായിരുന്നു അല്ലേ!...

സോഫിയ : (ശാന്തതയിൽ) ഇല്ല സഹോദരാ, അതിന്റെയാവശ്യം ഞങ്ങൾക്കില്ല. സ്നേഹം ഏറ്റവും ബലവത്തായതും

ഉൽകൃഷ്ടമായതും, വിശാലമായതുമാണ്. അത് മറ്റുള്ള വർക്ക് സന്തോഷം പകരുന്നതും സർവ്വോപരി പൂർണ്ണ മായതുമാണ്. ഭൂമിയിലും സ്വർഗ്ഗത്തിലും അതിലുപരി യായി... മറ്റൊന്നില്ല... അതുകൊണ്ട് ഒളിച്ചുതാമസി ക്കേണ്ട ആവശ്യം ഉണ്ടാകുന്നില്ല.

ഭടൻ 1 : **(ഒട്ടും മയമില്ലാതെ)** ചക്രവർത്തി തിരുമനസ്സിനെ ധിക്കരിച്ചാണോ നിങ്ങളുടെ സ്നേഹവും, സന്തോഷവും? ധിക്കാരികൾ...

**ഈ സമയമെല്ലാം അനസ്താസ്യയെ കൗതുകപൂർവ്വം നോക്കിനിൽക്കുകയായിരുന്ന രണ്ടാമൻ അല്പം അടുത്തുചെന്ന്**

ഭടൻ 2 : സ്നേഹിക്കാനും സന്തോഷിക്കാനും ഉം... ഉം... **(ഊറിയ ചിരി)**

സോഫിയ : **(അതു ശ്രദ്ധിച്ച്)** നിങ്ങൾക്കെന്താണ് ഞങ്ങളിൽനിന്നു വേണ്ടത്!

ഭടൻ 2 : **(അനസ്താസ്യയെ ചൂണ്ടി)** ഈ സുന്ദരി, തത്കാലം ഈ സുന്ദരിയെയാണ് ഞങ്ങൾക്കുവേണ്ടത്...

ഭടൻ 1 : **(രഹസ്യത്തിൽ രണ്ടാം ഭടനോട്)** സൈന്യാധിപൻ പ്രോബൂസ് പറഞ്ഞത് ഇവളുടെ കാര്യമല്ലേ?

ഭടൻ 2 : **(ശബ്ദം കുറച്ച്)** ഇവൾ തന്നെയാകും. കുറച്ചുമുമ്പ് ഇവളാണ് അവിടെനിന്നു പോന്നത്. എനിക്കു തീർച്ചയുണ്ട്.

ഭടൻ 1 : **(മൂന്നുപേരെയും മാറിമാറി ശ്രദ്ധിച്ച്)** ആരാണ് നിങ്ങളിൽ അനസ്താസ്യ എന്നു പേരുള്ളവൾ...?

അനസ്താസ്യ : **(കൂസലില്ലാതെ)** ഞാനാണ് അനസ്താസ്യ... എന്താണ് നിങ്ങൾക്ക് എന്നെക്കൊണ്ട് ആവശ്യം!

ഭടൻ 2 : **(പെട്ടെന്ന്)** കണ്ടോ ഞാൻ പറഞ്ഞില്ലേ... അവൾതന്നെയെന്ന്... ഈ സുന്ദരിയെ ചക്രവർത്തി തിരുമനസ്സ് അത്ര പെട്ടെന്ന് വധിക്കുമെന്ന് തോന്നുന്നില്ല... ഈ സൗന്ദര്യം കണ്ടാൽ പ്രോബൂസ് സൈന്യാധിപനും... വീഴുമെന്നു തീർച്ച...

ഭടൻ 1 : **(രണ്ടാമനെ നോക്കി അല്പം ഗൗരവത്തിൽ)** സമയം പാഴാക്കാതെ ബന്ധിക്കൂ ഇവളെ...

സോഫിയ : എന്തുകുറ്റമാണ് ഈ സാധുക്കുട്ടിയിൽ ആരോപിക്കപ്പെട്ടിരിക്കുന്നത്

ഭടൻ 2 : സർവ്വസൈന്യാധിപൻ പ്രോബൂസിന്റെ കൽപനയാണ്. കുറ്റവും ശിക്ഷയും എന്താണെന്ന് അവിടെ എത്തുമ്പോൾ പറഞ്ഞുകൊള്ളും.

ഭടൻ 1 : റോമാ സിംഹാസനം വാണരുപുന്ന വലേരിയൻ ചക്രവർത്തിക്കെതിരായി (അനസ്താസ്യയെ ചൂണ്ടി)... ഇവൾ... പ്രസംഗിച്ചു... ക്രിസ്തുമതം പ്രചരിപ്പിച്ചു.

ഭടൻ 2 : വധശിക്ഷയ്ക്കുള്ള വലിയകുറ്റമാണ് ഈ സുന്ദരി ചെയ്തിരിക്കുന്നതെങ്കിലും (അർത്ഥരൂപേണ ചിരിച്ചു) ചക്രവർത്തി തിരുമനസ്സിന്റെ മനസ്സ് മാറിയാൽ രക്ഷപ്പെട്ടെന്നുവരും. ജൂപ്പീറ്റർ ദേവനേം ചക്രവർത്തിതിരുമനസ്സിനേം പ്രസാദിപ്പിച്ചാൽ ഒരുപക്ഷേ, ഈ സുന്ദരിയെ ചക്രവർത്തിനിയാക്കിയെന്നും വരും... (ഒരുതരം വെടലച്ചിരി)

അനസ്താസ്യ : (പുച്ഛം) വിഡ്ഢികളുടെ സംഭാഷണം കേൾക്കുകയും അതു സഹിക്കുകയും ചെയ്യുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ നിർഭാഗ്യം...

ഭടൻ 2 : (കടുത്തദേഷ്യം) എന്തുപറഞ്ഞെടീ!... (ഒന്നാമനോട്) കണ്ടോ അവൾ, നമ്മെ അധിക്ഷേപിച്ചത്.

ഭടൻ 1 : (ദേഷ്യത്തിൽ) എടീ നിർഭാഗ്യവും ഭാഗ്യവും നിനക്ക് ഞങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്... നടക്കെടി

അനസ്താസ്യയെ പിടിച്ചു തള്ളുന്നു. തള്ളലിന്റെ ശക്തിയിൽ അവൾ ചെന്നുവീഴുന്നത് സോഫിയായുടെ കാൽച്ചുവട്ടിലാണ്. സോഫിയാ സാവധാനം അവളെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ട് വേദനയോടെ,

സോഫിയ : മകളെ... ധൈര്യമായിരിക്കൂ... ദൈവസ്നേഹത്തിനും സേവനത്തിനും തങ്ങളെത്തന്നെ കീഴ്പ്പെടുത്തിയവർക്ക് ദൈവം ഉന്നതസ്ഥാനമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്.

ഈ സമയമത്രയും നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ സിസ്റ്റർ സന്തീനാ നോക്കിനില്ക്കുകമാത്രമാണ്.

അനസ്താസ്യ : അമ്മേ! ദൈവികമായ സമയമാണ് ഇനി എനിക്കുള്ളത്. എന്റെ നിത്യമണവാളന്റെയടുത്ത് പോകാൻ എനിക്ക് സമയമായി എന്നുതോന്നുന്നു.

ഭടൻ 2 : (രഹസ്യമായി ഒന്നാമനോട്) അവൾ പറഞ്ഞത് കേട്ടില്ലേ! ചക്രവർത്തി തിരുമനസ്സിന്റെയടുത്തേക്ക് പോകുന്ന കാര്യമാ പറഞ്ഞത്...

**പെട്ടെന്ന് സന്തീനാ ഓടിവന്ന് അനസ്താസ്യയെ കെട്ടിപ്പിടിച്ചു കരയുന്നു.**

അനസ്താസ്യ : **(സ്വയം ചിരിക്കാൻ ശ്രമിച്ച്)** എന്തിനാണ് സിസ്റ്റർ വിഷമിക്കുന്നത്? സന്തോഷിക്കുകയല്ലേ വേണ്ടത്!...

**അടുത്തുചെന്ന് അനസ്താസ്യയുടെ കൈകൾ രണ്ടും ചേർത്തുപിടിച്ച് വാത്സല്യത്തോടെ തീവ്രവേദനയിൽ**

സോഫിയ : എന്റെ കുട്ടീ... നിന്റെ ധീരതയും വിശ്വാസവും എന്നെ അത്ഭുതപ്പെടുത്തുന്നു. ദിവ്യരക്ഷകൻ എന്റെ മകളോടൊപ്പമുണ്ടാകും. തീർച്ചയാണ്.

**ഈ സമയമത്രയും ഭടന്മാർ അന്യോന്യം നോക്കി കോപാകുലരായി നിൽക്കുകയാണ്.**

അനസ്താസ്യ : **(വിദൂരതയിലേക്ക് കണ്ണുംനട്ട്)** അതാ... ദീപ്തിയും... മാധുര്യവും തുളുമ്പുന്ന ക്രിസ്തുവിന്റെ നയനങ്ങൾ എന്നെ നോക്കുന്നു... **(രണ്ടുകൈകളും മോലോട്ടുയർത്തി)** എന്റെ നാഥാ... നിന്റെ വാക്കുകൾ എന്റെ പാദങ്ങൾക്കുവിളക്കും എന്റെ വഴിയിൽ പ്രകാശവും ആയിരിക്കട്ടെ.

ഭടൻ 1 : **(ദേഷ്യത്തിൽ ഉറക്കെ)** നിറുത്തെടീ! നിന്റെയൊരു ക്രിസ്തു.

രണ്ടാമൻ : അവളുടെ കൈപിടിച്ചു ബന്ധിക്കൂ...

**രണ്ടാമൻ പെട്ടെന്ന് മുന്നോട്ടാഞ്ഞ് അനസ്താസ്യയെ ബന്ധിക്കാനൊരുമ്പെടുമ്പോൾ**

അനസ്താസ്യ : നിങ്ങൾ ബലപ്രയോഗത്തിന് മുതിരണമെന്നില്ല... ഞാൻ വരികയാണ്. **(കൈകൾ രണ്ടും നീട്ടി)** ഇതാ എന്നെ ബന്ധിച്ചുകൊള്ളുക. **(തിരിഞ്ഞ് സോഫിയായേയും സന്തീനയേയും നോക്കി. മനോവ്യഥയോടെ)** ഞാൻ പോയിട്ടുവരട്ടെ അമ്മേ...! എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുക. ക്രിസ്തുനാഥൻ എന്നിൽ സംസാരിക്കുന്നത് ഞാൻ വ്യക്തമായി കേൾക്കുന്നു. ആശ്വാസവചനങ്ങൾ അവിടുന്ന് നിങ്ങൾക്കു നൽകും... **(കൈകൾ രണ്ടും ബന്ധിക്കപ്പെട്ട നിലയിൽ അനസ്താസ്യ ഭടന്മാരോടൊപ്പം നടന്നുനീങ്ങുന്നു...)**

ഭടൻ 1 : **(തിരിഞ്ഞ് സോഫിയായോട് ഒരു താക്കീതെന്നപോലെ)** നിങ്ങളും കരുതിയിരുന്നുകൊള്ളുക. അടുത്തമുറ നിങ്ങളുടെതാണ്.

നടന്നുമറയുന്നു. സോഫിയയും സന്തീനായും അവർ പോയഭാഗത്തേക്ക് ഉറ്റുനോക്കി നിശ്ചലരായിരി നിൽക്കുമ്പോൾ അശരീരിയെന്നപോലെ അന്തരീക്ഷത്തിൽ ഗാനം മുഴങ്ങിക്കേൾക്കുന്നു

സ്നേഹമേറും മകളേ, നിൻഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്നു വേഗമായ് പോക
പൂർവ്വകാലേ നിൻ കരത്തെ നീട്ടി നിത്യദാഹമോടെ
മാറിടത്തിലണച്ചൊരു രാജനെ ഓർക്ക്
നിൻമണത്തെ മുടിപ്പാനായ് ഓണ്മയോടെ ധരിത്രിയിൽ
ഭംഗിയേറും കൊടിയേന്തി വൻ ഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ചു ചൂടിശിരസ്സനിനെ
അർച്ചനയായണച്ചുതൻ ജീവനും കൂടെ
എന്ന നിന്റെ സുന്ദരനാം പുണ്യരാജമണവാളൻ
ഇന്നുതന്നെ മഹത്ത്വം നീ കാട്ടുവേഗം

(യവനിക)

## രംഗം രണ്ട്

**വലേരിയൻ റോമാചക്രവർത്തിയുടെ കൊട്ടാരഡർബാർ ഹാൾ. അതിന് അനുയോജ്യമായ രംഗസജ്ജീകരണങ്ങൾ, സിംഹാസനത്തിന്റെ ഇരുവശങ്ങളിലുമായി കമനീയമായ ഇരിപ്പിടങ്ങൾ. പാർശ്വഭിത്തികളിൽ തൂങ്ങിക്കിടക്കുന്ന ഉറവാളുകൾ. സ്വർണ്ണഖചിതമായ ടീപോയ്മേൽ ജൂപ്പിറ്റർ ദേവന്റെ പ്രതിമ... രണ്ടുഭടന്മാർ കുന്തവുമേന്തി നിശ്ചലരായി ഇരുവശങ്ങശളിൽ നിലകൊള്ളുന്നു.**

**കർട്ടനുയരുമ്പോൾ കോപാകുലനായ വലേരിയൻ ചക്രവർത്തി പുറംതിരിഞ്ഞു വിദൂരതയിലേക്കുനോക്കി നിൽക്കുകയാണ്. ചക്രവർത്തിയുടെ ഏതാജ്ഞയും ശിരസാവഹിക്കാനെന്നവണ്ണം സൈന്യാധിപൻ പ്രോബൂസ് ഭവ്യതയോടെ അടുത്തുനിൽക്കുന്നുണ്ട്.**

വലേരിയൻ : **(പെട്ടെന്ന് തിരഞ്ഞ് രോഷത്തിൽ)** റോമാസാമ്രാജ്യത്തിന്റെ ഏകച്ഛത്രാധിപതിയും വീരപരാക്രമിയുമെന്ന് പേരുകേട്ട നാം പ്രപഞ്ചം മുഴുവൻ നമ്മുടെ നാമത്തിൽ വിറകൊള്ളുമ്പോൾ പ്രജകൾ നമ്മുടെ ആജ്ഞകളെ ധിക്കരിക്കയോ!...

പ്രോബൂസ് : കൊന്നൊടുക്കുന്തോറും അവർ ദിനംപ്രതി പെരുകിക്കൊണ്ടിരിക്കുന്നു, തിരുമനസ്സേ!...

വലേരിയൻ : **(കൈകൾ കൂട്ടിത്തിരുമ്മി)** എല്ലാറ്റിനേയും ചുട്ടുകരിക്കൂ... ക്രിസ്തുമതം വേരോടെ ചുട്ടു ചാമ്പലാക്കൂ...

പ്രോബൂസ് : പ്രഭോ... അവരുടെ വിശ്വാസവും ധൈര്യവും ആരെയും അമ്പരപ്പിക്കുന്നതാണ്...!

വലേരിയൻ : **(ഗർജ്ജിക്കുന്ന മട്ടിൽ)** മതിയാക്കൂ, ഈ ജല്പനങ്ങൾ... സേനാപതേ...! നിങ്ങളും അവരുടെ മാന്ത്രികവലയത്തിൽ വീണിരിക്കകയാണെന്നും നാം സന്ദേഹിക്കുന്നു.

പ്രോബൂസ് : ഒരിക്കലുമില്ല തിരുമനസ്സേ... ക്രിസ്തുവിന്റെ നാമം ഉച്ചരിക്കുന്ന കണ്ഠനാളം പിഴുതെറിഞ്ഞ് ആ വർഗ്ഗത്തെ

ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുന്ന കർമ്മത്തിലാണ് അടിയൻ.

വലേരിയൻ : (പുച്ഛവും കോപവും) എന്നിട്ടാണോ ഏതോ ഒരു പെണ്ണ് നമ്മുടെ ആരാധ്യദൈവമായ ജൂപ്പിറ്റർ ദേവനെതിരെ പ്രസംഗിക്കുകയും നമ്മെ അവഹേളിച്ച് നമുക്കെതിരെ ജനങ്ങളെ തിരിച്ചുവിടുകയും ചെയ്യുന്നത്.

പ്രോബൂസ് : അവൾ...

വലേരിയൻ : ആരാണവൾ, എവിടെയാണവൾ!

പ്രോബൂസ് : പ്രഭോ അവൾ ഒരു കന്യാകാമഠത്തിലെ അംഗമാണ്. "വിജ്ഞാനവും സൗന്ദര്യവും ഒത്തിണങ്ങിയ യുവതി യായ അവൾ...

വലേരിയൻ : (പെട്ടെന്ന്) അവൾ...

പ്രോബൂസ് : ഒരു ധീരവനിതയെന്നാണ് അടിയന് അറിയാൻ കഴി ഞ്ഞത്.

വലേരിയൻ : സേനാപതേ... ആ കീടത്തിന്റെ ഗുണങ്ങൾ വർണ്ണിക്കാ നല്ല നാം വിളിപ്പിച്ചത്.

പ്രോബൂസ് : അറിയാം തിരുമനസ്സേ... ക്ഷമിക്കണം... അവൾ ക്രിസ്തു വിനെപ്പറ്റി പഠിപ്പിക്കുകയും ജനങ്ങളെ ക്രിസ്തുമതത്തി ലേക്ക് ആകൃഷ്ടരാക്കുകയുമാണ് ചെയ്യുന്നത്.

വലേരിയൻ : (പൊട്ടിത്തെറിച്ചുകൊണ്ട്) നിർത്തൂ... ആ കീടത്തിന്റെ നാവ് പിഴുതെറിയാൻ എന്തുകൊണ്ട് ഇതുവരെ കഴിഞ്ഞില്ല. (അസ്വസ്ഥനായി ഉലാത്തുന്നു)

പ്രോബൂസ് : തിരുമനസ്സ് പൊറുക്കണം. അവളെപ്പറ്റിയുള്ള വിവരങ്ങൾ ലഭിച്ച ഉടനെ അവളെ പിടിച്ചുകൊണ്ടുവരാൻ കല്പന കൊടുത്തിട്ടുണ്ട്... ഭടന്മാർ അൽപസമയത്തിനുള്ളിൽ ആ കൃത്യം നിർവഹിച്ചിരിക്കും.

വലേരിയൻ : സേനാപതേ! പോകൂ... എത്രയും പെട്ടെന്ന് അവളെ നമ്മുടെ മുന്നിൽ ഹാജരാക്കൂ

പ്രോബൂസ് : കല്പനപോലെ (വണങ്ങി പുറത്തേയക്കുപോകുന്നു)

വലേരിയൻ : (അസ്വസ്ഥനായി) ആ തച്ചന്റെ മകൻ ദൈവപുത്രനാണത്രെ... അവനെപ്പറ്റി പ്രസംഗിക്കാൻ കന്യകാമഠത്തിൽ ഒരു

യുവസുന്ദരി ഉദയം ചെയ്തിരിക്കുന്നുപോലും... നമ്മുടെ അധികാരത്തെ ചോദ്യംചെയ്യാൻ ഒരു പെണ്ണ്! കൊള്ളാം.
**(പൈശാചികമായി പൊട്ടിച്ചിരിക്കുന്നു)**

**ഒരു ഭടൻ കടന്നുവന്ന് ചക്രവർത്തിയെ വണങ്ങുന്നു**

ഭടൻ : അടിയൻ

വലേരിയൻ : **(ഭടന്റെനേരെ തിരിഞ്ഞ്)** എന്ത് സദ്വാർത്തയാണ് നമുക്കു വേണ്ടി കൊണ്ടുവന്നിരിക്കുന്നത്.

ഭടൻ : പ്രഭോ... അവിടത്തെ ആജ്ഞ അനുസരിച്ച് ആയിരക്കണക്കിന് ക്രിത്യാനികളെ ചുട്ടുകരിച്ചുകൊന്നു. അതിലേറെപ്പേരെ തടവുകാരാക്കിയിട്ടുണ്ട്.

വലേരിയൻ : **(ചിരിച്ചുകൊണ്ട്)** ഭേഷ്! കീടങ്ങൾ ചത്തുതുലയട്ടെ. എവിടെ... ആ യുവസുന്ദരി? തച്ചന്റെ മകന്റെ സ്തുതി ഗീതങ്ങൾ പാടുന്ന ആ സുന്ദരി... എവിടെ? നമുക്കു കാണുവാൻ തുടുക്കമായി...

ഭടൻ : ആ ധീരവനിതയെപ്പറ്റി കേട്ടറിവേ ഉള്ളൂ പ്രഭൂ!

വലേരിയൻ : **(പുച്ഛമായി)** ഓഹോ! അവൾ ധീരവനിതയാണല്ലേ!

ഭടൻ : അതേ പ്രഭോ... അടിയുറച്ച ക്രിസ്തുഭക്തയുമാണവൾ

വലേരിയൻ : **(തന്ത്രപൂർവ്വം)** എടോ ഇങ്ങടുത്തുവരൂ **(ഭടൻ അല്പം ഭയത്തോടെ അടുത്തേയ്ക്കു ചെല്ലുന്നു)** ക്രിസ്തുവിനെപ്പറ്റി ജനങ്ങളെന്താണ് പറയുന്നത്? നമ്മെപറ്റി ജനങ്ങളുടെ അഭിപ്രായമെന്താണ്? ഭയപ്പെടേണ്ട, പറഞ്ഞുകൊള്ളൂ.

ഭടൻ : പ്രഭോ, ക്രിസ്തു സത്യമായും ദൈവമാണെന്നും ആ നാമത്തിൽ ജീവത്യാഗം ചെയ്യേണ്ടിവരുന്നത് ഭാഗ്യമാണെന്നും ജനങ്ങൾ പറയുന്നു.

വലേരിയൻ : **(പെട്ടെന്നുണ്ടായ രോഷമടക്കി തന്ത്രപൂർവം)** ഓഹോ, അങ്ങനെയോ... പിന്നെ എന്തൊക്കെ പറയുന്നു.

ഭടൻ : അഹങ്കാരത്തിന്റെ ഉന്മാദത്തിൽ അധികാരഭ്രാന്തനായി കഴിയുന്ന ചക്രവർത്തി തിരുമനസ്സിന് വലുതായ ദൈവകോപം ഉണ്ടായി മരിക്കുമെന്നും അവർ പറയുന്നു പ്രഭോ!

വലേരിയൻ : പെട്ടെന്നിരച്ചുകയറിയ കോപം നിയന്ത്രിച്ചു. പിന്നീട് ഭടനെ നോക്കി പൊട്ടിച്ചിരിച്ചു. പെട്ടെന്ന് ചിരിനിർത്തി. ശരിയാണ്... ശരിയാണ്... ആകട്ടെ ക്രിസ്തുവിനെപ്പറ്റി നിന്റെ അഭിപ്രായമെന്താണ്. അവർ പറഞ്ഞതല്ലേ ശരി.

ഭടൻ : (പറയാൻ മടിച്ച്) ആ.... അതെ പ്രഭു! ക്രിസ്തുവിന്റെ വിശ്വാസികൾ മരണത്തിൽ നിർഭയരാണെന്നും അവരുടെ സത്പ്രവർത്തികളിലൂടെ ക്രിസ്തു സാക്ഷാൽ ദൈവമാണെന്നും അടിയനു തോന്നാറുണ്ട്.

വലേരിയൻ : (തുറിച്ച കണ്ണുകളോടെ ഭടനെ നോക്കി ചിരിച്ചു) ഭേഷ് ഭേഷ്... (പെട്ടെന്ന് അലറുന്ന മട്ടിൽ) ദ്രോഹീ...! നമ്മുടെ ഉപ്പും ചോറും തിന്ന് ഈ കൊട്ടാരത്തിൽ കഴിയുന്ന നീ... നീ... (ഉറക്കെ) ആരവിടെ?

ഒരു ഭടൻ : (കടന്നുവണങ്ങി) അടിയൻ!

വലേരിയൻ : കൊണ്ടുപോകൂ. ഈ രാജ്യദ്രോഹിയെ... കൊണ്ടുപോയി ഗളഛേദം ചെയ്യൂ.

ഭടൻ : (പൊട്ടിക്കരഞ്ഞുകൊണ്ട്) തിരുമനസ്സേ... പൊറുക്കണം. അടിയൻ... അടിയന് മാപ്പുതരണം. (ഭടനെ വലിച്ചിഴച്ചു കൊണ്ട് പോകുന്നു)

വലേരിയൻ : നന്ദികെട്ട കീടങ്ങൾ. നമുക്കെതിരായി ശബ്ദമുയർത്തുന്ന ഒരുജീവിയും ഒരുനിമിഷം ജീവിച്ചിരിക്കാൻ പാടില്ല.

പൈശാചികമായി ചിരിക്കുന്നു... നിമിഷങ്ങൾക്കകം പ്രോബൂസിന്റെ നേതൃത്വത്തിൽ ഭടന്മാർ ബന്ധനസ്ഥയായ അനസ്താസ്യയെ ചക്രവർത്തിയുടെ മുമ്പിൽ ഹാജരാക്കി വണങ്ങുന്നു. അനസ്താസ്യയെ കൗതുകത്തോടെ നോക്കിക്കാണുന്ന ചക്രവർത്തിയുടെ ചുണ്ടിൽ മന്ദഹാസം.

വലേരിയൻ : ആഹാ!... സുന്ദരി തന്നെ... സേനാപതി പറഞ്ഞത്രയും ശരിതന്നെ...! സമ്മതിച്ചിരിക്കുന്നു. (അടുത്തു ചെന്ന്) ഹേയ്.... കോമളാങ്കി... എന്താണ് നിന്റെ പേര്?

അനസ്താസ്യ : (നിർഭയം) ക്രിസ്ത്യനാ എന്ന അനസ്താസ്യ.

വലേരിയൻ : ഛേ ഒട്ടും ശരിയല്ല! നിന്റെ ഈ മാദകസൗന്ദര്യത്തിന് ചേർന്നതല്ല ആ പേര്. മാത്രമല്ല.. നീ ഒരു ഉന്നത കുലജാതയാണെന്നാണല്ലോ നാം അറിഞ്ഞത്...

അനസ്താസ്യ : (ഒട്ടും കൂസലില്ലാതെ) ആത്മാവിന്റെ സൗന്ദര്യമാണ് യഥാർഥ സൗന്ദര്യം അതിന് അനുയോജ്യമാണ് എന്റെ പേരും.

വലേരിയൻ : (ഒരു നിമിഷം അവളെ ശ്രദ്ധിച്ച്) ആത്മാവിന്റെ സൗന്ദര്യം! (ചിരിക്കുന്നു) എന്താണീ ആത്മാവ്.

അനസ്താസ്യ : ഈശ്വരസൃഷ്ടിയായ 'ഞാൻ' എന്ന സത്തയിൽ അടങ്ങിയിരിക്കുന്നതാണ് ആത്മാവ്...

വലേരിയൻ : എവിടെനിന്നാണ് നിനക്ക് ഈ മൂഢചിന്താഗതി ലഭിച്ചത്?

അനസ്താസ്യ : ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം ആത്മാവിന്റെ ജീവനാകുന്നു. ജീവൻ ദൈവത്തിന്റെ ദാനവും.

വലേരിയൻ : ദൈവം! അത് ജൂപ്പിറ്റർ ദേവനെയല്ലേ... നീ ഉദ്ദേശിക്കുന്നത്.

അനസ്താസ്യ : (തറപ്പിച്ച്) അല്ല... സാക്ഷാൽ ക്രിസ്തുവാണ് എന്റെ ദൈവം. ക്രിസ്തുവാണ് എന്റെ രക്ഷകൻ.

പ്രോബൂസ് : (ദേഷ്യത്തിൽ) എന്തുപറഞ്ഞെടീ! (ചക്രവർത്തി കൈകൊണ്ട് ആംഗ്യത്താൽ തടയുന്നു.) റോമാസാമ്രാജ്യാധിപതിയുടെ മുമ്പിൽനിന്നാണ് നീ സംസാരിക്കുന്നതെന്ന് ഓർമ്മ വേണം.

അനസ്താസ്യ : എന്റെ ആത്മീയശക്തി, ലോകത്തെ ഭരിക്കുന്ന ഏതൊരു ശക്തിയെക്കാളും ശക്തിയേറിയ ക്രിസ്തുവാണ് എന്റെ ശക്തി.

വലേരിയൻ : (പൊട്ടിത്തെറിച്ചുകൊണ്ട്) നിനക്ക് നാം നൽകുന്ന ദയാദാക്ഷിണ്യം നമ്മുടെ പ്രജാസ്നേഹത്തിന്റെയും കൗതുകമേറുന്ന അവാച്യമായ നിന്റെ സൗന്ദര്യത്തോടുള്ള എന്റെ പ്രത്യേക സ്നേഹത്താലുമാകുന്നു. അത് നീ മറക്കരുത്.

അനസ്താസ്യ : മറ്റൊരാളെ അടിമയാക്കാൻ ശ്രമിക്കുന്നേടത്ത് സ്നേഹം ഉണ്ടാവില്ല... അവിടെ സ്നേഹം എന്നവക്കിന്തന്നെ പ്രസക്തിയില്ല.

വലേരിയൻ : നീ... നീ... നമ്മുടെ ക്ഷമയെ പരീക്ഷിക്കരുത്... ക്രിസ്തുവിനെ മറന്ന് നമ്മുടെ കല്പനകളെ ആദരിച്ച് ദൈവമായ

ജൂപ്പിറ്റർദേവനെ ആരാധിച്ചാൽ നിനക്ക് എല്ലാ സൗഭാഗ്യ സോപാനങ്ങളും നാം നൽകുന്നതായിരിക്കും... ഇനിയുള്ള കാലം സകല സൗഭാഗ്യങ്ങളോടുംകൂടി ഈ കൊട്ടാരത്തിൽ നിനക്ക് ജീവിക്കാം... അല്ലാത്തപക്ഷം...!

അനസ്താസ്യ : മനുഷ്യന്റെ സൗഭാഗ്യസോപാനം എത്രകാലത്തേക്ക്, വെറും നൈമിഷികമാത്രകളിൽ അത് ഒതുങ്ങിനിൽക്കുന്നു. ജീവിതത്തെ ധന്യവും സാർത്ഥകവും ആക്കുന്നതിൽ വളരെ ചെറിയ പങ്കുമാത്രമെ ഭൗതികമായ ഐശ്വര്യങ്ങൾക്കുള്ളൂ. ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ അവയ്ക്കു കെൽപ്പില്ല. എല്ലാ ഐശ്വര്യങ്ങളും എന്റെ ക്രിസ്തുനാഥന്റെ  പക്കലാണുള്ളതെന്ന് ഇനിയെങ്കിലും അങ്ങു മനസ്സിലാക്കുക.

വലേരിയൻ : നിർത്തൂ... നീ പറയുന്ന സത്യവും ശരിയും നമുക്കു മനസ്സിലാവാത്ത കാര്യമാണ്.

അനസ്താസ്യ : ജനങ്ങളെ ഭരിക്കുന്ന ചക്രവർത്തി എന്ന നിലയിൽ അങ്ങ് അറിയുന്ന സത്യവും ശരിയും പ്രവർത്തിക്കുക. അപ്പോൾ അറിയേണ്ട സത്യമേത്-ശരിയേത് എന്ന് അങ്ങേക്കു ബോധ്യമാവും

വലേരിയൻ : കാലംകഴിഞ്ഞുപോയവരുടെ തെറ്റുകളാണ് നീ ആവർത്തിക്കുന്നത്. നാം... നാം... മാത്രമാണ് ഇന്ന് എല്ലാറ്റിന്റേയും ശരി... നാം അറിയുന്ന സത്യവും ശരിയുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അപ്പോൾ മറ്റൊരു ശരിയും സത്യവും നമുക്കെങ്ങനെ മനസ്സിലാവും!

അനസ്താസ്യ : സ്വന്തം ജ്ഞാനത്തെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചും വീമ്പിളക്കുകയും പിൻതലമുറയെ കുറ്റപ്പെടുത്തുകയും ചെയ്യുന്നവൻ അജ്ഞനാണ്. മൂഢനാണ്.

പ്രോബൂസ് : (ദേഷ്യത്തോടെ) എടീ...! നീ... ചക്രവർത്തി തിരുമനസ്സിനോട് വെറുമൊരു പ്രജയായ നീ എങ്ങനെ സംസാരിക്കണമെന്ന് ഇപ്പോൾ കാട്ടിത്തരാം. (മുന്നോട്ടായുമ്പോൾ ചക്രവർത്തി അതു തടയുന്നു.)

വലേരിയൻ : (രൂക്ഷമായി അവളെ നോക്കി) അവൾ പറയട്ടെ...

അനസ്താസ്യ : അടിസ്ഥാനപരമായി മനുഷ്യനായ അങ്ങും ഞാനും സമന്മാരാണ്. ഒരേ പിതാവിന്റെ മക്കളാണ്... ഈശ്വരന്റെ

മക്കൾ... പട്ടുവസ്ത്രങ്ങളും അധികാരങ്ങളും നമ്മെ വിഭിന്നരാക്കുന്നുവെന്നുമാത്രം.

വലേരിയൻ : ഈശ്വരന്റെ മക്കൾ (അതിശയഭാവത്തിൽ) അങ്ങനെയുമുണ്ടോ? ആരാണാ മക്കൾ...?

അനസ്താസ്യ : സഹജീവികളിൽ ഈശ്വരന്റെ പ്രതിരൂപം ദർശിച്ച് അവരെ സ്നേഹിക്കുയും സഹായിക്കുകയും ചെയ്യുന്നവർ ആരായാലും അവർ മാത്രമാണ് ഈശ്വരന്റെ മക്കൾ.

വലേരിയൻ : നാം നമ്മുടെ പ്രജകളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നില്ലെന്നാണോ നീ പറയുന്നത്?

അനസ്താസ്യ : (തന്റേടത്തോടെ) ഹേ ചക്രവർത്തി, അങ്ങയുടെ സ്നേഹം അങ്ങയോടു മാത്രമാണ്. ജനങ്ങളോടല്ല. അധികാരം കൈയിൽവന്നപ്പോൾ മറ്റുള്ളവരെ കാണാനുള്ള അങ്ങയുടെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. സത്യം, ധർമ്മം, നീതി ഇവയെല്ലാം അങ്ങ് മൂടിവച്ചിരിക്കുകയാണ്. നിരപരാധികളായ എത്ര ജനങ്ങളെ നിങ്ങൾ നിഷ്കരുണം വധിച്ചു.

വലേരിയൻ : (ദേഷ്യം നിയന്ത്രിച്ച്) അതെ... നിനക്കും ഗതി അതുതന്നെയെന്നു മറക്കരുത്. നിസ്സാരയായ നിന്റെ ജല്പനങ്ങൾ! കൊള്ളാം... കൊള്ളാം... (ചിരിക്കുന്നു)

അനസ്താസ്യ : ഉന്നതസ്ഥാനത്തിരിക്കുന്ന മൂഢൻ മലമുകളിൽ നിൽക്കുന്നവനെപ്പോലെയാണ്. അവൻ എല്ലാവരേയും ചെറുതായി കാണുന്നു. എല്ലാവരും അവനെ ചെറുതായി കാണുകയും ചെയ്യുന്നു. അതെ... സർവ്വേശ്വരന്റെ മുന്നിൽ നിങ്ങൾ ഒന്നുമല്ല.

പ്രോബൂസ് : (കടുത്ത അമർഷത്തിൽ) എന്തുപറഞ്ഞെടീ!... വെറുമൊരു പെണ്ണിന് ഇത്ര ധിക്കാരമോ? തിരുമനസ്സേ... ഇവളെ ഇപ്പോൾതന്നെ (മുന്നോട്ടാഞ്ഞു. ചക്രവർത്തി കൈ ഉയർത്തി വീണ്ടും തടയുന്നു).

വലേരിയൻ : (അനസ്താസ്യയുടെ മുഖത്തേക്ക് തന്നെ നോക്കിനിന്ന്) നിനക്ക് എവിടെനിന്നാണ് ഇത്രയേറെ മനോധൈര്യം ലഭിച്ചത്!

അനസ്താസ്യ : ക്രിസ്തുവാണ് എന്റെ ശക്തി... വിശ്വാസമാണ് ശക്തിയുടെ ഉറവിടം.

വലേരിയൻ : നീ പറയുന്ന ക്രിസ്തു, അവന് എന്ത് ദൈവികത്വമാണുള്ളത്. പറയൂ കേൾക്കട്ടെ.

അനസ്താസ്യ : എന്റെ കർത്താവിന്റെ തിരുവചനങ്ങളോട് വെറുപ്പ് പുലർത്തുന്ന നിങ്ങൾക്കെങ്ങനെ ദൈവമഹത്ത്വം മനസ്സിലാക്കാൻ കഴിയും... അനുഭവിച്ചറിഞ്ഞിട്ടുള്ളവർക്കല്ലേ അത് മനസ്സിലാക്കുവാൻ കഴിയൂ...

വലേരിയൻ : എന്റെ മഹത്വം നീ മനസ്സിലാക്കും. മ‌ായീ... നീ ആരാധിക്കുന്ന ക്രിസ്തുവന്റെ മതത്തെ വേരോടെ നശിപ്പിക്കുമ്പോൾ നീ പറയുന്ന ക്രിസ്തുവിന്റെ മഹത്വം എവിടെ എന്ന് താമസിയാതെ നിനക്കു മനസ്സിലാവും. നീ അനുഭവിക്കുവാൻ പോരുന്ന യാതനകൾ നിന്റെ അന്ത്യത്തെ കുറിക്കുന്നതായിരിക്കും.

അനസ്താസ്യ : സർവ്വശക്തനും സ്നേഹനിധിയുമായ എന്റെ കർത്താവിന്റെ സാന്നിധ്യം എന്നിലുണ്ട്... എനിക്ക് ക്രിസ്തു കാവലുണ്ട്.

പ്രോബൂസ് : നിന്റെ ഒരു ക്രിസ്തു... എടീ! പെണ്ണേ... മരിക്കാൻ നിനക്ക് ഭയമില്ലേ?

അനസ്താസ്യ : അശേഷമില്ല... ജനിസ്മൃതികളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യാത്മാവിന് മോചനം ലഭിക്കുന്നത് സത്യസ്വരൂപനായ ഈശ്വരനുമായി ഒത്തുചേരുമ്പോൾ മാത്രമാണ്. ആ സത്യം ക്രിസ്തുവാണ്... ആത്മീയസുരക്ഷിതത്വം എനിക്കുണ്ടാകുമ്പോൾ ഞാൻ എന്തിനു ഭയപ്പെടണം.

വലേരിയൻ : വിട്ടുവീഴ്ചകൾ നമ്മുടെ ദൗർബല്യമായി നീ കരുതരുത്. അവസാനമായി നാം കൽപിക്കുന്നു നിന്റെ ചിന്താഗതിക്ക് മാറ്റംവരുത്ത്. നമ്മുടെ കൽപ്പനകളെ അനുസരിക്കൂ. നമുക്കുമാത്രം നൽകാൻ കഴിയുന്നത് ക്രിസ്തുവിന് എങ്ങനെ നൽകാൻ കഴിയും... മണ്ടിപ്പെണ്ണേ...?

അനസ്താസ്യ : വിഡ്ഢിയായ മനുഷ്യൻ എപ്പോഴും മറ്റുള്ളവരെ കുറ്റപ്പെടുത്തി സംസാരിക്കും. മറ്റുള്ളവരുടെ നന്മ എപ്പോഴും കണ്ടില്ലെന്ന് നടക്കും. നിങ്ങൾ ഒരു നല്ല മനുഷ്യനാകാൻ ശ്രമിക്കൂ.

വലേരിയൻ : **(ചിരിച്ച്)** "നല്ല മനുഷ്യൻ!" കൊള്ളാം... നിന്റെ ആഗ്രഹം... കൊള്ളം... ശരി... നാം ഒരു നല്ലമനുഷ്യനായാൽ?

അനസ്താസ്യ : നിങ്ങൾ ഒരു നല്ല മനുഷ്യനായാൽ ലോകത്തിൽ ഒരു ദുഷ്ടന്റെ എണ്ണം കുറഞ്ഞുകിട്ടും.

വലേരിയൻ : **(കടുത്തദേഷ്യത്തിൽ)** നിർത്തൂ... അഹങ്കാരി... ഇനി നിന്നെ... **(തിരിഞ്ഞ്)** സേനാപതി നാം കൽപ്പിക്കുന്നു. ഇവളെ കൊണ്ടുപോയി തൂണിന്മേൽ കെട്ടിയിട്ട് ജലപാനം നൽകാതെ ഇഞ്ചിഞ്ചായി മരിക്കുവോളം ക്രൂരമായി മർദ്ദിക്കുക,

പ്രോബുസ് : കല്പനപോലെ

(യവനിക)

## രംഗം മൂന്ന്

**(കർട്ടനുയരുമ്പോൾ ഒരു തൂണിയിൽ ബന്ധനസ്ഥയായി കിടക്കുന്ന അനസ്താസ്യ. ചാട്ടവാറടികളിൽ നിന്നു പൊട്ടി ഒഴുകിയ രക്തം പുരണ്ട വസ്ത്രങ്ങൾ. അടിയുടെ ഭീകരത നിഴലിക്കുന്ന പാടുകൾ ശരീരഭാഗങ്ങളിൽ തെളിഞ്ഞുകാണുന്നു..... അനസ്താസ്യ തീരെ അവശയാണ്.... അവൾക്ക് കാവൽ നില്ക്കുകയാണ് രണ്ടു ഭടന്മാർ)**

സിറിലോസ് ഭടൻ 1 : **(സഹതാപപൂർവ്വം)** ഒരു സ്ത്രീയോട് ഇത്ര ക്രൂരത കാട്ടാൻ പാടില്ലായിരുന്നു. ദാഹജലം പോലും നൽകാതെ ഇത് മൂന്നാം ദിവസമല്ലേ?.....

ഭടൻ 2 : എടോ സിറിലോസേ.... അഭിപ്രായം വേണ്ടാ.... നമുക്കു നമ്മുടെ ജോലി തലകാണില്ല പറഞ്ഞേക്കാം.

ഭടൻ 1 : ജോലി ഇത് തന്നെയാണെങ്കിൽ തലവേറെ നോക്കേണ്ടി വരുമെന്നെനിക്കറിയാം....

ഭടൻ 2 : എന്നിട്ടാണോ! നിന്റെ ഒരു സഹതാപം.... മരിക്കാൻ നിനക്കിത്ര ധൃതിയോ!.....

ഭടൻ 1 : ഈ ക്രൂരതയ്ക്ക് കൂട്ടുനില്ക്കുന്നതിനെക്കാൾ ഭേദം മരണമല്ലേ സുഹൃത്തേ അഭികാമ്യം....?

ഭടൻ 2 : നിനക്കത് പറയാം! കല്യാണം കഴിഞ്ഞെങ്കിലും മധുവിധു പോലും കഴിയാത്ത, എന്തിനു പറയുന്നു, മര്യാദയ്ക്കിരുന്ന് അല്പം കൊച്ചുവർത്തമാനം കൂടി പറയാൻ അവസരം ലഭിച്ചിട്ടില്ലാത്തവനാ ഞാൻ!

ഭടൻ 1 : ആ തൂണിൽ ചോരപ്പാടുകളണിഞ്ഞ് കിടക്കുന്നതും ഒരു സ്ത്രീ തന്നെയാണെന്ന് നീ ഓർക്കാത്തതെന്താ...!

ഭടൻ 2 : അതാരുടെ കുറ്റം..? പ്രോബൂസ് സൈന്യാധിപൻ എന്തൊക്കെ പറഞ്ഞു നോക്കി. സ്ഥാനമാനങ്ങൾ

നൽകാമെന്നും പട്ടമഹിഷിയാക്കാമെന്നും.... ങേ...... ങേ..... അവൾക്കതൊന്നും ആവശ്യമില്ലത്രേ.....

ഭടൻ 1 : ഇഷ്ടമില്ലാത്ത കാര്യം ഒരാളിൽ അടിച്ചേല്പിക്കുന്നത് ഉചിതമാണോ സുഹൃത്തേ! ചാട്ടവാറടിയേല്ക്കുമ്പോഴും അവളുടെ നാവിൽ ഉയർന്നുപൊങ്ങിയത് രോദനമല്ല.... ക്രിസ്തുവിനെപ്പറ്റിയുള്ള സ്തുതിഗീതങ്ങളാണ്. ആ മനസ്സ് അറിയാൻ ഒരു ചക്രവർത്തിക്കാവില്ല.......

ഭടൻ 2 : എടാ..... എടാ., സിറിലോസേ... നീ എന്റെ തലകൂടി എടുപ്പിച്ചേ അടങ്ങൂ.....

ഭടൻ 1 : നിരപരാധികളുടെ എത്ര തലകൾ നമ്മൾ കൊയ്തെടുത്തു... അപ്പോൾ നിന്റെ തലയെപ്പറ്റി നീ... ഓർമ്മിക്കാതിരുന്നതെന്താ.....?

ഭടൻ 2 : സിറിലോസേ....! നീ എന്തെങ്കിലും ചെയ്യിച്ചേ അടങ്ങൂ.... സത്യം പറ... നിനക്കു വട്ടിളകിയോ.......?

ഭടൻ 1 : ങാ!..... പക്ഷേ, എനിക്കല്ലേ.... അധികാര ഭ്രാന്ത് കയറിയ മറ്റു ചിലർക്ക്.... (ഈ സമയം അനസ്താസ്യ വേദനയിൽ ഞരങ്ങുന്നു) വെള്ളം........ വെള്ളം........

ഭടൻ 1 : (സഹതാപപൂർവ്വം) പാവം തൊണ്ടവരണ്ട് പൊട്ടുന്നുണ്ടാകും.... കഷ്ടം.....

ഭടൻ 2 : പൊട്ടട്ടെ. പൊട്ടി മരിക്കട്ടെ. എങ്കിൽ നമുക്ക് നമ്മുടെ വഴിക്ക് പോകാമല്ലോ.

ഭടൻ 1 : ചക്രവർത്തിയേക്കാൾ ക്രൂരനാണെടാ നീ, മനുഷ്യന്റെ അന്ത്യനിമിഷങ്ങളിൽ എങ്കിലും നാവിൽ വെള്ളം തൊട്ടു കൊടുക്കാത്തവൻ മനുഷ്യനല്ലെടാ.... നീ പിശാചാ.....

ഭടൻ 2 : ആട്ടെ..... എന്താ നിന്റെ ഭാവം?

ഭടൻ 1 : ഞാൻ മനുഷ്യനാ.... പിശാചാവാൻ എനിക്കാവില്ല.....

ഭടൻ 2 : സിറിലോസേ... തീക്കൊള്ളികൊണ്ട് തല ചൊറിയരുത്.

ഭടൻ 1 : വാളുകൊണ്ട് തലകൊയ്ത നമ്മൾ തീക്കൊള്ളിയെ ഭയക്കുന്നതെന്തിന്.....

**അനസ്താസ്യയുടെ ഞരങ്ങൽ. വെള്ളം...... വെള്ളം....... എന്നു വീണ്ടും അവൾ മൊഴിഞ്ഞപ്പോൾ സിറിലോസ് എന്തോ നിശ്ചയിച്ചുറച്ചമട്ടിൽ ഒരു വശത്തേക്കുപോയി ഒരു പാത്രത്തിൽ വെള്ളവുമായി അനസ്താസ്യയുടെ അരികെ ചെന്ന് വെള്ളം വായിലേക്കൊഴിച്ചു കൊടുക്കുന്നു.**

ഭടൻ 2 : **(പരിഭ്രാന്തനായി)** എന്റെ ജൂപ്പിറ്റർ ദേവാ! ഇവൻ.... ഇനി എന്തൊക്കെ വരുത്തിത്തീർക്കുമെന്ന് ആർക്കറിയാം....

അനസ്താസ്യ : **(അവശയെങ്കിലും നന്ദി സ്ഫുരിക്കുന്ന ശബ്ദം)** നന്ദി സഹോദരാ...... നന്ദി...... എന്താ...... നിങ്ങളുടെ പേര്....?

ഭടൻ 1 : **(ദയാപൂർവ്വം അവളെത്തന്നെ നോക്കി)** സിറിലോസ്.

അനസ്താസ്യ : രക്ഷകനായ ക്രിസ്തു നിങ്ങളെ അനുഗ്രഹിക്കട്ടെ. മണലാരണ്യത്തിലും സ്നേഹത്തിന്റെ പനിനീർപ്പൂക്കൾ വിരിയുമെന്ന് അവിടന്ന് പറഞ്ഞാൽ എത്ര ശരിയാണ്.

ഭടൻ 1 : വെള്ളം ഇനിയും വേണോ ?

അനസ്താസ്യ : തരൂ സഹോദരാ......

**ഭടൻ വീണ്ടും വായിൽ വെള്ളം ഒഴിച്ചുകൊടുക്കുന്നു. ഈ സമയം പ്രോബൂസ് കടന്നുവന്ന് ആ കാഴ്ച കാണുന്നു. പ്രോബൂസിന്റെ സാന്നിദ്ധ്യം സിറിലോസിനെ മനസ്സിലാക്കുവാൻ ഭടൻ-2 പലതരം ആംഗ്യവിക്ഷേപങ്ങൾ കാട്ടുന്നുണ്ടെങ്കിലും ഭടൻ-1 അതു ശ്രദ്ധിക്കാതെ വെള്ളം ഒഴിച്ചുകൊടുക്കുകയാണ്. കോപാകുലനായ പ്രോബൂസ് മുന്നോട്ടുവന്നു.**

പ്രോബൂസ് : **(കടുത്ത ദേഷ്യത്തിൽ)** ധിക്കാരി!....എന്താ നീ കാണിച്ചത്......ദ്രോഹീ.....

ഭടൻ 1 : **(നിർഭയനായി)** ദാഹിച്ചു തൊണ്ടപൊട്ടിയപ്പോൾ അവൾ വെള്ളം ചോദിച്ചു. അവസാനത്തെ ഒരിറ്റ് വെള്ളം അതാണ് ഞാൻ നൽകിയത്.

പ്രോബൂസ് : ആരുടെ അവസാനം..... അന്ത്യം കുറിക്കുന്നവൻ നീയാണോ ?

ഭടൻ 1 : അതേ തിരുമേനി..... അടിയന്റെ അന്ത്യം അടിയൻ കുറിച്ചുകഴിഞ്ഞു.

പ്രോബൂസ് : ഓഹോ.....അപ്പോൾ തയ്യാറായിത്തന്നെയാണ് ചുവട് വച്ചത് അല്ലേ ?

ഭടൻ 1 : **(ധൈര്യപൂർവ്വം)** അതേ.......

**പ്രോബൂസ് ഉഗ്രഭാവത്തിൽ രണ്ടാമനെനോക്കി...അയാൾ ഭയന്നുവിറച്ചു. നില്ക്കുകയാണ്.**

പ്രോബൂസ് : **(സിറിലോസിനെ ചൂണ്ടി)** ഈ രാജ്യദ്രോഹിയെ കൊണ്ടു പോയി കഴുത്തുവെട്ടി എറിയൂ. ...

**ഈ സമയം അനസ്താസ്യ മുഖമുയർത്തി ദൈന്യതയോടെ സിറിലോസിനെ നോക്കുന്നു. ഒരു നിമിഷം സിറിലോസിന്റെയും അനസ്താസ്യയുടെയും ദൃഷ്ടികൾ തമ്മിലിടയുന്നു.**

അനസ്താസ്യ : സിറിലോസ്..... സഹോദരാ!....ഭയപ്പെടരുത്...... ക്രിസ്തുവിന്റെ കാരുണ്യം എന്നും നിനക്ക് കൂട്ടായിരിക്കും.

**സിറിലോസ് മുഖംകുനിച്ച് ഭടൻ-3ന്റെ കൂടെ നടന്നു നീങ്ങുന്നു. ഭടൻമാർ രംഗം വിട്ടതിനു ശേഷം പ്രോബൂസ് അനസ്താസിനെ സമീപിക്കുന്നു.**

പ്രോബൂസ് : നീ എന്തു തീരുമാനിച്ചു. ഞാൻ പറഞ്ഞതനുസരിച്ച് ചെയ്താൽ നിന്നെ ഇപ്പോൾ സ്വതന്ത്രരാക്കാം. എല്ലാ സുഖവും നൽകാം......

അനസ്താസ്യ : **അവശയെങ്കിലും കൂസലില്ലാതെ** എന്നെ ബന്ധിച്ചിരിക്കുന്നുവെങ്കിലും എന്റെ ഹൃദയം സ്വതന്ത്ര്യമാണ്. കാരഗൃഹത്തിന്റെ മതിലുകൾക്ക് എന്റെ ആത്മാവിനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കാനോ, നിയന്ത്രിക്കാനോ സാദ്ധ്യമല്ല.....

പ്രോബൂസ് : **(താക്കീതെന്നപോലെ)** ഒരിക്കൽ കൂടി ഞാൻ ഓർമ്മിപ്പിക്കുന്നു... ഈ തളിർമേനികൊണ്ട് നിനക്ക് പലതും നേടാം.... തല്ക്കാലം.... നിന്റെ ക്രിസ്തുവിനെ നീ വിസ്മരിക്കുക.

അനസ്താസ്യ : ജൂപ്പിറ്റർ ദേവനെ നിങ്ങൾക്കു വിസ്മരിക്കാമോ?....

പ്രോബൂസ് : ജൂപ്പിറ്റർ ദേവനാണ് യഥാർത്ഥദൈവം....

അനസ്താസ്യ : അത് നിങ്ങൾക്ക്!.... എന്റെ ദേവൻ ക്രിസ്തുമാത്രമാണ്.....

പ്രോബൂസ് : **(പുച്ഛമായി)** ക്രിസ്തു!..... നിന്റെ തളിർമേനി ഈ കോലത്തിലാക്കിയത് നിന്റെ ക്രിസ്തുകാരണമാണ്. എന്നിട്ടും നീ അവനെ ആരാധിക്കുന്നോ?

അനസ്താസ്യ : വേദനിക്കുമ്പോഴാണ് ദൈവചൈതന്യം ആത്മാവിൽ നിറഞ്ഞുനില്ക്കുന്നത്.

**ഈ സമയം സിറിലോസിന്റെ നിലവിളി അകത്തുനിന്നു കേൾക്കുന്നു.**

പ്രോബൂസ് : നീ അത് കേൾക്കുന്നില്ലേ.... നിന്റെ അനുഭവം അതാ കാതിരിക്കാനാണ് പറയുന്നത്.

അനസ്താസ്യ : **(ആത്മനിർവൃതിയിൽ)** എന്റെ വേദനകളും ക്രിസ്തു നാഥൻ തഴുകി സുഖപ്പെടുത്തുന്നത് ഞാനറിയുന്നു.

പ്രോബൂസ് : **(ചെറുചിരിയോടെ അടുത്തുചെന്ന് അനസ്താസ്യയുടെ മുഖം തലോടാൻ കൈകൾ നീട്ടി)** ഈ സുന്ദരവദനം....

അനസ്താസ്യ : **(പെട്ടെന്ന്)** ഛീ... തൊടരുതെന്നെ... ഒരു സ്ത്രീയെ ബന്ധനസ്ഥയാക്കി ചാപല്യത്തിന് മുതിർന്ന താനാണോ... ഈ സാമ്രാജ്യത്തിന്റെ സേനാപതി...? തന്നേക്കാൾ ഭേദം ചക്രവർത്തിവയാണെന്ന് തോന്നുന്നു.

പ്രോബൂസ് : **(ദേഷ്യത്തിൽ)** നിർത്തെടീ നിന്റെ പ്രസംഗം...... ഇനി..... നീ... രക്ഷപ്പെടില്ല. മരണത്തിനായി ഒരുങ്ങിക്കൊള്ളുക.

അനസ്താസ്യ : എന്നിലെ ഏറ്റവും നല്ല അംശമായ നന്മകൾ മരണത്തിൽ നിന്നു രക്ഷപ്പെടും. **(നിമിഷങ്ങൾ വിദൂരതയിലേക്കു ദൃഷ്ടികൾ പായിച്ചു)** അതാ.... എന്റെ നാഥൻ..... എന്നെ നോക്കി പുഞ്ചിരിക്കുന്നു.... ലോകം മുഴുവൻ ഒന്നിച്ചാലും എന്നെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല.

ഈ സമയം ഭടൻ 2 രംഗത്തെത്തി വണങ്ങി നില്ക്കുന്നു. പ്രോബൂസ് ഭടനെ ചോദ്യരൂപേണ നോക്കുന്നു.

ഭടൻ 2 : സിറിലോസിന്റെ തലവെട്ടി എറിഞ്ഞു തിരുമേനി!

പ്രോബൂസ് : **(ഭേഷ്)** ഒരു ജോലികൂടി നീ ചെയ്തുതീർക്കാനുണ്ട്.

ഭടൻ 2 : കല്പിച്ചാലും..... അടിയൻ എന്തുചെയ്യണം.

പ്രോബൂസ് : ഇവളെ ഈ ക്ഷണം കൊണ്ടുപോയി..... കൈയും കാലും വെട്ടി എറിയൂ......

ഭടൻ 2 : അടിയൻ......

പ്രോബൂസ് : **(പകയോടെ)** ഇവൾ..... നരകിച്ചു, നരകിച്ചു, മരിക്കട്ടെ.

**അയാൾ അനസ്താസ്യയുടെ കൈ ബന്ധനമഴിച്ച് പുറത്തേക്ക് കൊണ്ടു പോകുന്നു.... അവൾ പോയ ദിശയിലേക്ക് ആഹ്ലാദത്തോടെ നോക്കി നില്ക്കുകയാണ് പ്രോബൂസ്..... നിമിഷങ്ങൾ.....**

**പെട്ടെന്ന് അനസ്താസ്യയുടെ നിലവിളി ഉയരുന്നതോടെ വേദനാജയകമായ പശ്ചാത്തല സംഗീതത്തോടൊപ്പം ഒരശരീരി അന്തരീക്ഷത്തിൽ മുഴങ്ങുന്നു.**

**ഈ സമയം വലേരിയൻ ചക്രവർത്തി കടന്നു വരുന്നു.**

വലേരിയൻ : സേനാപതേ........!

പ്രോബൂസ് : **(വണങ്ങി)** തിരുമനസ്സ് വിജയിച്ചാലും......

**അനസ്താസ്യയുടെ നിലവിളി വീണ്ടുമുയരുന്നു.**

പ്രോബൂസ് : അവിടുത്തെ കല്പന അടിയൻ നിറവേറ്റി...... അവൾ ഇഞ്ചിഞ്ചായി മരിക്കുവാൻ തക്കവണ്ണം അവളുടെ കൈകാലുകൾ വെട്ടിവീഴ്ത്തി......

വലേരിയൻ : **(അനസ്താസ്യയുടെ നിലവിളി കേട്ട ദിശയിലേക്കു നോക്കി)** ഭേഷ്...... **(ആർത്തുചിരിച്ചുകൊണ്ട്)**...... എവിടെ...... അവളുടെ ക്രിസ്തു..... നമ്മെ ധിക്കരിക്കുന്നവരുടെ അനുഭവം.... കൈകാലുകളില്ലാതെ............ അങ്ങനെ........... ആ കീടം പിടഞ്ഞുപിടഞ്ഞു മരിക്കട്ടെ. **(പെട്ടെന്ന് ചിരി നിർത്തി.....)** വെട്ടിമാറ്റു അവളുടെ അവയവങ്ങൾ....... ഓരോന്നായി തീരട്ടെ.... എല്ലാം തീരട്ടെ....... **(അനസ്താസ്യയുടെ രോദനം. അതുകേട്ട് വലേരിയൻ ചക്രവർത്തി..... ആർത്താർത്തുചിരിക്കുന്നു..... ചിരി..... ഒരുതരം ഭ്രാന്തായി മാറി.... കണ്ണുകൾ തുറിപ്പിച്ചു. പ്രോബൂസിന്റെ അടുത്തുചെന്ന് അയാളുടെ കഴുത്തിനു പിടിച്ചു.)** നീ....... ക്രിസ്തു...... ക്രിസ്തു....... നിന്നെ ഞാൻ കൊല്ലും...... കൊല്ലും........

പ്രോബൂസ് : **(ഭയന്ന് പിറകോട്ടുമാറി)** തിരുമനസ്സേ........ ഇത് അടിയനാണ്. അങ്ങയുടെ സൈന്യാധിപൻ പ്രോബൂസ്.........

വലേരിയൻ : **(പൈശാചികമായി ചിരിച്ച്)** സൈന്യാധിപൻ..... അല്ല.... നീ.... നിന്നെ ഞാൻ കൊല്ലും......... കൊല്ലും......... പിടഞ്ഞു പിടഞ്ഞ് നീ മരിക്കണം........ എന്നെ നശിപ്പിക്കാൻ വന്ന ക്രിസ്തു....... നിന്നെ വിടില്ല........... **(കഴുത്തിനുള്ള പിടിവിടുവിച്ച് പ്രോബൂസ് ഭയന്ന് ഓടി രക്ഷപ്പെടുന്നു).**

എവിടെ അവൻ ! **(ഒരു വശത്തേക്ക് നോക്കി)** ക്രിസ്തു..... അതാ..... അവിടെ...... അതാ ഇവിടെ. അയ്യോ...... ഞാനിപ്പോൾ മരിക്കും. **(ഒരു ഭ്രാന്തനെപ്പോലെ ചുറ്റും പകച്ചു നോക്കി).** ക്രിസ്തു അതാ ഇങ്ങോട്ടുതന്നെ വരുന്നു.

സ്റ്റേജിൽ വെളിച്ചം മങ്ങി ചക്രവർത്തിയിൽ മാത്രം ഒതുങ്ങി....... "ക്രിസ്തു"............"ക്രിസ്തു..........." എന്ന ശബ്ദം മാറ്റൊലികൊള്ളുന്നതോടൊപ്പം വലേരിയൻ ചക്രവർത്തിയുടെ ഭ്രാന്തമായ ചിരിയും അട്ടഹാസങ്ങളും മുഴങ്ങി കേൾക്കുന്നു.

(യവനിക)

നാടകം അവസാനിക്കുന്നു.

# കഥാപ്രസംഗം

അനസ്താസ്യായുടെ രക്തസാക്ഷ്യം
ഖണ്ഡകാവ്യത്തെ ആധാരമാക്കി
ഒരു കഥാപ്രസംഗം

കഥാപ്രസംഗഭാഷ്യം

**റവ. ഡോ. ഇസഡ് എം. മുഴൂർ സി.എം.ഐ.**

## പശ്ചാത്തലം

**1860** സെപ്റ്റംബർ 30-ാം തീയതി ബാബേലിൽനിന്ന് തോമ്മാറോക്കോസ് എന്നു പേരുള്ള ഒരു വൈദികൻ റോക്കോസ് മെത്രാനെന്ന പേരിൽ കേരളത്തിൽ എത്തി. അദ്ദേഹത്തിന് തിരുസഭാ തലവനായ മാർപ്പാപ്പയുടെ അനുവാദമോ അംഗീകാരമോ ലഭിച്ചിരുന്നില്ല. എങ്കിലും ചുരുങ്ങിയ കാലംകൊണ്ട് കേരളസഭയിലെ ഭൂരിപക്ഷം ജനങ്ങളേയും തന്റെ പക്ഷത്തുകൊണ്ടുവരുവാൻ റോക്കോസിനു കഴിഞ്ഞു. സുറിയാനി കത്തോലിക്കർക്ക് അന്നു കേരളത്തിലുണ്ടായിരുന്ന 154 പള്ളികളിൽ 86 പള്ളികൾ മുഴുവനായും 30 പള്ളികൾ ഭാഗികമായും റോക്കോസിന്റെ അധികാരത്തിന് കീഴിലായി. ബാക്കി 38 പള്ളികൾ മാത്രമാണ് റോക്കോസിനെ അനുസരിക്കാതെ നിലകൊണ്ടത്.

ചാവറയച്ചൻ റോക്കോസിനെ സംബന്ധിച്ച സത്യാവസ്ഥ അറിയുവാൻ റോമിലേക്ക് കത്തെഴുതി. റോക്കോസ് വ്യാജമാർഗ്ഗത്തിലൂടെ കടന്നു വന്നയാളാണെന്നും അദ്ദേഹത്തെ അനുസരിക്കേണ്ടതില്ലന്നും വിശദമായ മറുപടി മാർപ്പാപ്പയിൽനിന്നും ലഭിച്ചതോടെ ചാവറയച്ചൻ റോക്കോസു മെത്രാനുമായി തുറന്ന സമരം തന്നെ നടത്തി.

സഭയിൽ ആഭ്യന്തര സമരം നടക്കുന്ന വേളയിൽ സഭയെ സത്യമാർഗ്ഗത്തിലൂടെ നയിക്കാൻ സുധീരം മുന്നോട്ടുവന്ന ചാവറയച്ചനെ മലങ്കര സഭയുടെ ഏതദ്ദേശീയ മെത്രാനായി അഭിഷേകം ചെയ്യാൻ വരാപ്പുഴ മെത്രാസനം തയ്യാറായി എങ്കിലും ആ സ്ഥാനം അദ്ദേഹം സ്വീകരിച്ചില്ല. ചാവറയച്ചന്റെ ധീരമായ പരിശ്രമങ്ങളും പ്രസംഗങ്ങളും നിമിത്തം റോക്കോസ് മെത്രാന്റെ കുതന്ത്രങ്ങൾ അന്നേ പരാജയപ്പെട്ടു. സത്യം മനസ്സിലാക്കി ജനങ്ങൾ പിന്തിരിഞ്ഞുവന്നു.

കേരള സഭയിലെ ആഭ്യന്തര കലഹം മൂർദ്ധന്യാവസ്ഥയിൽ ആയിരുന്നപ്പോഴാണ് അനസ്താസ്യായുടെ രക്തസാക്ഷ്യം എന്ന ഖണ്ഡകാവ്യകൃതി ചാവറയച്ചൻ വിരചിക്കുന്നത്. 1862 ലായിരുന്നു ഈ രചന. യഥാർത്ഥ ക്രൈസ്തവ വശ്വാസത്തിന് വേണ്ടി ജീവത്യാഗം ചെയ്യാൻപോലും തയ്യാറാകണമെന്ന് ജനങ്ങൾക്ക് ബോധനം നൽകിയ ചാവറപ്പിതാവ് ജനങ്ങൾക്ക്

ആവേശവും ആത്മധൈര്യവും പകരുന്ന ഒരു ഇതിവൃത്തം ആദിമക്രൈസ്തവ സഭയുടെ ചരിത്രത്തിൽ നിന്നു തിരഞ്ഞെടുത്ത് അതിനു കാവ്യപരിവേഷം ചാർത്തുകയായിരുന്നു...

കവിതയുടെ കഥാപ്രസംഗരൂപത്തിലുള്ള പുനർഭാഷ്യമാണിത്.

കവിതാഭാഗം ചാവറയച്ചനെഴുതിയത് അതേപടി പകർത്തിയിരിക്കുന്നു. അവതരണക്ഷമതയ്ക്ക് വേണ്ടിയുള്ള ഗദ്യവിവരണം കഥാപ്രസംഗരീതിയിൽ പുതുതായി ചേർത്തതാണ്. റോമാസാമ്രാജ്യത്വത്തിന്റെ ക്രൈസ്തവ വിരുദ്ധ പീഢനമുറകളുടെ ഭീകരത താണ്ഡവത്തിന്റെ നാളുകളാണ് കഥയുടെ പുരാവൃത്തം വിശ്വാസത്തിന് വേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരകന്യകയാണ് അനസ്താസ്യ. ധീരയോദ്ധാവാണ് സിറിൽ. ഇവരിരുവരുമാണ് മുഖ്യ കഥാപാത്രങ്ങൾ. ഇവരുടെ കഥ പറയുമ്പോൾ അക്കൂട്ടത്തിൽ മുൻപ് സൂചിപ്പിച്ചത് പോലെ കേരള കത്തോലിക്കാ സഭയിൽ റോക്കോസ് ശീശ്മ ഉയർത്തിയ വെല്ലുവിളികളെയും അതിനെ ചാവറ പിതാവിന്റെ നേതൃത്വത്തിൽ പ്രതിരോധിച്ചുകൊണ്ടു അതിജീവിച്ചു വിശ്വാസ വിജയം നേടിയതിന്റെയും പ്രതീകാത്മക വ്യംഗ്യം കൂടി കവി ഈ രചനയിൽ ഉൽഭവിപ്പിച്ചിരിക്കുന്നു.

സുഗമമായി പാരായണം ചെയ്യുവാനും കഥാപ്രസംഗമായി വേദികളിൽ അവതരിപ്പിക്കുവാനും ഈ പുനർഭാഷ്യം ഉപകരിക്കുമെന്നാണ് വിശ്വാസം.

---

* 1986 ഡിസംബറിൽ കഥാപ്രസംഗം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോൾ എഴുതിയ മുഖവുരയിലെ പ്രസക്തഭാഗങ്ങൾ

# കഥാപ്രസംഗം ആരംഭം

പുരാതനവും അതിരമണീയവുമായ റോമാനഗരം. വൃക്ഷത്തലപ്പുകൾക്കിടയിൽ ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന കമനീയ ഗോപുരങ്ങൾ. സീസർ ചക്രവർത്തിമാരുടെ കൊട്ടാരങ്ങൾ. ജനനിബിഡമായ തെരുവീഥികൾ!

അതാ, വർണ്ണപൂന്തുകിലണിഞ്ഞ പെൺകൊടിമാരും വേഷവിധാനങ്ങളണിഞ്ഞ യുവാക്കന്മാരും ആ പാതകളിലൂടെ അലസഗമനം ചെയ്യുന്നു. അശ്വാരൂഢരായ പട്ടാളക്കാർ നിരനിരയായി ആ വഴികളിലൂടെ നീങ്ങുന്നു. *ടക്, ടക്, ടക്....* കുതിരവണ്ടികൾ ആളുകളെയും പേറി അതിദ്രുതം പായുകയാണ്.

അതാ, ആ നഗരത്തിന്റെ പടിഞ്ഞാറു ഭാഗത്തു തല ഉയർത്തി നിൽക്കുന്ന മനോഹരമായ ഇരുനില മാളിക നിങ്ങൾ കാണുന്നില്ലേ? അതൊരു ക്രൈസ്തവ നികേതനമാണ്. അവിടെയാണ് നമ്മുടെ കഥാനായികയായ *അനസ്താസ്യാ* എന്ന പെൺകൊടി ജന്മം കൊണ്ടത്.

സുന്ദരിയും സുശീലയുമായ അവളെ മാതാപിതാക്കൾ വിളിച്ചത് *അനസ്താസിയാ* എന്നായിരുന്നു. അവളുടെ ഓമനപ്പേര് *ക്രിസ്ത്യാനാ* എന്നതായിരുന്നു.

അവളുടെ കളിത്തോഴനാണ് *സിറിൾ*. സിറിലിന്റെ ഭവനം അനസ്താസിയായുടെ ഭവനത്തു തൊട്ടടുത്ത മാളികയായിരുന്നു.

അനസ്താസിയായ്ക്ക് വിവാഹപ്രായമായി. പ്രഭു കുടുംബങ്ങളിലെ സുന്ദര കളേബരന്മാരായ യുവാക്കൾ അവളെ ഭാര്യയാക്കിക്കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചു. അനേകം വിവാഹാലോചനകൾ വന്നു. പക്ഷെ, അവൾക്ക് വിവാഹം താൽപര്യമായിരുന്നില്ല.

ബാല്യം മുതൽ കളിത്തോഴനായിരുന്ന സിറിലിനെ ആകും അവൾ വിവാഹം കഴിക്കുന്നതെന്ന് എല്ലാവരും കരുതി. സിറിലുമായുള്ള വിവാഹാലോചനയും വന്നു.

അപ്പോഴാണ് അവൾ സത്യം തുറന്നു പറഞ്ഞത്. സിറിലിനെ അവൾ ഇഷ്ടപ്പെടുന്നുണ്ട്. പക്ഷേ വിവാഹത്തിന് ഒരുക്കമായിരുന്നില്ല; അവനുമായിട്ടുള്ള വിവാഹത്തിനു മാത്രമല്ല. വിവാഹജീവിതത്തിനു തന്നെ അവൾ

ഒരുക്കമായിരുന്നില്ല! ക്രിസ്തുനാഥനുവേണ്ടി ജീവിതം മുഴുവൻ ഉഴിഞ്ഞു വെച്ച് ഒരു സന്യാസിനിയായിക്കഴിയുവാനുള്ള ആഗ്രഹമാണ് തനിക്കുള്ളത് എന്നവൾ പറഞ്ഞു.

സിറിലിനെ സംബന്ധിച്ചിടത്തോളം വലിയ ആഘാതമായിരുന്നു അത്. പക്ഷേ മാന്യനും നല്ലവനുമായ സിറിൾ അവളുടെ ആഗ്രഹത്തിനു വിലങ്ങു തടിയായി നിന്നില്ല.

ഒരു ദിവസം അവർ കണ്ടുമുട്ടി. അയാൾ പറഞ്ഞു: *അനസ്താസിയാ, നിന്റെ തീരുമാനം ഞാൻ അറിഞ്ഞു. അതെന്റെ ഹൃദയത്തെ തകർത്തു കളഞ്ഞു. നീ എന്താണ് ഇത്രയും നാൾ ഇക്കാര്യം എന്നോടു പറയാതിരുന്നത്?*

*"ക്ഷമിക്കണം സിറിൾ. എന്റെ ബാല്യകാലം മുതൽ എനിക്കുള്ള ഒരേ ഒരാഗ്രഹം ഒരു സന്യാസിനിയായി ജീവിതം ക്രിസ്തുനാഥനായി അർപ്പിക്കണമെന്നതാണ്. ഇക്കാര്യം മുൻപേ തന്നെ പറയേണ്ടതായിരുന്നു. എന്നോട് വിരോധം തോന്നരുത്. സിറിലിനെ ഞാൻ എന്റെ സഹോദരനായി എന്നും കരുതും. എന്നെ ഒരു സഹോദരിയായിക്കരുതി അനുഗ്രഹിക്കണം."*

നിശ്ശബ്ദ നിമിഷങ്ങൾ കടന്നുപോയി. സിറിൾ പറഞ്ഞു: *''അനസ്താസിയാ നിന്റെ ആഗ്രഹം നിറവേറട്ടെ. ഞാൻ എന്നും നിന്റെ സഹോദരനായിരിക്കും. നീ തിരഞ്ഞെടുത്ത വഴി തീർച്ചയായും നന്മയുടേതാണ്. ഈശ്വരാനുഗ്രഹത്തിനായി നീ എനിക്കുവേണ്ടി പ്രാർത്ഥിക്കണം."*

*"തീർച്ചയായും സിറിൾ. ജീവിതത്തിലും മരണത്തിലും സിറിലിനെ ഞാൻ ഓർക്കും. അങ്ങയുടെ ഈ ത്യാഗത്തിന് തീർച്ചയായും ക്രിസ്തുനാഥൻ ഉചിതമായ സമ്മാനം തരും."*

അനസ്താസ്യായും സിറിലും തമ്മിൽപ്പിരിഞ്ഞു. സിറിൾ ചെയ്ത മഹാത്യാഗത്തിന്റെ വിലപ്പെട്ട പ്രതിഫലം ദൈവം നൽകട്ടെ എന്നവൾ പ്രാർത്ഥിച്ചു.

കന്യകാലയത്തിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം അനസ്താസ്യായ്ക്ക് അവളുടെ മാതാപിതാക്കൾ നൽകി. ഏകമകളുടെ വേർപാടിൽ അവർ ഹൃദയംനൊന്തു കരഞ്ഞെങ്കിലും മകളെ ദൈവത്തിനായി പ്രതിഷ്ഠിച്ചല്ലോ എന്നോർത്ത് അവർക്ക് ഹൃദയം നിറഞ്ഞ സംതൃപ്തിയുണ്ടായിരുന്നു.

ഭക്തയും ശാലീനയുമായ *സോഫിയാ* എന്ന സന്യാസിനി നടത്തിയിരുന്ന എദുക്കാന്താത്തിൽ അഥവാ പരിശീലനകേന്ദ്രത്തിൽ അനസ്താസ്യാ അംഗമായിച്ചേർന്നു.

*അത്ഭുതമായി വിളങ്ങുന്ന സോഫിയായെന്നുള്ള ശ്രേഷ്ഠ*
*ചൊൽപ്പെരിയ റോമ്മാതന്നിൽ ഭജിക്കും കാലം*
*അനസ്താസ്യായെന്ന പൈതൽ പുതുകന്നിഗണത്തോടെ*
*അണച്ചുചേർപ്പതിനായിട്ടുണർത്തിച്ചപ്പോൾ*

*അമ്മ സോപ്യാ്പ്രിയമാതാ സ്നേഹമോടെ മകളായി*
*അങ്ങവളെ ചേർത്തു തന്റെ പുണ്യകേതത്തിൽ*
*എദുക്കാന്താത്തതിൽത്തന്നെ വളർത്തും ഗുരുത്തിയമ്മ*
*എടുത്തുചേർത്തതി സ്നേഹാൽവളർത്തിവന്നു...*

അങ്ങനെ നവസന്യാസിമാരോടൊപ്പം സുന്ദരിയായ അനസ്താസ്യായും അംഗമായി സന്തോഷസമേതം കഴിഞ്ഞു. ആ നഗരത്തിൽ പേരുകേട്ട ആളുകളും, ഉന്നത ഗോത്രക്കാരും ക്രൈസ്തവരായിരുന്നു. എന്നാൽ *നായകജാതത്രിയുഗമാമതു കാലേ-* നാഥനായ ക്രിസ്തുവിന്റെ ജനനത്തിനു ശേഷം മൂന്നു നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ - ഒരു ദുരന്തം ആ പട്ടണത്തെ ഗ്രസിച്ചു. ക്രിസ്തുമതവൈരിയായ *വലേരിയൻ* ചക്രവർത്തി ഭയങ്കരമായ മതമർദ്ദനം അഴിച്ചുവിട്ടു.

*അപ്രെരിയ നഗരത്തിൽ ചൊൽപ്പെരിയ ഗൃഹസ്ഥന്മാർ*
*സത്യവേദികളും കന്യാഗോത്ര കർത്താക്കൾ*
*ആകിലും നായകജാതത്രീയുഗമാമതുകാലേ*
*ഏകനായി വാണടക്കിവലേതയനാം*
*ദുഷ്ടനാമീ എംപ്രദോരിൻ കൽപനകൾ ബഹുക്രൂരം*
*ശിഷ്ടനാമി ക്രിസ്ത്യാനിക്കൂട്ടം നശിപ്പിപ്പാൻ*
*കെട്ടവന്റെ ഭൃത്യരായ സേനകൾ സേനാത്തുമാരും*
*തീട്ടതിന്റെ വാചകത്തെ നടത്തിനീളെ.*

ചക്രവർത്തിയുടെ ശാസനമാണ് സകല ക്രിസ്ത്യാനികളേയും നാമാവശേഷമാക്കണമെന്നുള്ളത്. അവർ ക്രൈസ്തവരുടെ വീടുകൾ കയ്യേറി. അടിച്ചും, തലവെട്ടിപ്പൊളിച്ചും തോലുരിച്ചും തിളക്കുന്ന എണ്ണയിലിട്ടും ക്രൈസ്തവ വിശ്വാസികളെ ഒന്നൊന്നായി നിഹനിച്ചു. ദേവാലയങ്ങളും ആരാധനാസ്ഥലങ്ങളും നിലംപരിശാക്കി. വലേരിയന്റെ സൈന്യം ചോരകുടിക്കാൻ കൊതിച്ച ഹിംസ്രജന്തുക്കളെപ്പോലെ ക്രിസ്ത്യാനികളെ കൊന്നും അവരുടെ വീടുകൾക്കു തീവെച്ചും സംഹാരതാണ്ഡവമാടി. ഇനിയും ആരെങ്കിലും ക്രിസ്തുനാമധാരിയായി റോമിൽ വസിക്കുന്നുണ്ടോ എന്ന് അവർ അന്വേഷിച്ചു.

*സേവകന്മാർ, ചാരന്മാർ നഗരിനീളെ പുറപ്പെട്ടു*
*ദേവസേവിജനങ്ങളെ തേടുവാനായി...*

അങ്ങനെ ആ കിരാതന്മാരായ റോമൻ പട്ടാളക്കാർ അന്വേഷിച്ചു നടന്നപ്പോഴാണ് കുലീനയും പരമപരിശുദ്ധിയുമായ അനസ്താസ്യാ എന്ന കന്യാധാമം സോഫിയായുടെ കന്യകാലയത്തിനുള്ളിൽക്കഴിയുന്നുവെന്നത് അവർ അറിയുന്നത്.

*കന്നികളെ കാത്തുകൂട്ടി ഭരിക്കുന്ന മഠമായ*
*കന്നിസോപ്യാ അമ്മപുണ്യശ്രേഷ്ഠകേതത്തിൽ*
*പൊന്നിനേക്കാൾ വിലയേറും സ്വർണ്ണമാണിക്യങ്ങളൊക്കെ*
*മണ്ണുപോലെ ത്യജിച്ചങ്ങു ഭജിച്ചിടുന്ന*
*ഉന്നതമാം ഗോത്രികന്നി അനസ്താസ്യാ എന്ന പൈതൽ*
*കന്നിത്വം നേർന്നവിടത്തലടങ്ങിടുന്നു*

അനസ്താസ്യായുടെ ഭക്തിയും ശാലീനഭാവവും ആരെയും വിസ്മയിപ്പിക്കുന്നതായിരുന്നു. ആത്മാവിൽ ആത്മാവെക്കണ്ട് നിമിഷങ്ങളെ പ്രാർത്ഥനയുടെ ഉതിർമണികളാൽ അലങ്കരിക്കുന്ന അവളുടെ ആത്മീയഭാവം കവി വിവരിക്കുന്നതു നോക്കുക.

*സൂക്ഷമുള്ള പുട്ടകത്തിൽ താഴ്ചയുള്ള പുണ്യപൈതൽ*
*നേത്രകാഴ്ച താഴ്ത്തിയുള്ളിൽ ഭജിച്ചിടുന്നു*
*കീർത്തിയുള്ള തന്റെ ഗേഹേ വളർന്നീടും നാളുതൊട്ടേ*
*ആർത്തിയുള്ള തന്റെ പുണ്യശോഭ വീശിച്ചു.*
*പുണ്യമായധന അഭിലന്യരായ രാജഭൃത്യർ*
*സുന്ദരിയിൻ ദേഹമോഹാലാന്ധകരായി...*

മെഴുക് സൂര്യപ്രകാശമേൽക്കുമ്പോൾ ഉരുകിമയപ്പെടും; ചെളിയാണെങ്കിൽ അതു സൂര്യപ്രകാശമേൽക്കുമ്പോൾ കട്ടയായി ഉറച്ച് കാഠിന്യമുള്ളതാകുന്നു. അങ്ങനെ ചെളിക്കട്ടപ്പോലെ പുണ്യധനങ്ങളോടു പുലബന്ധംപോലുമില്ലാത്ത രാജഭൃത്യന്മാർ ആ പുണ്യകന്യകയെ കണ്ട് കാമാന്ധരായിത്തീരുകയാണ് ചെയ്തത്. വലേരിയൻ ചക്രവർത്തിയുടെ കൊള്ളരുതായ്മകൾക്ക് എന്നും കൂട്ടുനിന്നിരുന്ന ദുഷ്ടനായ *പ്രോബാ* എന്ന മന്ത്രിയെ ആ കിങ്കരന്മാർ ഈ സംഭവമറിയിച്ചു. ക്രിസ്ത്യാനികളെ കൊല്ലണമെന്നു നിരന്തരം വിചാരിച്ച് അധർമ്മത്തിൽ കഴുത്തറ്റം മുങ്ങിനിന്ന പ്രോബാ എത്രവേഗം അനസ്താസ്യായെ രാജകൊട്ടാരത്തിൽ കൊണ്ടുവരുവാൻ പട്ടാളത്തെ അയച്ചു.

*മോഹദമനം മറപ്പാൻ ദൈവഭക്തരെന്നു കാട്ടി*
*ദേവന്മാരെ ത്യജിച്ചിടും സത്യവേദികൾ*
*എന്നീനാമം തന്റെ രാജ്യേ കേൾവി വേണ്ട ഒരു നാളും*
*ഇന്നു തന്നെ സർവരേയും മുടിച്ചിടേണം....*

സുന്ദരിയായ അനസ്താസ്യാ സോഫിയായുടെ മോണസ്റ്ററിയിൽ കഴിയുകയാണ് എന്നു കേട്ടപ്പോൾ ഒരു നിമിഷംപോലും വൈകിക്കാതെ അവളെ തന്റെ സമക്ഷം കൊണ്ടുവരാൻ കിരാതരിൽക്കിരാതനായ, പ്രൊബാ മതമർദ്ദകനായ വലേരിയൻ ചക്രവർത്തിയുടെ കിങ്കരനായ, പ്രോബാ ഉത്തരവിട്ടു.

*എന്ന കാട്ടിയുടൻ തന്നെ സോഫിയായിൻ മോണസ്റ്ററി
ഇന്നിവിടെ വസിക്കുന്നോരനസ്താസിയാ
എന്നവളെ ശീഘ്രമായി വരുത്തേണമിവിടത്തിൽ'
എന്നുചൊല്ലി ദുഷ്ടപ്രോബാ എന്ന മന്ത്രിയും
കേട്ടവന്റെ സേനകളും ഭടന്മാരും പുറപ്പെട്ട
ഓട്ടമായി മൊണസ്റ്ററി പുട്ടുവാതിൽകൽ...*

ക്രൂരന്മാരായ രാജ കിങ്കരന്മാർ എന്താക്രമണത്തിനും മടിക്കുന്നവരല്ല. പോലീസ് മർദ്ദനത്തിന്റെ കഥകളറിയുന്ന നമുക്ക് സങ്കൽപിക്കാവുന്നതില ധികമാണ് ആ കാപാലികന്മാർ ചെയ്തത്.

*രാജശക്തിയെന്നതിനാൽ വാതിൽക്കാവൽ
നിനയ്ക്കാതെ വേഗമായിപ്പൊളിച്ചവർ വിളിച്ചുചൊല്ലി
അനസ്താസ്യാ എന്ന സത്യവേദിയായ സുന്ദരിയെ
സേനാത്തിന്റെ സമൂഹത്തിൽ വിളിച്ചിടുന്നു...*

മർമ്മഭേദകഗമായിരുന്നു ഈ വാർത്ത. ഇതുകേട്ട് സോഫിയാ ഉൾക്കി ടിലം പൂണ്ടു. വരാൻ പോകുന്ന ഭീകരസംഭവം അവളുടെ മനസ്സിൽ മുറി വേൽപിച്ചു. എങ്കിലും ഭയസംഭ്രമങ്ങൾ ഉള്ളിലൊതുക്കി സ്നേഹപുത്രിയായ അനസ്താസിയായെ മാറോടണച്ച് അവൾ സാന്ത്വനവാക്കുകൾ പറഞ്ഞു.

*വാർത്തയൊക്കെ കേട്ടുടനെ പാർത്തുനിന്ന പുണ്യസോപ്യാ
ചേർത്തു തന്റെ മാർവ്വിടത്തിൽ സ്നേഹപുത്രിയെ
സ്നേഹമേറും മകളെ നിൻ ഭാഗ്യമേറും മണവാളൻ
ദാഹമോടെ വിളിക്കുന്ന വേഗമായ്പ്പോക...*

പൂവിതൾപോലെ ലോലമേനിയായ ആ പെൺകിടാവിനെ അവരോ ടൊപ്പം അയയ്ക്കുവാൻ സോഫിയാ തയ്യാറാകയില്ല; എതിർത്തു സംസാ രിക്കും എന്നായിരുന്നു ആ പട്ടാളക്കാർ കരുതിയത്. പക്ഷേ, *നിന്റെ മണവാ ളൻ ഇതാ വിളിക്കുന്നു. വേഗം പോവുക* എന്നത്രേ ആ സാധ്വീമണി പറ ഞ്ഞത്. അതുകേട്ട് പട്ടാളക്കാർ വിസ്മയിച്ചു.

പക്ഷേ സോഫിയാ മണവാളനെന്നുദ്ദേശിച്ചത് ആരെക്കുറിച്ചാണെന്ന് അനസ്താസ്യാ വ്യക്തമായും മനസ്സിലാക്കിയിരുന്നു.

*പൂർവകാലേ നിൻകരത്തെ നീട്ടി നിന്റെ ദാഹമോടെ
മാറിടത്തിലണച്ചോരു രാജനെയോർക്ക
നിൻമണത്തെ മുടിപ്പാനായ് ഒൺമയോടെ ധരിത്രിയിൽ,
ഭംഗിയേറും കൊയിടേന്തി വൻഗിരിയേറി
മെച്ചമേറും കിരീടത്തെ വച്ച ചൂടി ശിരസ്സിനെ
അർച്ചനയായണച്ച തന്റെ ജീവിതം കൂടെ*

*എന്ന നിന്റെ സുന്ദരനാം പുണ്യരാജ മണവാളൻ*
*ഇന്നു തന്റെ മഹത്വം നീ കാട്ടുക വേഗം...*

ഇടറുന്ന വാക്കുകളിൽ ഇങ്ങനെ ഉദീകരണം ചെയ്തശേഷം സോഫിയാ തുടർന്നു.

*മന്നിലുള്ള മണവാന്മാരല്ല നിന്റെ സ്നേഹഭർത്താ*
*ഉന്നതൻ നിന്നോടു കൂടെ എന്നും നീ ഓർക്ക...*

അന്ത്യയാത്ര പറഞ്ഞു പിരിയുമ്പോൾ ആ നാലു കണ്ണുകൾ കവിഞ്ഞൊഴുകുകയായിരുന്നു. കണ്ണീരണമുറിഞ്ഞ് നനഞ്ഞ കടലാസുപോലെ തന്നോടൊട്ടി നിന്ന ആ തരുണീമണിയെ വളരെ പണിപ്പെട്ട് സോഫിയാ തന്നിൽ നിന്നും വേർപെടുത്തി.

*എന്നുചൊല്ലി പുണ്യ സോപ്യാസ്നേഹമകൾ കന്നിതന്നെ*
*നന്ദിയോടെ മുത്തി വിട്ടു ധൈര്യമോടപ്പോൾ*
*സ്നേഹമേറും പുണ്യകന്നി വേഗമോടെ പുറപ്പെട്ടു*
*ആ മഹാനഗരി റോമ്മാ തെരുവിൽ കൂടെ...*

വേട്ടയാടപ്പെട്ട് പിടിച്ച ഒരു പെൺ മാനിനെപ്പോലെ അനസ്താസ്യായെ അവർ ക്രൂര ചെന്നായ്ക്കു തുല്യനായ പ്രോബായുടെ പക്കൽ നിറുത്തി.

*...ചെന്നണഞ്ഞ മന്ത്രി പക്കൽ പുണ്യപൈതലതുനേരം*
*മന്ദഹാസത്തോടുനിന്നു ധൈര്യമാം വമ്ണം*
*ദുഷ്ടനായ മന്ത്രിയപ്പോൾ ദൃഷ്ടിനോക്കി കാംക്ഷയോടെ*
*വിസ്മയിച്ചു ഭ്രമിച്ചവൻ സുന്ദരത്വത്തിൽ*
*മോദമോടെ ഉര ചെയ്ത സ്നേഹഭാഷ കാട്ടിയവൻ*
*മാനമായ നാമമെന്ത് പൈതലേ നിന്റെ...*

ആ സുന്ദരീധാമത്തെ പാട്ടിലാക്കണണെന്ന് പ്രോബായ്ക്ക് അതീവ താൽപര്യമുണ്ടായി; അതുകൊണ്ട് സ്നേഹം നടിച്ച് അവളുടെ പേരു ചോദിക്കുകയായിരുന്നു അയാൾ. അവൾ പറഞ്ഞു.

*കാരണവന്മാർ വിളിക്കുന്ന നാമമാകും അനസ്താസ്യ*
*കേവലമാം ശോഭാനാമം ക്രിസ്ത്യാനായെന്നാം...*

അതുകേട്ടപ്പോൾ അയാളുടെ മനസ്സിൽ ഒരങ്കലാപ്പ്. ക്രിസ്ത്യാനികളെ മുഴുവൻ നിഹനിക്കുവാനാണല്ലോ ചക്രവർത്തി തന്നെ നിയോഗിച്ചിട്ടുള്ളത്. ക്രിസ്തുമതത്തിൽ നിന്ന് അവളെ വിടർത്തിയെടുക്കണം. എങ്കിൽ മാത്രമേ തന്റെ ലക്ഷ്യം സാധ്യമാവുകയുള്ളൂ. അതുകൊണ്ട് സ്നേഹവും വാത്സല്യവും സ്ഫുരിക്കുന്ന വാക്കുകളിൽ പ്രോബാ ആ പെൺമണിയെ ഉപദേശിക്കാൻ ഒരുങ്ങി.

*...ക്രിസ്ത്യാനിയെന്നുള്ള നാമം കേട്ടുടനെ ദുഷ്ടനെപ്പോൾ
സൂത്രസ്നേഹാൽ പുണ്യകന്യേ പാർത്തവൻചൊല്ലി
സ്നേഹമേറും മകളെ നിന്റെ ഗോത്രശ്രേഷ്ഠതയും
സ്നേഹദാഹമുണർത്തുന്ന ശോഭയും തന്റെ
ഭാഗ്യഗുണങ്ങണമൊക്കെയന്ധകാരം ഭവിപ്പിക്കും
യോഗ്യനാമം വരുത്തുന്ന നാം ക്രിസ്ത്യാനാ
യുക്തമല്ല നിനക്കാട്ടും വെസ്തയായി സ്മരിക്കേണം
ജാഗ്രതയാൽ ത്യജിക്ക നീയിക്ഷണം തന്നെ...*

ഇങ്ങനെ ക്രിസ്തുമതം ത്യജിക്കുകയാണെങ്കിൽ താൻ എന്തു ചെയ്യുമെന്നും മന്ത്രി പറയുന്നുണ്ട്.

*...സ്നേഹമുള്ള താതനേപ്പോൽമേ വചനം ശ്രവിക്കുകിൽ
മോഹദാഹാദികളൊക്കെ നടത്തിട്ടും ഞാൻ...*

റോമ്മാ സാമ്രാജ്യത്തിന്റെ മന്ത്രിയുടെ വചനമാണ്. ക്രിസ്തുമതം ഉപേക്ഷിച്ച് അവൾ അയാളുടെ നിർദ്ദേശം സ്വീകരിച്ച് ജീവിക്കണം. അവളുടെ മോഹങ്ങളെന്തെല്ലാമോ അവയെല്ലാം അയാൾ സാധിച്ചുകൊടുക്കാൻ തയ്യാറാണ്. എന്താണ് പ്രോബാ അവളോടു നിർദ്ദേശിക്കുന്നത് എന്നു നോക്കുക.

*...വെള്ളി പൊന്നുകൊണ്ടു ചെയ്തങ്ങളകത്തിൽ മഹാദേവൻ
പള്ളികൊള്ളും മന്ദിരത്തിൽ നടക്കുവേഗം
ജോവു തന്റെ തിരുമുമ്പിൽ നീതിയോടെ പൂജ ചെയ്കിൽ
ജാതിശ്രേഷ്ഠ സർവ ഭാഗ്യ പൂർണ്ണതയിപ്പോൾ...*

ഉടൻ തന്നെ അവൾ ജോവ് ദേവൻ അഥവാ ജൂപ്പിറ്റർ ദേവന്റെ നാമത്തിലുള്ള മഹാക്ഷേത്രത്തിലെത്തി ആ ദേവനു പൂജയർപ്പിക്കണം. എങ്കിൽ സമസ്ത ഭാഗ്യങ്ങളും അനസ്താസ്യയ്ക്കു ലഭിക്കും. അവൾ റോമ്മാ സാമ്രാജ്യത്തിലെ സൗഭാഗ്യവതിയായിത്തീരും. തന്റെ വാക്കുകൾ അനുസരിച്ചു പ്രവർത്തിക്കാതിരുന്നാലുള്ള ഭവിഷ്യത്തുകളും പ്രോബാ അവളെ അറിയിക്കുന്നുണ്ട്.

*...സ്നേഹമോടെ വചിക്കുന്നമേ വചനം ത്യജിക്കുകിൽ
ഈ മഹാക്രൂരശിക്ഷകൾ നിനക്കും യോഗ്യം
കേൾവിയുള്ള നിന്റെ ഗോത്രം നേർമ്മയുള്ള നിന്റെ ഗോത്രം
വീഴുവാനും താഴുവാനും താമസമില്ല...*

വിനയാന്വിതയായി പ്രോബായുടെ മുൻപിൽനിന്ന് അയാളുടെ വാക്കുകൾ കേട്ട അനസ്താസ്യാ മുഖം തെല്ലുയർത്തി അയാളോടു മറുപടി പറയുന്നു.

*കേട്ടുടനെ മഹാപുണ്യപൈതലായ അനസ്താസ്യാ*
*കോട്ടമില്ലാതുടൻ തന്റെ നയനം പൊക്കി*
*സ്നേഹമേറും മമനാഥൻ യേശു തന്റെ ഗോത്രനാമം*
*മാനമേറും ക്രിസ്ത്യാനോയെന്നുള്ള നാമേ*
*എന്നതിനാൽ മമബാല്യകാലമേ തൻ തിരുപത്നി*
*എന്ന പദം നേർന്നുകൊ.ണ്ടു ഭേദമില്ലൊട്ടും...*

എന്റെ ഹൃദയനാഥനായ യേശുവിന്റെ ഗോത്രനാമമാണ് ഞാൻ ധരിക്കുന്ന ക്രിസ്ത്യാനാ എന്ന പേര്. അതു ഞാൻ ഉപേക്ഷിക്കയില്ല. എന്റെ ബാല്യ കാലം മുതൽ ക്രിസ്തുനാഥനെ എന്റെ ആത്മവല്ലഭനായി ഞാൻ സ്വീകരി ച്ചിരിക്കുന്നു. അതിനൊരിക്കലും മാറ്റമുണ്ടാവുകയില്ല. എങ്കിൽ താങ്കൾ കേട്ടു കൊള്ളുക. അനസ്താസ്യാ ചഞ്ചലചിത്തയാകാതെ പറഞ്ഞു.

*...ലോകഭാഗ്യം സമർപ്പിക്കാൻ ദാഹമില്ല മമചിത്തേ*
*കൊലഹലമായ ശിക്ഷാഭീതിയുമില്ല*
*നിന്റെ ദാനം തൃജിക്കുംപോൾ നിന്റെ ക്രൗര്യം ക്ഷമിപ്പാനും*
*എന്റെ നാഥൻ സർവശക്തൻ തന്നിടും ശക്തി...*

എന്തൊരുജ്ജ്വലമായ മറുപടി! അപ്രതീക്ഷിതമായ ആ വാക്കുകൾകേട്ട് കരണത്തടിയേറ്റവനെപ്പോലായി പ്രൊബാ. തന്റെ ചതുരുപായങ്ങൾ വില പ്പോകില്ല എന്നയാൾക്കു മനസ്സിലായി.

*...കന്നിതന്റെ മറുമൊഴി കേട്ടുടനെ മന്ത്രിവീരൻ*
*ഒന്നിതന്റെ മോഹമൊന്നും ഫലിക്കില്ലൊട്ടും...*

ഏതു ത്യാഗവും ചെയ്യാൻ ഏതു പീഡനത്തേയും നേരിടാൻ അവൾ തയ്യാറാണെന്നു വ്യക്തമാക്കിക്കഴിഞ്ഞു. എങ്കിൽ അങ്ങനെ തന്നെ എന്നും പ്രോബായും തീരുമാനിച്ചു. റോമാ സാമ്രാജ്യത്തിലെ കരുത്തന്മാരായ പുരു ഷന്മാർപോലും തന്റെ വാക്കുകൾ അവഗണിച്ചിട്ടില്ല. ഇപ്പോൾ തന്നെ വെറും തൃണസമാനം കരുതുന്നത് അബലയായ ഒരു പെൺകൊടി. പ്രോബായുടെ ഭാവം മാറി. അടിയേറ്റ മൂർഖൻ പാമ്പിനേപ്പോലെ അയാൾ പ്രതികാ രത്തിനായി വെമ്പി.

*...ക്രൂരഭാവം നടിച്ചവൻ ചക്ഷുരണ്ടും ചുവപ്പിച്ചു*
*ക്രോധവീര്യാ മുഖം സൂര്യമേഘമായ് മൂടി*
*കടുത്തോരുസിംഹ വ്യാഘ്രം കയർത്തെന്ന സമമായി*
*ടടുത്തു കന്നിയിൽ മുഖത്തടിപ്പിച്ചപ്പോൾ*
*സ്നേഹവാർത്ത പകർത്തീതൻ ദൂഷണങ്ങൾകക്കീദുഷ്ടൻ*
*മോഹിതമാം കന്നീമുഖം ചോരയാൽ പൂശി...*

ഈ കൊടുംമർദ്ദനത്തിനു ശേഷവും ദുഷ്ടമന്ത്രിയുടെ ക്രൂരതയ്ക്കു കുറവു വന്നില്ല.

*...ശീഘ്രമായി തടവിട്ടു പൂട്ടിയുള്ള വിലങ്ങതിൽ*
*ജാഗ്രതയാൽ ഭടന്മാരെ കാവലും വച്ചു...*

അനസ്താസ്യാ ആ കാരാഗൃഹത്തിൽ സുസ്മേരവദനയും പ്രാർത്ഥനാനിരതയുമായിക്കഴിഞ്ഞു. അത് ആ രാജകിങ്കരന്മാർക്ക് അസഹനീയമായിരുന്നു.

*...കന്നി തന്റെ ഉള്ളകത്തിലുള്ള മോദം ദുഷ്ടർകണ്ടു*
*വഹ്നിപോലെ ക്രോധഘോരം നിറഞ്ഞുവീണ്ടും*
*കണ്ടു കത്രി മുതലായ ക്രൂരചക്രത്താൽ*
*കന്നിതന്റെ ദേഹമൊക്കെ ചീന്തിയവർ പൊളിച്ചിട്ടു*
*ചീന്തിവീഴും ചോരകൊണ്ടു കുതിർത്തുഭൂമി...*

കാരുണ്യത്തിന്റെ കണികപോലും ഇല്ലാത്ത ആ കിരാതന്മാർ പുഷ്പംപോലെ മനോഹരിയും പ്രാവിനെപ്പോലെ നിഷ്കളങ്കയുമായ അനസ്താസ്യായെ വീണ്ടും വീണ്ടും പീഡിപ്പിക്കുവാനാണ് മുതിർന്നത്. സങ്കൽപിക്കാനാവാത്ത ക്രൂരമർദ്ദനങ്ങൾ ഒന്നൊന്നായി അവളുടെ നേർക്കഴിച്ചുവിട്ടു. കല്ലിനേപ്പോലും കരയിക്കുന്ന കദനത്തിന്റെ കഥകൾ അവിടെ നടനമാടുകയായിരുന്നു.

*...ക്രൂരനായ ദുഷ്ടപ്രോബാ മതിയില്ലാതുള്ള ക്രോധാൽ*
*ക്രൂരതയാൽ മുറിവുകൾ ചുട്ടുപന്തത്താൽ*
*കഷ്ടമൊക്കെ സഹിക്കിലുമെപ്പോഴും സന്തോഷഭാവം*
*ദുഷ്ടനതുകണ്ടു വീണ്ടും കൂട്ടികൃച്ഛ്റങ്ങൾ*
*വെള്ളിപോലെ വെളുത്തുള്ളകന്നി തന്റെ പല്ലുകളെ*
*വല്ലിയൊരു ചുറ്റികയാൽ തല്ലിവീഴിച്ചു.*
*പുണ്യകന്നീ കാലുകയ്യിൻ നഖങ്ങളെ പറിപ്പിച്ചു*
*തണ്യവാൻ ലജ്ജയില്ലാതെ പിന്നെയും ക്രോധാൽ...*

മനസ്സാക്ഷിയും മാന്യതയും തൊട്ടു തേച്ചിട്ടുള്ള യാതൊരാളും ചെയ്യാത്ത ക്രൂരകൃത്യങ്ങളാണ് പ്രോബാ അവൾക്കെതിരെ ചെയ്തത്; ഒരുനാളും കാലം മാപ്പുകൊടുക്കാത്ത കഠിന ചെയ്തികൾ.

*...മാതൃതന്റെ മാറിൽനിന്നു പാൽകുടിച്ചതോർത്തിടാതെ*
*മാനഹീനൻ അറുപ്പിച്ചുതൻ മുലകളെ*
*അക്ഷണേയാ കന്നിജീവൻ പിരിഞ്ഞില്ലെന്നതുകണ്ടു*
*സൂക്ഷമതു ദൈവശക്തി എന്നു കൂപ്പിട്ടു.*
*ദുഷ്ടമന്ത്രിയതു കണ്ടു ലജ്ജയിൽ മുങ്ങിയെങ്കിലും*
*കഷ്ടതകൾ വീണ്ടും കൂട്ടിക്കാവലിൽവെച്ചു...*

ഈ കഠോര പീഢകൾക്കൊണ്ട് അനസ്താസ്യായുടെ ജീവൻ അസ്തമിക്കുമെന്നാണ് പ്രോബാ കരുതിയത്. വീണ്ടും ജയിലഴികൾക്കുള്ളിലെത്തി

യപ്പോൾ തന്നെ. അവളുടെ മുറിവുകൾ സുഖമായി. അവൾ ഉറക്കെ ദൈവ നാമം സ്തുതിച്ചു. ജോവ് തുടങ്ങിയ ദേവന്മാരെല്ലാം വെറും വിഗ്രഹങ്ങൾ മാത്രമാണ്; ക്രിസ്തുദേവൻ മാത്രമാണ് നിത്യം നിലനിൽക്കുന്നത് എന്ന് അനസ്താസ്യാ ധീരതയോടെ ഉദീരണം ചെയ്തു.

*...കന്നി തന്റെ നൊമ്പരത്തിൽ ക്രൂരമൊന്നും കാട്ടിടാതെ*
*ഉന്നതമാം ദൈവനാമം സ്തുതിച്ചിടുന്നു*
*ചെന്നുടൻവിലങ്ങിടത്തിൽ പുക്കുടനേ സുഖമായി*
*മന്ദഹാസം പൂണ്ടു കന്നിക്ഷതവും മാഞ്ഞു*

കാരാഗൃഹത്തിൽകിടന്ന കന്യകയാൾ റോമ്മാക്കാരുടെ ദേവന്മാരെ നിന്ദിക്കുകയും ക്രിസ്തുവിന്റെ അപദാനങ്ങൾ പാടുകയും ചെയ്യുന്നുവെന്ന് കാവിൽനിന്നവർ പ്രൊബായെ അറിയിച്ചു.

*ജോവു മുതലായ ദേവർ കല്ലുമരം പിത്തളയും*
*ജീവനില്ലാതുള്ള ദുഷ്ടാരൂപിവൃന്ദങ്ങൾ*
*എന്നുചൊല്ലി ദുഷിക്കുന്നു നമ്മുടെ ഈശ്വരന്മാരെ*
*എന്നവരങ്ങറിയിച്ചക്ഷണമേ ദുഷ്ടൻ*
*കന്നതിന്റെ പുണ്യനാവുവേരിനോടെ പറിപ്പാനായ്*
*പന്നിപോലെ എരിഞ്ഞവൻ തീർപ്പു കൽപിച്ചു...*

ക്രിസ്തുദേവന്റെ നിതാന്തസ്തുതികൾ ആലപിക്കുന്ന പവിത്രമായതന്റെ നാവ് അറത്തുകളയുവാനുള്ള കൽപന പ്രോബാ പുറപ്പെടുവിച്ചു. എന്നിട്ടും അനസ്താസ്യയ്ക്ക് യാതൊരു കുലുക്കവുമില്ല.

*...കേൾവിയുടൻ കന്നിപൈതൽ ശ്രോത്രമതിലെത്തിയപ്പോൾ*
*നായകനെ സ്തുതിപാടി നന്നായി...*

ജയിലഴികൾ പെട്ടെന്നു തുറന്നു കാപാലികർ കത്തിയുമായി അടുത്തു. അവർ പിശാചുക്കളെപ്പോലെ ഘോരാട്ടഹാസം മുഴക്കി.

*...ദുഷ്ടരായ കൊലയാളരോട്ടമായി അടുത്തുടൻ*
*കഷ്ടമയ്യോ ശിഷ്ടനാവും പിഴുതുവേരാൽ*
*കന്നിവായിൽ നിന്നുടനെ കൊച്ചൊരാറെന്നപോലെ*
*രക്തധാര പുറപ്പെട്ടു നനച്ചുസർവം.*
*ധൈര്യശോഭവിളങ്ങുന്ന കന്യപൈതൽ ദിവ്യറിവാൽ*
*വീര്യമായൊരൗഷധത്തെ തേടുവാൻ തോന്നി...*

ക്രൂരസൈനികർ ആപരിശുദ്ധയായ കന്യകയുടെ നാവറുത്തുകളഞ്ഞു. രക്തം ധാരധാരയായൊഴുകി മരണ വേദനമൂലം അവൾ തളർന്നു. തെല്ലു ദാഹജലം കിട്ടിയിരുന്നെങ്കിൽ, അവളാഗ്രഹിച്ചു.

അതാനിൽക്കുന്നു, കോമളനായ ഒരു യുവാവ്, പരിചയമുള്ള മുഖം, ചെറുപ്പത്തിലെ കളിത്തോഴൻ സിറിൾ! അവൾ ക്രിസ്തുവിന്റെ മണവാട്ടിയായി, സന്യാസിനിയായി, ജീവിതശേഷമർപ്പിക്കുവാൻ പോകുന്നുവെന്നു കേട്ടപ്പോൾ അവളെ അനുഗ്രഹിച്ചയച്ച മഹാമനസ്കൻ. അനസ്താസ്യായുടെ നന്മ മാത്രം ആഗ്രഹിച്ച സിറിൽ അവസാന നിമിഷത്തിൽ, ആ ക്രൂര പീഡനങ്ങൾക്കു മൂകസാക്ഷിയായി നിലകൊള്ളുകയായിരുന്നു. ചെറുപ്പകാലത്തെ കഥകളെല്ലാം അയാളുടെ മനസ്സിലൂടെ ഒന്നൊന്നായി കടന്നുപോയി.

ദാഹജലത്തിനു വെമ്പിയ അനസ്താസ്യാ അൽപം വെള്ളം തരണമേ എന്നു പറഞ്ഞു. പക്ഷേ ആ ശബ്ദം ഉള്ളിൽതന്നെ തങ്ങിനിന്നു. അവളുടെ മനോഹരമായ നയനങ്ങൾ ആ വാക്കുകൾ ഏറ്റുപറയുകയായിരുന്നു. നിശബ്ദനായി നിലകൊണ്ട സിറിലിനെ കരുണാന്വിതമായ ആ കടാക്ഷം തട്ടിയുണർത്തി. അയാൾ കൈക്കുമ്പിളിൽ ദാഹജലവുമായി എത്തി.

*ചേരെ നിന്ന ക്രിസ്തിയാനി ചീരില്ലോസം യുവാവിനെ*
*ചാരയങ്ങു നയനത്താൽ വിളിച്ചുകാട്ടി*
*അൽപമായജലം തന്നെ കുടിപ്പിപ്പാൻ കാട്ടിയവൾ*
*സൽപ്പുരുഷൻ ക്ഷണത്തോടെ കൊടുത്തുധൈര്യാൽ*

കുടിച്ചുടൻ പുണ്യകന്നി സ്തുതിച്ചു. ഹീനനാവാലെ കൊടുത്തു ചീരില്ലോസിനും മരിപ്പാൻ ഭാഗ്യം...

അന്ത്യവേളയിൽ തനിക്കു ദാഹജലം പകർന്നുതന്നതിനു ഒരു സമ്മാനം സിറിലിനും അവൾ കൊടുക്കുകയായിരുന്നു. ക്രിസ്തുവിനുവേണ്ടി ഹീനനായ ദുഷ്ടമന്ത്രിയുടെ നാവിനാൽ രക്തസാക്ഷ്യം സ്വീകരിക്കാനുള്ള ഭാഗ്യം.

ഇവയെല്ലാം സഹിച്ചിട്ടും മനോധൈര്യം വെടിയാത്തവളായി അനസ്താസ്യ നിലകൊണ്ടു. തൊണ്ടയിൽ കുടുങ്ങിനിന്ന ആ ശബ്ദം ഇതായിരുന്നു.

പാപങ്ങൾക്കുവേണ്ടി പരിഹാര ബലിയായി സ്വജീവനർപ്പിച്ച ദിവ്യമണവാളനായ ക്രിസ്തുനാഥാ, അങ്ങ് പാപിയായ എന്റെ ആത്മപൂജ സ്വീകരിച്ചാലും.

*...തന്റെ യാത്ര സമീപമായെന്നറിഞ്ഞു പുതുകന്നി*
*തൻകരങ്ങളുയർത്തിക്കൊണ്ടണച്ച സ്തോത്രം*
*പാപികൾക്കു രക്ഷചെയ്‌വാൻ നിന്നുനീ പൂജിച്ച പോലെ*
*പാപിയാമെൻ ജീവപൂജ പൂർത്തിയാൽ ഏൽക്ക...*

എത്രയോ മനോഹരമായ പ്രാർത്ഥന! അവളുടെ മുഖം ആ നിമിഷം ഒരു ദൈവദൂതന്റേതുപോലെ സ്വർഗ്ഗീയ ദീപ്തി നിറഞ്ഞതായിരുന്നു. കരങ്ങളുയർത്തിപ്പിടിച്ചുകൊണ്ടു അർത്ഥനയുടെ ഉതിർമണികൾ ഉയർത്തുന്ന

അനസ്താസ്യായുടെ മുഖത്തെ തേജസ്സു കണ്ടിട്ട് കോപവും അസൂയയു മാണ് ദുഷ്ടരിൽ ദുഷ്ടനായ പ്രോബായ്ക്കുണ്ടായത്. അയാൾ ഒരു സിംഹ സത്തേപോലെ അലറി:

*...ഇക്കഠോര ശിക്ഷയൊക്കെ സഹിച്ചിട്ടും ധൈര്യമോടെ*
*നാട്യഭാവം നടിക്കുന്ന കൈകളും കാലും.*
*ഖണ്ഡമായി മുറിച്ചുടൻ കാതലായ ശിരസ്സിനെ*
*ദണ്ഡമിനി വരുത്തായ്വാൻ ഖണ്ഡിക്കവേഗം...*

പ്രൊബായുടെ ക്രൂരമായ കൽപ്പന നിറവേറി. ചെറുപ്പകാലം മുതൽ കളി ത്തോഴനായിരുന്നു സിറിളിനും അവളോടൊപ്പം രക്തസാക്ഷ്യ മകുടം ചൂടു വാൻ ഇടവന്നു. ഒരു മഹാഭാഗ്യം തനിക്കു കൈവന്നതായാണ് സിറിളിന് അനുഭവപ്പെടുന്നത്. തന്നെ പ്രകൃതി ഒരു പാത്രം ദാഹജലം നൽകുന്നവ നുപോലും അതിന്റെ സമ്മാനം താൻ നൽകുമെന്നും യേശു പറഞ്ഞ ഒരു വാക്യം അപ്പോൾ ധീരനായ സിറിളിന്റെ മനസ്സിൽ കടന്നുവന്നു.

*"...കന്നിപൈതൽ മുന്നമായിക്കൊടുത്തെന്ന വരത്താലെ*
*തന്നെ വേറുപിരിയാതെ തൽക്ഷണം തന്നെ*
*പുണ്യനായ ചീറിലോസും തൻ ശിരസ്സു കുനിച്ചുടൻ*
*പുണ്യഭാഗ്യ മുടിനേടി വാളിനാലപ്പോൾ*
*തന്റെ നാമാലൽപ്പ വെള്ളം കൊടുത്തെന്നാലവൻകൂടെ*
*തന്റെ രാജ്യേഭാഗഹീനം ഭവിക്കുന്നില്ല.*
*എന്ന തന്റെ തിരുനാവാലരുളിയ ശുഭവാക്യം*
*ഇന്നു പുണ്യൻ ചീറിലോസിൻ കണ്ടുബോധിച്ചു..."*

അനസ്താസ്യാ ജീവപൂജ നടത്തി ആ ക്ഷണം തന്നെ അവളുടെ ആത്മാവ് സ്വർഗത്തിലേക്കുയർന്നു, അവൾ ലോകത്തിൽവെച്ച് അനുഭവിച്ച പീഡനങ്ങൾക്കു പകരം അനേകം മടങ്ങങ്ങ ദീപ്തിയും ശോഭയും അവ ളുടെ ആത്മാവണിഞ്ഞു. നവരത്നങ്ങളുടെ ദിവ്യപ്രഭ ചൂടിനിൽക്കുന്ന സ്വർഗ്ഗീയ മണവറയിലേക്ക് ആത്മമണവാളൻ അവളെ ആനയിച്ചു.

*"...പുണ്യകന്നി അനസ്താസ്യാ തന്റെ ആത്മ ക്ഷണംതന്നെ*
*പുണ്യശോഭ നിറഞ്ഞുള്ള വിസ്മയത്താലെ*
*ദേഹസത്തുക്കളൊക്കെയീ ക്രൂരശോകം ഭവിച്ചപോൽ*
*പുഷ്യരാഗം പഞ്ചരത്നം വൈര വൈഡൂര്യം മാണിക്യം*
*പച്ചമരതകമാദിയലം കാരത്താൽ*

സ്നേഹമേറും മണവാളൻ യേശു തന്റെ മന്ദിരത്തിൽ ദാഹമോടെ കുടി വെച്ചു മണിയറയിൽ...

അനസ്താസ്യായുടെ വളർത്തമ്മയും വഴികാട്ടിയുമായിരുന്ന സോഫിയാ തന്റെ സ്നേഹപുത്രി അവസാനംവരെ അടിപതറാതെ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു ധീരരക്തസാക്ഷ്യ മകുടം നേടിയതിൽ അഭിമാനം കൊണ്ടു. തലമുറകൾ അനസ്താസ്യായുടെ ധീരവും പുളകജനകവുമായ ചരിത്രം ഓർമ്മിക്കുവാൻ വേണ്ടി അവളുടെ ഭൗതികാവശിഷ്ടങ്ങൾ ഭക്തിപൂർവക മായി സംസ്കരിക്കുകയും ചെയ്തു.

*...അമ്മയായ സോഫിയായും തന്റെ പുതുകന്നി ദേഹം*
*ഒൺമയാലെ എടുപ്പിച്ചു സ്ഥാപകം ചെയ്തു...*

■

## പരാമർശ സൂചിക

1. കവിതയിൽ ഉള്ള ചില കഠിനപദങ്ങളുടെ അർത്ഥം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| എദുക്കാന്താത്ത് | - | പരിശീലനകേന്ദ്രം (എഡ്യൂക്കേഷൻ നൽകുന്ന സ്ഥലം) |
| നായകജാതത്രിയുഗം | - | ക്രിസ്തുവർഷം മൂന്നാം നൂറ്റാണ്ട് |
| സെനാത്തുമാർ | - | സെനറ്റ് അംഗങ്ങൾ |
| എംപ്രദോർ | - | ചക്രവർത്തി |
| പൂട്ടകത്ത് | - | മുറിക്കുള്ളിൽ |
| തീട്ട് | - | രാജശാസനം |
| നേത്രകാഴ്ചതാഴ്ത്തി | - | കണ്ണടക്കത്തോടെ |
| മൊണസ്റ്ററി | - | മഠം (Monastery) |
| സെനാത്ത് | - | അധികാരസഭ, സെനറ്റ് |
| മണത്തെ മുടിപ്പനായ് | - | കല്യാണം നടത്തുന്നതിന് (തമിഴ്ശൈലി) |
| ഒൺമ | - | ഭംഗി |
| വെസ്തയായി | - | വ്യവസ്ഥയായി (വിശദമായി) |
| ജോവ് | - | ജൂപ്പിറ്റർ ദേവൻ |
| ഒന്നുക | - | സമ്മതിക്കുക |
| കൂപ്പിടുക | - | വന്ദിക്കുക, അംഗീകരിക്കുക |
| കൃച്ഛ്റങ്ങൾ | - | നിന്ദ്യമായ ചെയ്തികൾ |

2. പൊതുവായ വിവരങ്ങൽ മാത്രമാണ് പുനർഭാഷ്യത്തിൽ ഉൾച്ചേർന്നുകാണുന്നത്. കാവ്യഭാഗങ്ങൾ ഈണത്തിൽ ചൊല്ലുമ്പോഴും ഇടതുടർച്ചയിലും കാഥികന്റെ/കാഥികയുടെ മനോധർമ്മവും ഭാവനാവൈഭവമനുസരിച്ച് അലങ്കാരവർണനകൾ ആവിഷ്ക്കാരവേദിയിൽ ചേർത്തു പറയാവുന്നതാണ്; പറയേണ്ടതാണ് എന്നതാവാം വിഭാവനസങ്കൽപവും പ്രതീക്ഷയും

*എഡിറ്റർ*

# അനുബന്ധം ഒന്ന്



## ചാവറ കുര്യാക്കോസ് ഏലിയാസ്
## ജീവിതരേഖ

- **1805 ഫെബ്രുവരി 10**
  ആലപ്പുഴയിലെ കൈനകരിയിൽ ജനിച്ചു.
- **1810**
  കൈനകരിയിൽ ആശാൻ കളരിയിൽ പ്രാഥമിക വിദ്യാഭ്യാസം.
- **1815**
  സെമിനാരിയിൽ വൈദികാർത്ഥി.
- **1829 നവംബർ 29**
  അർത്തുങ്കൽ പള്ളിയിൽ പൗരോഹിത്യ സ്വീകരണം
- **1830**
  പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും അൽമായർക്കായുള്ള ധ്യാനങ്ങളും പ്രചാരത്തിലാക്കി.
- **1831 മെയ് 11**
  ഭാരതത്തിലെ ആദ്യത്തെ തദ്ദേശീയ സന്യാസസഭ (സി.എം.ഐ.) പാലയ്ക്കൽ തോമസ് മല്പാനോടും പോരൂക്കര തോമസ് മല്പാനോടുമൊപ്പം സ്ഥാപിച്ചു. ആചാരങ്ങളിൽ പൗരസ്ത്യവും സംസ്ക്കാരത്തിൽ ഭാരതീയവും അനുഷ്ഠാനങ്ങളിൽ ക്രൈസ്തവവുമായ വിശ്വാസവഴിയാണ് ഈ കോൺഗ്രിഗേഷനു വേണ്ടി രൂപപ്പെടുത്തിയത്.
- **1833**
  സുറിയാനി കത്തോലിക്കരുടെ ആദ്യ പൊതുസെമിനാരി മാന്നാനത്ത് ആരംഭിക്കുവാൻ നേതൃത്വം നൽകി.

• 1833
*കുരിശിന്റെ വഴി* ഉപാസിച്ചു.

• 1846
മാന്നാനത്ത് അച്ചടിശാലയും പ്രസിദ്ധീകരണ കേന്ദ്രവും സ്ഥാപിച്ചു. സീറോ മലബാർ ധാരയിൽ ഇങ്ങിനെയൊരു സംരംഭം ആദ്യമായിരുന്നു. മലയാളത്തിലെ പ്രസാധനശൃംഖലയുടെ തുടക്കം ഇതിൽ നിന്നായിരുന്നു. ആ തുടർച്ചയിലാണ് പിന്നീട് *നസ്രാണി ദീപിക* എന്ന പേരിൽ പ്രതിവാരമായും ക്രമേണ *ദീപിക* എന്ന പേരിൽ പ്രതിദിനമായും മലയാളത്തിലെ ആദ്യ ദിനപത്രം പ്രസിദ്ധപ്പെടുത്തുന്നത്. *ദീപിക* ഇന്നും അഭംഗുരം പ്രസിദ്ധീകരണം തുടരുന്നു. കേരളത്തിലെ മാധ്യമധാരയുടെ പിതാവായാണ് ചാവറപിതാവ് അറിയപ്പെടുന്നത്. പുസ്തകങ്ങൾ ശേഖരിച്ചുവയ്ക്കുകയും അവിടെനിന്നും ആളുകൾ പുസ്തകങ്ങൾ കൊണ്ടു പോയി വായിച്ചശേഷം മടക്കി കൊണ്ടുവരികയും ചെയ്യുന്ന കേന്ദ്രങ്ങൾ ഇതിന്റെ തുടർച്ചയിൽ രൂപമെടുത്തു. കേരളത്തിലെ വായനശാലാ പ്രസ്ഥാനത്തിന്റെ തുടക്കം ഇതിൽ നിന്നായിരുന്നു. അച്ചടിശാലയോടനുബന്ധിച്ചു മുദ്രണവിദ്യയിലും ബയന്റിംഗിലും പരിശീലനം നൽകുവാൻ ആരംഭിച്ചു. പിന്നീട് ഈ പരിശീലനം സി.എം.സി. സന്യാസിനീ സഹോദരിമാരുടെ കീഴിൽ തയ്യൽകലകളിലേയ്ക്കും കൊന്ത നിർമ്മാണ വിദ്യയിലേയ്ക്കും കൂടി വ്യാപിപ്പിച്ചു. തൊഴിൽ വിദ്യാഭ്യാസ മേഖല എന്ന പേരിൽ പ്രസിദ്ധമായി തീർന്ന പഠന പദ്ധതിയുടെ ആദ്യ പാദമായിരുന്നു ഇത്.

• 1846
ആദ്യത്തെ സംസ്കൃത സ്കൂൾ മാന്നാനത്ത് ആരംഭിച്ചു. വർണ്ണാ വർണ്ണ ഭേദമില്ലാതെ പ്രവേശനമനുവദിക്കുന്ന ആദ്യത്തെ വിദ്യാ ദാനകേന്ദ്രം കൂടിയായി ഇത്.

• 1853
കത്തോലിക്കാസഭയുടെ പ്രഥമ വിശ്വാസ പരിശീലന കേന്ദ്രം മാന്നാനത്തു ആരംഭിച്ചു.

• 1855 ഡിസംബർ 8
ഇന്ത്യൻ ജനതയിൽ നിന്നും ആദ്യമായി ക്രൈസ്തവ സന്യാസ വ്രതാർപ്പണം ചെയ്ത വ്യക്തിയായി.

• 1855-56
പത്ത് ഇടയനാടകങ്ങൾ രചിച്ചു. Ecologueകളുടെ മാതൃകയിൽ എഴുതിയ ഈ ലഘു നാടകങ്ങൾ കൂനമ്മാവു നൊവീഷ്യേറ്റിൽ ആണ് ആദ്യമായവതരിപ്പിച്ചത്. ക്രിസ്തുമസ്സ് ദിനം തൊട്ട്

പൂജാരാജാക്കന്മാരുടെ തിരുന്നാൾ വരെയുള്ള ദിനങ്ങളിൽ നൊവിഷ്യേറ്റുകളിലും സെമിനാരികളിലും അവതരിപ്പിച്ചു പോന്ന ഈ നാടകങ്ങൾ മലയാള നാടകവഴിയിലെ ആദ്യ രചനകളും രംഗാവിഷ്കാരങ്ങളുമായി; ഒരുപക്ഷേ, ഇന്ത്യൻ ഭാഷാനാടകങ്ങളിൽത്തന്നെ ആദ്യ രചനകളായി.

- 1861
  കേരള സുറിയാനി കത്തോലിക്കാസഭയുടെ വികാരി ജനറാളായി.
- 1861
  *റോക്കോസ് ശീശ്മാ* തരംഗത്തിൽ നിന്നും കേരള കത്തോലിക്കാ സഭയെ രക്ഷിച്ചു.
- 1862
  മലയാളത്തിലെ ആദ്യ ഖണ്ഡകാവ്യമായ *അനസ്താസ്യയുടെ രക്തസാക്ഷ്യം* എഴുതി.
- 1862
  കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആരാധനാക്രമങ്ങളെ നവീകരിച്ചു. വൈദികർക്കും അൽമായർക്കും ധ്യാനക്രമങ്ങൾ നിഷ്ഠപ്പെടുത്തിക്കൊണ്ട് സഭാ നവീകരണത്തിനു നേതൃത്വം നൽകി. പരിശുദ്ധാത്മാവിനോടും തിരുക്കുടുംബത്തോടും പരിശുദ്ധ മാതാവിനോടുമുള്ള പ്രത്യേക മദ്ധ്യസ്ഥ ആരാധനകൾ സാർവ്വത്രികമാക്കി; ദിവ്യകാരുണ്യഭക്തിയെ പ്രസരിപ്പിച്ചു.
- 1864
  *പള്ളിയ്ക്കൊരു പള്ളിക്കൂടം* എന്ന പേരിൽ ചരിത്ര പ്രസിദ്ധമായ നിർദ്ദേശോത്തരവു പുറപ്പെടുവിപ്പിച്ചു. ജാതിമത വർണ്ണവംശഭേദ പരിഗണന കൂടാതെ സർവ്വർക്കും വിദ്യാഭ്യാസത്തിന് അവസരം നൽകുവാൻ പള്ളികളോടനുബന്ധിച്ചു പാഠശാലകൾ ഉണ്ടാകുന്നത് ഇതോടെയാണ്. പൊതുവിദ്യാഭ്യാസം ഇതിലൂടെ യാഥാർത്ഥ്യമാവുകയും പൊതുസമൂഹ സൃഷ്ടിക്കു കേരളക്കരയിൽ അത് ഭൂമികയാവുകയും ചെയ്തു.
- 1865
  ആർപ്പൂക്കരയ്ക്കടുത്തു തുരുത്തിമാലിൽകുന്നേൽ ദളിതർക്കായി ഒരു സ്കൂൾ തുടങ്ങുവാൻ നിർദ്ദേശം നൽകി. ഇതാദ്യമായിട്ടാവണം ഇവ്വിധം രാജ്യത്ത് ഒരു സംരംഭ ശ്രമം.
- 1866 ഫെബ്രുവരി 13
  *നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ* എന്ന പേരിൽ ആദ്യത്തെ തദ്ദേശീയ സന്യാസിനീസമൂഹം ലെയോപ്പോൾദ് മിഷനറിയുടെ

സഹായത്തോടെ സ്ഥാപിച്ചു. ആദ്യ സന്ന്യാസിനികളിൽ രണ്ടു പേർ വിധവകളായിരുന്നു. വൈധവ്യം പാപമായി കരുതിയിരുന്ന ഒരു സമൂഹ പരിവൃത്തത്തോടു ചേർത്തുവേണം ഇതു കാണുവാൻ. കിരാതമെന്നു പിന്നീട് സംസ്ക്കാരം വിശേഷിപ്പിച്ച *സതി* ഉത്തരേന്ത്യയിൽ നിർബ്ബന്ധപൂർവ്വം അനുഷ്ഠിച്ചിരുന്ന നാളുകളായിരുന്നു അത്. കേരള സമൂഹത്തിൽ സ്ത്രീകൾക്കു വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ പ്രബുദ്ധരും സ്വയംപര്യാപ്തരുമായി ശക്തിപ്പെടുത്തിയെടുക്കുന്നതിനുള്ള ആദ്യ പാദമായിരുന്നു ഈ സന്യാസിനീ സഭാ സ്ഥാപനവും അനുബന്ധമായാരംഭിച്ച പ്രവർത്തനങ്ങളും. നാലംഗങ്ങളുമായി ആരംഭിച്ച ഈ സന്യാസിനീസഭ പിന്നീട് സി.എം.സി., സിറ്റി.സി. എന്നീ പേരുകളിൽ സജീവമായ പ്രേഷിതസേവനം തുടരുന്നു.

- **1866**
  കേരളസഭയിൽ *നാല്പതുമണി* ആരാധന ആരംഭിച്ചു.

- **1868 ജനുവരി 2**
  കൂനമ്മാവിൽ, കേരളത്തിൽ ആദ്യമായി, പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ബോർഡിംഗ് സ്കൂൾ ആരംഭിക്കുവാൻ ലെയോപ്പോൾദ് മിഷനറിയോടൊപ്പം നേതൃത്വം നൽകി.

- **1868 ഫെബ്രുവരി 13**
  *ഒരു നല്ല അപ്പന്റെ ചാവരുൾ* എന്ന പേരിൽ കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങൾക്കായി *കുടുംബ ചട്ടം* എഴുതി നൽകി.

- **1869**
  അനാഥർക്കും രോഗികൾക്കും വൃദ്ധർക്കും മരണാസന്നർക്കുമായി ആദ്യത്തെ ക്രൈസ്തവ അഗതിമന്ദിരങ്ങൾ *ഉപവിശാല*യും *വിശുദ്ധ യൗസേഫ് പിതാവിന്റെ നന്മരണസഖ്യ*വും കൈനകരിയിൽ ആരംഭിച്ചു. ഇവയുടെ സാമ്പത്തികവും ഭരണപരവുമായ പൂർണ്ണചുമതല തന്നാട്ടുകാരെ ഭരമേൽപ്പിച്ചു. സഹകരണാടിസ്ഥാനത്തിൽ അവർ ആ ചുമതല നിർവ്വഹിച്ചു പോന്നു. സഹകരണ പ്രസ്ഥാനത്തിലെ കേരളക്കരയിലെ ആദ്യ പാദമായിരുന്നു അത്.

- **1869**
  19-ാം നൂറ്റാണ്ടിലെ കത്തോലിക്കാസഭയിലേയ്ക്കുള്ള പുനഃരൈക്യ പ്രസ്ഥാനത്തിനു പ്രേരണ നൽകി.

- **1871 ജനുവരി 3**
  ആത്മത്തിനു വേണ്ട കൂദാശകൾ കൈക്കൊണ്ട് നല്ല ഒരുക്കത്തോടെ പ്രാർത്ഥനാനിരതനായി കർത്താവിൽ നിദ്ര

പ്രാപിച്ചു. കൂനമ്മാവിൽ വിശുദ്ധ ഫിലോമിനയുടെ ആശ്രമത്തിൽ സംസ്ക്കരിച്ചു.

- 1889 മെയ് 24
  പൂജ്യാവശിഷ്ടങ്ങൾ മാന്നാനം ആശ്രമ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു.
- 1984 ഏപ്രിൽ 7
  റോമിൽ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *ധന്യ*നായി പ്രഖ്യാപിച്ചു.
- 1986 ഫെബ്രുവരി 8
  കോട്ടയത്തു വച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ *വാഴ്ത്തപ്പെട്ടവനായി* പ്രഖ്യാപിച്ചു; പുരുഷന്മാരിൽ *വാഴ്ത്തപ്പെട്ടവൻ* എന്നു നാമകരണം ചെയ്യപ്പെടുന്ന ആദ്യഭാരതീയനായി.
- 1987 ഡിസംബർ 20
  രാഷ്ട്രപതി ആർ. വെങ്കിട്ടരാമൻ ചാവറപിതാവിന്റെ ആദരാർത്ഥം തിരുവനന്തപുരത്തു വച്ച് *ചാവറ തപാൽ സ്റ്റാമ്പ്* പുറത്തിറക്കി.
- 2006 മെയ് 4
  സാഹിതീസംഭാവനകളെ ആദരിച്ച് ചാവറപിതാവിന്റെ ഛായാചിത്രം കേരള സാഹിത്യ അക്കാദമി ഹാളിൽ അനാച്ഛാദനം ചെയ്തു.
- ജന്മിയുടെ പുരയിടങ്ങളിൽ ജോലി ചെയ്യുമ്പോൾ അടിയാളർക്കു കൂലി നൽകാതിരിക്കുന്ന *ഊഴിയം* സമ്പ്രദായത്തെ വിമർശിക്കുകയും അതു നിറുത്തലാക്കുവാൻ *ചാവരുളി*ലൂടെ ഉൽബോധനം നടത്തുകയും ചെയ്തു.
- തന്റെ ഗുരുനാഥനായ പോരൂക്കര തോമസ് മൽപ്പാന്റെ ജീവചരിത്രം ചാവറപിതാവു രചിച്ചിരുന്നതാണ്, മലയാളി മറ്റൊരു മലയാളിയെക്കുറിച്ച് ആദ്യമായെഴുതുന്ന മലയാള ജീവചരിത്ര ഗ്രന്ഥം.
- സഭയുടെയും പ്രവർത്തനങ്ങളുടെയും ദിനംപ്രതി കുറിപ്പുകൾ *നാളാഗമങ്ങൾ* എന്ന പേരിൽ ചാവറ പിതാവ് പതിവായി എഴുതിപ്പോന്നു. സാമൂഹ്യ-സാംസ്ക്കാരിക ധാരയിലെ ചെറു ചലനങ്ങൾ വരെ സൂക്ഷ്മമായി ഇവയിൽ രേഖപ്പെടുത്തിയിരുന്നു. മലയാളത്തിൽ ചരിത്രവഴിയിലെ ആദ്യ കുറിപ്പുകളായി ഇവയെ കാണാവുന്നതാണ്.
- കവിതയിൽ സംസ്കൃത സ്വാധീനം ശക്തമായതോടെ ദുർബ്ബലമായിപ്പോയ വഞ്ചിപ്പാട്ടു ശാഖയുടെ പുനർജ്ജീവനത്തിൽ ചാവറ പിതാവിന്റെ സംഭാവനകൾ ഗണ്യമാണ്. എഴുത്തച്ഛന്റെ പ്രമേയഗരിമയും ചെറുശ്ശേരിയുടെ ആലാപനചാരുതയും ഒത്തുചേർന്നതായിരുന്നു ചാവറപിതാവിന്റെ കാവ്യശൈലി.

- സ്കൂളുകൾ തുടങ്ങുമ്പോൾ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച *പിടിയരി, കെട്ടുതെങ്ങ്* തുടങ്ങിയ സമ്പ്രദായങ്ങൾ പിന്നീട് സാർവ്വത്രികമായി എസ്.എൻ.ഡി.പി., എൻ.എസ്.എസ്. അടക്കം പല പ്രസ്ഥാനങ്ങളും വിജയകരമായി അനുവർത്തിച്ചു.
- കേരളത്തിൽ അയ്യാ വൈകുണ്ഠ സ്വാമി, സ്വാതി തിരുനാൾ മഹാരാജാവ്, ഷഡ്കാല ഗോവിന്ദ മാരാർ തുടങ്ങിയവരുടെ സമകാലികനായിരുന്നു ചാവറപിതാവ്. ബങ്കിംചന്ദ്ര ചാറ്റർജിയും ഈശ്വർ ചന്ദ്ര വിദ്യാസാഗറും കേശവ ചന്ദ്രസേനനും ദേവേന്ദ്ര നാഥ ടാഗോറും രാജാറാം മോഹൻറോയിയും ശ്രീരാമകൃഷ്ണ പരമഹംസനും ശാരദാദേവിയും ത്യാഗരാജസ്വാമിയും ഷിർദ്ദി സായിബാബയുമൊക്കെ ഇന്ത്യയിലും മാക്സ് മുള്ളർ, കാറൽ മാർക്സ്, ഏണസ്റ്റ് ഏംഗൽസ് തുടങ്ങിയവർ ആഗോളതല ത്തിലും ചാവറപിതാവിനെപ്പോലെ അതേ കാലയളവിൽ സാമൂഹ്യ-സാംസ്ക്കാരിക-ആത്മീയ നവോത്ഥാനത്തിനു നേതൃത്വം നൽകിയവരാണ്. കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യാസ്വാമിയും വാഗ്ഭടാനന്ദനും ബ്രഹ്മാനന്ദ ശിവയോഗിയും വക്കം അബ്ദുൾ ഖാദർ മൗലവിയും കുമാരനാശാനും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വി.ടി. ഭട്ടതിരിപ്പാടും മന്നത്തു പത്മനാഭനുമടങ്ങുന്ന തലമുറയ്ക്കു കേരള സമൂഹത്തിൽ നിവർത്തിക്കുവാനായ സാമൂഹ്യ വിപ്ലവ ത്തിനു സഹായകമായ ഭൂമികയൊരുക്കുന്നതിൽ ചാവറപിതാ വിന്റെ സംഭാവന നിസ്തുലമായിരുന്നു.

# അനുബന്ധം രണ്ട്

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രൊവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

*പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം*

മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*

(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു പാന എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*

(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*

(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*കത്തുകൾ*

*തുക്കാസ*

(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*

*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*

(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവ തരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തി വരുന്നു.)

- സ്കൂളുകൾ തുടങ്ങുമ്പോൾ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണത്തിനുവേണ്ടി അദ്ദേഹം നിർദ്ദേശിച്ച *പിടിയരി, കെട്ടുതെങ്ങ്* തുടങ്ങിയ സമ്പ്രദായങ്ങൾ പിന്നീട് സാർവ്വത്രികമായി എസ്.എൻ.ഡി.പി., എൻ.എസ്.എസ്. അടക്കം പല പ്രസ്ഥാനങ്ങളും വിജയകരമായി അനുവർത്തിച്ചു.
- കേരളത്തിൽ അയ്യാ വൈകുണ്ഠ സ്വാമി, സ്വാതി തിരുനാൾ മഹാരാജാവ്, ഷഡ്കാല ഗോവിന്ദ മാരാർ തുടങ്ങിയവരുടെ സമകാലികനായിരുന്നു ചാവറപിതാവ്. ബങ്കിംചന്ദ്ര ചാറ്റർജിയും ഈശ്വർ ചന്ദ്ര വിദ്യാസാഗറും കേശവ ചന്ദ്രസേനനും ദേവേന്ദ്ര നാഥ ടാഗോറും രാജാറാം മോഹൻറോയിയും ശ്രീരാമകൃഷ്ണ പരമഹംസനും ശാരദാദേവിയും ത്യാഗരാജസ്വാമിയും ഷിർദ്ദി സായിബാബയുമൊക്കെ ഇന്ത്യയിലും മാക്സ് മുള്ളർ, കാറൽ മാർക്സ്, ഏണസ്റ്റ് ഏംഗൽസ് തുടങ്ങിയവർ ആഗോളതല ത്തിലും ചാവറപിതാവിനെപ്പോലെ അതേ കാലയളവിൽ സാമൂഹ്യ-സാംസ്ക്കാരിക-ആത്മീയ നവോത്ഥാനത്തിനു നേതൃത്വം നൽകിയവരാണ്. കേരളക്കരയിൽ ശ്രീനാരായണ ഗുരുവും ചട്ടമ്പിസ്വാമികളും അയ്യാസ്വാമിയും വാഗ്ഭടാനന്ദനും ബ്രഹ്മാനന്ദ ശിവയോഗിയും വക്കം അബ്ദുൾ ഖാദർ മൗലവിയും കുമാരനാശാനും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും വി.ടി. ഭട്ടതിരിപ്പാടും മന്നത്തു പത്മനാഭനുമടങ്ങുന്ന തലമുറയ്ക്കു കേരള സമൂഹത്തിൽ നിവർത്തിക്കുവാനായ സാമൂഹ്യ വിപ്ലവ ത്തിനു സഹായകമായ ഭൂമികയൊരുക്കുന്നതിൽ ചാവറപിതാ വിന്റെ സംഭാവന നിസ്തുലമായിരുന്നു.

# അനുബന്ധം രണ്ട്

## ചാവറ കുര്യാക്കോസ് ഏലിയാസിന്റെ രചനകൾ

*നാളാഗമങ്ങൾ (CHRONICLES)*

• സി.എം.ഐ., സി.എം.സി. സന്യാസിസഭകളുടെ സ്ഥാപനം, വളർച്ച • 19-ാം നൂറ്റാണ്ടിലെ *പദ്രോവാദോ, പ്രൊപ്പഗാന്ത* സഭാസംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും • 19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

*പാലയ്ക്കൽ തോമാ കത്തനാരുടെ ജീവചരിത്രം*
മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യ ജീവചരിത്രം

*ആത്മാനുതാപം*

*മരണവീട്ടിൽ പാടുന്നതിനുള്ള പാന*
(*പർവ്വം* എന്നായിരുന്നു ആദ്യം. പിന്നീടു പുനഃപ്രകാശനവേളയിൽ അതു *പാന* എന്നു മാറ്റുകയായിരുന്നു)

*അനസ്താസിയായുടെ രക്തസാക്ഷ്യം*
(മലയാളത്തിലെ ആദ്യഖണ്ഡകാവ്യം)

*ധ്യാനസല്ലാപങ്ങൾ*
(ധ്യാന സംഭാഷണങ്ങളും ധ്യാന വിചാരങ്ങളും ധ്യാനപ്രാർത്ഥനകളും)

*കത്തുകൾ*

*തൂക്കാസ*
(തിരുക്കർമ്മാചാരാനുഷ്ഠാനങ്ങൾ)

*ലിറ്റർജിക്കൽ കലണ്ടർ*
*(ആരാധനക്രമത്തിലെ കാലവ്യത്യാസങ്ങൾ)*

*മരിച്ചവർക്കുള്ള ഒപ്പീസ്*

*ഇടയ നാടകങ്ങൾ*
(Ecologues: Shepherd plays: സെമിനാരികളിൽ ക്രിസ്തുമസ്സ് വേളകളിൽ അവ തരിപ്പിക്കുവാൻ വേണ്ടി എഴുതിയിരുന്ന ലഘുനാടകങ്ങൾ. മലയാളത്തിലെ മാത്രമല്ല, ഇന്ത്യയിലെതന്നെ നാടകവഴിയിലെ ആദ്യശ്രമങ്ങൾ ഇതായിരുന്നു എന്നു കണ്ടെത്തിയിട്ടുണ്ട്. ചാവറ കുര്യാക്കോസ് ഏലിയാസ് എഴുതിയ ആദ്യ ഇടയനാടകങ്ങളുടെ കൈയ്യെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ആധുനിക മലയാളഭാഷ്യത്തോടൊപ്പം അവയുടെ ആദിമരൂപം, വ്യാഖ്യാന പഠനമുൾക്കൊള്ളിച്ചു കൊണ്ടു പ്രസിദ്ധപ്പെടുത്തുവാനുള്ള ശ്രമങ്ങൾ *ബേസ്റൗമ* നടത്തിവരുന്നു.)

## ചാവറയച്ചന്റെ കൃതികൾക്കു താഴെപ്പറയുന്ന സമാഹാരങ്ങളും പുനഃപ്രകാശനങ്ങളും ലഭ്യമാണ്.


1. *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 1, നാളാഗമങ്ങൾ*, മാന്നാനം, 1981.
2. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 2*, മാന്നാനം, 1981.
3. മുഴൂർ സെഡ് എം. (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 3*, മാന്നാനം, 1981.
4. വിത്തുവെട്ടിക്കൽ ലൂക്കാസ് (ed.), *ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ, വാല്യം 4*, മാന്നാനം, 1982.
5. മുഴൂർ സെഡ് എം., *ആത്മാനുതാപം*, ഗദ്യാവിഷ്കരണം, മാന്നാനം, 1990.
6. മാത്യു ജോസഫ് സി.എം.ഐ., *ഒരു നല്ല അപ്പന്റെ ചാവരുൾ*, മാന്നാനം, 1977.

# അനുബന്ധം മൂന്ന്

## ബേസ്റൗമ

*ബേസ്റൗമ* എന്ന സുറിയാനി പദത്തിന്റെ അർത്ഥം *ഉയരങ്ങളിലെ ഭവനം* എന്നാണ്. മാന്നാനത്തുള്ള സി.എം.ഐ. സഭയുടെ ആദ്യഭവനത്തെ സ്ഥാപകപിതാക്കൾ വിളിച്ച പേരാണിത്. ചാവറ പിതാവാണ് ഈ പേര് നൽകിയത്.

ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ ജീവിത ദർശനങ്ങളും അനുബന്ധ വിചാരധാരകളും വ്യാപകമായ തലത്തിൽ ദൃശ്യ-ശ്രാവ്യ -മുദ്രണ തലങ്ങളിലൂടെ കേന്ദ്രീകൃതമായി പൊതുസമൂഹമധ്യത്തിൽ എത്തിക്കുന്നതിനായി സി.എം.ഐ., സി.എം.സി. സഭകൾ സംയുക്തമായി ചാവറ സെൻട്രൽ സെക്രട്ടറിയേറ്റിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രകാശനധാരയാണ് *ബേസ്റൗമ.*

പ്രവർത്തന സരണിയിലെ ആദ്യപാദമാണ് പുസ്തകപ്രസാധനം.

ദൃശ്യ-ശ്രാവ്യ ധാരകളിൽക്കൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളിലാണ് സഭാനേതൃത്വം. *ബേസ്റൗമ* എന്ന പേരിൽ ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പ്രമേയമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഡോക്യുഫീച്ചർ ചിത്രത്തിന്റെ കടലാസു ജോലികൾ പൂർത്തിയാക്കി വരുന്നു.

ചാവറ പിതാവിന്റെ കാവ്യ രചനകൾക്കൊപ്പം കവി ശ്രേഷ്ഠരായ ടാഗോർ, മഹാകവി ജി., അക്കിത്തം, ഒ.എൻ.വി., കാവാലം, വിഷ്ണുനാരായണൻ നമ്പൂതിരി, യൂസഫലി കേച്ചേരി, ശ്രീകുമാരൻ തമ്പി, റഫീക് അഹമ്മദ് തുടങ്ങിയ പ്രതിഭാധനർ ക്രൈസ്തവ ചൈതന്യത്തെ അവലംബമാക്കി എഴുതുന്ന ഗാനങ്ങൾക്ക് സംഗീതരംഗത്തെ ആചാര്യന്മാരായ സംഗീതകാരന്മാർ ഈണം പകർന്നുകൊണ്ടുള്ള മ്യൂസിക്ക് ആൽബങ്ങളുടെ ഒരുക്കങ്ങളും പുരോഗമിക്കുന്നു. തമിഴിലും കന്നഡത്തിലും ഹിന്ദിയിലും കൂടി ഗാനങ്ങൾ ഈണപ്പെടുത്തുന്നുണ്ട്. പ്രശസ്തരും പ്രഗത്ഭരുമായ ഗായകരായിരിക്കും ആലാപനം. ഗാനങ്ങളിൽ കുറച്ചെണ്ണത്തിനു പ്രഗത്ഭരായ ചലച്ചിത്രകാരന്മാരുടെ സഹായത്തോടെ ദൃശ്യാഖ്യാനം നൽകുവാനും ശ്രമിക്കുന്നുണ്ട്.

ചാവറ സംസ്കൃതിയെ പഠനവിഷയമാക്കിക്കൊണ്ടും ക്രൈസ്തവതയുടെ ദർശനതലത്തിലുള്ള കൊടുക്കൽ വാങ്ങലുകളെ അടിസ്ഥാനമാക്കികൊണ്ടുമുള്ള ഗവേഷണപദ്ധതികൾ വിവിധതലത്തിൽ ഏകോപിപ്പിക്കുകയും *ബേസ്റൗമ* ലക്ഷ്യമാക്കുന്നു. ചാവറയച്ചന്റെ

സംഭാവനകളെ ആധാരമാക്കി ബാംഗ്ലൂരിലെ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ-മാധ്യമ-സാമൂഹ്യശാസ്ത്രധാരകളിൽ പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിക്കുന്നു. മറ്റു സർവ്വകലാശാലകളിലേയ്ക്കു കൂടി ഈ സാദ്ധ്യത വ്യാപിച്ചുകാണുവാൻ *ബേസ്റൗമ* ആഗ്രഹിക്കുന്നു. ധർമ്മാരാം വിദ്യാക്ഷേത്രവുമായി ബന്ധപ്പെട്ട് ചാവറ സംസ്കൃതിയിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുവാനും അവയ്ക്കു ദൂരവിദ്യാഭ്യാസ സാദ്ധ്യതകൾ അനുവദിപ്പിക്കുവാനും ശ്രമങ്ങൾ നടക്കുന്നു. ചാവറ ജീവിതത്തെയും ദർശനത്തെയും ചൈതന്യമായി അതിൽ അന്തർദീപ്തമായ വിശ്വസാഹോദര്യത്തെയും ക്രിയാത്മകമായ എല്ലാ സാദ്ധ്യതകളിലൂടെയും വിചാരസംവാദ വിഷയമാക്കി പൊതുസമൂഹത്തിനു സമർപ്പിക്കുന്നതിൽ *ബേസ്റൗമ* പ്രതിജ്ഞാബദ്ധമാണ്. *ബേസ്റൗമ*യുടെ നിർദ്ദേശാഗ്രഹപ്രകാരം ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ് *ചാവറ സംസ്കൃതി പുരസ്ക്കാരം* 2012 മുതൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രഥമ പുരസ്ക്കാരത്തിന് ഡോ. എ.പി.ജെ. അബ്ദുൾ കലാമിനെ പുരസ്ക്കാര നിർണ്ണയ ജൂറി തിരഞ്ഞെടുത്തു എന്നത് അഭിമാനകരമാണ്.

## പ്രസിദ്ധീകരണങ്ങൾ:

- *ആകാശദീപങ്ങൾ സാക്ഷി* • ചാവറ പിതാവിന്റെ ജീവിതത്തിലൂടെ ഒരു നോവലിസ്റ്റിന്റെ തീർത്ഥാടനം • *ജോൺ ആന്റണി* • അവതാരിക: *പെരുമ്പടവം ശ്രീധരൻ* (രണ്ടാം പതിപ്പ്)
- *സുകൃതസ്മര* • ഡോ. *സുകുമാർ അഴീക്കോട്, ഡോ. എം. ലീലാവതി, എം.കെ. സാനു, എ. ശ്രീധരമേനോൻ, പി. ഗോവിന്ദപ്പിള്ള, ഫാ. ഇസഡ്.എം. മൂഴൂർ, സി. വി. ആനന്ദബോസ്, മാത്യു ഉലകംതറ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി. ശ്രീധരൻ, കെ.എം. തരകൻ, ടി.എം. എബ്രഹാം, പി.കെ. രാജശേഖരൻ* എന്നിവരുടെ ചാവറ പിതാവിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ • അവതാരിക: *എം. തോമസ് മാത്യു.* (രണ്ടാം പതിപ്പ്)
- *ഇതാ ഞാൻ, അവിടത്തെ ദാസൻ* • ചാവറ പിതാവിന്റെ ജീവിതദർശനങ്ങളെ പാർശ്വപരിവൃത്ത സഹിതം അവതരിപ്പിക്കുന്ന ഗ്രന്ഥപരമ്പരയിലെ ആദ്യ ഭാഗം • *ഫാ. തോമസ് പന്തപ്ലാക്കൽ* സി.എം.ഐ • അവതാരിക : *ഡോ. കെ.എസ്. രാധാകൃഷ്ണൻ.*
- *പൊതുവിദ്യാഭ്യാസം: പ്രസക്തിയും പ്രശ്നങ്ങളും* • ചാവറ അനുസ്മരണ പ്രഭാഷണങ്ങൾ • ഡോ. *കെ.എസ്സ്. രാധാകൃഷ്ണൻ, അബ്ദുൾ സമദ് സമദാനി* (രണ്ടാം പതിപ്പ്)
- *എന്റെ ഓഹരിയും പാനപാത്രവും* • ചാവറ ദർശനം; അനുയാത്ര • സിസ്റ്റർ *ഡോ. ആവില സി.എം.സി., സിസ്റ്റർ മരീന സി.എം.സി.* • അവതാരിക : *ടി.എം. അബ്രഹാം.*
- *ഭൂമികന്യകമാർക്ക് ഒരുണർത്തുപാട്ട്* • ചാവറപിതാവിന്റെ സ്ത്രീശാക്തീകരണ സങ്കല്പം; ഒരു പഠനം • സിസ്റ്റർ *ഡോ. ആവില സി.എം.സി.* • അവതാരിക : *പ്രൊഫ. മാത്യു ഉലകംതറ.*

- *അറിവിന്റെ വഴിയെ താപസമനസ്സ്* • വിദ്യാദാനശുശ്രൂഷാ ധാരയിലെ ചാവറ പിതാവിന്റെ മാതൃകാസങ്കല്പം; പഠനം • സിസ്റ്റർ മരീന സി.എം.സി., സിസ്റ്റർ ഡോ. ആവില സി.എം.സി., സിസ്റ്റർ ധന്യ സി.എം.സി. • അവതാരിക: *പ്രൊഫ. എം. അച്യുതൻ.*

# അനസ്താസ്യായുടെ രക്തസാക്ഷ്യം

## ഒരു പുനർവായന



ചാവറ കുര്യാക്കോസ് ഏലിയാസ്

രചനയുടെ 151 -ാം വർഷത്തിൽ
പഠന നിരീക്ഷണങ്ങളോടെ
ഒരു പുനഃപ്രകാശനം

ചാവറ സെൻട്രൽ സെക്രട്ടറിയേറ്റ്
സി.എം.ഐ.,സി.എം.സി. സംയുക്ത സംരംഭം